യഥാർത്ഥവും അധ്വാനത്തിൽ അധിഷ്ഠിതവുമായ ഇടം എന്ന അർത്ഥത്തെ ഉൾക്കൊള്ളുന്ന ഒരു പാരിസ്ഥിതികതലമാണ് വിഷകന്യകയിൽ കാണുന്നത്.അതായത് ഇവിടെ പ്രകൃതി 'അല്ല' പരിസ്ഥിതി. പരിസ്ഥിതി നിർമ്മിക്കപ്പെടുന്നത് മനുഷ്യന്റെ പ്രജ്ഞയും ശരീരവും പ്രകൃതിയുമായി പ്രതിപ്രവർത്തിച്ച് മനുഷ്യജീവിതത്തിന് അനുയോജ്യ മായിത്തീരുമ്പോഴാണ്. അപ്പോൾ പ്രകൃതി വയലോ വാഴത്തോട്ടമോ, കുളമോ ആയി രൂപാന്തരപ്പെടുന്നു. ഇതു പോലെ കാടിന്റെ 'മണ്ണ്' മനുഷ്യജീവിതത്തിന് അനുഗുണമായി പൂക്കുകയോ സർഗ്ഗാത്മകമാകുകയോ ചെയ്യുന്ന ഒരന്തരീക്ഷം, അതിനു വേണ്ടിയുള്ള പ്രതിസന്ധികൾ തരണം ചെയ്യൽ എന്നിവ വിഷകന്യകയെ അർത്ഥവത്തായ ഒരു പാരിസ്ഥിതിക അവബോധത്തിലേക്ക് ഉയർത്തുന്നു. വിഷകന്യക എഴുതപ്പെടുന്നത് 1948-ലാണ്. ഈ കാലഘട്ടത്തിലെ വയനാടൻ ഭൂപ്രകൃതിയും തിരുവിതാംകൂറുകാരുടെ അവിടേയ്ക്കുള്ള കുടിയേറ്റവും പ്രകൃതി നിശ്ചിതമായ അളവിൽ ഉപയോഗിക്കപ്പെടുകയും ചൂഷണം ചെയ്യപ്പെടാതിരിക്കുകയും ചെയ്ത ഒരു കാല ഘട്ടത്തിന്റെ പ്രതീകമാണ്. എന്നാൽ ഇന്ന് മനുഷ്യന്റെ ഭൗതിക സാഹചര്യങ്ങൾക്ക് വലിയ മാറ്റവും പ്രകൃതി ചൂഷണത്തിനു മാത്രമുള്ള ഒരിടവുമായി ചുരുങ്ങിപ്പോകുന്ന കാലമാണ്. അതായത് വിഷകന്യകയിലെ പരിസ്ഥിതി മനുഷ്യാധ്വാനത്താൽ ജീവിക്കാനുള്ള വിഭവമായി മാറുന്ന പ്രകൃതിസാമീപ്യമാണ് കാണിക്കുന്നതെങ്കിൽ ഇന്ന് മനുഷ്യാധ്വാനവും' അതിന്റെ ഇച്ഛയും മനുഷ്യനു വേണ്ടി ഉപയോഗപ്പെടുത്തുവാനും ചൂഷണം ചെയ്യാനുമുള്ള ഒരിടമായി മാത്രം പ്രകൃതിയെ ഉപയോഗിക്കുന്നു. അതുകൊണ്ട് അടുത്ത ജനതയെ അഭിസംബോധന ചെയ്യുന്ന ഒരു വിഭവ പാരിസ്ഥിതികതലം മനുഷ്യനെ സംബന്ധിച്ച് ഇന്ന്അപ്രസക്തമാണ്. ഇന്ന് ലാഭത്തിനു വേണ്ടി മാത്രം ഉപയോഗിക്കാവുന്ന ഒരു ഉപകരണമാണ് പ്രകൃതി. ഈ വൈരുധ്യം രാജകൃഷ്ണൻ വായിച്ചെടുക്കുന്നത് ശ്രദ്ധേയമാണ്. 'പരിസരത്തെ സംബന്ധിച്ച നൂതനാവബോധം കൈമുതലായുള്ള ഒരു കേരളീയ സഹൃദയന് വിഷകന്യകയിൽ കാലിക സാമൂഹ്യപ്രസക്തിയാർന്ന പാഠം പോലെത്തന്നെ ഒരു പ്രതിപാഠവും വായിച്ചെടുക്കാൻ കഴിഞ്ഞെന്നിരിക്കും (ചുഴികൾ ചിപ്പികൾ, പുറം 17). ഈ പ്രതിപാഠം വിരൽ ചൂണ്ടുന്നത് നോവൽ ഉന്നയിക്കുന്ന പ്രകൃതി മനുഷ്യബന്ധത്തിൽ നിന്ന് ഉരുത്തിരിയുന്ന പാരിസ്ഥിതിക തലമല്ല നിലവിലുള്ള സാഹചര്യത്തിൽ പ്രവർത്തിക്കുന്നത് എന്ന ചിന്തയിലേക്കാണ്. നോവലിൽ എസ്. കെ. പൊറ്റക്കാട്ട് പറയുന്നുണ്ട്. 'അവർ ആയിരക്കണക്കിന് ഇനിയും വന്നു കൊണ്ടിരിക്കട്ടെ. അതിരില്ലാതെ കിടക്കുന്ന കാട്ടുനിലങ്ങൾ അവരെ എതിരേൽക്കാനുണ്ടായിരിക്കും. യുഗയുഗാന്ത രങ്ങളായി പ്രകൃതിയുടെ ഏക ച്ഛത്രാധിപത്യത്തിൻ കീഴിൽ അമർന്നു കിടക്കുന്ന വനഭൂമികൾ മനുഷ്യൻ പങ്കിട്ടെടുക്കട്ടെ' (ചുഴികൾ ചിപ്പികൾ, പുറം 17 ).

ഈ ഭാഗം പ്രത്യേകം സൂചിപ്പിച്ചുകൊണ്ട് ഇതിന്റെ ഭയപ്പെടുത്തുന്ന അവസ്ഥയിലേക്ക് മനുഷ്യന്റെ പ്രകൃതിയിലേക്കുള്ള കടന്നുകയറ്റം സംഭവിച്ചിരിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ആണ് വി. രാജകൃഷ്ണൻ പ്രതിപാഠസാംഗത്യം ഉയർത്തുന്നത്. അതായത് ഇന്ന് മനുഷ്യാധ്വാനത്തെ മുതലാളിത്തം വിലയ്ക്കു വാങ്ങുകയും പ്രകൃതിയെ ലാഭത്തിനുള്ള കേവല ഉപകരണമാക്കുകയും ചെയ്ത സാഹചര്യം പരിസ്ഥിതി എന്ന സർഗ്ഗാത്മക ഭൂഭാഗത്തെയല്ല നിർമ്മിച്ചത്. പ്രകൃതിധ്വംസനം എന്ന അവസ്ഥയ്ക്കാണ് വഴിതെളിച്ചത് -

വിഷകന്യകയിൽ പ്രകൃതിക്ക് ഒരധികാര കർതൃത്വമുണ്ട്.അതുകൊണ്ടാണ് പ്രകൃതിയുമായുള്ള മനുഷ്യന്റെ ജീവിക്കാനുള്ള ആവശ്യവുമായി ബന്ധപ്പെട്ട പ്രവർത്തനത്തിൽ അവൻ മരിച്ചുവീണത് - 'താവളം തിരഞ്ഞെത്തിയ ഒരു ജനവിഭാഗവും അതിൽപ്പെട്ട പ്രയത്നശാലികളെയും സുഖപ്രേമികളെയും ഒരു പോലെ കൊതിപ്പിച്ചതിനു ശേഷം അവരുടെ വാഴ്വിനെ പരിഹാസം കൊണ്ട് മൂടുന്ന പുതു മണ്ണും തമ്മിലുള്ള സമാഗമത്തിന്റെ കഥയാണ് നോവലിൽ ചുരുളഴിയുന്നത്' (നഗരയാമിനികൾ, പുറം 35) ഇവിടെ 'പുതുമണ്ണ്' വിഷകന്യകയായി

മാറുന്ന അന്തരീക്ഷം വികസിതമാകുന്നു. അതിനു കാരണം തന്റെ മേൽ അധികാരം പ്രയോഗിക്കാൻ ശ്രമിക്കുന്നവരുടെ നേർക്കുള്ള മണ്ണിന്റെ/ പെണ്ണിന്റെ പ്രതിരോധമാണ്. 'ഈ നോവലിൽ കുടിയേറ്റത്തിന്റെ ചിത്രീകരണത്തിൽ പതിഞ്ഞു കിടപ്പുള്ള രൂപകം ബലാത്സംഗത്തിന്റേതാണ്. കന്യകയായ ഭൂമിയെ കീഴ്പ്പെടുത്താനും ചൂഷണം ചെയ്യാനും മുതിരുന്ന മുഷ്കനിറഞ്ഞ ഒരു പറ്റം സാഹസികരായിട്ടാണ് ഇവിടെ കുടിയേറ്റക്കാർ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്.' (നഗ്നയാമിനികൾ, പുറം 39) പ്രകൃതിയെ അധ്വാനത്തിലധിഷ്ഠിതമായി ഉപയോഗിക്കുക എന്ന ബോധത്തിൽ നിന്നും അധികാരം ഉപയോഗിച്ച് അടിമയാക്കുക എന്ന ബോധത്തിലേയ്ക്കെത്തുമ്പോഴാണ് പ്രകൃതി പ്രതികരിക്കുന്നത്.

ഭാരതീയ ചിന്താധാരയിൽ ഭൂമി, സ്ത്രീ എന്നീ കർതൃത്വങ്ങൾക്ക് പരസ്പരപൂരകമായ ബന്ധമാണുള്ളത്. സ്ത്രീയുടെ നിരാസമോ ചൂഷണമോ പുരുഷാധികാരത്തെ നിർമ്മിക്കുകയും ബലപ്പെടുത്തുകയും ചെയ്യുന്ന സാഹചര്യം ഇന്ത്യൻ ജീവിതവ്യവസ്ഥയിലുണ്ട്. സാഹിത്യത്തിൽ ഇത്തരം പ്രമേയങ്ങൾ ശക്തമായി ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. 'സർവംസഹയായ സ്ത്രീ' എന്നത് ഭൂമിയുടെ മനസ്സ് മാത്രമല്ല, സ്ത്രീയുടെയും മനസുമായി ചേർത്തുവച്ച്, അവളെ അടിച്ചമർത്താൻ വേണ്ടി പ്രയോഗിക്കപ്പെട്ട ആശയമാണ്. ഭൂമിയെയും അതിനെ സർഗ്ഗാത്മകമാക്കുന്ന മൃഗങ്ങളെയും കൈയ്യേറി ഉപയോഗിച്ചു കൊണ്ട് മനുഷ്യൻ അവന്റെ അധികാരം നിർമ്മിക്കുകയാണ് ചെയ്യുന്നത്. 'പുരുഷൻ ഭൂമികളെയും കാടുകളെയും മൃഗങ്ങളെയും കൈയ്യേറുകയും അവയുടെ സ്വാതന്ത്ര്യം കവർന്നെടുത്തതിനു ശേഷം തന്റെ ഉപയോഗത്തിനായി അവയെ സ്വരുക്കൂട്ടുകയും ചെയ്ത സമ്പ്രദായത്തിൽ സ്ത്രീയുടെ നേർക്കുള്ള അവന്റെ പെരുമാറ്റത്തെ അനുസ്മരിപ്പിക്കുന്ന പല അംശങ്ങളുമടങ്ങിയിട്ടുണ്ട്.' (ചുഴികൾ ചിപ്പികൾ, പുറം 18) ഭൂമി / സ്ത്രീയുടെ നിലവിലുള്ള സാമൂഹികാധികാര വ്യവസ്ഥിതിയോടുള്ള പോരാട്ടം കൂടിയായി നോവലിനെ അദ്ദേഹം വായിക്കുന്നുണ്ട്. ഭൂമിയെ മെരുക്കുകയും അതിനെ വ്യാവസായികമായി ഉപയോഗിക്കുകയും ചെയ്യുന്ന മാനവശക്തിയെ അടയാളപ്പെടുത്തുന്ന കൃതി എന്ന സാമ്പ്രദായിക വായനയെ റദ്ദ് ചെയ്തു കൊണ്ട്, ഭൂമിയുടെ മേലുള്ള മനുഷ്യന്റെ അധിനിവേശത്തെയാണ് വിഷകന്യക അടയാളപ്പെടുത്തുന്നതെന്ന് രാജകൃഷ്ണൻ നിരീക്ഷിക്കുന്നു.

**ചങ്ങമ്പുഴക്കവിതകൾ**

'അധോലോകത്തിൽ നിന്നുള്ള നിശാഗാഥ' എന്ന ലേഖനം ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ കാവ്യലോകത്തെക്കുറിച്ച് ചർച്ച ചെയ്യുന്നു. ഇവിടെ രാജകൃഷ്ണൻ പ്രകൃതിയെ കേന്ദ്രസ്ഥാനത്തു കൊണ്ടുവരുന്നു. സമൂഹവുമായി ഇണങ്ങാതെ നിൽക്കുന്ന ചങ്ങമ്പുഴയുടെ കാവ്യവ്യക്തിത്വത്തിന്റെ അഭയമോ സമരസപ്പെടലോ ആയ സ്ഥാനം എന്ന നിലയിൽ പ്രകൃതി ആഴത്തിൽ അവതരിപ്പിക്കപ്പെടുന്നു. 'ഇടപ്പള്ളിയുടേതെന്ന പോലെ ചങ്ങമ്പുഴയുടെയും കാവ്യപ്രചോദനത്തിന്റെ ഏറ്റവും നൈസ്സർഗ്ഗികമായ ഉറവിടങ്ങളിലൊന്ന് പ്രകൃതിയുമായുള്ള ആത്മൈക്യമായിരുന്നു.' (ആളൊഴിഞ്ഞ അരങ്ങ്, പുറം 64) ഇവിടെ സൂചിപ്പിക്കുന്ന 'ആത്മൈക്യം' എന്ന പദം എഴുത്തുകാരന് പ്രകൃതിയോടുള്ള ആത്മബന്ധത്തെ അടയാളപ്പെടുത്തുന്നു. പ്രകൃതി കവികൾക്കു മാത്രമല്ല സമൂഹത്തിൽ നിന്ന് അന്യവൽക്കരിക്കപ്പെടുന്ന ഏതൊരു മനുഷ്യനും അഭയസ്ഥാനമായിരുന്നു. സർഗ്ഗാത്മകതയുടെ സാന്നിധ്യമുള്ള ഒരുവനെ സംബന്ധിച്ച് അത് സർഗ്ഗ പ്രചോദന അന്തരീക്ഷത്തെ ഉണർത്തുന്നു. ദുഃഖങ്ങൾ ഇറക്കി വയ്ക്കുന്നതിനും അതുവഴി സ്വയം പ്രകാശിപ്പിക്കുന്നതിനുമുള്ള അപരസ്ഥലം പ്രകൃതിയുടെ സാന്നിധ്യത്തിൽ എഴുത്തുകാരന് ലഭിക്കുന്നു. കാൽപ്പനികകാലഘട്ടത്തിൽ ഓരോ എഴുത്തുകാരനിലും കാവ്യപ്രചോദനം എന്ന നിലയിൽ പ്രകൃതി അദൃശ്യശക്തിയായി പ്രവർത്തിക്കുന്നുണ്ട് എന്ന് കാണാം.

'കണ്ണഞ്ചും പൂ ചൂടിയ കാനനവല്ലികൾ കണ്ണാടി നോക്കുന്ന ആറ്റുവക്കും, ഉച്ചവെയിലരിക്കാത്ത പച്ചമരങ്ങളും പൂന്തണലുമൊക്കെ' (ആളൊഴിഞ്ഞ അരങ്ങ്, പുറം 65)സ്വാഭാവിക പ്രകൃതിയുടെ ചിത്രീകരണമായി നിലനിന്നു. കൃത്രിമജീവിതത്തിനു ബദലായി പ്രകൃതിയുടെ ജൈവപശ്ചാത്തലത്തിൽ തഴമ്പിയ ശാലീന ഗ്രാമീണ സംസ്കാരം ആണ് അന്ന് കവികളിൽ സൗന്ദര്യഭാവങ്ങൾ സൃഷ്ടിച്ചത്. അത് പ്രത്യേകിച്ച് കാൽപ്പനിക കവിതയുടെ ഭാവ പരിസരമായി മാറുകയും ചെയ്തു. ചങ്ങമ്പുഴയെ ഉദാഹരിച്ചു കൊണ്ട് കാവ്യപ്രചോദനത്തിൽ പ്രകൃതിയുടെ പ്രാധാന്യം തീവ്രമായി പരിഗണിക്കുന്ന ലേഖകൻ റൊമാന്റിക് കാലഘട്ടത്തെയും അന്നത്തെ പ്രകൃതിജീവിതത്തെയും ലേഖനത്തിൽ വിന്യസിക്കുന്നുണ്ട്. പക്ഷേ ഇന്ന് കാൽപ്പനിക കവിക്ക് പ്രകൃതി അഭയസ്ഥാനമല്ല. അതു കൊണ്ട് ഇടപ്പള്ളിയിലോ ചങ്ങമ്പുഴയിലോ സംഭവിച്ചതു പോലെ എഴുത്തുകാരനിലെ സ്വത്വപരമായ സംഘർഷവും നഷ്ടപ്പെടലും അവതരിപ്പിക്കാനുള്ള ഉപാധി എന്ന നിലയിൽ പ്രകാശമായി നിന്ന പ്രകൃതിക്ക് നാശോന്മുഖമായ അവസ്ഥയാണ്

ഇന്നുള്ളത്. ഈ ഒരു വൈരുദ്ധ്യം ലേഖനത്തിൽ പരാമർശിക്കപ്പെടുന്നില്ല. എന്നിരുന്നാലും കാൽപ്പനിക കവിതയിൽ കാവ്യസ്വത്വനിർമ്മാണത്തിന്റെ വിലപ്പെട്ട ഉപകരണമായി പ്രകൃതിയെ ലേഖകൻ പരിഗണിക്കുന്നുണ്ട്. ഒരു കാലഘട്ടത്തിൽ കവിയും കവിതയും നിർണ്ണയിക്കപ്പെട്ടതിൽ പ്രകൃതിയുടെ പ്രാധാന്യം എത്രത്തോളമായിരുന്നു എന്ന പരിശോധനയുടെ സാംഗത്യം ഇവിടെ പ്രസക്തമാകുന്നു.

## ഖസാക്കിന്റെ ഇതിഹാസം

'മലയാളനോവൽ പ്രശ്നങ്ങളും സമീപനങ്ങളും, ആരും കൂടണയാത്ത മൂവന്തികളുടെ താഴ്വരയിൽ എന്നീ ലേഖനങ്ങളിലാണ് ഒ.വി.വിജയന്റെ ഖസാക്കിന്റെ ഇതിഹാസം പഠനവിധേയമാകുന്നത്. കഥാപാത്ര നിർമ്മാണത്തിൽ ഒ.വി. വിജയനെ ആന്തരികമായി സഹായിക്കുന്ന പ്രധാനഘടകം പാരിസ്ഥി തികാംശങ്ങളാണ് എന്ന് കണ്ടെത്തുന്നു. അത് ഇപ്രകാരം സൂചിപ്പിക്കുന്നുണ്ട്. 'വിജയനെ തന്റെ കഥാപാത്രങ്ങളുടെ സാമൂഹ്യാസ്തിത്വമോ മനഃശാസ്ത്രമോ ആകർഷിക്കുന്നതായി തോന്നുന്നില്ല. അവരെ നിർവചിക്കുന്നതിൽ അദ്ദേഹത്തെ സഹായിക്കുന്ന പ്രധാന ഘടകം കാലാവസ്ഥ അല്ലെങ്കിൽ പ്രകൃതിജീവിതത്തിന്റെ താളമാണ്. വേനലും മഞ്ഞും മഴയും നിറഞ്ഞ ആസക്തിയാർന്ന ഭൂപശ്ചാത്തലം' (രോഗത്തിന്റെ പൂക്കൾ, പുറം 69-70)

ഖസാക്കിന്റെ ഇതിഹാസത്തിലെ കഥാപാത്ര നിർമ്മാണത്തിൽ എഴുത്തുകാരനിൽത്തന്നെ സർഗ്ഗാത്മ കമായി പ്രവർത്തിച്ച പ്രകൃതിബോധം നിർണായക പങ്കുവഹിച്ചു. ഈ നോവലിൽ ഖസാക്കുകാരെ സ്വാധീനിക്കുന്ന ഘടകങ്ങളായ ഇരുട്ട്, നിലാവ്, അസ്തമയം എന്നിവയുടെ അദൃശ്യലയങ്ങൾ പ്രയോഗിച്ചു കാണുന്നു. പുതുമഴയുടെ സുരതം, ഓർമ്മയുടെ മഞ്ഞ് എന്നിവ ഖസാക്കുകാരുടെ വൈകാരികജീവിതത്തിൽ സ്വാധീനം ചെലുത്തിയ പ്രകൃതിബിംബങ്ങളും അവയുടെ ജീവിതബന്ധവുമാണ് സൂചിപ്പിക്കുന്നത്. സന്ധ്യയുടെയും കടലിന്റെയും ദൃശ്യബിംബങ്ങൾ, മഴവെള്ളത്തിന്റെ സ്പർശം തുടങ്ങിയ പ്രകൃതി ഘടകങ്ങൾ ഖസാക്ക കാരുടെ ജീവിതത്തെ സ്വാധീനിക്കുന്നു. അത് ഇപ്രകാരമാണെന്ന് രാജകൃഷ്ണൻ നിരീക്ഷിക്കുന്നു.' നോവലിലെ പ്രകൃതിബിംബങ്ങളിൽ ഒ.വി വിജയൻ ആവാഹിക്കുന്ന അഴക് ഒന്നു മാത്രമാണ് ഭൂമിശാസ്ത്രപരമായ ഒരു യാഥാർത്ഥ്യമെന്ന നിലയിൽ ഈ പാലക്കാടൻ ഗ്രാമത്തിലുള്ള വിരസത പൊതിഞ്ഞുവയ്ക്കുന്നത്' (നഗ്നയാമിനികൾ, പുറം 69) മൊട്ടക്കുന്നുകൾ കാവൽ നിൽക്കുന്ന ഖസാക്ക്, അനാകർഷകമായ ഇടമായിട്ടും എഴുത്തുകാരന്റെ കഴിവ് അതിനെ ആസ്വാദനക്ഷമമായ ഇടമാക്കിമാറ്റുന്നു. മനുഷ്യ ജീവിതത്തിന്റെ, അതിന്റെ സ്ഥലകാലങ്ങളെ നിർമ്മിക്കുന്നതിലും നിർണയിക്കുന്നതിലും ഉർവരമാക്കുന്നതിലും പ്രകൃതി ഘടകങ്ങൾ നിർണ്ണായക പങ്കുവഹിക്കുന്നു.

## ആൾക്കൂട്ടം

'മലയാളനോവൽ പ്രശ്നങ്ങളും സമീപനങ്ങളും' എന്ന ലേഖനത്തിൽ ആനന്ദിന്റെ 'ആൾക്കൂട്ടം' ചർച്ചചെയ്യുന്നു. ഈ കൃതി മുന്നോട്ടുവയ്ക്കുന്ന മനുഷ്യദർശനത്തിന് ലേഖകൻ കൂടുതൽ പ്രാധാന്യം നൽകുന്നു. ഇവിടെ ജീവിതത്തിന്റെ മുഖ്യധാരയിൽ നിന്നും പുറത്താക്കപ്പെട്ട് വെളിമ്പറമ്പുകളിൽ ജീവിക്കേണ്ടി വരുന്ന തൊഴിലാളികളും ചേരിപ്രദേശക്കാരും രോഗികളും ഉൾപ്പെട്ട വർഗ്ഗവിഭാഗത്തിലേക്ക് അദ്ദേഹം കടക്കുന്നു. 'പ്രകൃതിയിൽ നിന്നും യന്ത്രവ്യവസ്ഥിതിയിൽ നിന്നുമുള്ള വിഘടനത്തിന്റെ ഫലമായി സംവേദന മനസ്കനായ ഇടത്തരക്കാർ അനുഭവിക്കുന്ന ഉത്കണ്ഠ പോലെത്തന്നെ അഗാധമായ ഒന്നാണ് നഗരത്തിനു ചുറ്റും വളരുന്ന പ്രതിസംസ്കാരത്തിൽ വേരോടുന്ന വില കുറഞ്ഞ ഭീതി' (രോഗത്തിന്റെ പൂക്കൾ, പുറം 62). കഠിനമായ ദാരിദ്ര്യം, അത് നിർമ്മിക്കുന്ന ജീവിത വികലീകരണം എന്നിവ അന്യവൽക്കരിക്കപ്പെട്ട ഇവരുടെ ജീവിതത്തെ മുരടിപ്പിക്കുന്നു. പ്രകൃതിയിൽ നിന്നും യന്ത്രവ്യവസ്ഥയിൽ നിന്നും ഒരുപോലെ പുറത്താക്കപ്പെട്ട ഇവരുടെ ഉത്കണ്ഠ വലുതാണ്. ഒപ്പം വ്യാവസായിക മുതലാളിത്തത്തിന്റെ ആധിപത്യം ശാസ്ത്രത്തെയും ടെക്നോളജിയെയും വിപുലമാക്കി ഒരുവിഭാഗം ജനതയുടെ മാത്രം വളർച്ചക്ക് കാരണമാകുമ്പോൾ നിത്യദാരിദ്ര്യം അനുഭവിക്കുന്ന ഒരു വിഭാഗം ജനതയ്ക്ക് മാറ്റമില്ലാതെ തുടരേണ്ടിവരുന്നു. ഈ വായന വ്യാവസായിക മുതലാളിത്ത ആധിപത്യത്തിൽ ഒരേകാലത്ത് ഒരേസ്ഥലത്ത് ഉണ്ടാകുന്ന രണ്ടുതരം ജീവിത പരിസ്ഥിതിയെ ചൂണ്ടിക്കാട്ടുന്നു. യന്ത്രവത്കൃതവും ടെക്നോളജി അധിഷ്ഠിതവുമായ നഗരലോകത്ത് രണ്ടു തരം ജീവിതവ്യവസ്ഥയും രീതിയും ഉണ്ടാക്കപ്പെടുന്നു - ഉത്പാദിപ്പിക്കുന്ന നഗരവൽകൃത പ്രതിസംസ്കാരം ഇടത്തരക്കാരിലും അതിനു താഴെത്തട്ടിൽ കഴിയുന്നവർക്കും ആശങ്കാകുലമായ ഭീതി സൃഷ്ടിക്കുന്നുണ്ട്. പ്രകൃതിവിഭവ ചൂഷണത്തിലൂടെ വികസിച്ചു കൊണ്ടിരിക്കുന്ന യന്ത്രവൽകൃത വ്യാവസായികമുതലാളിത്തം വരുത്തി വയ്ക്കുന്ന ഭീതിദമായ ചുറ്റുപാടുകൾ ഇവിടെ ആവിഷ്കരിക്കുന്നു. ഒപ്പം ഈ ജീവിതഭാവുകത്വം ഒരു വിഭാഗം ജനതയിൽ

ഉണ്ടാക്കുന്ന അരികുവൽക്കരണത്തെ ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു. സ്വകാര്യ വ്യഥയിൽ അഭിരമിക്കുന്ന ഒരെഴുത്തുകാരനപ്പുറം സാമൂഹികജീവിത പരിസ്ഥിതിയിൽ വരുന്ന മാറ്റത്തെ അഭിസംബോധന ചെയ്യുന്ന എഴുത്തുകാരൻ എന്നനിലയിൽ ആനന്ദിന്റെ സാഹിത്യലോകം ഇവിടെ ലേഖകൻ വിലയിരുത്തുന്നു. 'മരണസർട്ടിഫിക്കറ്റി'ലെ സെയിൽസ്മാൻ, ആൾക്കൂട്ടത്തിലെ സുനിൽ ജോസഫ് തുടങ്ങിയവരെ വേരുകൾ മുറിച്ചുമാറ്റപ്പെട്ട കാലത്തിന്റെ പ്രിയപ്പെട്ട കഥാപാത്രങ്ങളായി രാജകൃഷ്ണൻ ഉദാഹരിക്കുന്നു. ഈ കഥാപാത്രങ്ങളിലൂടെ യന്ത്രസംസ്കാരം, വ്യാവസായികമുതലാളിത്തത്തിന്റെ ആധിപത്യം എന്നിവ തകർത്തെറിഞ്ഞ പ്രകൃതിയുടെ ഗതികേടിൽ അതിനുള്ളിൽത്തന്നെ കെട്ടിക്കിടന്ന് ജീർണിച്ച് ജീവിക്കേണ്ടുന്ന മനുഷ്യന്റെ അവസ്ഥാന്തരങ്ങളെ അവതരിപ്പിക്കുന്ന ആനന്ദിന്റെ രചനാസവിശേഷതകൾ ലേഖകൻ കണ്ടെത്തുന്നുണ്ട്.

**കളിയച്ഛൻ**

കളിവിളക്കിന്റെ കരിന്തിരി വെട്ടത്തിൽ എന്ന ലേഖനത്തിലാണ് പി. പഠനവിധേയമാകുന്നത്. ഗുരു ശാപം കിട്ടിയ കഥകളി നടന്റെ ഏറ്റുപറച്ചിലിന്റെ രൂപത്തിൽ എഴുതിയ കവിതയാണ് പി.യുടെ 'കളിയച്ഛൻ.' കൃതിയുടെ സൗന്ദര്യാത്മകഘടകമായിട്ടല്ല പി.യുടെ കവിതകളിൽ പ്രകൃതി അവതരിപ്പിക്കപ്പെട്ടിരിക്കുന്നത് എന്ന നിരീക്ഷണമാണ് ലേഖകൻ കൊണ്ടുവരുന്നത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ 'പ്രകൃതി മനുഷ്യന്റെ ദുഃഖങ്ങളിൽ പങ്കുകൊള്ളുകയും അവന്റെ ദുഷ്ടതയോർത്ത് ആശങ്കപ്പെടുകയും മുറിവുകളിൽ കനിവ് പകരുകയുമൊക്കെ ചെയ്യുന്ന കാഴ്ചകൾ കുഞ്ഞിരാമൻ നായരുടെ കവിതകളിൽ സുലഭമാണ്'' (ആളൊഴിഞ്ഞ അരങ്ങ്, പുറം 92-93). പ്രകൃതിഭാവങ്ങൾ മനുഷ്യന്റെ വൈകാരിക ഭാവങ്ങൾക്ക് അനുസൃതമായിട്ടാണ് പി. അവതരിപ്പിക്കുന്നത്. പ്രകൃതിയും മനുഷ്യനും തമ്മിൽ നിലനിന്നിരുന്ന ജൈവസത്തയ്ക്കു മേൽ യാന്ത്രികവ്യാവസായികത ആധിപത്യം ഉറപ്പിച്ചതാണ് ഉർവ്വരതാനിഷ്ടമായ പ്രകൃതി നഷ്ടപ്പെടലിനു കാരണമായത്. സ്വപ്നം, യാഥാർത്ഥ്യം എന്നീ രണ്ടുനിലകളിലും പ്രകൃതിയെ പി. അവതരിപ്പിക്കുന്നുണ്ട്. 'ഇംഗ്ലീഷ് ഭാഷയോടുള്ള വെറുപ്പും സംസ്കൃത പ്രേമവും യന്ത്രത്തിന്റെ നേർക്കുള്ള അമർഷവും കേരളത്തിൽ ശോഷിച്ചു വരുന്ന പ്രകൃതിസമ്പത്തിനെച്ചൊല്ലിയുള്ള വ്യസനവുമെല്ലാം കൂടുതൽ അഗാധമായ ഒരു ഭൂതകാലാഭിമുഖ്യത്തിന്റെ ചിഹ്നങ്ങളായിരുന്നു എന്നു വേണം കരുതാൻ.' (ആളൊഴിഞ്ഞ അരങ്ങ്, പുറം 105). പ്രകൃതിയെ വർണ്ണനോപാധിയായി മാത്രം കവിതയിൽ ഉപയോഗിച്ച കവി എന്ന നിലയിലല്ല രാജകൃഷ്ണൻ പി.യെ വായിക്കുന്നത്, പ്രകൃതി ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഒരുക്രാന്തദർശിയായി കണ്ട കവിയായിട്ടാണ്. യന്ത്രയുഗത്തോടുള്ള അമർഷം, ഇംഗ്ലീഷ് ഭാഷയോടുള്ള വെറുപ്പ്, പ്രകൃതിചൂഷണം എന്നിവ അദ്ദേഹത്തിൽ ഗൃഹാതുരതയാണ് സൃഷ്ടിച്ചത്. ഈ പ്രശ്നങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിനായി ഭൂതകാലത്തിലേയ്ക്ക് മടങ്ങിപ്പോകാൻ ആഗ്രഹിച്ച കവി എന്ന നിലയിൽ പി.യെ വിലയിരുത്തുന്നു. രാജകൃഷ്ണൻ അവതരിപ്പിച്ച പാരിസ്ഥിതികസാഹിത്യവിമർശന ആശയങ്ങളിൽ നിന്ന് ശ്രദ്ധേയമായവ താഴെപ്പറയുന്നു.

1. ഒരു കൃതി മുന്നോട്ടുവയ്ക്കുന്ന പ്രമേയവും അത് സൃഷ്ടിക്കപ്പെട്ട കാലവും പുതിയ സാഹചര്യവുമായി ഇണങ്ങാതെ വരുമ്പോൾ എന്തുകൊണ്ട് അങ്ങനെ സംഭവിക്കുന്നു എന്ന കാര്യകാരണങ്ങളിൽ കൂടിയും കാലത്തിന്റെ വ്യത്യസ്ത അനുഭവ നിർമ്മാണങ്ങളിൽ കൂടിയും ആ കാലം പ്രതിനിധീകരിക്കുന്ന പ്രകൃതിയെ വിശകലനം ചെയ്യുന്നു.

2. കൃതി വായിച്ച് പൊതുവിൽ ആ കൃതി പുലർത്തുന്ന ഭാവുകത്വബോധത്തെ ഉൽപ്പാദിപ്പിക്കുന്ന ബിംബങ്ങളെയും ആശയങ്ങളെയും മുൻനിർത്തി അതിന്റെ വ്യത്യസ്തങ്ങളായ ഭാവതലങ്ങളെ കണ്ടെത്താൻ ശ്രമിക്കുന്നു അത്തരം ഒരു വായനയിൽ നിന്നാണ് ഖസാക്കിന്റെ ഇതിഹാസം എന്ന നോവലിനെ മുൻനിർത്തി ചില ബിംബങ്ങളിലൂടെയും രൂപകങ്ങളിലൂടെയും പാരിസ്ഥിതികതലത്തെ അനാവരണം ചെയ്യുന്നത് .

3. എഴുത്തുകാരനും അയാളെ നിർമ്മിക്കുന്ന സാമൂഹികാവസ്ഥകളും തമ്മിലുള്ള സംഘർഷത്തിൽനിന്ന് പ്രകൃതിയും അയാളും തമ്മിലുള്ള ആത്മൈക്യത്തിന്റെ 'സ്ഥലകാലങ്ങളെ അപഗ്രഥിക്കുന്നു.'

**സഹായക ഗ്രന്ഥങ്ങൾ**

1. രാജകൃഷ്ണൻ വി.- ആളൊഴിഞ്ഞ അരങ്ങ്, എൻ. ബി.എസ്., കോട്ടയം, 1990.
2. ചുഴികൾ ചിപ്പികൾ, ഡി.സി ബുക്സ്, കോട്ടയം, 1990.
3. നഗ്നയാമിനികൾ, ഡി.സി ബുക്സ്, കോട്ടയം, 2003.
4. മൗനം തേടുന്ന വാക്ക്, എൻ.ബി.എസ്., കോട്ടയം, 1981.
5. രോഗത്തിന്റെ പൂക്കൾ, എൻ.ബി.എസ്, കോട്ടയം, 1979.

# പാരിസ്ഥിതിക സ്ത്രീ വിവേചനം സൈബർ വ്യവഹാരഭാഷയിൽ

## (ഫൂക്കോയുടെയും നോർമൽ ഫെയർക്ലോയുടെയും ഭാഷാചിന്തകളെ അടിസ്ഥാനമാക്കിയൊരു പഠനം)

**അഞ്ജലി അഗസ്റ്റിൻ,** ഗവേഷക, മദ്രാസ് യൂണിവേഴ്സിറ്റി

പ്രകൃതിയെയും സ്ത്രീയെയും താരതമ്യംചെയ്തുകൊണ്ടുള്ള എഴുത്തുകൾ ആദ്യകാലം മുതൽ സാഹിത്യത്തിൽ കാണുന്നുണ്ട്. സ്ത്രീയുടെയും പ്രകൃതിയുടെയും സഹജ സ്വഭാവങ്ങളുടെ അടിസ്ഥാനത്തിലാണ് ഇത്തരത്തിലുള്ള താരതമ്യപഠനങ്ങൾ രൂപ പ്പെട്ടിരിക്കുന്നത്. 1974ൽ ഫ്രഞ്ച് സാഹിത്യ നിരൂപകയായ ഫ്രാൻസ്വാദിയൂബോൻ ആണ് പാരിസ്ഥിതികസ്ത്രീവാദം എന്നപദം ആദ്യമായി ഉപയോഗിച്ചത്. പ്രധാനമായും രണ്ടു തരത്തിലാണ് ഈ ചിന്തയുടെ പ്രചാരണം നടന്നിട്ടുള്ളത്. ഒന്നാമത്തേതിൽ പരിഷ്കരണപരം (Radical), സാംസ്കാരികം (Cultural), ആത്മീയം (Spiritual), എന്നിവ ഉൾപ്പെടുന്നു. ഈവിഭാഗം ഊന്നൽകൊടുത്തത് സ്ത്രീയും പ്രകൃതിയും തമ്മിലുള്ള നൈസർഗികമായ ചേർച്ചയെക്കുറിച്ചാണ്. രണ്ടാമ ത്തേത് സാമൂഹിക നിർമ്മിതിയെക്കുറിച്ചും തീവ്രമായ രാഷ്ട്രീയ കാഴ്ച്ചപ്പാടുകളെക്കുറിച്ചുമാണ്. ഇതിൽ പ്രധാനമായും സോഷ്യലിസത്തെക്കുറിച്ചും മാർക്സിസത്തെക്കുറിച്ചും ചർച്ചചെയ്യുന്നു. സാമൂഹി കവും സാംസ്കാരികവും സാമ്പത്തികവുമായ അധികാരകേന്ദ്രങ്ങൾ എങ്ങനെയാണ് പരിസ്ഥി തിയെയും സ്ത്രീയെയും ചൂഷണം ചെയ്യുന്നത് എന്ന് മനസിലാക്കുന്നതിനോടൊപ്പംതന്നെ ഇത്തരത്തിലുള്ള അധികാരസ്വരങ്ങൾക്കെതിരെ പ്രതിരോധത്തിന്റെ ആശയങ്ങളെ നിർമ്മി ക്കുവാനും പ്രവർത്തിക്കുവാനുമാണ് പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ വിവിധ ചിന്താധാരകൾ ശ്രമിക്കുന്നത്. സ്ത്രീ-പ്രകൃതി ബന്ധങ്ങളെക്കുറിച്ചുള്ള പാരിസ്ഥിതികസ്ത്രീവാദത്തിന്റെ കാഴ്ച്ചപ്പാടുകളെ ഹേമാമാലിനി ഇങ്ങനെ ക്രോഡീകരിച്ചിരിക്കുന്നു.

1. സ്ത്രീക്കും പ്രകൃതിക്കും തമ്മിൽ ചരിത്രപരമായിതന്നെ സമാനതകൾകല്പിച്ചിരിക്കുന്നു.

2. ഈ സമാനതാകല്പനകളുടെ അടിസ്ഥാനം ഇരുഘടകങ്ങളുടെയും അടിസ്ഥാനസ്വഭാവമായ ജൈവികതയാണ്.

3. ഈ രണ്ടു ഘടകങ്ങൾക്കും സമൂഹത്തിൽ പ്രധാന്യവും പ്രാമാണ്യവും നിലനിന്നിരുന്ന ഒരു പ്രാക്ചരിത്രമുണ്ട്. ഈ പ്രാക്മനുഷ്യന്റെ ആരാധനാ രീതികളെ വിശകലനം ചെയ്താൽ ഈവസ്തുത ബോധ്യപ്പെടുന്നതാണ്.

4. സ്വകാര്യസ്വത്തിന്റെ ആവിർഭാവം, ശാസ്ത്ര മുന്നേറ്റം, ഭൗതികവാദം, ദ്വന്ദ്വാത്മകത, കണികാസിദ്ധാന്തം, കോളനിവത്ക്കരണം തുടങ്ങിയ പുരുഷമേധാവിത്വ പ്രവണതകൾ സമൂഹത്തിൽ വേരൂന്നിയതോടെയാണ് സ്ത്രീക്കും പ്രകൃതിക്കും അസമത്വം വന്നുചേർന്നത്.

5. പാരിസ്ഥിതികസ്ത്രീവാദം എന്ന ചിന്താപദ്ധതിക്ക് ഉപോൽബലകമായത് പ്രകൃതിയുടെയും സ്ത്രീയുടെയും സമാനപീഢിതാവസ്ഥകളാണ്.

6. പ്രകൃതി സ്ത്രീബന്ധങ്ങളെ അംഗീകരിക്കുകയും നിരാകരിക്കുകയും ചെയ്തുകൊണ്ടാണ് പാരിസ്ഥിതിക സ്ത്രീവാദസിദ്ധാന്തം വികസ്വരമാകുന്നത്. (എം. ഹേമമാലിനി; 2005:19) ഇതെല്ലാമാണ് സ്ത്രീയെയും പ്രകൃതിയെയും സാമ്യപ്പെടുത്തുന്ന പ്രധാന ഘടകങ്ങൾ. എല്ലാതരത്തിലുമുള്ള അധികാര സ്വഭാവങ്ങളെ നിഷേധിച്ചുകൊണ്ട് തുല്യതയുടെയും സഹവർത്തിത്വത്തിന്റേതുമായ പ്രവർത്തനങ്ങളെ ആവിഷ്കരിക്കുക എന്നതാണ് പ്രധാനമായും പാരിസ്ഥിതിക സ്ത്രീവാദത്തിലൂടെ ഉദ്ദേശിക്കുന്നത്. എന്നാൽ സമകാലീന സാമൂഹ്യാന്തരീക്ഷത്തിൽ പ്രകൃതിയും സ്ത്രീയും മാറ്റമില്ലാതെ വിവേചനങ്ങൾക്ക് വിധേയമാകുന്നു.

പരിസ്ഥിതിയെക്കുറിച്ചും സ്ത്രീയെക്കുറിച്ചുമുള്ള പല തരത്തിലുള്ള ആവിഷ്കരണങ്ങളിലൂടെയാണ് ഇത് വ്യക്തമാകുന്നത്. ലിംഗവിവേചനത്തെക്കുറിച്ചും പാരിസ്ഥിതിക വിവേചനത്തെക്കുറിച്ചും കൂടുതലായി വ്യക്തമാകുന്നത് അത്തരത്തിലുള്ള എഴുത്തു രീതികളിൽ ഉപയോഗിക്കുന്ന ഭാഷയെ അപഗ്രഥനം ചെയ്യുന്നതിലൂടെയാണ്. സൈബർഇടമാണ് ഇത്തരത്തിലുള്ള ഇടപെടലുകൾ ധാരാളമായി നടക്കുന്ന ജനപ്രിയമായ സാമൂഹ്യമാധ്യമം. പ്രധാനമായും ഫെയ്സ്ബുക്ക്പോലുള്ള സാമൂഹ്യമാധ്യമങ്ങൾ നിലനിൽക്കുന്ന സാമൂഹ്യാന്തരീക്ഷത്തിൽ ആശയ, സംവാദ, പങ്കുവെയ്ക്കലുകൾക്കുള്ള ഇടം എന്ന നിലയിൽ ശക്തമായിരിക്കുന്നു. എഴുത്തിനോടോപ്പം എഴുത്തുകാരനും, വായനക്കാരനും സാമൂഹിക വിഷയങ്ങളോടുള്ള പ്രതികരണം എന്ന നിലയിൽ ഒരുപോലെ ഇടപെടലുകൾ നടത്തുവാൻ സാധിക്കുന്നു എന്നതുകൊണ്ട് തന്നെ ഫെയ്സ്ബുക്ക് പോലുള്ള സാമൂഹിക മാധ്യമങ്ങളിലെ ഭാഷ എപ്പോഴും ചലനാത്മകമായിരിക്കും. അച്ചടിയുടെയും പ്രസാധനത്തിന്റെതുമായ എല്ലാ ബുദ്ധിമുട്ടുകളിൽ നിന്നും വ്യത്യസ്തമായി സ്വതന്ത്രമായ ആവിഷ്കരണമേഖല പ്രധാനംചെയ്യുന്ന എന്നതുപോലെത്തന്നെ സൈബർഇടം നൽകുന്ന അനിയന്ത്രിതമായ സ്വാതന്ത്ര്യവും ഈമാധ്യമത്തിന്റെ പ്രധാന സവിശേഷതയാണ്. സാമൂഹികമായി മനുഷ്യനെ അടുപ്പിച്ചുനിർത്തുവാൻ ഇത്തരത്തിലുള്ള മാധ്യമങ്ങളിലൂടെ സാധിക്കുന്നു. മറ്റുമാധ്യമങ്ങളെ അപേക്ഷിച്ച് ജനപ്രീയത കൂടുതലുള്ള ഇടം എന്നനിലയിൽ സാമൂഹികവും സാനമ്പത്തികവും സാംസ്കാരികവുമായ എല്ലാവിഷയങ്ങളെക്കുറിച്ചുമുള്ള സംവാദങ്ങളും ഇടപെടലുകളും നടക്കുന്ന ഇടമാണ് ഫെയ്സ്ബുക്ക്. അതുകൊണ്ട്തന്നെ സ്ത്രീയെക്കുറിച്ചും പരിസ്ഥിതിയെക്കുറിച്ചുമുള്ള എഴുത്തുകളും സംവാദങ്ങളും ഈമാധ്യമത്തിൽ സജീവമാണ്. ഇത്തരത്തിലുള്ള എഴുത്തുകൾ പലപ്പോഴും ലിംഗവിവേചനവും പാരിസ്ഥിതികവിവേചനവും പ്രകടമാക്കുന്നു. സാമൂഹ്യ മാധ്യമങ്ങളിലെ ഭാഷയെ അപഗ്രഥനവിധേയമാക്കിയാൽ ഇത് വ്യക്തമായി മനസിലാക്കാൻസാധിക്കും. ഭാഷയെ വിശകലനം ചെയ്യുന്നതിനുവേണ്ടി ഫൂക്കോയുടെയും നോർമൻ ഫെയർക്ലോയുടെയും ഭാഷാപഗ്രഥന ചിന്തകളെയാണ് പ്രധാനമായും ഉപയോഗിച്ചിരിക്കുന്നത്. സാമൂഹിക ഇടപെടലുകളും ഭാഷയുടെ ഘടനയും വ്യക്തമാക്കുക എന്നതാണ് വ്യവഹാര അപഗ്രഥനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അധികാരസ്വഭാവവും അറിവും എങ്ങനെയാണ് ഭാഷയിലൂടെ മേധാവിത്വസ്വഭാവം പുലർത്തുന്നത് എന്നാണ് ഫൂക്കോ വ്യവഹാര അപഗ്രഥനത്തിലൂടെ വ്യക്തമാക്കിയിരുന്നത്. ഫൂക്കോയുടെ അധികാരചിന്തകളെ പ്രയോജനപ്പെടുത്തികൊണ്ട് നോർമൽഫെയർക്ലോ ആവിഷ്കരിച്ച വ്യവഹാര പഠനത്തിന്റെ സവിശേഷതകളെ പി.എം. ഗിരീഷ് ഇപ്രകാരം ക്രമപ്പെടുത്തിയിരിക്കുന്നു.

1. സാമൂഹ്യപ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നു. സാമൂഹ്യപ്രക്രിയകളുടെയും പ്രശ്നങ്ങളുടെയും ഭാഷാപരവും ചിഹ്നപരവുമായ സവിശേഷതകൾ അപഗ്രഥനം ചെയ്യുന്നതിനാലാണ് ഇത് സാധ്യമാകുന്നത്.

2. വ്യവഹാരത്തിലെ അധികാരത്തെ തുറന്നുകാണിക്കുന്നു. സമൂഹത്തിലെ അധികാരബന്ധങ്ങളിലെ സ്വഭാവത്തെ പഠിക്കുന്നതിലൂടെ ഇക്കാര്യം സാധ്യമാകുന്നു. വ്യവഹാരത്തിൽ അധികാരം എങ്ങനെ പെരുമാറുന്നുവെന്ന കാര്യത്തിനാണ് ഇവിടെ ഊന്നൽ നൽകുന്നത്. വ്യവഹാരത്തിന് അകത്തുള്ള അധികാരബന്ധം പഠിക്കുന്നതുപോലെ വ്യവഹാരത്തിനു പുറത്തുള്ള അധികാരബന്ധവും പഠിക്കാൻ ശ്രമിക്കുന്നു.

3. വ്യവഹാരം, സമൂഹം, സംസ്കാരം: ഇവ തമ്മിലുള്ള ബന്ധം വിശദീകരിക്കുന്നു. ഒരോ ഭാഷാപ്രയോഗവും സമൂഹത്തെയും സംസ്കാരത്തെയും അധികാരബന്ധത്തെയും പുനരുല്പാദിപ്പിക്കുന്നതിന് ചെറുതാണെങ്കിലും സംഭാവനകൾ നൽകുന്നുണ്ട്. ഈകാര്യത്തിന് ഊന്നൽ നൽകികൊണ്ടാണ് വ്യവഹാരത്തിന്റെ സാമൂഹിക സാംസ്കാരിക ബന്ധം വിശദീകരിക്കുന്നത്.

4. വ്യവഹാരം പ്രത്യയശാസ്ത്രപരമാണ്. സമൂഹത്തിൽ മേൽകീഴകൾ സൃഷ്ടിക്കുകയെന്നതാണ് പ്രത്യയശാസ്ത്രത്തിന്റെ പ്രധാനസ്വഭാവം. പ്രത്യയശാസ്ത്രത്തെ പലരീതിയിൽ പ്രകാശിപ്പിക്കുന്നുമുണ്ട് വ്യവഹാരം.

5. ചരിത്രം വ്യക്തമാക്കുന്നു. ചരിത്ര സന്ദർഭത്തിന്റെ അടിസ്ഥാനത്തിലല്ലാതെ അധികാരത്തെ പഠിക്കാനാവുകയില്ല. ഒരു വ്യവഹാരം മറ്റ് വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്നതാണെന്ന കാര്യം ശ്രദ്ധിക്കണമെന്നർത്ഥം. സവിശേഷ സന്ദർഭത്തിന്റെ അടിസ്ഥാനത്തിലല്ലാതെ അർത്ഥം മനസിലാക്കുവാനാകില്ല എന്ന കാര്യത്തിനും വ്യവഹാര അപഗ്രഥനത്തിൽ പ്രാധാന്യം നൽകണം.

6. വ്യവഹാരത്തിന്റെ ക്രമം പഠിക്കുന്നു. വ്യവഹാരത്തിന്റെ പ്രതിപാദന രീതിയാണ് ഇവിടെ സവിശേഷതമായി പഠിക്കുന്നത്.

7. വ്യവഹാരത്തെ വിശദീകരിക്കുന്നു. വ്യവഹാരത്തെ പലതരത്തിൽ വ്യാഖ്യാനിക്കാവുന്നതാണ്. ചരിത്ര

സന്ദർഭത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത പാരായണങ്ങളെ അപനിർമ്മാണം ചെയ്ത പാഠായാഥാർത്ഥ്യത്തെ തുറന്നുകാണിക്കുവാൻ ശ്രമിക്കണം.

8. സാമൂഹിക വൃത്തിയൊരു പ്രക്രിയയാണ്. സാമൂഹിക കർത്തവ്യങ്ങൾ രൂപീകരിക്കുന്ന കാര്യത്തിൽ വ്യവഹാരത്തിനുള്ള പങ്കാണ് ഇവിടെ സാമൂഹിക വൃത്തിയായി കണക്കാക്കുന്നത്. (ഗിരീഷ്, പിഎം; 2015:15) ഇത്തരത്തിൽ കൃത്യമായി ഭാഷയെ അപഗ്രഥനം ചെയ്യുന്നതിലൂടെ അധികാര സ്വഭാവത്തെയും ഭാഷക്കുള്ളിലെ വിവേചനത്തെയും കൃത്യമായി കണ്ടെത്താൻ സാധിക്കും. സൈബറിടത്തിലെ ഭാഷാ പ്രയോഗങ്ങളിൽ പാരിസ്ഥിതിക സ്ത്രീ വിവേചനങ്ങൾ പ്രകടമായിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനു വേണ്ടി ഫെയ്സ്ബുക്ക് പോസ്ററിനെ പരിശോധിക്കുന്നു. സമൂഹത്തിൽ അധികാരസ്ഥാനങ്ങൽ ഇരിക്കുന്നവർ പുരുഷ ൻമ്മാർ ആണെന്നും സ്ത്രീകൾ പത്രാധിപർ പോലുള്ള സ്ഥാനങ്ങളിലേക്ക് വളർന്ന് വരേണ്ടത് ആവശ്യമാണെ ന്നുമുള്ള ചിന്തകൾ പങ്കുവെയ്ക്കുന്ന എഴുത്താണ് ഫെയ്സ്ബുക്കിൽ ശാന്തിജയ പോസ്റ്റ് ചെയ്തിരിക്കുന്നത്. എഴുതുന്ന ആളുടെ ചിന്താതലങ്ങളെ അല്ല മറിച്ച് ഭാഷയിൽ ഒളിഞ്ഞിരിക്കുന്ന അർത്ഥതലങ്ങളെ പരിശോധിക്കുക മാത്രമാണിവിടെ ചെയ്യുന്നത്. പ്രസക്തമായ ഭാഗങ്ങൾ താഴെ ചേർക്കുന്നു. 'ലിംഗത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ രംഗത്തു നിന്ന്, മാറ്റി നിർത്തപ്പെടുകയോ തുല്യവേതനം കൊടുക്കാതിരിക്കുകയും ചെയ്യുന്നത് സെക്സിസമാണ്. ആണിനു മാത്രം ചെയ്യാവുന്ന കായിക ശേഷി ആവശ്യപ്പെടുന്ന തസ്തികകളാണോ അതോ കേരളത്തിലെ സ്ത്രീകളുടെ തലയിൽ പൂനിലാവും പഞ്ഞിക്കുരുവും മാത്രമേ ഉള്ളൂ എന്ന് പരക്കെ വിശ്വാസിക്കപ്പെടുന്നതു കൊണ്ടാണോ ഇവിടെ ഇങ്ങനെ സംഭവിക്കുന്നതെന്ന് പരിശോധിക്കേണ്ടതുണ്ട്.

സമകാലീന സാഹചര്യത്തിൽ സമൂഹത്തിലെ വിവിധ ഇടങ്ങളിൽ കായികശേഷി ആവശ്യമുള്ളതും ഇല്ലാത്തതുമായ എല്ലാജോലികളിലും സ്ത്രീ പ്രാധിനിത്യമുണ്ട്. അതുകൊണ്ട് തന്നെ ആണിനു മാത്രം ചെയ്യാവുന്ന കായികശേഷി ആവശ്യപ്പെടുന്ന തസ്തികകൾ' എന്ന എഴുത്തിൽ 'ആണിനു മാത്രം' എന്ന വാക്യം പുരുഷന്റെ അധികാര സ്ഥാനത്തെ ഉറപ്പിക്കുന്നു. ഇതേപോലെ സ്ത്രീകളുടെ തലയിൽ പൂനിലാവും പഞ്ഞിക്കുരുവും മാത്രമേയുള്ളൂ എന്നു പരക്കെ 'വിശ്വാസിക്കപ്പെടുന്നതു കൊണ്ടാണോ' എന്ന വാചകത്തിൽ "പരക്കെ വിശ്വസിക്കപ്പെടുന്നു" എന്ന വാക്യത്തിലൂടെ അത്തരത്തിലുള്ള ചിന്തയെ ഉറപ്പിക്കുവാൻ കാരണമാകുന്നു. സ്ത്രീ പുരോഗമനത്തിനു വേണ്ടി വാദിക്കുന്ന ശക്തമായ എഴുത്താണെങ്കിലും ഭാഷയുടെ ഇത്തരത്തിലുള്ള ആവിഷ്കരണത്തിലൂടെ സ്ത്രീ സാമൂഹികമായി താഴ്ന്നതാണെന്ന് ചിത്രീകരിക്കുന്നു. പൂനിലാവ് എന്നുള്ള മറ്റേത് പ്രകൃതി പ്രതിഭാസങ്ങൾ പോലെ സാധാരണമായ ഒന്നാണ്. രാത്രിയിൽ ചന്ദ്രന്റെ പ്രകാശത്തിലൂടെ പൂക്കളും പ്രകൃതിയുമെല്ലാം വളരെ മനോഹരമായി കാണപ്പെടുന്നു. പൂനിലാവും സ്ത്രീയും വളരെയധികം ബന്ധപ്പെട്ടു നിൽക്കുന്ന ഘടകങ്ങളാണ്. പുരുഷനെക്കാളും നിലാവിനെ ആസ്വദിക്കുന്നവൾ സ്ത്രീയാണ്. കാല്പനികമായ എഴുത്തുകളിലും കവിതകളിലുമെല്ലാം സ്ത്രീയുടെ മനോഹാരിതയെ പൂനിലാവിനോടു ബന്ധ പ്പെടുത്തിക്കൊണ്ടുള്ള എഴുത്തുകൾ ധാരാളമായി ഉണ്ട്. പ്രകൃതിയെ സൗന്ദര്യാത്മകമായി ആവിഷ്കരിക്കുവാൻ നിലാവുപോലുള്ള പ്രകൃതി പ്രതിഭാസങ്ങളെ ഉപയോഗിക്കുന്നതു പോലെതന്നെ സ്ത്രീയെ മനോഹരിയായി അവതരിപ്പിക്കുവാൻ 'നിലാവ്' പോലുള്ള പ്രകൃതിപരമായ ഉപമകളെ ഉപയോഗിക്കുന്നു. നിലാവൂറുന്നൊരു ഹൃദയം പൂവിതളിന്റെ മൃദുലതയെ കീറിമുറിച്ച് കഠിനതയാക്കാൻ പണിപ്പെടുന്നു. എസ്.രാജശേഖരൻ 'പരിസ്ഥിതിദർശനം മലയാള കവിതയിൽ (2014:160)' എന്ന പുസ്തകത്തിൽ അമൃതയുടെ കവിതയെക്കുറിച്ച് വിശദീകരിക്കുമ്പോൾ എഴുതി ചേർത്തിരിക്കുന്ന വരികളാണിത്. നിലാവൂറുന്ന ഹൃദയവും പൂവിതളിന്റെ മൃദുലതയുമെല്ലാം സ്ത്രീയെ ഉപമിച്ചു കൊണ്ടുള്ള എഴുത്താണ്. ഇങ്ങനെ കാൽപനികമായ ഒട്ടേറെ എഴുത്തുകൾ പൂനിലാവിനെയും സ്ത്രീയെയും താദാത്മ്യപ്പെടുത്തി അവതരിപ്പിച്ചിട്ടുണ്ട്. ഇവിടെ അധികാരം അല്ലെങ്കിൽ പുരുഷ കേന്ദ്രീകൃതമായ ചിന്തവരുമ്പോൾ പൂനിലാവ് എന്നത് പ്രയോജനമില്ലാത്ത ഒന്നായി മാറുന്നു. ആസ്വദിക്കുക അല്ലെങ്കിൽ പ്രകൃതിയെ മനോഹരിയായി ചിത്രീകരിക്കുക എന്ന ഒന്നല്ലാതെ പൂനിലാവ് എന്ന പ്രതിഭാസം പുരുഷനെ സംബന്ധിച്ചിടത്തോളം പ്രയോജനരഹിതമായ ഒന്നായി രൂപപ്പെടുത്തുന്നു. ഇത്തരത്തിൽ രൂപപ്പെടുത്തിയ അർത്ഥത്തെ ഉൾക്കൊള്ളിച്ചുകൊണ്ട് സ്ത്രീയും നിലാവും തമ്മിലുള്ള ബന്ധം ഇതേരീതിയിൽ ചിത്രീകരിക്കുകയും ആവിഷ്കരിക്കുകയും ചെയ്യുന്നതു വഴി ഈ രണ്ടു ഘടകങ്ങളും ഒരുപോലെ പ്രയോജനരഹിതമാണെന്ന ആശയം ഭാഷ വഴി രൂപപ്പെടുത്തുന്നു. പഞ്ഞിക്കുരു എന്നത് പ്രകൃതിവസ്തുക്കളിൽ പ്രധാനപ്പെട്ട ഒന്നാണ്. മനുഷ്യൻ കിടക്കുവാനും തലവെയ്ക്കുവാനുമെല്ലാമായി ഉപയോഗിക്കുന്ന

പ്രധാനപ്പെട്ട നിത്യോപയോഗവസ്തുവാണ് പഞ്ഞി. എന്നാൽ നെല്ല്, കുരുമുളക്, ഗോതമ്പ് എന്നീ മറ്റു നാണ്യവിളകൾ പോലെ പ്രധാന്യത്തോടെ മനുഷ്യൻ പഞ്ഞിക്കുരുവിനെ കാണുന്നില്ല. മറ്റു നാണ്യവിളകളെ പരിചരിക്കുന്നതു പോലെ അധികം ശ്രദ്ധിക്കാതെതന്നെ പഞ്ഞിമരത്തിൽ ഇത് ധാരാളമായി ഉണ്ടാകുന്നു എന്നതിനാൽ അധികാര കേന്ദ്രിതമായ ചിന്ത ഈനാണ്യവിളയെ മൂല്യംകുറച്ച് കാണുന്നതിനാൽ ഇവിടെ പാരിസ്ഥിതികമായ വിവേചനം ഉണ്ടാകുന്നു. ഏതൊരു ഫലം പോലെ തന്നെ പരിസ്ഥിതിയെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട ഒന്നാണ് പഞ്ഞിക്കുരുവും. കായ് ഉണ്ടാകുന്നതിനു വേണ്ടി മനുഷ്യന്റെ കായികാധ്വാനം വളരെക്കുറച്ച് മതിം വേണ്ടിവരുന്ന പഞ്ഞിക്കുരുവിനെ സ്ത്രീയുമായി താരതമ്യപ്പെടുത്തി അവതരിപ്പിക്കുന്നതു വഴി സ്ത്രീയുടെ അധ്വാനങ്ങളെ പ്രകൃതിവിവേചനങ്ങൾക്കൊപ്പം തന്നെ വിലകുറച്ച് കാണുന്നു. ഇത്തരത്തിലുള്ള ചിന്തയിലൂടെ ലിംഗവിവേചനവും പാരിസ്ഥിതികവിവേചനവും ഭാഷയിൽ പ്രകടമായി അവതരിപ്പിച്ചിരിക്കുന്നു. അതായത് ഇവ രണ്ടും പ്രയോജനരഹിതമാണെന്ന ചിന്തയെ നിർമ്മിച്ചെടുക്കുകയാണ് ഇവിടെ. പൂനിലാവെന്നതും പഞ്ഞിക്കുരുവെന്നതും പാരിസ്ഥിതികമായി വിവേചനങ്ങളെ നേരിടുന്ന രണ്ട് വസ്തുതകളാണ്. മറ്റു വസ്തുക്കളെപ്പോലെ തന്നെ പ്രകൃതിക്കാവശ്യമായ ഘടകങ്ങളാണിവ. പ്രകൃതിയുടെ മനോഹാരിതക്ക് പൂനിലാവിനുള്ള പ്രധാന്യം പോലെത്തന്നെ മനുഷ്യന്റെ നിത്യോപയോഗ വസ്തുക്കളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് പഞ്ഞിയും. ഈ രണ്ടു ഘടകങ്ങളെയും പ്രയോജനരഹിതമായ 'വേസ്റ്റ്' എന്ന ആശയത്തിലൂടെ അവതരിപ്പിക്കുകയും ഇതിനെ സ്ത്രീയുമായി താദാത്മ്യപ്പെടുത്തുകയും ചെയ്യുന്നതു വഴി പ്രകൃതിയും സ്ത്രീയും വിവേചനത്തിനു വിധേയമാകുന്നു. സ്ത്രീ സാമൂഹികമായി ഉയർന്നുവരണം എന്ന ചിന്ത പങ്കുവെയ്ക്കുന്ന പോസ്റ്റിലെ ഭാഷ തന്നെ ഒരുപക്ഷെ എഴുത്തുകാരിപോലും അറിയാതെ തന്നെ ഇത്തരത്തിൽ വിവേചനങ്ങളെ അനുകൂലിക്കുന്ന ഭാഷയായി മാറുന്നു. ഫൂക്കോയുടെയും, നോർമൻ ഫെയർക്ലോയുടെയും ഭാഷാ ചിന്തകളെ അടിസ്ഥാനപ്പെടുത്തി വ്യവഹാരത്തെ അപഗ്രഥന വിധേയമാക്കുമ്പോഴാണ് ഭാഷയിലെ ഇത്തരത്തിലുള്ള വിവേചനങ്ങളെയും അതിനു പുറകിലുള്ള അധികാരത്തേയും മനോഭാവ തലങ്ങളെയും മനസിലാക്കുവാൻ സാധിക്കുന്നു. സൈബർ ഇടത്തിലെ പാരിസ്ഥിതിക സ്ത്രീ എഴുത്തുകളെ വ്യവഹാര അപഗ്രഥനത്തിനു വിധേയമാക്കിയപ്പോൾ കിട്ടിയ നിഗമനങ്ങളെ താഴെചേർക്കുന്നു.

പ്രകൃതിയും സ്ത്രീയും തമ്മിൽ ചരിത്രപരമായി ജൈവിക സമാനതകൾ ഉണ്ട് എന്നനിലയിലും പ്രകൃതിയും സ്ത്രീയും ഒരുപോലെ ചൂഷണങ്ങൾ നേരിടുന്നു എന്നനിലയിലും പരിസ്ഥിതിയും സ്ത്രീയും ബന്ധപ്പെട്ടിരിക്കുന്നു.

മറ്റു സാമൂഹിക മാധ്യമങ്ങളെക്കാൾ കൂടുതൽ ഇടപെടലുകൾ നടക്കുന്ന സൈബർ ഇടം എന്നനിലയിൽ പരിസ്ഥിതി സ്ത്രീ ചിന്തകൾ ഫെയ്സ്ബുക്കിൽ സജീവമാണ്.

വ്യവഹാര അപഗ്രഥനത്തിന്റെ സൈദ്ധാന്തിക ചിന്തയെ അടിസ്ഥാനപ്പെടുത്തി സൈബർ മാധ്യമത്തിലെ ഭാഷയെ അപഗ്രഥനം ചെയ്യുമ്പോൾ ഭാഷയിലൂടെ പ്രകടമാകുന്ന അധികാരത്തെയും മനോഭാവതലത്തെയും മനസിലാക്കുവാൻ സാധിക്കുന്നു.

പരിസ്ഥിതിവിവേചനവും സ്ത്രീ വിവേചനവും സൈബർ ഇടത്തിലെ ഭാഷയിൽ പ്രകടമാണ്.

**സഹായഗ്രന്ഥങ്ങൾ**

1. പിയേഴ്സൺ എൻ.എം. - 2006. ഇക്കോഫെമിനിസം, ഇക്കൊടൂറിസം, മാർക്സിസം. കോട്ടയം, കറന്റ്ബുക്ക്സ്
2. മാനുവൽ, ജോസ് കെ. 2014. നവമാധ്യമങ്ങൾ, ഭാഷ, സാഹിത്യം, സംസ്കാരം. കോട്ടയം, സാഹിത്യപ്രവർത്തക സഹകരണസംഘം
3. സുനീത ടി.വി - 2010. സൈബർമലയാളം. തൃശ്ശൂർ, കറന്റ്ബുക്ക്സ്.
4. രാജശേഖരൻ എസ് - 2014 പരിസ്ഥിതി ദർശനം മലയാള കവിതയിൽ. തിരുവനന്തപുരം, കേരളഭാഷാഇൻസ്റ്റിട്യൂട്ട്.
5. ഗിരീഷ്, പി.എം. - 2015. അധികാരവും ഭാഷയും. കോഴിക്കോട്, ഐബുക്സ്, കേരള.
6. ഹേമമാലിനി എം. - 2005. പാരിസ്ഥിതിക സ്ത്രീവാദം പിവത്സലയുടെ നോവലുകളിൽ (ഗവേഷണപ്രബന്ധം) എറണാകുളം, മാഹാത്മാഗാന്ധിസർവ്വകലാശാല.
7. മധുസൂദനൻ ജി. - 2002. ഹരിത നിരൂപണം മലയാളത്തിൽ. കോട്ടയം, കറന്റ്ബുക്ക്സ്.
8. Mary Mellor - 1997. Ecology&Feminism. Blackwell Publishers Ltd., 108 cowly Road, Oxford, UK.

Anjali AugustineResearch Scholar Department of Malayalam University of Madras, Chennai.

# "സാംസ്കാരികതയിൽ നിന്ന് സാഹിത്യത്തിലേയ്ക്ക്-" വാല്മീകിയുടെ നായികമാർ - അന്തർജ്ജനത്തിന്റെ പുനർവായന

*ദിവ്യ എസ്., ഗവേഷക, യു. സി. കോളേജ്, ആലുവ*

വ്യാസനും വാല്മീകിയും അവശേഷിപ്പിച്ച അർദ്ധവിരാമങ്ങളിൽ നിന്ന്, ഇതിഹാസ പുരാണങ്ങളിൽ നിന്ന് സ്ത്രീജന്മങ്ങളെ പുനർവായനയ്ക്ക് വിധേയ മാക്കിയപ്പോൾ മലയാള നിരൂപണശാഖയ്ക്ക് ലഭിച്ചത് സ്ത്രീകേന്ദ്രിതമായ കാഴ്ചപ്പാടിൽനിന്നുകൊണ്ട്, സ്ത്രീയെ നോക്കിക്കണ്ടതിന്റെ ഫലമായി, ആ പുരാണ സ്ത്രീ കഥാപാത്രങ്ങൾ അനുഭവിച്ച സുഖദുഃഖങ്ങളുടെ, സങ്കീർണ്ണതകളുടെ, വിഭിന്നാവസ്ഥകളുടെ പുതിയ പരിപ്രേക്ഷ്യമായിരുന്നു. ഇതിഹാസ പുരാണങ്ങളിൽ ഒളിഞ്ഞും, തെളിഞ്ഞും, മങ്ങിയും നിലകൊണ്ടിരുന്ന സ്ത്രീ ജീവിതങ്ങൾ, സ്ത്രീയുടെ വിവിധ വികാര വിക്ഷോഭങ്ങളുടെ പ്രത്യക്ഷാനുഭവങ്ങൾ എന്ന നിലയ്ക്ക് ഏറെ പ്രാധാന്യമർഹിക്കുന്നുണ്ട്.

കാവ്യാത്മകമായി രചിക്കപ്പെട്ട പുരാണേതിഹാ സങ്ങളെ, അന്തർജനം ചരിത്ര സത്യങ്ങളായിത്തന്നെ വിലയിരുത്തുന്നു. അതിലെ കഥാപാത്രങ്ങൾ മജ്ജയും മാംസവുമുള്ള മനുഷ്യർ തന്നെയാണ് എന്ന നിലപാടിലവർ ഉറച്ചു നിൽക്കുന്നുമുണ്ട്. അതിനാൽത്തന്നെ, സാധാരണ മനുഷ്യന്റെ, പച്ചയായ മനുഷ്യജീവിതത്തിന്റെ അലകൾ അതിൽ ദർശിക്കാനാകുന്നുവെന്നതിൽ അത്ഭുതമില്ല. ആ ദർശനങ്ങളാണ് 'സീത മുതൽ സത്യവതി വരെ' എന്ന സ്ത്രീപഠന പരമ്പരയിലൂടെ അന്തർജ്ജനം സാധൂകരിച്ചിരിക്കുന്നത്.

സീതയിൽ നിന്നാരംഭിച്ച് സത്യവതിയിൽ എത്തി നിൽക്കുന്നിടം. തികച്ചും യാദൃച്ഛികമായാണ് താൻ ഈ ലേഖനപരമ്പരയ്ക്ക് തുടക്കമിട്ടതെന്ന് അന്തർജ്ജനം തന്നെ ഗ്രന്ഥാരംഭത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. "പുരാണ കഥാപാത്രങ്ങളുമായി ഗാഢപരിചയത്തിലാണെങ്കിലും അവരിലോരോരു ത്തരുടെയും ജീവിതത്തെ പ്രത്യേക മെടുത്ത് അവരവരുടെ നിലപാടിൽ നോക്കിക്കണ്ട് തിരിച്ചറിയണമെന്ന് ഒരിക്കലും തോന്നിയിരുന്നില്ല. പഴയ മുത്തശ്ശിമാരുടെ മുഖങ്ങൾ ഓർമ്മയിൽ മങ്ങിക്കിടക്കുന്നതുപോലെ സീതയും സാവിത്രിയും, ദ്രൗപദിയും കുന്തിയുമെല്ലാം മനസ്സിൽ മയങ്ങിക്കിടന്നു". ആകാശവാണിയിലേയ്ക്കു വേണ്ടി തയ്യാറാക്കിയതായിരുന്നു 'ഗാന്ധാരി'യെക്കുറിച്ചുള്ള ലേഖനം. അതിന്റെ പ്രക്ഷേപണത്തിനു ശേഷമാണ് മറ്റു ലേഖനങ്ങൾ എഴുതുന്നത്.

അബലകളായും, ചപലകളായും കരുതപ്പെട്ടുപോന്ന ഈ സ്ത്രീരത്നങ്ങളുടെ ധീരതയും, ഹൃദയ വിശുദ്ധിയും, വിശാല മനസ്കതയും അന്തർജ്ജനത്തിന്റെ വരികളിലൂടെ മറനീക്കി ഊറിത്തെളിഞ്ഞു വരികയായിരുന്നു. മാതാവ്, പുത്രി, പത്നി, സഹോദരി, കാമിനി എന്നീ നിലകളിലൊക്കെ വിഭിന്ന ഭാവങ്ങളിൽ മഹിളാ രത്നങ്ങൾ പ്രത്യക്ഷപ്പെടുന്നു. ഈ വരികളിലെല്ലാം ആത്യന്തികമായി നിലകൊള്ളുന്ന ദീപ്തമായ ചൈതന്യത്തെ 'സ്ത്രീസത്ത'യെ ദർശനയോഗ്യമാക്കുന്നിടത്താണ് അന്തർജ്ജനം വിജയിക്കുന്നത്. വർഷങ്ങളോളം പാരായണം ചെയ്തിട്ടും, ചിന്തിച്ചിട്ടും, ലഭിക്കാതെ പോയ, വായനയുടെ പുതിയ അർത്ഥതലങ്ങളിലേയ്ക്കാണ് അന്തർജ്ജനം വായനക്കാരെ ആകർഷിച്ചത്. വിപരീത സാഹചര്യങ്ങളിൽ ജീവിക്കുമ്പോൾ പോലും, അഭിമാനിയായി ജീവിക്കുന്ന, സ്വന്തം വ്യക്തിത്വത്തെ മുറുകെപ്പിടിക്കുന്ന, ഒരു കൂട്ടം സ്ത്രീ ജന്മങ്ങൾ. അവരുടെ വ്യക്തിത്വത്തിനു മേൽ, പാറുന്ന വിജയ വൈജയന്തികളാണ് ഈ പരമ്പരയിലെ ലേഖനങ്ങളോരോന്നും. എന്നാൽ വാസ്തവത്തിൽ ഇവിടെയും വാല്മീകിയുടെ നായികമാരിൽ ചിലർ അവഗണിക്കപ്പെട്ടിട്ടുണ്ട് എന്ന വസ്തുത ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്.

അവതാരികയിൽ, ശ്രീ. എൻ. കൃഷ്ണപിള്ള പറയുന്നുണ്ട്. "ജീവിതത്തിന്റെ അഗാധതകളിലാണ്ടുകിടക്കുന്ന

പരംപൊരുളുകളും, മനുഷ്യമനസ്സിന്റെ അനന്തഭാവ വൈചിത്ര്യങ്ങളും ഗുഹാനിഹിതങ്ങളായ ധർമ്മ രഹസ്യങ്ങളും, കരബദരസമം കണ്ടറിഞ്ഞ്, ആ പ്രജാപതികൾ വിരചിച്ച കാവ്യപ്രപഞ്ചപ്പരപ്പിന്റെ ഒരറ്റം മുതൽ മറ്റൊരറ്റം വരെ ഒരു വട്ടമെങ്കിലും ഒന്നു സഞ്ചരിച്ചുതീർക്കാൻപോലും സുശിക്ഷിത മനസ്ക്കർക്കേ സാധ്യമാവുകയുള്ളൂ. ആ അത്ഭുതലോകത്തിൽ ചിരഞ്ജീവി കളായി വിലസുന്ന നിരവധി കഥാപാത്രങ്ങളുടെ അന്തരംഗവ്യാപാരങ്ങളെയും, അവർ പ്രതിനിധാനം ചെയ്യുന്ന ജീവിത പരമാർത്ഥ്യങ്ങളെയും അടിയോളം ചെന്നു കണ്ടെത്തുകയാകട്ടെ, ഏകാഗ്രമായ മനനധ്യാനങ്ങൾ കൊണ്ടു മാത്രം സാധിക്കാവുന്ന ദുഷ്ക്കരകൃത്യമാകുന്നു. നൂറ്റാണ്ടുകളായി നിലനിന്നു പോരുന്ന ചില ഉപരിപ്ലവധാരണകളും, അന്യക വികൃതങ്ങളായ സങ്കല്പങ്ങളുടെ സ്വാധീനശക്തിയും കൊണ്ട്, ഈ കഥാപാത്രങ്ങളെക്കുറിച്ചു ജനങ്ങളിൽ പലർക്കുമുള്ള ബോധം പാട മൂടിയും പൊടിപുരണ്ടും, വികലവും, മലിനവുമായിപ്പോയിട്ടുള്ളത് പരിഹരി ക്കാൻ ദത്താവധാനരും, സൂക്ഷ്മദൃഷ്ടികളുമായ പഠിതാക്കളുടെ പര്യവേഷണങ്ങൾക്കേ കഴിയൂ". (2007:5).

ഈ സ്ത്രീ കഥാപാത്രങ്ങളിൽ പലരും, കീഴ്വഴക്കങ്ങൾക്കും, പാരമ്പര്യത്തിനും അടിപ്പെട്ടു കഴിയുന്നവരാണ്. നിയന്ത്രിതമായ, ചട്ടക്കൂടുകൾക്കിടയിലും, ഇവരോരുത്തരും തന്റെ ശക്തിയും, മഹത്വവും കാത്തുപോരുന്നവരാണ്. വിഭിന്ന സാഹചര്യങ്ങളുടെ കെട്ടുപാടുകൾക്കിടയിൽ, അവർ തങ്ങളുടെ നന്മയും, നീതിയും, സത്യവും മുറുകെപ്പിടിക്കുന്നു. നേരിന്റെ പാതയിലൂടെ മാത്രം സഞ്ചരിക്കാൻ ആഗ്രഹിക്കുന്നു. തങ്ങളുടെ അഭിമാനത്തിന് അവർ അത്രയേറെ വില കല്പിക്കുന്നു.

സ്വന്തം സമുദായത്തിലെ അസ്വതന്ത്രരായ സ്ത്രീകളെക്കുറിച്ചെഴുതുമ്പോൾ കാണുന്ന അതേ സ്വാതന്ത്ര്യ വാഞ്ഛയും, നീതിബോധവും തന്നെയാണിവിടെയും അന്തർജ്ജനത്തിൽ നാം കാണുന്നത്. ദൈവികമായ പരിവേഷ ത്തിൽ നിന്നിറങ്ങിവന്ന്, ജീവസ്സുള്ള മനുഷ്യകഥാപാത്രങ്ങളായിത്തീരുന്നവരാണിവർ. ആദർശനാരിമാർ - സീതമുതൽ സത്യവതി വരെയുള്ളവർ.

വാല്മീകിയുടെ നായികമാരിലെ സ്വത്വാവിഷ്ക്കരണം അന്തർജ്ജനം ഏതു രീതിയിൽ സാധൂകരിച്ചു എന്ന അന്വേഷണമാണിവിടെ നടത്തപ്പെടുന്നത്. വരും തലമുറകൾക്കായ് അവരവശേഷിപ്പിച്ച ഉജ്ജ്വലമായ ജീവിതപാഠങ്ങളിലൂടെയാണ് ഈ പ്രബന്ധം സഞ്ചരിയ്ക്കുന്നത്. സീത മുതൽ മന്ഥര വരെയുള്ള ഇതിഹാസ സ്ത്രീ കഥാപാത്രങ്ങളാണ് ഈ ഭൂമികയിൽ ആവിഷ്കരിക്കപ്പെടുന്നത്.

സീത - ചിരന്തന നാരിയായ സീത ! ഭൂമിനന്ദിനി യായ സീത... നിത്യ ദുഃഖിതയായ സീത... സീതയുടെ ചരിത്രം എത്ര പ്രാവശ്യം തിരുത്തിയും മാറ്റിയുമെഴുതിയിട്ടും തനിയ്ക്കു തൃപ്തിയായില്ലെന്ന് അന്തർജ്ജനം തന്നെ പറഞ്ഞിട്ടുണ്ട്. "സീതയെപ്പറ്റി വാല്മീകിക്കു മാത്രമേ എഴുതാൻ കഴിയൂ. സീതയ്ക്കുവേണ്ടി മാത്രമാകും വാല്മീകി എഴുതിയതും".

അവഗണിക്കപ്പെട്ട സ്ത്രീത്വത്തിന്റെ നിത്യ പ്രതീകമാണ് സീത. നിത്യദുഃഖിതയായി ചിത്രീകരിക്കപ്പെട്ട സീതയെ മറ്റൊരു തലത്തിൽ നിന്നുകൊണ്ടാണ് അന്തർജ്ജനം വീക്ഷിക്കുന്നത്.

'ദുഃഖിതരെ വണങ്ങുന്ന പാരമ്പര്യം നമുക്കില്ല' എന്ന് ദുഃഖത്തോടെയോർത്ത ഒരു കാലത്തെ അന്തർജ്ജനം ഓർമ്മപ്പെടുത്തുന്നു. സീതയെ സ്മരിച്ചാൽ മതി. നമസ്ക്കരിക്കരുതെന്ന പഠിപ്പിച്ച അമ്മയുടെ മകൾ. നിത്യദുഃഖിതയാണ് സീത. ഭർത്തൃ ത്യക്തയായ ഭാര്യ, സീതാദുഃഖം നമ്മിലും പകർന്നാലോ, എന്ന ഭയത്താൽ, സീതയെക്കുറിച്ചൊരു മന്ത്രം പോലും പഠിപ്പിക്കാതിരുന്ന പുത്രീ വാത്സല്യധനയായ ഒരമ്മയുടെ മകളാണവർ.

പക്ഷേ, ആന്തരികമായ സത്യം മറ്റൊന്നാണ്. കേവലമായ നമസ്ക്കാരത്തിലോ, ധ്യാനത്തിലോ, ശ്ലോകത്തിലോ ഒതുങ്ങുന്നതല്ല, മണ്ണിൻമകൾക്ക് തന്റെ വർഗ്ഗത്തോടുള്ള, പതിതരായ സഹോദരിമാരോടുള്ള ആത്മബന്ധം എന്ന് ലേഖിക തിരിച്ചറിയുന്നുണ്ട്.

"രാവണന്മാരാണ് ചുഴലവും. പ്രലോഭനങ്ങളാ ണെമ്പാടും. സംശയങ്ങളാണിന്നെവിടെയും ത്രേതായുഗത്തിലെ സീതയെപ്പോലെ കലി യുഗനാരിയും കുഴങ്ങിനിൽക്കയാണ്. ഈ വഴിത്തിരിവിൽ, ഈ ധർമ്മ സങ്കടത്തിൽ, ഈ നിർണ്ണായക പ്രതിസന്ധിവേളയിൽ സീതയേയല്ലാതെ മറ്റാരെയാണ് ഞങ്ങൾ കൂട്ടിനു വിളിക്കേണ്ടത്? അഗ്നിശുദ്ധിയിൽപോലും സംശയാലുക്കളായ ജനങ്ങളുടെ സദസ്സിൽ വെച്ച് അങ്ങന്ന് സത്യം ചെയ്തില്ല. പക്ഷേ, ആ സത്യം ഇന്നും നിലനിൽക്കുന്നു. ഭൂമി നന്ദിനി! തൃപ്പദത്തിൽ തൊട്ടുകൊണ്ട് അതുച്ചരിക്കാനുള്ള ധൈര്യം ഞങ്ങൾക്കു നൽകേണമേ! ഇരുപ താം നൂറ്റാണ്ടിലെ സ്ത്രീകൾക്കു കൂട്ടായിരിക്കണമേ!" എന്ന് എല്ലാ സ്ത്രീകൾക്കും വേണ്ടി അന്തർജനം 'സീത'യെന്ന ശക്തിയോട് അപേക്ഷിക്കുന്നുണ്ട്. (2007:16). ഭർത്താവിനെ അതിരറ്റു സ്നേഹിച്ചവളാണ് സീത.

ചപലമായ സംശയങ്ങൾക്ക് ചെവികൊടുത്ത് ആദർശത്തിന്റെ പേരിൽ ഭാര്യയെ പരിത്യജിക്കുന്ന രാമൻ. പിന്നീട്, തന്റെ ഗർഭത്തിൽ ജനിച്ച പുത്രന്മാർക്കുവേണ്ടി അവൾ തന്റെ സഹനജീവിതം തുടരുന്നു. അവർ സ്വയം പ്രാപ്തി കൈവരിച്ച ഘട്ടത്തിൽ, തന്റെ അഭിമാനം കാത്തുകൊണ്ട് അവൾ മണ്ണാകുന്ന തന്റെ അമ്മയ്ക്കൊപ്പം വിലയം പ്രാപിക്കുന്നു... 'സീത' ഇവിടെ കേവലമൊരു സ്ത്രീ മാത്രമല്ല. അവഗണനയുടെ ദുഃഖഭാരം പേറുന്ന സ്ത്രീകളുടെ പ്രതിനിധികൂടിയാണ്. സഹനത്തിന്റെ അങ്ങേതലയ്ക്കൽ വരെ ചെന്നിട്ടും, ക്രൂരനായ കാലം/ വിധി നീതി നിഷേധിച്ചവൾ ; അവളാണ് സീത..

അഭിഷേക ഘോഷയാത്രയ്ക്ക് ആനയുമമ്പാരിയും ഒരുങ്ങി നിന്നപ്പോൾ അച്ഛനെക്കാണാൻ പോയ മകൻ മടങ്ങിവന്നത് പാദചാരിയായി സന്യാസവേഷധാരിയായാണ്. തനിയ്ക്ക് വിധിച്ചത് അയോധ്യയല്ല, വനമാണെന്നും, പതിന്നാലു വർഷങ്ങൾ കഴിഞ്ഞു താൻ മടങ്ങിവരുംവരെ, അച്ഛനമ്മമാരെ ശുശ്രൂഷിച്ച് അരമനയിൽ കാത്തിരിയ്ക്കാൻ പറഞ്ഞ രാമനോടുള്ള സ്ത്രീയുടെ പ്രതികരണം ഒരു സ്ത്രീയുടെ എക്കാലത്തെയും മാനസികമായ പക്വതയുടെ, ഗ്രാഹ്യശേഷിയുടെ, മനഃസംയമനത്തിന്റെ, നിശ്ചയ ദാർഢ്യത്തിന്റെ ഉദാത്തമാതൃകയായി ചൂണ്ടിക്കാട്ടാവുന്നതാണ്.

സീത കരഞ്ഞില്ല. രാമനെ തടഞ്ഞതു മില്ല. അചഞ്ചലമായ നിശ്ചയ ദാർഢ്യത്തിലുറച്ചു നിന്നുകൊണ്ട് പറഞ്ഞതിതാണ്.

"നാഥാ! പൗരുഷമില്ലാത്തവരെപ്പോലെ പാഴ് വാക്കുകൾ പറയാതിരിക്കൂ. ഭർത്താവെവിടെയോ അവിടെയാണ് ഭാര്യ. രാമനെവിടെയോ അവിടെ യാണ് സീത. സുഖത്തിലായാലും, ദുഃഖത്തിലായാലും അങ്ങയോട് കൂടി ഞാൻ എപ്പോഴും ഉണ്ടാവും. വരൂ, ഞാൻ മുമ്പേ നടക്കാം. പിന്നാലെ മാത്രം വന്നാൽ മതി അവിടുന്ന്". (2007:20).

രാജ്ഞി പദത്തിൽ നിന്ന് വനവാസിയുടെ പത്നിയിലേക്കുള്ള ദൂരം ഒരു സാധാരണ സ്ത്രീയെ സംബന്ധിച്ചിടത്തോളം സങ്കല്പങ്ങൾക്കുപോലും അതീതമാണ്. ഈയൊരു ഘട്ടത്തിലാണ്, യാഥാർത്ഥ്യത്തെ ഇത്രമേൽ ഉൾക്കൊണ്ടുകൊണ്ട് രാമനെ സാഹചര്യവുമായി പൊരുത്തപ്പെടുത്താൻ, കരുത്ത് പകരാൻ, 'സീത'യെന്ന 'സ്ത്രീ' മുന്നിട്ടിറങ്ങുന്നത്.

സീതയെന്ന 'സ്ത്രീശക്തി'യ്ക്കുമുന്നിൽ, അതിശക്തനായ ആഞ്ജനേയൻ പോലും വിനീതനായിത്തീരുന്നത് അന്തർജ്ജനം വിശദമായി പ്രതിപാദിക്കുന്നുണ്ട്. ആ സ്നേഹബന്ധത്തെപ്പറ്റി പ്രത്യേകമായി പഠിക്കേണ്ടതാണെന്നും പറയുന്നു. സീതയെ നേടുവാൻ രാമനോടൊപ്പം ചേർന്ന രാമദാസനായ ഹനുമാന് മാത്രമേ, സീതയുടെ ലങ്കാവാസത്തെപ്പറ്റിയും, അവിടെ സ്വരക്ഷയ്ക്കുവേണ്ടി, സീതയനുഭവിച്ച ദുഃഖവും, ധീരമായ ചെറുത്തുനിൽപ്പമെല്ലാം അതിന്റെ തീവ്രതയോടെ മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളൂ. എല്ലാം അനുഭവിച്ചിട്ടും, ഒടുവിൽ രാമന്റെ സീതയോടുള്ള മനോഭാവത്തിൽ പ്രതിഷേധിച്ച്, നിത്യബ്രഹ്മചാരിയായ ഹനുമാന്റെ ഹൃദയം സീതയോടുള്ള അനുഭാവത്തിൽ മാത്രം നിറയുന്നു. " 'സീത'യെന്ന സ്ത്രീയുടെ മുന്നിൽ ആ വീരൻ വിനീതനായി - ആശ്രിതനായി - ദാസനായി ശിശുവായിപ്പോലും രൂപാന്തരം പ്രാപിച്ചുകാണാം. സീതാ ഹനുമാന്മാരുടേതുപോലെയുള്ള സ്നേഹ ബന്ധം വിശ്വസാഹിത്യത്തിൽ വേറെയില്ല." (2007:21).

കുമാരനാശാന്റെ 'ചിന്താവിഷ്ടയായ സീത'യും ഇത്തര ത്തിൽ മനോബലമുള്ളവളാണ്. ആദർശധീരയാണ്. ധൈര്യശാലിയും, അഭിമാനിയുമാണ്. സീതയെ പ്പോലെ ത്യാജ്യ-ത്യാഗ മനോഭാവത്തിൽ നിലകൊള്ളുന്ന പല കഥാപാത്രങ്ങളെയും അന്തർജ്ജനത്തിന്റെ രചനകളിൽ കാണാനാകും. 'അഗ്നിസാക്ഷി' എന്ന നോവലിലെ 'തേതി' ഈ വിഭാഗത്തിൽപ്പെടുത്താവുന്ന കഥാപാത്രമാണ്. ജീവിതസാഹചര്യങ്ങളാൽ ഭർതൃസ്നേഹം നിഷേധി ക്കപ്പെടുന്നവളാണ് തേതി. ജീവിതാന്ത്യംവരെയും ഭാര്യാഭർത്താക്കന്മാർ, ഒന്നാകാനാകാതെ, ഗതകാല സ്മൃതികളുമായി കഴിയുന്നു. നിഷ്കളങ്കമായ സ്നേഹത്തിനുടമകളെങ്കിലും രണ്ടുപേർക്കും ഒന്നിയ്ക്കാൻ കഴിയാതെ പോകുന്നു. എങ്കിലും ഇരുവരും തങ്ങളുടെ വ്യക്തിത്വത്തെ ഏതവസരത്തിലും മുറുകെപ്പിടിക്കുന്നതു കാണാം.

ശ്രീരാമനെയല്ലാതെ, മറ്റാരെയും സ്മരിച്ചിട്ടില്ലാത്ത താണെങ്കിൽ, മനസാവാചാ കർമ്മണാ ചാരിത്ര്യവതിയാണെങ്കിൽ ഭർത്താവിനെ മാത്രമേ ഓർത്തിട്ടുള്ളൂ എന്ന തന്റെയീച്ചൊല്ലു സത്യമാണെങ്കിൽ, ഒരമ്മയുടെയും, സ്ത്രീയുടെയും അഭിമാനം രക്ഷിയ്ക്കുവാൻ വേണ്ടി, തന്നെ സ്വീകരിക്കൂ.. എന്ന് ഭൂമിദേവിയോടു പറഞ്ഞു യാചിക്കുന്ന സീത എന്നത്തേയും സ്ത്രീ കുലത്തിന്റെ അഭിമാനമാണ്. അന്നു ഭൂതധാത്രിയുടെ ഹൃദയത്തിൽ അന്തർദ്ധാനം ചെയ്ത ആ നന്മയെത്തേടി, ലോകം ഇന്നും തിരഞ്ഞുകൊണ്ടേയിരിക്കുകയാണ്. യുഗയുഗാന്തരങ്ങൾക്കിപ്പുറവും സ്ത്രീയെന്നാൽ സീതയുടെയും സീതയെന്നാൽ സ്ത്രീയുടെയും പ്രതീകമായി തുടരുന്നത് അതുകൊണ്ടു തന്നെയാണത്രെ.

രാമനെന്ന പുത്രൻ ഇല്ലായിരുന്നുവെങ്കിൽ കൗസല്യ എന്ന അമ്മ എന്തു ചെയ്യുപോകുമായിരുന്നു എന്ന് അന്തർജ്ജനം സന്ദേഹിക്കുന്നുണ്ട്. അതെ, അവർ 'അമ്മ' മാത്രമായിരുന്നു. അതായിരുന്നു അവരുടെ വിജയവും, പരാജയവും. എന്തിനോവേണ്ടി കൗസല്യ എന്നും അസ്വസ്ഥയായിരുന്നു സപത്നീമത്സരം മൂലം സഹനമനുഭവിക്കുന്ന ഒരു സാധാരണ സ്ത്രീയാണിതിൽ കൗസല്യ. അന്തർജ്ജനം കൗസല്യയുള്ളിലെ, ദുഃഖമടക്കി ജീവിക്കുന്ന സ്ത്രീത്വത്തിലേയ്ക്ക് ശ്രദ്ധയൂന്നുന്നു. രാമനോടുള്ള അതിരറ്റ വാത്സല്യത്തിൽ മുഴുകിക്കൊണ്ടാണ് കൗസല്യ ജീവിതം മുന്നോട്ടുകൊണ്ടുപോകുന്നത്. കൈകേയിയുടെ അധികാരധാർഷ്ട്യത്തിൽ അവർ അസ്വസ്ഥയാകുന്നുണ്ട്. രാമന്റെ വനവാസത്തിനും, ദശരഥന്റെ മരണത്തിനും കാരണക്കാരിയായ കൈകേയിയോട് കൗസല്യയ്ക്ക് അതൃപ്തിയും, അനിഷ്ടവുമായിരുന്നു. തന്റെ മകന്റെ ജീവിതത്തിലെ ദുർഘടഘട്ടങ്ങൾ അവരെ ഏറെ തളർത്തുന്നുണ്ട്. സീതാപരിത്യാഗവും, രാമന്റെ ഏകാന്തജീവിതവും ഒരമ്മയെന്ന നിലയിൽ അവർക്കെന്നും അസഹനീയമായ ദുഃഖത്തിനിടയാക്കി.

സദാ കുറ്റാരോപിതയായ കൈകേയിയുള്ളിലെ നന്മയുടെ പ്രകാശരേണുക്കളെ കണ്ടെത്താനാണ് അന്തർജ്ജനം ഇവിടെ ശ്രമിച്ചിരിക്കുന്നത്. മറ്റാരും കാണാതെപോയ, അല്ലെങ്കിൽ കാണാൻ ശ്രമിച്ചിട്ടില്ലാത്ത മാനസിക പക്വതയും, നന്മയും, സ്വഭാവശുദ്ധിയും കണ്ടെത്താനുള്ള തൃഷ്ണ ലേഖികയുടെ നിരീക്ഷണ വൈഭവത്തെ വ്യതിരിക്തമാകുന്നു.

ശ്രീരാമ പട്ടാഭിഷേക വാർത്തയറിയിക്കാൻ എത്തുന്ന മന്ഥരയോട്, തനിയ്ക്ക് രാമനും, ഭരതനും തമ്മിൽ വ്യത്യാസമില്ല എന്നാണ് കൈകേയി പറയുന്നത്. സന്തോഷപൂർവ്വം മന്ഥരയ്ക്ക് സമ്മാനം നൽകുന്നതായും കാണാം. എന്നാൽ പിന്നീട് മന്ഥരയുടെ കുടിലതന്ത്രങ്ങളിൽപ്പെട്ട് വശംവദയായിപ്പോയതിനാലാണ് അവരുടെ മനസ്സ് ചഞ്ചലപ്പെടുന്നത്. രാമൻ രാജ്യഭരണമേറ്റെടുത്താൽ, കൈകേയിക്കും, ഭരതനും ഉണ്ടാകാനിടയുള്ള ഭവിഷ്യത്തുകളും, നഷ്ടങ്ങളും, മന്ഥര വിവരിക്കുന്നു. ഇതുകേട്ടിട്ടാണ് കൈകേയി ദശരഥനോട് പഴയ വാഗ്ദാനം പാലിക്കാൻ നിർബന്ധം പിടിയ്ക്കുന്നത്.

മനസ്സാകെ കളങ്കപ്പെട്ടതിനാൽ, ബുദ്ധിയാകെ മരവിച്ച മട്ടിലായിരുന്നു അവർ. താനും, തന്റെ പുത്രനും, 'അയോദ്ധ്യ'യും ഒന്നുമല്ലാതായിത്തീരുമോയെന്ന ഭയമായിരുന്നു അവരെ ദുഷ്ചെയ്തികളിലേയ്ക്ക് നയിച്ചത് എന്ന നിഗമനത്തിലേക്കാണ് ലേഖിക എത്തിച്ചേരുന്നത്.

പിന്നീട്, തന്റെ പ്രവൃത്തികൾ മൂലം സംഭവിച്ച ദുരന്തങ്ങളോർത്ത് അവർ പരിതപിക്കുന്നുണ്ട്. പശ്ചാത്താപവിവശയാകുന്നുണ്ട്. രാമന്റെ വേർപാടിൽ മനംനൊന്ത് ദശരഥൻ മരണമടയുന്നു. ഭരതൻ മാതൃരാജ്യത്തിൽ നിന്നും തിരികെയെത്തി മാതാവിനെ കുറ്റപ്പെടുത്തുന്നു. ഇതിൽ മനംനൊന്ത്, തന്റെ തെറ്റുകൾ തിരിച്ചറിഞ്ഞ് സദ്ബുദ്ധി വീണ്ടെടുക്കുന്ന കൈകേയിയെയാണ് പിന്നീട് നാം കാണുന്നത്. വനവാസം കഴിഞ്ഞ് മടങ്ങിയെത്തുന്ന രാമനെ സ്വീകരിക്കാൻ സന്തോഷപൂർവ്വം കൈകേയിയും വരുന്നുണ്ട്. തന്റെ തെറ്റുകൾ തിരിച്ചറിഞ്ഞ് അത് തിരുത്താനുള്ള ഹൃദയവിശാലത അവർ പ്രകടിപ്പിക്കുന്നുണ്ട്. ശിഷ്ടകാലം, രാമന്റെ സ്നേഹധനയായ ചെറിയമ്മയും, വാർദ്ധക്യത്തോടെ, തപസ്വിനിയുമായി കൈകേയി മാറുന്നു.

ജനമനസ്സുകളിൽ, ഒരു ദുഷ്ടകഥാപാത്രമെന്ന നിലയിൽ ചിരപ്രതിഷ്ഠ നേടിയ 'കൈകേയി' എന്ന കഥാപാത്രത്തെ ഇത്തരത്തിൽ പുനഃപ്രതിഷ്ഠിക്കാൻ അന്തർജ്ജനം സ്വീകരിച്ച നിലപാട് അല്പം സാഹസികമായില്ലേ എന്നു തോന്നാം. കാരണം നിലവിലുള്ള ബിംബങ്ങളെ മാറ്റങ്ങളോടെ പുനർ നിർമ്മിക്കുമ്പോൾ അതെത്രത്തോളം സ്വീകാര്യമാകുമെന്ന് കണ്ടുതന്നെയറിയേണ്ട വസ്തുത യാണ്. അത്തരത്തിലൊരു സൃഷ്ടികർമ്മമാണ് കൈകേയിയിലൂടെ ലേഖിക നിർവ്വഹിച്ചിട്ടുള്ളത്.

വ്യക്തിപരമായ ദുഃഖങ്ങളെ ഉള്ളിലൊതുക്കി, മറ്റുള്ളവരുടെ സുഖത്തിനും സന്തോഷത്തിനും വേണ്ടി നിലകൊള്ളുന്ന കഥാപാത്രമാണ് സുമിത്ര. ദശരഥൻ ഒരിയ്ക്കൽ പോലും അവൾക്ക് പ്രാധാന്യം കൊടുത്തിരുന്നില്ല. സ്വന്തം പുത്രന്മാരാകട്ടെ, എന്നും രാമന്റെയും ഭരതന്റെയും അനുവർത്തികളായിരുന്നു. രാമായണത്തിൽ വളരെകുറച്ചുമാത്രം പ്രത്യക്ഷപ്പെടുന്ന ഈ നായിക, വാല്മീകിയുടെ മറ്റു നായികമാരിൽ നിന്ന് വേറിട്ടു നില്ക്കുന്ന ഒരു കഥാപാത്രം തന്നെയാണ്. സദാ അന്യന്റെ സുഖം മാത്രം കാംക്ഷിക്കുന്ന സാധുവായൊരു സ്ത്രീ. കൗസല്യയുടെ ദുഃഖങ്ങളിലും കൈകേയിയുടെ ദുഃഖങ്ങളിലും സുമിത്ര ഒരുപോലെ പങ്കുചേർന്നു. എന്നാൽ അവരെപ്പോലെ സുമിത്ര ഭർത്താവിനെ സ്വാധീനിക്കാൻ ശ്രമിച്ചിരുന്നില്ല. 'അതെ. എല്ലാവരെയും സ്നേഹിച്ച്, തോഴിയായി, സേവികയായി, നിസ്സംഗയായി, വിനീതയായി, നിത്യാശ്വാസകേന്ദ്രമായി നിൽക്കുന്ന ഒരേയൊരു നായികയേ രാമായണത്തിലുള്ളൂ - സുമിത്രയാണത്.

ഭർതൃ പ്രണയത്തിൻ മാത്സര്യമില്ലാത്തവൾ, പുത്രാഭ്യുദയത്തിൽ മാത്സര്യമില്ലാത്തവൾ. അതെ, സ്ത്രീത്വത്തിന്റെ ത്രിവിധ ഭാവങ്ങളിൽ

കൗസല്യ മാതാവും കൈകേയി കാമിനിയുമായിരുന്നെങ്കിൽ സുമിത്ര സഖിയും, സേവികയും, സമാശ്വാസകയുമായിരുന്നു. "അധികാരമോഹിയല്ലാത്തതിനാൽ അപമാനം ഏറ്റുവാങ്ങേണ്ടി വന്നിട്ടില്ലാത്തവൾ... ശത്രുപക്ഷ മില്ലാത്തവൾ... ലേഖിക ആ സ്ത്രീത്വത്തിൽ അഭിമാനം കൊള്ളുന്നുണ്ട്. "ലക്ഷ്മണന്റെ അമ്മേ! നിങ്ങൾ എത്ര ധന്യയാണ് എന്നു വിളിച്ചുപറയാൻ തോന്നിപ്പോകുന്നു. സുമിത്രയായി ഭവിക്കുക എന്നത് എന്തൊരു ഭാഗ്യമാണ്. യുഗാന്തരങ്ങളിലെല്ലാം അപൂർവ്വമായെങ്കിലും സുമിത്രമാരുണ്ടാവുന്നുണ്ട്. അവരെ തിരിച്ചറിയാൻ ആളുകളില്ല എന്നതാണ് വിഷമം".

ജനകപുത്രിയും, ലക്ഷ്മണപത്നിയുമായ ഊർമ്മിളയുടെ ത്യാഗപൂർണ്ണമായ പ്രേമചരിത്രം ആധുനിക ലോകത്തിന് വെളിവാക്കിത്തരണമേയെന്ന അഭ്യർത്ഥനയോടെയാണ്, അന്തർജ്ജനം ഊർമ്മിളയെന്ന കഥാപാത്രത്തെ സമീപിക്കുന്നത്. വാല്മീകിമുനി കാണാതെ പോയ, അല്ലെങ്കിൽ കണ്ടിട്ടും കണ്ടില്ലെന്ന് ഭാവിച്ച, മഹാകാവ്യത്തിൽ കേവലം രണ്ടു വരികളിൽ മാത്രം ഒതുങ്ങിപ്പോയ ഊർമ്മിള. മഹാകവിയുടെ സ്മരണയിലേക്ക് തള്ളിക്കേറാനാവാതെപോയ ആ കുമാരിയെ സീമന്തരേഖയിൽ സിന്ദൂരവുമായി വാതിൽപ്പടിക്കപ്പുറം മറഞ്ഞു നിൽക്കുന്ന ആ കുമാരിയെയാണ്, അന്തർജ്ജനം ഇവിടെ പുനരാവിഷ്കരിക്കുന്നത്.

ശരിയാണ് സീതയെപ്പോലെ, ഒരു നിമിഷം പോലും കാന്തനെ പിരിയാൻ വയ്യാത്ത മട്ടായിരുന്നു ഊർമ്മിളയ്ക്കുമെങ്കിൽ രാമായണചരിത്രം ഇങ്ങനെയല്ല എഴുതപ്പെടുമായിരുന്നത്. ജ്യേഷ്ഠദാസനായ തന്റെ പതിയോട് ഒരിയ്ക്കൽപ്പോലും അവൾക്ക് പരിഭവം തോന്നാനിടയില്ല.

ജീവിതത്തിലെ അത്യന്തം വികാരതീവ്രമായ രോമാഞ്ചജനകമായ വിടവാങ്ങൽ ഘട്ടത്തിൽപോലും മഹാകവി ഊർമ്മിളയോട് കനിയാതെ പോയതിൽ ലേഖിക ഖേദിക്കുന്നുണ്ട്. വനയാത്രയിൽ ജ്യേഷ്ഠനെ അനുഗമിക്കുന്ന ലക്ഷ്മണനെ സുമിത്രയും കൗസല്യയും അനുഗ്രഹിക്കുന്നുണ്ട്. ഉപദേശങ്ങൾ നല്കുന്നുമുണ്ട്. എന്നാൽ ആ സമയമത്രയും അന്തഃപുര വാതിലിനകത്ത് അമ്മമാരുടെ നിഴലിൽ, കരൾ പിടഞ്ഞ്, കണ്ണു നിറഞ്ഞ്, പറയാനേറെയുണ്ടായിട്ടും അതെല്ലാം ഉള്ളിലൊതുക്കി നില്ക്കുന്നവളെ ആരുമെന്തേ ഓർക്കാതെ പോയി. ഭർത്താവിനോടൊപ്പം ആരണ്യത്തിലേക്കു പോകാൻ അനുവാദം ലഭിച്ച, വാശിപിടിച്ച് തന്റെയിഷ്ടം നേടിയെടുത്ത സീതയേക്കാൾ, ഭർത്താവിന്റെ അസാന്നിധ്യത്തിൽ അനാഥരായി മാറുന്നവർക്ക് താങ്ങും തണലുമാകാൻ സ്വയം തീരുമാനിച്ചുറപ്പിച്ച, ഭർത്താവിനെ പിരിഞ്ഞ് ജീവിതം തള്ളിനീക്കേണ്ടി വന്ന ഊർമ്മിളതന്നെയാണ് സഹനത്തിൽ പ്രഥമസ്ഥാനത്തിനർഹയെന്നത് നിസ്തർക്കമാണ്.

ഊർമ്മിള അധീരയായ ഒരു കാമിനിയല്ല. ജനകമഹാരാജാവിന്റെ ഔരസപുത്രിയായ അവൾ പ്രപഞ്ചതത്വങ്ങൾ പഠിച്ചറിഞ്ഞ് ധർമ്മാധർമ്മ വിവേചനം ചെയ്യുന്നവളാണ്. രാമന്റെ വനവാസത്തിന്റെ ഫലമായി, വൃദ്ധമാതാപിതാക്കൾക്കുണ്ടാകുന്ന പ്രത്യാഘാതം അവൾ ഊഹിച്ചെടുത്തു.

വനത്തിലേക്കാൾ കൂടുതൽ തന്റെ ആവശ്യമിപ്പോൾ അന്തഃപുരത്തിലാണെന്ന് അവൾ തിരിച്ചറിഞ്ഞു. അതിനാൽ തന്നെ ലക്ഷ്മണനോടൊപ്പം വനവാസത്തിനു പോകാൻ അവൾ നിർബന്ധം പിടിച്ചില്ല. അന്തഃപുരമാണ് തന്റെ കർമ്മക്ഷേത്രം. അവിടെയാണ് തന്റെ സാമീപ്യം ആവശ്യമായിരിക്കുന്നത്. ഭർത്തൃനിഴലിൽ മാത്രം ഒതുങ്ങിക്കൂടുന്ന ഒരു ഭാര്യയുടെ വ്യക്തിത്വത്തിൽ നിന്ന് ഊർമ്മിള എത്രയേറെ വളർന്നിരിക്കുന്നു!!

രാമാനുജനായ, രാമദാസനായ, ലക്ഷ്മണനെ സംബന്ധിച്ചിടത്തോളം ; തന്റെ ആശ്രിതത്വം നേരത്തേ പ്രഖ്യാപിച്ച വിശുദ്ധനായ വ്യക്തിയാണ് അദ്ദേഹം. "രാത്രിയുടെ നിഗൂഢയാമങ്ങളിൽ തന്റെ അരികിൽ വരുമ്പോൾപ്പോലും സീതാരാമചരിത്രം മാത്രം വിവരിക്കുന്ന പ്രിയതമനെ നോക്കി ഊർമ്മിള ഒരിയ്ക്കലെങ്കിലും മനസ്സിൽ പറഞ്ഞിരിയ്ക്കില്ലേ "ആര്യപുത്രാ, ഒന്നു പറയൂ. ഊർമ്മിളാ ലക്ഷ്മണന്മാരെന്ന്" എന്ന് ലേഖിക സന്ദേഹം പ്രകടിപ്പിക്കുന്നുണ്ട്.

ഭാരതീയ ദർശന പ്രകാരം കുലസ്ത്രീയുടെ ഉദാത്തമാതൃകയാണ് ഊർമ്മിള. നീണ്ട പതിനാലു വത്സരങ്ങൾ തന്റെ പ്രാണനാഥനെപ്പറ്റി യാതൊരു വാർത്തകളുമറിയാതെ, കാടിനേക്കാൾ തന്നെ വേദനിപ്പിക്കുന്ന അന്തഃപുരത്തിലെ ഏകാന്തതയിൽ അവൾ ദിനങ്ങളെണ്ണി കാത്തിരുന്നു. തന്റെ ജ്യേഷ്ഠനോടുള്ള വിധേയത്വം ലക്ഷ്മണൻ പാലിക്കുന്നുവെങ്കിൽ, അതിലേറെ തന്റെ ഭർതൃഗൃഹത്തിനോടുള്ള, മാതാപിതാക്കളോടുള്ള വിധേയത്വം ഊർമ്മിള പാലിക്കുന്നുണ്ട്. എല്ലാ വേദനകളും സഹിച്ചും ക്ഷമിച്ചും കടമകൾ നിറവേറ്റിയും സഹിഷ്ണുതയോടെ അവൾ ജീവിച്ചു. അസാധാരണമായ ഒരു വ്യക്തിത്വമാണ് ഊർമ്മിള കാഴ്ചവെക്കുന്നത്. ഓരോ സ്ത്രീക്കും ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ ക്ഷമയും, സഹനവും കൂടിയേ തീരൂ എന്ന് ലേഖിക

ഓർമ്മപ്പെടുത്തുന്നുണ്ട്. ആർഷ സ്ത്രീജനങ്ങളുടെ നിതാന്തശാന്തമായ നിശ്ശബ്ദഭാവത്തിൽ നിന്ന് സ്വയം പ്രസരിക്കുന്ന പരിവേഷം പോലെ രാമായണത്തിലെ ഊർമ്മിളയിൽ നിന്നു പുറപ്പെടുന്ന പ്രകാശവലയം നമ്മുടെ ഉള്ളിൽ തട്ടുന്നില്ലേ? എന്ന് സംശയിക്കുന്നു.

തുടക്കത്തിൽ വാല്മീകിമുനിയുടെ ഊർമ്മിളയെന്ന കഥാപാത്രത്തോടുള്ള അവഗണനയിൽ ഖേദം പ്രകടിപ്പിച്ച ലേഖിക, ഒടുവിൽ അതിനുള്ള പ്രതിവിധിയും കണ്ടെത്തുന്നുണ്ട്. "പാടാത്ത പാട്ടുപോലെ, എഴുതാത്ത കവിത പോലെ, അവളെ സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും നമ്മുടെ സങ്കല്പത്തിനു വിട്ട വാല്മീകിയുടെ മൗനം അർത്ഥഗർഭമായി തോന്നുന്നു."

അതെ, ഊർമ്മിളയെക്കുറിച്ചുപാടാൻ, വരികളില്ലാതെ വരുമ്പോൾ, ഊർമ്മിളയെ വായിച്ചറിയുന്നവർക്ക്, സ്വന്തം സങ്കല്പങ്ങൾക്കും അഭിരുചികൾക്കുമനുസരിച്ച് അതിൽ കൂട്ടിച്ചേർക്കലുകൾ തുടരാം. അതിനുള്ള സ്വാതന്ത്ര്യമാണത്രേ വാല്മീകിയുടെ ആ മൗനം...

അനേക തലമുറകളായി ജനിച്ചു ജീവിച്ചു പോരുന്ന ഭാരതീയ കുലസ്ത്രീകളുടെ മാതൃകയാണ് ഊർമ്മിള. തിരശ്ശീലക്കു പിറകിലിരുന്ന് സ്വന്തം കർത്തവ്യങ്ങൾ നിറവേറ്റുന്നവൾ. "ഞങ്ങളിലോരോരുത്തരുടെ ഹൃദയത്തിലും ഓരോ ഊർമ്മിളയുണ്ട്. അഥവാ ഉണ്ടായിരിക്കണം. ഞങ്ങളുടെ ഭാവനക്കനുസരിച്ച് ആ ഊർമ്മിളയെ ഞങ്ങൾ സങ്കല്പിക്കുകയും, വളർത്തുകയും, ജീവിപ്പിക്കുകയും ചെയ്യുന്നു. ജ്ഞാനത്തിന്റെയും സഹനത്തിന്റെയും സ്നേഹത്തിന്റെയും കർത്തവ്യപാലനത്തിന്റെയും പ്രതീകമായ ഊർമ്മിള - നിശബ്ദയായ ഊർമ്മിള - പ്രകാശമയിയായ ഊർമ്മിള" എന്ന് ധൈര്യത്തോടെ വിളിച്ചു പറയാൻ, തുറന്നെഴുതാനുള്ള ആർജ്ജവം നിരന്തരമായ സഹനങ്ങളിലൂടെ സഞ്ചരിച്ച് ദുർഘടഘട്ടങ്ങളെ അതിജീവിച്ച് ജീവിതത്തെ നിറമുള്ളതാക്കി തീർത്തവർക്ക് മാത്രം അവകാശപ്പെട്ടതാണ്.

അവഗണനകളിൽ തളരാതെ, പൊരുതി വിജയിച്ച സ്ത്രീത്വത്തിന്റെ പ്രഥമ സാരഥി. അതായിരിക്കണം, അതാകുന്നു ലക്ഷ്മണന്റെ ഊർമ്മിള.

ഇതിഹാസത്തിൽ സീതയുടെ സ്വഭാവമഹിമയോളം തന്നെ തിളക്കമുണ്ട് ലങ്കേശപത്നി മണ്ഡോദരിക്കും. സീതയെപ്പോലെ സുചരിതയും, സാദ്ധ്വിയും, പതിവ്രതയുമായ രാവണപത്നിയെപ്പറ്റി വാല്മീകി ഏറെ ബഹുമാനപൂർവ്വമാണ് സംസാരിക്കുന്നത്.

"അവർക്കിടയിലേകാന്തേ വെടിപ്പുറ്റൊരു കട്ടിലിൽ
ഒരഗ്ര്യസുന്ദരി ശയിപ്പതു കണ്ടീടിനാൻ കപി
മുത്തുരത്നങ്ങൾ കലരും
മെയ്ക്കോപ്പുകളണിഞ്ഞവൾ
തൻ കാന്തിയാലോ നൽഗേഹമണിയിപ്പതുപോലവേ
ഗൗരി, പൊന്നുടലാളന്തഃപുരനായികയോമലാൾ
മന്ദോദരി സുരുപാഢ്യയാണതിങ്കൽ ശയിപ്പവൾ
ആ വിഭൂഷിതയെക്കണ്ടിട്ടാ മഹാബാഹു മാരുതി
സീതയാണെന്നു നണ്ണിപ്പോയ് രൂപ യൗവ്വന
ലക്ഷ്മിയാൽ
കുന്നിച്ച ഹർഷമുൾക്കൊണ്ടു നന്ദിച്ചാൽ കപിയൂഥപൻ
കരങ്ങൾ കൊട്ടീ നെടുവാൽ മുകർന്നു
കൊണ്ടാടിയാടീ നടകൊണ്ടു പാടീ
തൂൺമേൽ കുതിച്ചേറി, നിലത്തുചാടി
തൻ വാനരത്ത്വം വെളിവാകു മാറേ"

രാവണന്റെ അന്തഃപുരത്തിൽ ഉറങ്ങിക്കിടക്കുന്ന മണ്ഡോദരിയെക്കണ്ട് സീതയാണെന്ന് തെറ്റിദ്ധരിക്കുന്ന ഹനുമാന്റെ ചേഷ്ടകളെ വാല്മീകി വർണ്ണിച്ചിരിക്കുന്ന ഭാഗമാണിത്.

മയന്റെ ഓമനപ്പുത്രിയായ, സുന്ദരിയായ മകൾ. ത്രൈലോക്യ സുന്ദരിയായ തന്റെ മകളെ രാവണന് നല്കുമ്പോൾ അദ്ദേഹം പറഞ്ഞത്, "ഒന്നോർക്കണം, ജന്മംകൊണ്ടും കർമ്മംകൊണ്ടും, ധർമ്മംകൊണ്ടും സുചരിതയാണ് എന്റെ മകൾ. കാമചാരിയായ അങ്ങ് അവൾക്കനുരൂപനാകുമോ? മണ്ഡോദരിയുടെ ഇഷ്ടത്തിനു വിധേയനായി ജീവിക്കാമെന്ന് സത്യം ചെയ്താൽ അവളെ തരാം." എന്നായിരുന്നു. രാവണന്റെ 'സത്യ'ത്തിൽ മാത്രമാണ് മയൻ തന്റെ മകളെ നല്കുന്നത്. രാവണനിലെ രാക്ഷസീയമായ സഹജസ്വഭാവം മനസ്സിലാക്കുന്ന മണ്ഡോദരി, അദ്ദേഹത്തിന്റെ കാമതല്പരതയെ എതിർത്തില്ല. ബഹുകളത്ര സംഗ്രഹം സാധാരണമായ കാലം. കൂടാതെ രാക്ഷസവംശത്തിൽ അത്രവലിയ ചാരിത്ര്യനിഷ്ഠയൊന്നുമില്ലതാനും. അതായിരുന്നു മണ്ഡോദരിയുടെ നിലപാട്. എന്നാൽ ബലാൽക്കാരേണ തട്ടിക്കൊണ്ടുവരുന്ന, പതിദേവത കളായ സാദ്ധ്വികളെ പീഢിപ്പിക്കുന്നത് അവർ ക്ഷമിച്ചിരുന്നില്ല. അത്തരം ക്രൂരവിനോദങ്ങളെ മണ്ഡോദരി സർവ്വ പ്രകാരേണ എതിർക്കുകയും ചെയ്തിരുന്നു. കുലീനയായ ഭാര്യയെന്ന നിലയ്ക്കും തന്റെ പരാക്രമശാലികളായ പുത്രന്മാരുടെ മാതാവെന്ന നിലയ്ക്കും രാവണന് മണ്ഡോദരിയോട് പ്രത്യേക സ്നേഹവും, ബഹുമാനവും ഭയവുമുണ്ടായിരുന്നു.

അനീതിക്കെതിരെ ശബ്ദമുയർത്തുന്നവളാണ് മണ്ഡോദരി. സീതയെ തട്ടിക്കൊണ്ടുവന്ന് അശോകവനിയിൽ ഒളിപ്പിച്ചു താമസിപ്പിച്ചപ്പോഴും, മണ്ഡോദരിയുടെ ദൃഷ്ടിയിൽ നിന്ന്

മാറ്റിനിർത്താൻ രാവണന് സാധിക്കുന്നില്ല. വാചകക്കസർത്തുകൊണ്ടും അനുരഞ്ജനം കൊണ്ടും ഒടുവിൽ ഭീഷണി കൊണ്ടുപോലും സീത വഴങ്ങാതെ വരുമ്പോൾ തന്റെ വാളെടുത്ത് സീതയെ വധിക്കുവാൻ ഒരുങ്ങിയ രാവണന്റെ കൈകൾ തടയാനുള്ള ധൈര്യം ഒരു സ്ത്രീയെന്ന നിലക്ക് മണ്ഡോദരിക്കുമാത്രം അന്ന് സാധിക്കുന്ന ഒന്നാണ്. അവരുടെ ഒറ്റയാജ്ഞയിൽ ത്തന്നെ രാവണൻ പിന്മാറുന്നതു കാണാം. അതായിരുന്നു മണ്ഡോദരിയുടെ വ്യക്തിവൈഭവം.

രാക്ഷസകുലത്തിൽ അവർക്കൊപ്പം ജീവിച്ചുപോന്നിട്ടും തന്റെ ധർമ്മബോധവും, സ്വഭാവ ശുദ്ധിയും കർമ്മനിഷ്ഠയും കുലമഹിമയും കാത്തു സൂക്ഷിക്കുന്ന സ്ത്രീയുടെ അസാമാന്യമായ കർത്തൃപാടവമാണ് കർമ്മശേഷിയാണ് മണ്ഡോദരിയിലൂടെ അന്തർജ്ജനം വ്യക്തമാക്കിയിരിക്കുന്നത്.

സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ വഴി തെറ്റി സഞ്ചരിക്കുന്ന എന്നാൽ, പിന്നീട് പശ്ചാത്താപത്താൽ സുചരിതയാകുന്നസ്ത്രീ എന്ന നിലയിലാണ് അഹല്യയുടെ കഥ രചിക്കപ്പെട്ടിരിക്കുന്നത്. സുന്ദരിയായ അഹല്യയെ ഗൗതമമുനി വിവാഹം ചെയ്യുന്നു. ആശ്രമാന്തരീക്ഷത്തിൽ മനഃസംയമനത്തോടെ ജീവിക്കുവാൻ അഹല്യയ്ക്ക് സാധിക്കുന്നില്ല. തന്നെ പ്രാപിക്കാനെത്തിയ ഇന്ദ്രനുമുന്നിൽ അവൾ ചഞ്ചലയാകുന്നത് അതുകൊണ്ടാണ്. തന്റെ പത്നിയുടെ വഞ്ചന തിരിച്ചറിഞ്ഞ ഗൗതമൻ അവളെ ശപിക്കുന്നു. അനേകവർഷങ്ങൾ ആഹാരമില്ലാതെ, ഏകാകിനിയായ് തപസ്സുചെയ്ത് കാട്ടിൽ വസിക്കുക എന്നതായിരുന്നു ആ ശാപമെന്നാണ് വാല്മീകിരാമായണത്തിൽ പറയുന്നത്. പിൽക്കാലവ്യാഖ്യാനങ്ങളിലാണ് കല്ലായിപ്പോകട്ടെ എന്ന് ശപിക്കുന്നതായി കാണുന്നത്. കുറ്റബോധത്താൽ അവളുടെ മനസ്സ് കല്ലിന് സമമായി, ശിലയായി രൂപപ്പെട്ടു എന്നാണ് മനസ്സിലാക്കേണ്ടതെന്ന് ലേഖിക വ്യാഖ്യാനിക്കുന്നു. പിന്നീട് വനവാസകാലത്ത് രാമന്റെ പാദസ്പർശമേൽക്കുക വഴിയാണ് അഹല്യക്ക് മോക്ഷം ലഭിക്കുന്നത്.

അഹല്യപുത്രനായ ശതാനന്ദന്റെ പ്രായം തന്നെയാണ് അന്ന് ശ്രീരാമനുണ്ടായിരുന്നത്. എന്നതിനാൽ, രാമനെകണ്ടപ്പോൾ പുത്രസ്മരണ ഉണർത്തുന്നതു മൂലമാവാം, വാൽസല്യമൂറിയാവാം ശാപമോക്ഷം ലഭിച്ചതെന്ന് അന്തർജ്ജനം വിലയിരുത്തുന്നു. മാതൃഹൃദയത്തിന്റെ തീവ്രമായ മമതയാണ് അവരെ പശ്ചാത്താപവിവശയാക്കുന്നത്.

"ഒരു മകൻ ഉണ്ടായിക്കഴിഞ്ഞാൽപിന്നെ സ്ത്രീ അമ്മയാണ്. മാതൃത്വബോധം അവളെ എല്ലാ വ്യാമോഹങ്ങളിൽ നിന്നും പിന്തിരിപ്പി ക്കേണ്ടതാണെന്ന തത്വവും ഗൗതമന്റെ ശാപകഥയിൽ അന്തർഭവിച്ചിട്ടുണ്ടെന്നു തോന്നുന്ന"തായി അന്തർജ്ജനം സൂചിപ്പിച്ചിട്ടുണ്ട്.

സ്ത്രീ മാതാവായിക്കഴിഞ്ഞാൽ, പിന്നീട് അനാവശ്യ ചിന്തകളെയകറ്റി നിർത്തേണ്ടവളാണ്. തുടക്കത്തിൽ അഹല്യക്കത് സാധിക്കുന്നില്ല. അതിന്റെ തിക്തഫലം അനുഭവിക്കാൻ വിധിക്കപ്പെടുന്ന അഹല്യപിന്നീട് അതികഠിനമായ പ്രായശ്ചിത്ത തപസ്യയിലൂടെ മോക്ഷം നേടുന്നു. വിവാഹബന്ധങ്ങളിലെ പൊരുത്തക്കേടുകളും അതിൽനിന്നു രൂപപ്പെടുന്ന പ്രശ്നങ്ങളും തെറ്റുകളും പിന്നീട് ആപത്തുകളെ സൃഷ്ടിക്കുകയെന്നത് കാലാനുവർത്തിയായി തുടരുന്ന പ്രക്രിയയാണ്. സ്ത്രീയുടെ കാമിതമായ ഭാവമല്ല, മാതൃത്വമാണ് മഹനീയ മാതൃകയെന്ന് ആദികവി പരാമർശിക്കുന്നു. തെറ്റുചെയ്യുവർ എന്നത്തേക്കും തെറ്റുകാരല്ല എന്നും, പശ്ചാത്താപത്തോടെ തെറ്റിനെ അംഗീകരിച്ച് ശരിയുടെ പക്ഷത്തേക്ക് എത്തിച്ചേരാൻ സാധിക്കുന്നുവരെ, തിരസ്കരിയ്ക്കാതെ, സമൂഹം അവരെ സ്വീകരിക്കുകയാണ് വേണ്ടതെന്നുമുള്ള സന്ദേശം ഇവിടെ നിഴലിക്കുന്നുണ്ട്.

അന്തർജ്ജനത്തിന്റെ ചില കഥാപാത്രങ്ങളും, സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ തെറ്റിന് വഴങ്ങേണ്ടിവന്നവരായിട്ടുണ്ട്. അവരെയെല്ലാം തന്നെ അവരുടെ മാനസിക, അനുഭവതലങ്ങളുടെ വെളിച്ചത്തിൽ നിന്നുകൊണ്ട് ന്യായീകരിക്കാനും അന്തർജ്ജനം ശ്രമിച്ചിട്ടുമുണ്ട്. ആ തെറ്റുകൾക്ക് മോക്ഷം നൽകി അവരെ കുറ്റവിമുക്തരാക്കുന്നുണ്ട്. പ്രതികാര ദേവതയിലെ 'താത്രി'യും 'കുറ്റസമ്മത'ത്തിലെ നായികയുമൊക്കെ ഇത്തരം അവസ്ഥകളിലൂടെ സഞ്ചരിച്ചവരാണ്. സമുദായത്തിലെ അനാചാരങ്ങളായിരുന്നു അവരെ വഴിവിട്ടു സഞ്ചരിക്കാൻ പ്രേരിപ്പിച്ചത് എന്നതിനാൽ, അവരെ തെറ്റുകാരായി കാണാൻ, അന്തർജനത്തിനു സാധിക്കുന്നില്ല. ഈയൊരു വീക്ഷണ കോണിൽ നിന്നുകൊണ്ടുതന്നെയാണ് ഇവിടെ 'അഹല്യ'യെയും ലേഖിക നിരീക്ഷിച്ചിരിക്കുന്നത്.

വാനരകുലത്തിന്റെ രീതികളും, സംസ്കാരവും ഒരു സ്ത്രീയെന്ന നിലയിൽ അനുഭവിക്കേണ്ടിവരുന്ന വിപരീത സാഹചര്യങ്ങളുമാണ് താരയെന്ന ബാലി പത്നിയെ വ്യതിരിക്തയാക്കുന്നത്. രാമായണത്തിലെ കിഷ്കിന്ധാകാണ്ഡത്തിൽ നിറഞ്ഞു നിൽക്കുന്ന കഥാപാത്രമാണ് താര. ബാലി - സുഗ്രീവ യുദ്ധത്തിൽ എന്നും വിജയം

വരിച്ചിരുന്ന ബാലിക്ക് സുഗ്രീവ - രാമ സഖ്യത്തിന് ശേഷം ഉണ്ടാകുന്ന യുദ്ധത്തിലാണ് മരണത്തിനു കീഴടങ്ങേണ്ടി വരുന്നത്. ആ യുദ്ധത്തിനു മുൻപു തന്നെ, ബാലിയോട് ഈ യുദ്ധത്തിൽ നിന്ന് പിന്തിരിയാൻ താര ഉപദേശിച്ചിരുന്നു. രാമന്റെ ഒളിയമ്പേറ്റ് ഭർത്താവ് പിടഞ്ഞു മരിക്കുന്നത് കണ്ടുനിൽക്കാനാകാതെ താര ദുഃഖിതയായി വിലപിക്കുന്നു. വീരനാരിയായ താര സതീധർമ്മത്തിലും, സ്വജനധർമ്മത്തിലും ശ്രേഷ്ഠയായിരുന്നു.

എന്നാൽ, പിന്നീട് താരയെ നാം കാണുന്നത്, സുഗ്രീവന്റെ അന്തഃപുരത്തിൽ, മധുപാനലോലയായി, കാലിടറി, അരഞ്ഞാൺ കിഴിഞ്ഞ നിലയിലാണ്. ജ്യേഷ്ഠ വധത്തിനുശേഷം, ജ്യേഷ്ഠഭാര്യയെ സുഗ്രീവൻ സ്വന്തമാക്കുന്നു. ഇതിൽ അസ്വാഭാവികമായി വാനരകുലം ഒന്നും തന്നെ കാണുന്നില്ല എന്നത് നമ്മെ അദ്ഭുതപ്പെടുത്തുന്നുമുണ്ട്. വാനരവംശത്തിന്റെ രീതി അതായിരുന്നു. താര തന്റെ പുതിയ ജീവിത സാഹചര്യത്തോട് വേഗത്തിൽത്തന്നെ ഇണങ്ങുന്നു. സുഗ്രീവനുവേണ്ടി, ലക്ഷ്മണനോട് സന്ധി പറയുവാൻ താര തയ്യാറാകുന്നത് നാം കാണുന്നുണ്ട്. ഒരു ജീവിതത്തിൽത്തന്നെ, രണ്ടു വ്യത്യസ്ത ഘട്ടങ്ങളെ വളരെ പക്വതയോടെ താര നേരിടുന്നു. ബാലിയെയും, സുഗ്രീവനെയും ഒരുപോലെ കാണാനും, സ്നേഹിക്കാനും താരയ്ക്ക് കഴിയുന്നു.

ആർഷ ഭാരതത്തിലെ സ്ത്രീത്വത്തിന്റെ വ്യത്യസ്തമാർന്നൊരു മുഖമാണ് 'താര'യിലൂടെ പ്രകടമാകുന്നത്. 'സ്ത്രീ ഏതു ദുർഘട ഘട്ടത്തെയും തരണം ചെയ്യാനും, ധീരമായി ജീവിക്കാനും പ്രാപ്തയാണ് എന്ന് 'താര' തെളിയിക്കുന്നു. ഓരോ കാലത്തിന്റെയും സവിശേഷമാർന്ന സംസ്കാര രീതികളുടെ പശ്ചാത്തലത്തിൽ സ്ത്രീത്വത്തിന് കല്പിക്കപ്പെടുന്ന നൂതനഭാവങ്ങൾ മനസ്സിലാക്കിക്കൊണ്ടുവേണം 'താര'യിലെ സ്ത്രീത്വത്തെ വിലയിരുത്തേണ്ടത്.

'താര'യെ വിശ്വസ്തസചിവയായി സ്വീകരിച്ച് അവളുടെ ഉപദേശം അനുസരിക്കണമെന്ന് ബാലി മരണത്തോട് മല്ലിട്ടുകിടക്കുന്ന അന്ത്യഘട്ടത്തിൽ, സുഗ്രീവനോട് പറയുന്നുണ്ട്.

"സുഷേണപുത്രിയിവളോ സൂക്ഷ്മാർത്ഥതീർപ്പിലും
സദാ
വിവിധോല്പാത വിജ്ഞാനത്തിങ്കലും വിരുതുള്ളവൾ
ഇവൾ നന്നെന്നു ചൊല്ലുന്ന കാര്യത്തിന്നില്ല സംശയം
മറിച്ചായ്പോകയില്ലല്ലോ താരതൻ മതമൊന്നുമേ"

(2007:53)

ഒരു ഭാര്യയ്ക്കു ഭർത്താവു നൽകുന്ന സർവ്വപ്രശംസകളും ഇതിലടങ്ങിയിരിക്കുന്നതായി കാണാം. സത്യ സ്നേഹങ്ങളുടെ, ആത്മാർത്ഥതയുടെ പ്രതീകമായ താര ആധുനിക നാരിമാരോട് എന്തോ പറയുകയാണെന്നു ലേഖിക സംശയിക്കുന്നു. എന്തായാലും, മഹാപാതക ശമനത്തിനായി കേരളീയർ പാരമ്പര്യമായി പ്രകീർത്തിച്ചു പോരുന്ന പഞ്ചകന്യകമാരുടെ കൂട്ടത്തിൽ 'താര'യുമുണ്ടെന്നത് താരയുടെ സ്വീകാര്യതയ്ക്ക് മാറ്റുകൂട്ടുന്നുണ്ട്.

അയോദ്ധ്യയുടെ ചരിത്രംതന്നെ മാറ്റിയെഴുതിയവളാണ് മന്ഥര. വിശ്വചരിത്രത്തിൽത്തന്നെ അനശ്വര കാവ്യമായി രാമായണം എഴുതപ്പെടാനുണ്ടായ ഹേതുവും അവൾതന്നെ എന്നതും നിസ്തർക്കമാണ്.

രാമന്റെ അഭിഷേകവാർത്തയറിഞ്ഞ്, കുപിതയായി, കൈകേയിയെ വിവരം ധരിപ്പിക്കാനെത്തിയ മന്ഥരയെ ഞെട്ടിക്കുന്ന സംഭവങ്ങളാണ് പിന്നീട് നടക്കുന്നത്. ഉറങ്ങിക്കിടക്കുകയായിരുന്ന കൈകേയി, രാമന്റെ അഭിഷേകവാർത്തയറിഞ്ഞ സന്തോഷത്തിൽ, എഴുന്നേറ്റ് കഴുത്തിൽക്കിടന്നിരുന്ന മാലയൂരി അവൾക്കു സമ്മാനിക്കുന്നു.

"തികച്ചും പ്രിയമല്ലോമേ-
നീ യിച്ചൊന്നതു മന്ഥരേ!
ഇപ്രിയം ചൊന്നതിന്നെന്തു
ചെയ്‌വാൻ വീണ്ടും നിനക്കു ഞാൻ!
വ്യത്യാസം കാണ്മതില്ലാ ഞാൻ
രാമങ്കൽ ഭരതങ്കലും
തോഷിച്ചേൻ രാമനെ നൃപൻ
നാട്ടിൽ വാഴിക്കുമെന്നതിൽ".

(2007:59)

ഇങ്ങനെ സന്തോഷിക്കുന്ന ഒരു മാതൃഹൃദയത്തിന്റെ അതിദുർബ്ബലമായ ഹൃദയഭാഗത്താണല്ലോ മന്ഥരേ, നീ കഠാരി കുത്തിയിറക്കിയത്! എന്നു ലേഖിക പരിതപിക്കുന്നുണ്ട്.

രാജ്യതന്ത്രത്തിന്റെ, കുതന്ത്രങ്ങളുടെ പ്രതിരൂപമാണ് മന്ഥര. അത്തരം മന്ഥരമാർ ഉൾച്ചേർന്നതാണ് ഭരണകൂടം. അതിന്നും അങ്ങനെത്തന്നെയാണ്. ഈ നൂറ്റാണ്ടിലും മന്ഥരമാരുള്ളതായി ലേഖിക വിലയിരുത്തുന്നു. പക്ഷേ, ഇന്നത്തെ മന്ഥരമാർക്ക് അന്നത്തെ മന്ഥരയുടെ ധാർമ്മികമായ നീതീകരണങ്ങളും, നിസ്വാർത്ഥതയുമില്ല എന്നും ചേർത്തുപറയുന്നുണ്ട്.

ഇതിഹാസകാവ്യത്തിനുതന്നെ ഹേതുവായ മന്ഥരയ്ക്ക് വാല്മീകി മുനി മാപ്പു നൽകിയിരിക്കുന്നു. മന്ഥര എന്നത് കേവലം ഒരു വ്യക്തിയല്ല എന്നും, സർവ്വകാലികമായ തത്വം മാത്രമാണെന്നും അദ്ദേഹത്തി

നറിയാമായിരുന്നല്ലോ എന്ന സാധൂകരണമാണ് ലേഖിക അതിനുപോദ്ബലകമായി കണ്ടെത്തുന്നത്.

"പക്ഷെ, ഞങ്ങൾ മാത്രം - രാമായണപരായണരായ പരമ്പരകൾ മാത്രം, പാവം നിന്നോടു പകവെയ്ക്കുന്നു. ഞങ്ങൾക്ക് മാപ്പു തരികയില്ലേ!" എന്ന് യാചിക്കാൻ തക്കവണ്ണം മന്ഥരയെന്ന സ്ത്രീയ്ക്കുപോലും ഔന്നിത്യത്തിന്റെ മഹനീയസ്ഥാനം അന്തർജ്ജനം കല്പിക്കുന്നു എന്നുവേണം നാം മനസ്സിലാക്കാൻ. സാഹചര്യങ്ങളാൽ സമ്മർദ്ദത്തിനടിപ്പെട്ട്, കുതന്ത്രം പ്രയോഗിച്ച് കൈകേയിയെ ഉപയോഗിച്ച് രാമന് വനവാസം സമ്മാനിച്ച്, ഒടുവിൽ അനശ്വരകാവ്യമായ രാമായണത്തെ ലോകത്തിനു സമ്മാനിച്ചവൾ എന്ന തലത്തിൽ നിന്നുകൊണ്ടു മാത്രം ദർശിക്കുമ്പോൾ ശരിയാണ്. മന്ഥര തന്റെ കടമകൾ നിറവേറ്റിയവൾ തന്നെയാണ്. തന്റെ പുത്രിയ്ക്കൊരപകടം പറ്റാതിരിക്കാൻ എപ്പോഴും കൂടെ വേണമെന്ന് പറഞ്ഞ് കേകയ രാജാവ് കൈകേയിയ്ക്കൊപ്പം അയോധ്യയിലേയ്ക്കയച്ച ദാസി പിന്നെ എങ്ങനെയാണ് പെരുമാറേണ്ടിയിരുന്നത്!! എന്നല്ലേ ഈ മാപ്പപേക്ഷയ്ക്കുള്ളിലെ പറയാതെ പറയുന്ന പൊരുൾ??

കവയിത്രിയായ, കഥാകാരിയായ ലളിതാംബിക അന്തർജ്ജനം തന്റെ ആത്മകഥയിൽ പറയുന്നുണ്ട് "കുണ്ടും കുഴിയും ചെളിയും ചരൽക്കല്ലുകളും നിറഞ്ഞ പൊതുവീഥിയിലെ ജനത്തിരക്കിലൂടെ അവരിലൊരാളായി, എന്നാൽ പങ്കാളിയായല്ല, നിരീക്ഷകയായി നടക്കാൻ എന്നുമെന്നും ഞാനിഷ്ടപ്പെട്ടിരുന്നു." (2012:31) അനശ്വര കാവ്യത്തിലൂടെയുള്ള ഈ അന്വേഷണവും ആ നിരീക്ഷണത്തോടുള്ള ഇഷ്ടത്തിന്റെ ഭാഗം തന്നെയായിരിക്കാം.

അന്തർജ്ജനം രാമായണകാവ്യത്തെയും, അത് തന്നിലുളവാക്കിയ സ്വാധീനത്തെയും പറ്റി പറഞ്ഞിട്ടുണ്ട്. തനിയ്ക്കന്ന് എട്ടോ, പത്തോ വയസ്സ് കാണും. എഴുത്തച്ഛന്റെ അദ്ധ്യാത്മ രാമായണത്തിൽ അയോദ്ധ്യാകാണ്ഡമാണ് വായിച്ചിരുന്നത്. രാമന്റെ പട്ടാഭിഷേകത്തിനായി നാടും ജനങ്ങളും ഒരുങ്ങിക്കഴിഞ്ഞു. രാജമാതാവായ കൗസല്യ പുത്രശ്രേയസ്സിനുവേണ്ടി ദാനധർമ്മങ്ങളും, ധ്യാന ജപങ്ങളും നടത്തി സന്തോഷഭരിതയായി പൂജാമുറിയിലിരിക്കുകയാണ്. അപ്പോഴാണ് മുഖവും വാടിക്കൊണ്ടുള്ള മകന്റെ വരവ്.

അമ്മ ചോദിക്കുന്നു : -

"എന്തെൻ മകനേ, മുഖാംബുജം വാടുവാൻ
ബന്ധമുണ്ടായത്? പാരം വിശക്കയോ!
വന്നിരുന്നീട്ടു ഭുജിപ്പതിനാശു നീ"

മാതാവു വിളിച്ചപ്പോൾ വന്ന ശോകത്തെ അടക്കി രഘുരാമൻ പറയുന്നു.

"ഇപ്പോൾ ഭുജിപ്പാനവസരമില്ലമ്മേ!
ക്ഷിപ്രമരണ്യവാസത്തിനു പോവേണം"

ഇത്രയും വായിച്ചപ്പോൾ താനറിയാതെ കരഞ്ഞുപോയി. പൊട്ടിപ്പൊട്ടിക്കരഞ്ഞുപോയി. കണ്ണീരൊഴുകി പുസ്തകത്തിൽ ആലോലവീണതും, കരച്ചിൽ കേട്ട് പരിഭ്രമിച്ച് ഓടിവന്നു തിരക്കിയ അമ്മയോട് ഒരക്ഷരംപോലും മിണ്ടാൻ കഴിയാതിരുന്നതും സ്മരിക്കുന്നുണ്ട്. 'നല്ല കവിത'യുടെ ശക്തിയായി, 'നല്ല കവി'യുടെ ശക്തിയായി, അന്തർജ്ജനം ആ വികാരത്തെ വിലയിരുത്തുകയും ചെയ്യുന്നു. അന്ന് ആ എട്ടുവയസ്സിൽ തുടങ്ങിയ ഇതിഹാസ സാധനയുടെ പൂർത്തീകരണമാണ് ഈ ഇതിഹാസ കഥാപാത്രനിരൂപണങ്ങളിൽ നാം വായിച്ചറിയുന്നത്.

അഗ്നിസാക്ഷിയിലും മറ്റു ഭൂരിഭാഗം ചെറുകഥകളിലും നാം കാണുന്നത് സ്ത്രീയുടെ നീതിക്കും സുരക്ഷയ്ക്കും വേണ്ടി പ്രയത്നിക്കുന്ന, നവോത്ഥാനത്തിന്റെയും സ്വാതന്ത്ര്യാഭിവാഞ്ഛയുടെയും ആവശ്യകതയും ശക്തിയുമറിയിക്കുന്ന പ്രമേയങ്ങളായിരുന്നുവെങ്കിൽ, വാല്മീകിയുടെ ഈ നായികമാരെ പുനർനിരീക്ഷണത്തിന് വിധേയമാക്കിയപ്പോൾ അന്തർജ്ജനം ഭക്തി എന്ന വികാരത്തിനടിപ്പെട്ടു, കേവലം ഭക്തയുടെ കൺകളാൽ മാത്രം വസ്തുതകളെ നോക്കി കാണുന്ന നിലയിലേക്ക്, താഴ്ന്ന പ്രതലത്തിലൂടെ സഞ്ചരിക്കുന്നു എന്നു പറയേണ്ടിവരും.

സഹായകഗ്രന്ഥങ്ങൾ

1. ലളിതാംബിക അന്തർജ്ജനം, സീതമുതൽ സത്യവതി വരെ, കറന്റ് ബുക്ക്സ്, തൃശ്ശൂർ - 2007
2. ലളിതാംബിക അന്തർജ്ജനം, ആത്മകഥയ്ക്ക് ഒരാമുഖം, ഡി.സി ബുക്സ്, കോട്ടയം, 2012.
3. ലളിതാംബിക അന്തർജ്ജനം, ലളിതാംബിക അന്തർജ്ജനത്തിന്റെ കഥകൾ, ഡി.സി ബുക്ക്സ്, കോട്ടയം, 2011.
4. ലളിതാംബിക അന്തർജ്ജനം, അഗ്നിസാക്ഷി, ഡി. സി. ബുക്ക്സ്, കോട്ടയം, 2012.
5. കുമാരനാശാൻ, കുമാരനാശാന്റെ മൗലിക കൃതികൾ, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 2010.

# മതബോധങ്ങളിലെ വൃക്ഷങ്ങൾ

**ഡോ. സംഗീത,** അസി. പ്രൊഫസർ (മലയാളം),
കെ.കെ.ടി.എം. ഗവ. കോളേജ്, പുല്ലൂറ്റ്

വൃക്ഷാരാധനയുടെ തലത്തിലും അല്ലാതെയും മതങ്ങളിൽ വൃക്ഷസംസ്കാരം കടന്നുവരുന്നുണ്ട്. ലോകത്തിൽ ആദ്യമായി നിലവിൽ വന്ന മതം വൃക്ഷാരാധനയാണ്.വൃക്ഷങ്ങളുടെസമൂഹങ്ങൾസൃഷ്ടിച്ച കാവുകൾ മനുഷ്യന്റെ ആദിമ ഗൃഹങ്ങളായിരുന്നു. ആത്മീയജീവിതത്തെക്കുറിച്ചുള്ള ബോധം വർദ്ധിച്ചപ്പോൾ വൃക്ഷത്തിന് ആത്മീയാർത്ഥങ്ങൾ നൽകുകയും മനുഷ്യന്റെ വാസസ്ഥലമായിരുന്ന വൃക്ഷങ്ങളെ ദേവതാസ്ഥാനങ്ങളായി സങ്കല്പിക്കുകയും ചെയ്തു. പ്രാചീന ഈജിപ്തിലും അസീറിയയിലും നിലനിന്നിരുന്ന ജീവന്റെ മരം എന്ന സങ്കല്പം ബൈബിൾ ഉൾക്കൊണ്ടതും കേരളത്തിലെ ആദിമ ആരാധനാകേന്ദ്രമായി കാവുകൾ ഉയർന്നുവന്നതുമൊക്കെ പ്രാക്തനമായ വൃക്ഷാരാധനയെയാണ് സൂചിപ്പിക്കുന്നത്. ലോകത്തിലെ എല്ലാമതങ്ങളുടെയും ദർശനത്തിൽ ദൈവചൈതന്യത്തിൽ നിന്നുണ്ടായതാണ് പ്രകൃതിയെന്ന് കല്പിക്കപ്പെടുന്നു. അതുകൊണ്ട്തന്നെ വൃക്ഷവും ദൈവചൈതന്യത്തിൽ നിർമ്മിക്കപ്പെട്ടതാണ്. മതങ്ങളുടെ ദർശനത്തിൽ കടന്നുവരുന്ന വൃക്ഷസംസ്കാരത്തെ അപഗ്രഥിക്കാണ് ഈ പ്രബന്ധഭാഗം ശ്രമിക്കുന്നത്.

## വൃക്ഷങ്ങളും ഹിന്ദുമതവും

പൗരസ്ത്യദേശങ്ങളിലെ പ്രധാനമതമായ ഹിന്ദുമതത്തിൽ പ്രകൃതിയെയും വൃക്ഷങ്ങളെയും ദൈവചൈതന്യത്തിന്റെ പരിസ്ഫുരണമായിട്ടാണ് കല്പിക്കുന്നത്. "പാതാളത്തിലേക്ക് (ഭൂമിക്കടിയിലേക്ക്) വേരുകൾ താഴ്ത്തി, ഭൂമിക്ക് മുകളിൽ തടിയും ശിഖരങ്ങളുമായി, സ്വർഗത്തിലേക്ക് ശിരസ്സുയർത്തി നിൽക്കുന്ന വൃക്ഷം ഈ പ്രപഞ്ചത്തിന്റെ തന്നെ പ്രതീകമാണ് '(ഡോ. പി.സോമൻ, ഫോക് ലോർ സംസ്കാരം, പു.61) എന്ന് പി. സോമൻ അഭിപ്രായപ്പെടുന്നു. ആൽമരത്തെ പ്രപഞ്ചത്തിന്റെ പ്രതീകമായി ഭാരതീയർ പലപ്പോഴും കല്പിക്കുന്നുണ്ട്. ഇലകൾ പൊഴിക്കുകയും പിന്നെയും തളിർക്കുകയും ചെയ്യുന്നതിനാൽ പുനർജന്മത്തിന്റെ പ്രതീകമായും വൃക്ഷങ്ങളെ കല്പിക്കാറുണ്ട്. വേദങ്ങളിലും മറ്റും തെളിയുന്ന പ്രകൃതിദർശനം അത്യുദാത്തമാണ്. പ്രകൃതിയെ ആശ്രയിക്കാതെ മനുഷ്യന് ജീവിക്കാൻ കഴിയുകയില്ല എന്ന് വേദങ്ങൾ എല്ലാം സാക്ഷ്യപ്പെടുത്തുന്നുണ്ട്. പ്രകൃതിശക്തികളോടുള്ള പ്രാർത്ഥനകളാണ് ഋഗ്വേദത്തിലെ പല മന്ത്രങ്ങളും. ശുക്ലയജ്ജൂർവേദത്തിൽ ഭൂമിയ്ക്കും ആകാശത്തിനും അന്തരീക്ഷ ത്തിനും വൃക്ഷങ്ങൾക്കുമെല്ലാം മംഗളം ഭവിക്കാൻ (ശിവം) പ്രാർത്ഥിക്കുന്ന ശ്ലോകങ്ങളുണ്ട്. യാഗാദികർമ്മങ്ങൾക്കും മറ്റുമായി മരം മുറിക്കുമ്പോൾ 'ഹേ ഔഷധമേ നിന്റെ വേര് ഞാൻ അറുക്കുകയില്ല' (ഹേ ഔഷധ്യ: തവ മൂലം മാ ഹിംസിഷം) (പരിസ്ഥിതിപഠനങ്ങൾ, പ്രൊഫ. പന്മന രാമചന്ദ്രൻനായർ, എഡി. പുറം.29) എന്ന് അതിനോട് പറയാറുണ്ട്. വൃക്ഷങ്ങളെ പത്തുപുത്രന്മാർക്കു തുല്യമാക്കി കല്പിക്കുന്ന 'മത്സ്യപുരാണ'ത്തിലെ ശ്ലോകങ്ങളും ദുഷ്പുത്രന്മാർക്ക് നേരെ വിധി പ്രകാരം വൃക്ഷം നട്ട് പരിപാലിക്കാൻ ഉപദേശിക്കുന്ന 'ബ്രഹ്മവൈവർത്തകപുരാണ'ത്തിലെ ശ്ലോകങ്ങളും പ്രകൃതിസ്നേഹത്തിന്റെയും വൃക്ഷസംസ്കാരത്തിന്റെയും പരിസ്ഫുരണങ്ങളാണ്.

## വൃക്ഷങ്ങളും ബുദ്ധമതവും

ലോകത്തിൽ ഉണ്ടായിട്ടുള്ള എല്ലാ മതങ്ങളും പ്രകൃതി കേന്ദ്രിതമായ വീക്ഷണമാണ് കാലാകാലങ്ങളായി

മുന്നോട്ടുവച്ചിട്ടുള്ളത്. ബുദ്ധമതവും പ്രകൃത്യധിഷ്ഠിതമായിരുന്നു. പ്രകൃതിഘടകങ്ങളെ ആരാധിച്ചും സംരക്ഷിച്ചും പോന്ന ചരിത്രം തന്നെയാണ് ഈ മതത്തിനുമുള്ളത്. വൃക്ഷാരാധനാസംസ്കാരം ഇങ്ങനെ ബുദ്ധമതത്തിൽ കണ്ടെത്താൻ കഴിയും. ജെയിംസ് ഫെർഗുസന്റെ അഭിപ്രായം ഇപ്രകാരമാണ്:'കാവുകളെ ആരാധിക്കുന്ന സമ്പ്രദായം ബുദ്ധമതക്കാർക്കുണ്ട്. അവർ ചെടികളെയും വൃക്ഷങ്ങളെയും ആരാധിച്ചിരുന്നു (James Fergusson, Tree and Serpent Worshipp, P.70). ശ്രീബുദ്ധന്റെ സന്യാസജീവിതം ആരംഭിച്ചതു തന്നെ 'അരയാൽ' എന്ന 'ബോധിവൃക്ഷ'ത്തിന്റെ ചുവട്ടിൽ നിന്നാണ്. ഇത് ബുദ്ധമതത്തിലെ വൃക്ഷാരാധനാസംസ്കാരത്തെ ഊട്ടിയുറപ്പിക്കുന്നു. ബുദ്ധന്റെ ജനനവുമായി വൃക്ഷം ബന്ധപ്പെട്ടുകിടക്കുന്നു. ഐഹിക സുഖങ്ങൾ ഉപേക്ഷിച്ച് 'ഗയ'യിലെ അരയാൽ വൃക്ഷചുവട്ടിൽ വച്ചാണ് സിദ്ധാർത്ഥന് ബോധോദയം ലഭിക്കുന്നത്. പില്ക്കാലത്ത് ഈ അരയാൽ ബോധിവൃക്ഷം എന്നറിയപ്പെട്ടു. ബോധിവൃക്ഷം ഇന്ന് ബുദ്ധമതവിശ്വാസികളുടെ പ്രധാന ആരാധനാസ്ഥലിയാണ്.

വൃക്ഷച്ചുവടുകളിലെ 'മുനി' എന്ന സങ്കല്പം ഹിന്ദുദർശത്തിലും ബുദ്ധദർശനത്തിലും ഒരുപോലെ കടന്നുവരുന്ന ഒന്നാണ്. വൃക്ഷങ്ങൾ പുറത്തുവിടുന്ന ശുദ്ധമായ വായു ശ്വസിച്ച് വൃക്ഷം നല്കുന്ന സുഖശീതളിമയിൽ ചിന്തയിലും മനനത്തിലും ധ്യാനത്തിലും മുഴുകിയിരിക്കുന്ന സന്യാസിമാർക്ക് വൃക്ഷച്ചുവടുകൾ ദൈവികപരിവേഷമുള്ള സ്ഥലരാശിയായാണ് കല്പിച്ചത്. ഇവർക്ക് വൃക്ഷച്ചുവട് ബൗദ്ധിക പരിവർത്തനത്തിന്റെയും ജ്ഞാനനിർമ്മിതിയുടെയും ജ്ഞാനപ്പകർച്ചയുടെയും സ്ഥലം കൂടിയാണ്. ഗുരുകുലങ്ങളിൽ വിദ്യ പകർന്നു കൊടുക്കുന്നതിന് മരച്ചുവടുകളെയാണ് ഗുരുനാഥൻ ആശ്രയിക്കുന്നത് എന്നത് യാദൃശ്ചികമല്ല. പൗരാണികരുടെ തപസ്ഥലികളും വൃക്ഷച്ചുവടുകളാണ്.അതുകൊണ്ടു തന്നെയാവണം ബുദ്ധൻ ചിന്തയ്ക്കും ജ്ഞാനമനനങ്ങൾക്കുമായി ബോധിവൃക്ഷത്തെ തെരഞ്ഞെടുത്തത്.

അശോകചക്രവർത്തി ബോധിവൃക്ഷത്തെ സംരക്ഷിക്കുകയും ആ വൃക്ഷം നിലനിൽക്കുന്ന സ്ഥലം ആരാധനാകേന്ദ്രമാക്കി ഉയർത്തുകയും ചെയ്തിട്ടുണ്ട്. ശ്രീലങ്കയിലെ അനുരാധാപുരത്തുള്ള എട്ട് ബുദ്ധമത സ്ഥാപനങ്ങളിൽ ഏറ്റവും പ്രധാന്യമായുള്ളത് 'ശ്രീമഹാബോധി' എന്ന അരയാൽ വൃക്ഷത്തിനാണ്. (സി.കെ.കരുണാകരൻ, ദിവ്യമഹാസസ്യങ്ങൾ, പു.21) മാവും ബുദ്ധമതക്കാർക്ക് ദിവ്യവൃക്ഷമാണ്. 'കുശിനഗറി'ൽ ഒരു മാവിൻ ചുവട്ടിലാണ് ബുദ്ധൻ നിർവാണം പ്രാപിച്ചതെന്ന വിശ്വാസമാണ് മാവിനെയും ദിവ്യവൃക്ഷമായി ആരാധിക്കുന്നതിന് ബുദ്ധമതക്കാരെ പ്രേരിപ്പിച്ചത്. ബുദ്ധമതവിശ്വാസം ശക്തമായിരുന്ന കേരളത്തിൽ മരണാനന്തരകർമ്മങ്ങൾക്ക് ചിതയൊരുക്കുന്നതിന് മാവുപയോഗിക്കുന്നത് ഈ ബുദ്ധമതവിശ്വാസത്തിന്റെ ബാക്കിപത്രമായിരിക്കും.

ആയുർവേദത്തിന് ധാരാളം സംഭാവനകൾ നല്കിയത് ബുദ്ധമതമാണ്. അതിനെ പരിപോഷിപ്പിക്കുകയും ശാസ്ത്രീയമായ ചികിത്സാക്രമമായി ചിട്ടപ്പെടുത്തുകയും ചെയ്തത് ബുദ്ധമതമാണ്. വൃക്ഷങ്ങളുടെയും സസ്യങ്ങളുടെയും ഔഷധഗുണത്തെ പ്രയോജനപ്പെടുത്തിയാണ് ആയുർവേദം നിലനില്ക്കുന്നത്. അതുകൊണ്ട്തന്നെ വൃക്ഷസസ്യ പരിപാലനത്തിന്റെ ആവശ്യകത ബുദ്ധസന്യാസിമാർക്ക് വ്യക്തമായി അറിയാമായിരുന്നു. ഇത്തരത്തിൽ ബുദ്ധമതവും വൃക്ഷസംസ്കാരവും അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്നു. ബോധോദയത്തിനും ജ്ഞാനപരിവർത്തനത്തിനും ജ്ഞാന നിർമ്മിതിക്കും പ്രതിബോധനത്തിനും വൃക്ഷച്ചുവടുകളെ ബുദ്ധമതാനുയായികൾ ഉപയോഗിച്ചു. ആയുർവേദത്തിന്റെ ഭാഗമായും വൃക്ഷങ്ങളെ പ്രയോജനപ്പെടുത്തിയ അവർ മനുഷ്യ - വൃക്ഷബന്ധങ്ങളെ ദൈവികപരിവേഷമായി കണ്ടു.

## വൃക്ഷങ്ങളും ജൈനമതവും

വൃക്ഷങ്ങളെയും ചെടികളെയും ജൈനമതവും ആരാധിച്ചിരുന്നു. പ്രകൃത്യാരാധനയിൽ ജൈനമതം ഹിന്ദുമതത്തോടാണ് കൂടുതൽ അടുത്തിരിക്കുന്നത്. ജൈനതീർത്ഥങ്കരന്മാർ പ്രകൃതിയുമായി ഊട്ടുറ്റബന്ധം പുലർത്തിയിരുന്നു. ആറാമത്തെ തീർത്ഥ ങ്കരനായ 'പത്മപ്രഭു'വിന്റെ ചിഹ്നം 'താമര'യും ഇരുപത്തിയൊന്നാമത്തെ തീർത്ഥങ്കരനായ 'നിമി'യുടെ ചിഹ്നം 'വാട്ടർലില്ലി'യുമായിരുന്നു. പ്രകൃതിചിഹ്നങ്ങളായ പൂവ്, മരം ഇത്യാദികളെ വ്യക്തികളെ സൂചിപ്പിക്കാനായി ഉപയോഗിക്കുന്ന രീതി ജൈനമതവും പിന്തുടർന്നു എന്നാണ് ഇതിൽ നിന്നും മനസിലാക്കേണ്ടത്.'നീലക്കടമ്പ്' കൃഷ്ണനെയും 'താമര' ബ്രഹ്മാവിനെയും 'കൂവളം' ശിവനെയും സൂചിപ്പിക്കുന്നതുപോലെയാണിത്. ജൈനമത സ്ഥാപകനായ 'മഹാവീരൻ' വർഷങ്ങളോളം ധ്യാനത്തിലിരുന്നത് വൃക്ഷച്ചുവട്ടിലായിരുന്നു എന്നു പറയുന്നു. 'സാൾ' വൃക്ഷച്ചുവട്ടിൽ വച്ചാണ് 'മഹാവീരന്' ജ്ഞാനോദയം ലഭിച്ചതെന്ന് വിശ്വാസമുണ്ട്. ജൈനസ്തൂപങ്ങളിൽ 'ബോധിവൃക്ഷ'ത്തിന്റെയും 'താമര'യുടെയും ചിഹ്നങ്ങൾ ആലേഖനം

ചെയ്തിട്ടുണ്ട്. പ്രകൃതിയോട് ഇണങ്ങിനിൽക്കുന്ന സർപ്പാരാധനയും കാവുകളും ഇന്ന് ഭാരതത്തിലും കേരളത്തിലും സർവ്വസാധാരണമാണ്. ഈ നാഗാരാധനയും കാവുസമ്പ്രദായവും ജൈന മതക്കാരുടെ സംഭാവനയാണ്. കേരളത്തിലെ കാവുകളിൽ കുടികൊള്ളുന്ന നാഗ- യക്ഷി സങ്കൽപ്പവും ജൈനമതക്കാരുടേതാണ്. കേരളത്തിൽ പണ്ട് പ്രചാരമുണ്ടായിരുന്ന പല യക്ഷിക്കഥകളിലും ദുർദേവതയായ യക്ഷിയുടെ വാസസ്ഥാനം കരിമ്പനയും പാലയുമാണ്. ഹിന്ദുമതം ജൈനമതത്തിനുമേൽ കടന്നുകയറ്റം നടത്തിയപ്പോൾ ജൈനമതക്കാരുടെ ദേവതയായ യക്ഷിയെ ദുർദേവതയായി ചിത്രീകരിച്ചതാണ്. മനുഷ്യരെപ്പോലെ വൃക്ഷങ്ങൾക്കും മൃഗങ്ങൾക്കും സംരക്ഷണം കൊടുക്കേണ്ടതിന്റെ ആവശ്യകത ജൈനമത തീർത്ഥങ്കരന്മാർ നിഷ്കർഷിച്ചിരുന്നു. ചുരുക്കത്തിൽ ഹിന്ദു മതക്കാരുടെയും ബുദ്ധമതക്കാരുടെയും ഇടയിൽ നിലനിന്നിരുന്ന വൃക്ഷാരാധന ജൈനമതത്തിലും വളരെ ശക്തമായി നിലനിന്നിരുന്നു എന്നുകാണാം.

## ക്രിസ്തുമതവും വൃക്ഷങ്ങളും

വൃക്ഷങ്ങളുടെ ഉല്പത്തിയെക്കുറിച്ച് 'ബൈബിൾ' ഉല്പത്തി പുസ്തകം ഒന്നാം അധ്യായത്തിൽ 11-12 ഭാഗത്ത് ഇങ്ങനെ കാണുന്നു. 'ദൈവം അരുൾ ചെയ്തു: ഭൂമിയിൽ സസ്യങ്ങൾ മുളച്ചു വരട്ടെ അതതു തരം വിത്തുള്ള ചെടികളും അതതുതരം കുരുവോടു കൂടിയ ഫലം കായ്ക്കുന്ന വൃക്ഷങ്ങളും. അത് അങ്ങനെയായി ഭൂമി സസ്യങ്ങൾ മുളപ്പിച്ചു: അതതുതരം വിത്തുകളോടുകൂടിയ ചെടികളും അതതുതരം കുരുവോടു കൂടിയ ഫലം കായ്ക്കുന്ന വൃക്ഷങ്ങളും. അത് നല്ലത് ദൈവം കണ്ടു."(മലയാളം ബൈബിൾ. പു.1) വൃക്ഷങ്ങളെയും സസ്യങ്ങളെയും സൃഷ്ടിച്ച ദൈവം അവ മനുഷ്യന്റെ ഉപയോഗത്തിനായി വിട്ടുകൊടുക്കുന്നതായി ബൈബിൾ പറയുന്നു. തുടർന്നു ബൈബിൾ വിശദീകരിക്കുന്നത് ഏദൻതോട്ടത്തിൽ കർത്താവായ ദൈവം കാണാൻ ഭംഗിയുള്ളതും ഭക്ഷണത്തിനു പറ്റിയതുമായ എല്ലാ വൃക്ഷങ്ങളെയും മുളപ്പിച്ചെന്നും തോട്ടത്തിന്റെ നടുവിലായി ജീവവൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും സൃഷ്ടിച്ചു എന്നുമാണ്. ഇവിടെ 'അറിവ്' എന്ന അമൂർത്തഘടകത്തെ സൂചിപ്പിക്കുന്നതിനായി വൃക്ഷം എന്ന ഭൗതിക വസ്തുവിനെയാണ് പ്രയോഗിച്ചിരിക്കുന്നത്. 'വൃക്ഷം' ഒരു ചിഹ്നം മാത്രമാണ്. അറിവിനെയും വൃക്ഷത്തെയും സമന്വയിപ്പിച്ച് അവതരിപ്പിക്കുമ്പോൾ 'വൃക്ഷം' എന്നതിന്റെ അർത്ഥതലങ്ങൾ കൂടുതൽ വിശാലമാകുകയാണ്. ഇങ്ങനെ ബൈബിളിലെ വൃക്ഷസങ്കൽപ്പം കൂടുതൽ മഹത്തരമാകുന്നു.

## ഇസ്ലാംമതവും വൃക്ഷങ്ങളും

ഇസ്ലാം മതഗ്രന്ഥമായ 'വിശുദ്ധ ഖുർആൻ' വൃക്ഷങ്ങളെയും സസ്യങ്ങളെയും സംരക്ഷി ക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് വ്യക്തമായി പറയുന്നുണ്ട്. പ്രകൃതിസംരക്ഷണം വിശ്വാസികളുടെ കടമ ആണെന്ന് ഖുർആൻ ഉദ്ബോധിപ്പിക്കുന്നു. വൃക്ഷമാഹാത്മ്യത്തെയും സസ്യമാഹാത്മ്യത്തെയും പരാമർശിക്കുന്ന നിരവധി വചനങ്ങൾ ഖുർആനിൽ കാണാൻകഴിയും. നല്ല വചനങ്ങളെ വൃക്ഷത്തോടാണ് അല്ലാഹ<u>ു</u> താരതമ്യപ്പെടുത്തിയിരിക്കുന്നത്. അതിപ്രകാരമാണ്: 'അല്ലാഹു നല്ല വചനത്തിന് എങ്ങനെയാണ് ഉപമ നൽകിയിരിക്കുന്നത് എന്ന് നീ കണ്ടില്ലേ? (അത്) ഒരു നല്ല മരം പോലെയായിരുന്നു. അതിന്റെ മുരട് ഉറച്ചുനിൽക്കുന്നതും അതിന്റെ ശാഖകൾ ആകാശത്തേക്ക് ഉയർന്നു നിൽക്കുന്ന തുമാകുന്നു.' (സി.എച്ച് അഹമ്മദ് മൗലവി, പരിശുദ്ധ ഖുർആൻ (പരിഭാഷയും വ്യാഖ്യാനവും) പു.977) നശിക്കാതെ ഇളക്കമില്ലാതെ നിൽക്കുന്ന നല്ല വാക്കുകൾ ദൃഢമായ വൃക്ഷത്തെപ്പോലെയാണെന്ന് ഇതിലൂടെ ഖുർആൻ സാക്ഷ്യപ്പെടുത്തുന്നു. ഒരിക്കലും നശിക്കാത്ത ഇളക്കമില്ലാത്ത ഒന്നാണ് പ്രകൃതി എന്ന് സൂചിപ്പിക്കാനാണ് ഖുർആൻ ഇവിടെ ശ്രമിക്കുന്നത്. മനുഷ്യന് ആവശ്യമുള്ളതെല്ലാം സൃഷ്ടിച്ചത് ദൈവമാണെന്ന സാക്ഷ്യപ്പെടുത്തൽ ഖുർആനിൽ ഉണ്ട്. വൃക്ഷങ്ങളും സസ്യങ്ങളും ദൈവത്തിന്റെ തന്നെ സൃഷ്ടിയാണെന്നാണ് ഖുർആൻ മുന്നോട്ടുവയ്ക്കുന്ന ആശയം. ഏദൻ തോട്ടത്തിലെ അറിവിന്റെ വൃക്ഷത്തെയും സൃഷ്ടിച്ചത് അല്ലാഹുവാണെന്നാണ് ഖുർആൻ സൂചിപ്പിക്കുന്നത്. ഇതിൽ നിന്നെല്ലാം പറയാൻ ശ്രമിക്കുന്നത് വൃക്ഷം അനാദിയായ ഈശ്വരന്റെ സൃഷ്ടിയാണെന്നും അത് അറിവിന്റെ ചിഹ്നം കൂടിയാണെന്നുമാണ്.

മരുഭൂമിയിലെ ജനങ്ങൾക്ക് നിത്യജീവിതാ വശ്യത്തിനുള്ള ഭക്ഷണം കൊടുക്കുന്ന 'ഒലിവ്' വൃക്ഷത്തെക്കുറിച്ച് ഖുർആനിൽ പറയുന്നുണ്ട്. വൃക്ഷവും അല്ലാഹുവും തമ്മിൽ ഭേദമില്ല എന്ന് സൂചിപ്പിക്കുന്ന ഭാഗം ഖുർആൻ 28- അധ്യായം 30-വാക്യം ഇങ്ങനെയാണ്: 'അങ്ങനെ അദ്ദേഹം അഗ്നിക്കടുത്തെത്തിയപ്പോൾ അനുഗ്രഹീതമായ സ്ഥലത്തു സ്ഥിതി ചെയ്യുന്ന താഴ് വരയുടെ വലതുഭാഗത്തു നിന്ന് അതായത് ഒരു മരത്തിൽ നിന്ന് 'ഓമൂസാ'! സർവ്വലോകങ്ങൾക്കും അല്ലാഹു ഞാനത്രേ: എന്നു വിളിച്ച് പറയുന്നത് അദ്ദേഹം കേട്ടു.' ( സി.എച്ച് അഹമ്മദ്മൗലവി, പരിശുദ്ധ ഖുർആർ (പരിഭാഷയും

വ്യാഖ്യാനവും) പു.1415) ഇവിടെ ദൈവവും വൃക്ഷവും ഒന്നാണെന്ന ദർശനം ലഭിക്കുന്നുണ്ട്. ദൈവത്തിന്റെ പ്രതിരൂപമായി വൃക്ഷത്തെ കല്പിക്കുന്ന ഖുർആൻ ഉദാത്തമായ പ്രകൃതിദർശനം കൂടിയാണ് നൽകുന്നത്. പ്രപഞ്ചസ്രഷ്ടാവായ ദൈവത്തിന്റെ മുന്നിൽ പ്രകൃതിയിലെ വൃക്ഷങ്ങളും ചെടികളും പ്രണമിക്കുന്നത് 55-അധ്യായത്തിൽ സൂചിപ്പിക്കുന്നുണ്ട്. 'വൃക്ഷങ്ങളും സസ്യലതാദികളും അല്ലാഹുവിന്റെ നിയമങ്ങളുടെയും ശാസനകളുടെയും മുമ്പിൽ സാഷ്ടാംഗം പ്രണമിക്കുന്നു." (സി. എച്ച്. അഹമ്മദ് മൗലവി, പരിശുദ്ധ ഖുർആർ (പരിഭാഷയും വ്യാഖ്യാനവും) പു.1863) മനുഷ്യനെപ്പോലെ ചെടികളും വൃക്ഷങ്ങളും ജീവനും വിശേഷബുദ്ധിയും ഉള്ളതാണെന്ന സങ്കൽപ്പം അവതരിപ്പിക്കുവാനാണിവിടെ ശ്രമിക്കുന്നത്. പ്രകൃതിയും മനുഷ്യനും ഭേദമില്ലെന്ന ആശയം ഇവിടെ സംവേദനം ചെയ്യപ്പെടുന്നു.

വൃക്ഷത്തെക്കുറിച്ചുള്ള ധാരാളം പരാമർശങ്ങൾ 56-ാം അധ്യായത്തിൽ പറയുന്നുണ്ട്. സത്യ നിഷേധികളായവർ 'സഖൂം' വൃക്ഷത്തിൽ നിന്നുള്ള ഫലങ്ങളാണ് ഭക്ഷിക്കുക എന്ന് ദൈവം ഓർമ്മിപ്പിക്കുന്നുണ്ട്. ഭൂമിയിൽ മനുഷ്യൻ നടത്തുന്ന കൈയേറ്റങ്ങളെ ഖുർആൻ നിഷേധിച്ചിരുന്നു എന്ന് ഇത്തരം വാക്യങ്ങളിൽ നിന്നു മനസിലാക്കാം. സത്യനിഷേധികൾ പ്രകൃതിയെ അനാവശ്യമായി ചൂഷണം ചെയ്യുമ്പോൾ കഠിനനമായി അല്ലാഹു അവരെ ശകാരിക്കുന്നു. വിതക്കുന്നവൻ നിങ്ങളാണെങ്കിലും അതിൽ മുളച്ചു വരുന്ന ചൈതന്യം താനാണെന്ന് ദൈവം സത്യനിഷേധികളെ ഓർമ്മിപ്പിക്കുന്നു. അത്തി, ഒലിവ്, സഖൂം, എന്നിങ്ങനെ വൈവിധ്യമുള്ള വൃക്ഷങ്ങളെപ്പറ്റി ഖുർആനിൽ സൂചിപ്പിക്കുന്നുണ്ട്. പലതിനും ദിവ്യത്വവും ആരോപിച്ചിട്ടുണ്ട്. ഇങ്ങനെ 'വൃക്ഷ'മെന്നതിനെ ദൈവത്തിന്റെ പ്രതിരൂപമായി കാണാനും അതടങ്ങുന്ന പ്രകൃതിയെ സ്നേഹത്തോടെ പരിചരിക്കുകയും ചെയ്യാനാണ് 'ഖുർആൻ' ഉപദേശിക്കുന്നത്.

പ്രകൃതിയെ അകമഴിഞ്ഞു സ്നേഹിക്കാനാണ് എല്ലാമതങ്ങളും മനുഷ്യനെ ഉദ്ബോധിപ്പിക്കുന്നത്. പ്രകൃതി ഘടകമായ 'വൃക്ഷങ്ങൾ' അവന്റെ നിലനില്പിന് എല്ലാക്കാലവും ഉപകരിക്കുന്ന ഒന്നാണെന്ന് എല്ലാ മതങ്ങളുടെയും ദർശനങ്ങൾ പ്രത്യക്ഷത്തിൽ തന്നെ അവതരിപ്പിക്കുന്നുണ്ട്. ഖുർആനും ബൈബിളും ബുദ്ധമത വിശുദ്ധഗ്രന്ഥമായ ത്രിപിടികവും ജൈനമത വിശുദ്ധഗ്രന്ഥമായ അഗമയും ഹിന്ദുമതത്തിന്റെ പൗരാണികഗ്രന്ഥങ്ങളുമെല്ലാം വൃക്ഷത്തെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ഊന്നി പറയുന്നുണ്ട്. പ്രകൃതിയോടിണങ്ങി ജീവിക്കാനാണ് എല്ലാ മതങ്ങളും ഉപദേശിക്കുന്നത്. അതുകൊണ്ടുതന്നെ പ്രകൃതി എന്നതിനെ സമഗ്രമായി സൂചിപ്പിക്കാൻ വൃക്ഷചിഹ്നങ്ങളെയാണ് ഉപയോഗിച്ചിരിക്കുന്നത്. ദൈവികതയുടെ പ്രതിരൂപമായി മിക്ക മതങ്ങളിലും വൃക്ഷങ്ങൾ കടന്നുവരുന്നുണ്ട്. വൃക്ഷങ്ങളെ നശിപ്പിക്കാതിരിക്കാനായിരിക്കണം അവയ്ക്ക് ദൈവികപരിവേഷം നല്കിയിരിക്കുന്നത്. ഭാവികാലങ്ങളിൽ പ്രകൃതിയെ ഭീഷണമായ രീതിയിൽ മനുഷ്യൻ ചൂഷണം ചെയ്യാൻ സാധ്യതയുണ്ട് എന്ന് ദീർഘദർശനത്തിന്റെ തലത്തിൽ നിന്നു കൊണ്ടായിരിക്കണം ഈ ദൈവിക പരിവേഷ നിർമ്മിതിയൊക്കെ. മതദർശനങ്ങളെ അനുകൂലിക്കുന്നവരും പ്രതികൂലിക്കുന്നവരുമൊക്കെ അവമുന്നോട്ടുവയ്ക്കുന്ന വൃക്ഷങ്ങളോടും പ്രകൃതിയോടുമുള്ള സ്നേഹത്തെ കാണാതെ പോകരുത്. പിന്നിലേക്ക് നോക്കി മുന്നിലേക്ക് നടക്കാൻ ശ്രമിക്കുക. വൃക്ഷങ്ങളെ നശിപ്പിക്കാതിരിക്കുക പ്രകൃതിയെ ചൂഷണം ചെയ്യാതിരിക്കുക. അല്ലെങ്കിൽ നിങ്ങൾ നഷ്ടപ്പെട്ട പ്രകൃതിയെയോർത്ത് വിലപിക്കേണ്ടി വരും.

സഹായകഗ്രന്ഥങ്ങൾ


1. അഹമ്മദ് മൗലവി സി.എൻ., പരിശുദ്ധ ഖുർആൻ (വാല്യം 1, 2), (പരിഭാഷയും വ്യാഖ്യാനവും) എൻ. ബി.എസ്.കോട്ടയം, 2008.

2. ഓശാന പ്രസിദ്ധീകരണം, മലയാളംബൈബിൾ, 13-ാം പതിപ്പ്, ഓശാനമൗണ്ട് പ്രസിദ്ധീകരണം, ഇടമറ്റം, 2010.

3. കരുണാകരൻ സി.കെ, ദിവ്യമഹാസസ്യങ്ങൾ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2014.

4. സോമൻ പി, ഡോ., ഫോക് ലോർ സംസ്കാരം, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2007.

5. James Fergusson, Tree and Serpent Worship, Indological Book House, New Delhi, 1971.

# സങ്കല്പനവും ശൈലിയും: ധൈഷണിക ഭാഷാശാസ്ത്രവിശകലനം

**സന്തോഷ് സി.**, ഗവേഷകൻ,
ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

ശൈലി എന്ന പദം മലയാളത്തിൽ പൊതുവെ പല നിലകളിൽ ഉപയോഗിക്കപ്പെടുന്നതിനാൽ ഒരു നിയതാർത്ഥത്തിൽ അത് ഒതുങ്ങുന്നതല്ല. Idiom, style തുടങ്ങിയ ആംഗലേയപദങ്ങളുടെ തർജ്ജമയായി മലയാളത്തിൽ ഉപയോഗിച്ചുപോരുന്ന പദമാണ് ശൈലി. പാശ്ചാത്യ സാഹിത്യ സിദ്ധാന്തങ്ങളിലെ സ്റ്റൈൽ എന്ന പ്രയോഗത്തെ ഭാരതീയ സൗന്ദര്യശാസ്ത്രസങ്കൽപനമായ 'രീതി' യുമായി ബന്ധപ്പെടുത്തിയുള്ള താരതമ്യപഠനങ്ങൾ നടന്നിട്ടുണ്ട്. ഭാരതീയസൗന്ദര്യശാസ്ത്രത്തിൽ രീതി എന്നത് വൈദർഭി, പാഞ്ചാലം, ഗൗഡീയം, ദക്ഷിണാത്യം തുടങ്ങി നാല് തരത്തിൽ ഉള്ള എഴുത്തുപ്രക്രിയായിരുന്നു. എന്നാൽ ഇത്തരം നാല് വിഭാഗങ്ങളിൽ ഒതുങ്ങുന്നതായിരുന്നില്ല പാശ്ചാത്യരുടെ 'സ്റ്റൈൽ' (style). 'സ്റ്റൈൽ ഈസ് ദി മാൻ' എന്നാണ് ബഫൺ പറഞ്ഞത്. മനുഷ്യരെല്ലാം ധാരാളം ശൈലീകൾക്ക് ഉടമകളാണെന്നും അത്തരം ശൈലീജീവിതത്തിന്റെ ആകെത്തുകയാണ് മനുഷ്യനെന്നും ഇതിൽനിന്നു മനസ്സിലാക്കാം. അപ്പോൾ സ്വാഭാവികമായും എന്താണ് ശൈലി, ശൈലി മനുഷ്യൻ തന്നെയാണെന്ന് പറയുന്നതിന് പിന്നിലെ യുക്തി എന്താണ് തുടങ്ങിയ ചോദ്യങ്ങൾ ശൈലിയെപ്പറ്റിയുള്ള കൂടുതൽ ചർച്ചകളിലേക്ക് നയിക്കുന്നു. ധൈഷണികഭാഷാശാസ്ത്രം (Cognitive linguistics) മുന്നോട്ടു വയ്ക്കുന്ന 'കൺസെപ്ഷ്വൽ മെറ്റഫർ' എന്ന പരികല്പനയെ അവലംബിച്ച് ടി രാമലിംഗം പിള്ളയുടെ ശൈലീനിഘണ്ടു, എൻ പി രാമചന്ദ്രൻനായരുടെ ശൈലീപുരാണം എന്നീ ശൈലീസമാഹൃതകൃതികളിലെ ശൈലികളെ സാമാന്യമായി പഠനവിധേയമാക്കുകയാണ് പ്രബന്ധലക്ഷ്യം.

## ശൈലി

പാശ്ചാത്യ, പൗരസ്ത്യ വീക്ഷണങ്ങളിൽ ഒരു തരം പെരുമാറ്റ, പ്രതിനിധാന രീതിയാണ് ശൈലികളായി കരുതിപ്പോന്നത്. വ്യക്തികൾ തങ്ങളെ പ്രതിനിധാനം ചെയ്യുക വിവിധ രീതി (ശൈലി) കളിലാകാം, വേഷം, ഭാഷ, സമ്പത്ത്, ജീവിതരീതി തുടങ്ങിയവയിലെല്ലാം വെളിപ്പെടുന്നത് ഒരാളുടെ ശൈലിയാണ്. സാഹിത്യത്തിൽ രചനാരീതി, അലങ്കാരരീതി, പ്രതിപാദനരീതി, ആശയപ്രകടനരീതി തുടങ്ങി വ്യത്യസ്തമായ വഴികളിൽ ശൈലി പ്രത്യക്ഷപ്പെടാം. ജീവിതരീതിയും കലയുമായി ബന്ധപ്പെടുത്തിത്തന്നെ ധാരാളം ശൈലീസവിശേഷതകളുണ്ട്. ഇവയൊക്കെ വ്യക്തികളുടെ സമാനമല്ലാത്ത സവിശേഷതകളാണ്. ഇങ്ങനെ സൂക്ഷ്മമായി നോക്കുമ്പോൾ ശൈലി എന്ന സാമാന്യപ്രയോഗത്തിൽ ആശയക്ലിഷ്ടത അനുഭവപ്പെടാം. "ശീല'ത്തിൽ നിന്നാണ് ശൈലി എന്ന ശബ്ദത്തിന്റെ പിറവി. ശൈലികൊണ്ട് സാമാന്യമായി വിവക്ഷിക്കപ്പെടുന്നത് കർത്താവിന്റെ സ്വഭാവം, അഭിരുചി, പ്രകൃതി, ചരിത്രം, മനോവൃത്തി എന്നിവയുടെ കാര്യസ്വരൂപമാണ്' എന്ന് ചാത്തനാത്ത് അച്യുതനുണ്ണി നിരീക്ഷിക്കുന്നു. (2016:195).

സാഹിത്യത്തിൽ ശൈലികൾ പൊതുവായി മനസ്സിലാക്കപ്പെടുന്നത് എഴുത്തുകാരന്റെ രചനാ സവിശേഷതകളായാണ്. എന്നാൽ വാമൊഴിയിൽ പ്രചരിക്കുന്ന ശൈലികളും ധാരാളമായുണ്ട്. ഇവയിൽ മിക്കതും കാലക്രമേണ വരമൊഴിയിൽ സ്ഥാനം പിടിക്കുന്നവയുമാണ്. സാഹിത്യ രചനകളിൽ ഉൾപ്പെട്ടിട്ടുള്ള ശൈലികളെപ്പറ്റി പഠിക്കാൻ ശൈലീവിജ്ഞാനീയം (Stylistics) എന്ന പഠനശാഖതന്നെ ഘടനാത്മക ഭാഷാശാസ്ത്രത്തിന്റെ

(Structural Lingustics) ഭാഗമായി ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ രൂപം കൊണ്ടിട്ടുണ്ട്. ശൈലികളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് ഭാഷയുടെ പൊതുവായ അർത്ഥബോധനതന്ത്രം മനസ്സിലാക്കുക എന്നതാണ് ശൈലീ വിജ്ഞാനീയത്തിന്റെ ലക്ഷ്യം."വിഷയത്തിന്റെ മർമ്മം വരെ ഇറങ്ങിച്ചെല്ലാനുള്ള ഭാഷാപ്രയോഗത്തിന്റെ കഴിവുകൾ വർദ്ധിപ്പിക്കാനായി ആവിഷ്കരിക്കപ്പെട്ട അർത്ഥബോധനതന്ത്രങ്ങളെ നിർവചിക്കുകയും വികസിപ്പിക്കുകയും ചെയ്യുക വഴി ശൈലീ വിജ്ഞാനീയം സാഹിത്യകാരനും സഹൃദയനും ഒരുപോലെ ഉപകരിക്കുന്നു" എന്ന് എൻ.വി കൃഷ്ണവാര്യർ അഭിപ്രായപ്പെടുന്നു (1977:36). ചുരുക്കത്തിൽ ഭാഷയിലെ രചനാതന്ത്രമായി ഉപയുക്തമാക്കുന്ന ശൈലീവിഭവങ്ങളെയും അവയെ സാഹിത്യകാരർ ഉപയോഗപ്പെടുത്തുന്ന വിധങ്ങളെയും അന്വേഷിക്കുക എന്നതായിരുന്നു ശൈലീവിജ്ഞാനീയ പഠനങ്ങളുടെ മുഖ്യലക്ഷ്യം. ധ്വനിഘടന, പദഘടന, വാക്യഘടന, ബിംബകല്പന തുടങ്ങി വിവിധ സങ്കേതങ്ങൾ സൂക്ഷ്മമായി വിശകലനം ചെയ്യുകവഴിയാണ് ഇത് സാധ്യമാകുന്നത്. എന്നാൽ സമൂഹത്തിൽ വിനിമയം ചെയ്യപ്പെടുന്ന വാമൊഴിശൈലികളെയാണ് ധൈഷണികഭാഷാശാസ്ത്രസിദ്ധാന്തങ്ങളിൽ ഒന്നായ കൺസെപ്ഷ്വൽ മെറ്റഫറിനെ അടിസ്ഥാനമാക്കി ഈ പ്രബന്ധത്തിൽ പഠനവിധേയമാക്കുന്നത്.

മലയാളത്തിൽ ആദ്യമായി ശൈലികളെ സമാഹരിച്ച് നിഘണ്ടു രൂപപ്പെടുത്തിയ ടി. രാമലിംഗംപിള്ള ശൈലികളെ ഭാഷയുടെ അവിഭാജ്യഘടകമായാണ് കാണുന്നത്. വളരെക്കാലത്തെ പ്രയോഗം കൊണ്ട് പ്രത്യേകമായ ചില അർത്ഥങ്ങൾ സ്ഥായിയായിത്തീർന്നിട്ടുള്ള പദങ്ങളും പ്രയോഗങ്ങളും ശൈലിയെന്ന ഇനത്തിൽ ഉൾപ്പെടുത്തുന്ന അദ്ദേഹം, ഭാഷയുടെ ജീവൻ അതിലെ ശൈലികളാണെന്ന് പറയുന്നു. (1937:9). ഏത് ഭാഷയുടെയും ജീവൻ അതിലെ ശൈലീസമ്പത്താകുന്നു. അതുതന്നെയാണ് ഭാഷയ്ക്ക് ഭാഷാത്വം വരുത്തുന്നതിൽ സർവ്വപ്രധാനമായ സാമഗ്രി എന്ന് അപ്പൻ തമ്പുരാനും ഈ കൃതിയുടെ അവതാരികയിൽ വിശദീകരിക്കുന്നുണ്ട്. രാമലിംഗം പിള്ളയ്ക്ക് ശേഷം മലയാളത്തിൽ ശൈലീസമാഹരണം നടത്തിയത് വടക്കുംകൂർ രാജരാജവർമ്മയാണ്. ശൈലീപ്രദീപം എന്ന കൃതിയിൽ തന്റെ 'സംസ്കൃതപൂജ' പ്രകടമാണെന്ന് വടക്കുകൂർ സമ്മതിക്കുന്നുണ്ടെങ്കിലും ശൈലികളെ നിത്യവ്യവഹാരവുമായി ഇണക്കിച്ചേർത്ത് എ.ആർ. രാജരാജവർമ്മയുടെ സഭ്യ, ഗ്രാമ്യ നിർവചനത്തിനപ്പുറത്തേക്ക് കൊണ്ടുപോകുന്നുണ്ട്. "ജനങ്ങളുടെ ലോകജ്ഞതയും ആത്മസംസ്കാരവും മനോധർമ്മവിശേഷവും ഭാഷണകുശലതയും വാക്യസൗന്ദര്യബോധവും ആണ് ശൈലികൾക്ക് മൂലം. ഒരു സമുദായത്തിൽ പ്രസ്തുത ഗുണങ്ങൾ അങ്കുരിക്കുന്നതോടെ ശൈലികൾ ഉണ്ടാകാൻ തുടങ്ങുകയും നിത്യവ്യവഹാരത്തോട് ഒട്ടിച്ചേരുകയും ചെയ്യുന്നു" എന്ന് വടക്കുംകൂർ സൂചിപ്പിക്കുന്നുണ്ട് (1949). "ആശയപ്രകാശനവും ഗ്രഹണവും സുഗമമാക്കുന്ന ഒരുതരം പൊടിക്കൈയ്യാണ് ശൈലികൾ" എന്ന് വടക്കുംകൂറിന് ശേഷം ശൈലീസമാഹരണം നടത്തിയ എൻ.പി. രാമചന്ദ്രൻ നായർ (1995) അഭിപ്രായപ്പെടുന്നു.

തികച്ചും ഋജുവായ ഭാഷയിൽ കൂടി മാത്രമാണോ ശൈലികൾ സംവേദനം ചെയ്യപ്പെടുന്നത്, ഭാഷയിൽ പ്രവർത്തിക്കുന്ന സൂചകസൂചിതങ്ങൾ എത്രത്തോളം ശൈലികളുടെ ഉപയോഗത്തിൽ പ്രാവർത്തികമാകുന്നുണ്ട് എന്നതൊക്കെ ചിന്ത നീയമാണ്. വ്യത്യസ്തമായ മറ്റൊരു സന്ദർഭത്തെ സൂചിതമാക്കിക്കൊണ്ടാണ് സംവേദനം ചെയ്യപ്പെടുന്ന ആശയങ്ങൾ ശൈലിയിൽ പ്രവർത്തിക്കുന്നത്. ഈ ആശയങ്ങളാകട്ടെ സ്രോതസ് സന്ദർഭത്തിന്റെ പരിജ്ഞാനമില്ലാതെ ലക്ഷ്യസന്ദർഭത്തിൽ സംവേദന ക്ഷമമാവുകയുമില്ല. അപ്പോൾ കേവലം ഭാഷയുടെ വിന്യാസം സമ്പൂർണ്ണമായ സംവേദനത്തിന് ഉതകുകയില്ല എന്ന് വരുന്നു.

'പാഠപുസ്തകങ്ങൾ കടിച്ചാൽ പൊട്ടാത്തവയാണ്' എന്ന വിമർശനത്തിന് 'അതൊന്നും കടിക്കാനുള്ളതല്ല പഠിക്കാനുള്ളതാണ്' എന്ന് വിദ്യാഭ്യാസമന്ത്രി സി.എച്ച് മുഹമ്മദ് കോയ നൽകിയ മറുപടിയെ (കാരശ്ശേരി എം.എൻ, 2012:41) രണ്ട് രീതിയിൽ പരിഗണിക്കാവുന്നതാണ്. പ്രയോഗം ഉൾക്കൊണ്ടുകൊണ്ട് പരിഹാസച്ചുവയോടെയുള്ള മറുപടിയായും ഭാഷയെ വാച്യാർത്ഥത്തിൽ എടുത്തുകൊണ്ടുള്ള മറുപടിയായും. വാച്യാർത്ഥത്തിൽ എടുത്താൽപോലും മറുപടി പറഞ്ഞ ആളുടെ അജ്ഞതയായി അതിനെ കുറച്ചുകാണുകയാണെങ്കിൽ അത് ഭാഷയുടെ സംവേദനക്ഷമതയെത്തന്നെ ചോദ്യം ചെയ്യുന്നതിന് തുല്യമാണ്. കാരണം ആ പ്രയോഗം ആവശ്യപ്പെടുന്നത് വാചികഭാഷയ്ക്കപ്പുറമുള്ള തലമാണ് എന്നതുതന്നെ. ആശയവിനിമയത്തിൽ ഭാഷയുടെ അജയ്യസ്ഥാനം പ്രശ്നവത്ക്കരിക്കപ്പെടുന്നത് നിത്യ ജീവിതവ്യവഹാരത്തിലെ ഇതുപോലെയുള്ള സന്ദർഭങ്ങളിലാണ്.

### ധൈഷണികഭാഷാശാസ്ത്രം (Cognitive Linguistics)

രചനാതന്ത്രം എന്ന് വിശേഷിപ്പിച്ച് ഭാഷയെ

മറ്റുള്ള ധൈഷണികപ്രക്രിയകളിൽ നിന്നും വ്യത്യസ്തമായ സവിശേഷ മസ്തിഷ്കപ്രക്രിയയായി സ്ഥാപിക്കുകയാണ് നിരൂപകർ ഉൾപ്പെടെയുള്ളവർ ചെയ്തത്. ഭാഷയെപ്പറ്റിയുള്ള ഈ കാഴ്ചപ്പാടുകളെയാണ് ധൈഷണിക മന:ശാസ്ത്രത്തിന്റെ പരികല്പനകളുടെ അടിസ്ഥാനത്തിൽ ധൈഷണികഭാഷാശാസ്ത്രം പ്രശ്നവൽക്കരിക്കുന്നത്. ഭാഷയെപ്പറ്റി അന്നുവരെ കാര്യമായി പരിഗണിക്കപ്പെടാത്ത ഒരു വീക്ഷണമായിരുന്നു ധൈഷണിക ഭാഷാശാസ്ത്രം മുന്നോട്ടു വച്ചത്. തലച്ചോറിലെ നാഡീപഠനങ്ങൾ കണ്ടെത്തിയ പുതിയ അറിവുകൾ ഉപയോഗിക്കുന്ന ധൈഷണികമന:ശാസ്ത്രത്തെ പിൻപറ്റി ഭാഷാപരമായ ആശയവിനിമയം പൂർണ്ണമായും ഭാഷയിൽ കൂടി മാത്രമല്ല സാധ്യമാകുന്നത് എന്ന വാദം ധൈഷണികഭാഷാശാസ്ത്രം മുന്നോട്ടു വയ്ക്കുന്നു. ഭാഷയെ മാധ്യമമാക്കുന്ന എന്നാൽ ഭാഷാബാഹ്യമായ ധൈഷണികവൃത്തി വലിയൊരു അളവോളം ആശയവിനിമയത്തിൽ ഉൾപ്പെടുന്നു എന്നത് ധൈഷണികഭാഷാശാസ്ത്രസിദ്ധാന്തങ്ങൾ തെളിയിക്കുന്നു. ഭാഷകർ തിരിച്ചറിയുന്നില്ലെങ്കിലും സംസാരഭാഷയിൽ തലച്ചോറിൽ രൂപീകരിക്കപ്പെടുന്ന സങ്കല്പങ്ങളുടെ ആധിക്യം പ്രകടമാണെന്ന് മെറ്റഫറുകളും ശൈലികളും തെളിയിക്കുന്നുണ്ട്. ഭാഷയിൽ പ്രവർത്തിക്കുന്ന മെറ്റഫറുകളെപ്പറ്റി കൂടുതൽ പഠനം നടത്തിയ ജോർജ് ലക്കോഫിന്റെ മെറ്റഫർ സിദ്ധാന്തങ്ങൾ ഭാഷാബാഹ്യമായ സങ്കല്പനങ്ങൾ (concepts) എത്രത്തോളം ഭാഷയിൽ പ്രവർത്തിക്കുകയും ഫലപ്രദവും ശക്തവുമായ ആശയസംവേദനം സാധ്യമാക്കുകയും ചെയ്യുന്നു എന്ന് വിവരിക്കുന്നു. ഈ നിലയിൽ 'മെറ്റഫേഴ്സ് വി ലീവ് ബൈ' എന്ന അദ്ദേഹത്തിന്റെ ഗ്രന്ഥം മെറ്റഫർ തിയറികളെ വിശദമാക്കുന്ന ആധികാരിക ഗ്രന്ഥമായി കണക്കാക്കാം.

ധൈഷണിക ഭാഷാശാസ്ത്രത്തെ വികസിപ്പിച്ചെടുത്തത് റൊണാൾഡ് ലങ്ഗാക്കർ എന്ന അമേരിക്കൻ ഭാഷാശാസ്ത്രജ്ഞനാണ്. ധൈഷണിക വ്യാകരണം (Cognitive Grammar) ആവിഷ്കരിക്കുന്നതിലൂടെയാണ് ലങ്ഗാക്കർ ഭാഷാശാസ്ത്രരംഗത്തെ നൂതനമായ ഈ കാൽവയ്പ്പ് നടത്തിയത്. വാക്കുകൾ പോലെ വ്യാകരണവും അർത്ഥപൂർണമാണെന്ന് വിലയിരുത്തിയ അദ്ദേഹം ധൈഷണികതയുടെ അവിഭാജ്യ ഘടകമായും ലോകത്തെ മനസ്സിലാക്കാനുള്ള ഒരു ഉപാധിയായും കൂടി വ്യാകരണത്തെ കാണുന്നു. 'ഫൗണ്ടേഷൻ ഓഫ് കോഗ്നിറ്റീവ് ഗ്രാമർ' എന്ന ലങ്ഗാക്കറുടെ കൃതി ധൈഷണിക വ്യാകരണത്തിന് അടിസ്ഥാനമുറപ്പിക്കുന്ന ഒന്നാണ്.

ധൈഷണികഭാഷാശാസ്ത്രം നാളിതുവരെയുള്ള പല ഭാഷാശാസ്ത്ര നിർവചനങ്ങളെയും പ്രധാനമായും നോം ചോംസ്കിയുടെ പ്രജനകവ്യാകരണം എന്ന സമീപനത്തെയും ചോദ്യം ചെയ്തുകൊണ്ടാണ് അതിന്റെ വാദങ്ങൾ നിരത്തുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിൽ നിലവിൽ വന്ന ഭാഷയുടെ ശാസ്ത്രീയമായ പഠനം എന്ന പുതിയ ഭാഷാസമീപനം പല ഘട്ടങ്ങളിലായി ഭാഷാഘടനയെയും ഘടകങ്ങളെയും വ്യാകരണം, അർത്ഥം തുടങ്ങിയവയെയും വിശദീകരിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഘടകങ്ങളുടെ പരസ്പരബന്ധത്തിലും വ്യാകരണത്തിന്റെ സാധുതയിലും അർത്ഥരൂപീകരണത്തിലും മറ്റും വിവിധ നിരീക്ഷണങ്ങൾ ഭാഷാശാസ്ത്രത്തെ മുൻനിർത്തി അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. സൊസ്യൂർ ഭാഷയെ ലാങ്, പരോൾ എന്നിങ്ങനെ വിഭജിച്ചു. സമൂഹം പൊതുവായി പങ്കുവയ്ക്കുന്ന ഭാഷാനിയമങ്ങളും ഘടനയുമൊക്കെ അടങ്ങുന്ന ഭാഷാവ്യവസ്ഥയെ ലാങ് എന്നും ഭാഷകർ സംസാരരൂപേണ നടത്തുന്ന ഭാഷയുടെ ആവിഷ്കാരത്തെ പരോൾ (ഭാഷണം) എന്നും അദ്ദേഹം വിളിച്ചു. ചോംസ്കി ഇതിൽ ലാങിനെ പരിഷ്കരിച്ച്, സമൂഹത്തിൽ ലയിച്ചു കിടക്കുകയും ഭാഷകർ പങ്കുവയ്ക്കുകയും ചെയ്യുന്ന ഭാഷാനിയമവ്യവസ്ഥകളെ വ്യക്തിയുടെ ഭാഷാജ്ഞാനം എന്ന് വിളിച്ചു. അങ്ങനെ ഒരു ഭാഷയെപ്പറ്റി വ്യക്തികൾക്കുള്ള മുഴുവൻ അറിവിനെയും ചോംസ്കി ഭാഷാജ്ഞാനം (Competence) എന്നും ഭാഷണസന്ദർഭങ്ങളിലെ അവയുടെ പ്രയോഗത്തെ ഭാഷാപ്രയോഗം (Performance) എന്നും സിദ്ധാന്തിച്ചു. ഇവയെല്ലാം ഭാഷ എന്ന ബാഹ്യരൂപത്തെ മാത്രം കേന്ദ്രീകരിക്കുന്നവയായിരുന്നു. ഭാഷ പ്രയോഗത്തെ മുന്നിൽകണ്ടുള്ള ഒരു വ്യവസ്ഥയായതിനാൽ സംവേദനത്തിന്റെ അടിസ്ഥാനത്തിൽ മനസ്സിലാക്കപ്പെടേണ്ടതാണ് അതിന്റെ ലക്ഷ്യം എന്ന് ഭാഷാശാസ്ത്രപഠനങ്ങളെല്ലാം വിലയിരുത്തി. ധൈഷണിക ഭാഷാശാസ്ത്രം ആശയസംവേദനത്തിൽ കേവലം ഭാഷാരൂപത്തെ മാത്രം അപഗ്രഥിക്കുന്ന പഠനരീതിയെ എതിർക്കുകയും മസ്തിഷ്കത്തിന് ഭാഷയിലുള്ള പങ്ക് വിശദീകരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു എന്നതാണ് അതിന്റെ സവിശേഷതയും നൂതനത്വവും.

റൊണാൾഡ് ലങ്ഗാക്കറിനു പുറമെ ജോർജ് ലക്കോഫ്, ചാൾസ് ഫിൽമോർ, ഫൂക്കോണിയർ തുടങ്ങിയവരാണ് ഈ പഠനമേഖലയിൽ പ്രധാന സംഭാവന നൽകിയവർ. ജോർജ് ലക്കോഫ് മെറ്റഫറിനെപ്പറ്റി വിശദമായി പഠിച്ച് സങ്കൽപനപരമായ മെറ്റഫറുകൾ (Conceptual Metaphors) എന്ന സൈദ്ധാന്തികപരികല്പന

രൂപപ്പെടുത്തുകയും ഭാഷയിലുള്ള അവയുടെ ഒഴിവാക്കാനാകാത്ത സ്വാധീനത്തെപ്പറ്റി വിശദീകരിക്കുകയും ചെയ്യുന്നു. മാർക്ക് ജോൺസണു മായി ചേർന്നെഴുതിയ 'മെറ്റഫേഴ്സ് വി ലീവ് ബൈ' എന്ന കൃതി ഇതിന്റെ ആഴത്തിലുള്ള പഠനമാണ്. മെറ്റഫറുകൾ ഉപയോഗിക്കാതെ ഭാഷാവിനിമയം അസാധ്യമാണെന്ന് തന്നെ ലക്കോഫ് സ്ഥാപിക്കുന്നു. ജനാധിപത്യത്തിലും പുരോഗമന ആശയങ്ങളിലും നിലപാടുറപ്പിക്കുന്ന ലക്കോഫ് ധൈഷണികഭാഷാശാസ്ത്ര സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ട് അമേരിക്കൻ രാഷ്ട്രീയത്തിലും ശക്തമായ ഇടപെടലുകൾ നടത്തുന്ന ഭാഷാശാസ്ത്രജ്ഞനാണ്.

ജോർജ് ലക്കോഫിന്റെ മെറ്റഫർ തിയറിയെ പിൻപറ്റി സമാഹരിക്കപ്പെട്ട ചില ശൈലികളുടെ സാമാന്യ വിശകലനം മാത്രമാണ് ഈ പ്രബന്ധത്തിൽ ഉദ്ദേശിക്കുന്നത്. ധൈഷണികഭാഷാശാസ്ത്രത്തിലെ വിശാലമായ മറ്റ് മേഖലകളെയൊന്നും പ്രബന്ധം സ്പർശിക്കുന്നില്ല. അരിസ്റ്റോട്ടിലിയൻ കാഴ്ചപ്പാടിലെ പാശ്ചാത്യ മെറ്റഫർ സങ്കല്പമല്ല ലക്കോഫ് തന്റെ മെറ്റഫർ തിയറിയിൽ ഉപയോഗിച്ചിരിക്കുന്നത്. കാവ്യങ്ങളിൽ ആലങ്കാരികമായി ഉപയോഗിച്ചിരുന്ന, വസ്തുക്കൾ തമ്മിലുള്ള സാദൃശ്യം സൂചിപ്പിക്കുന്ന, ഒന്നിന്റെ ധർമ്മം മറ്റൊന്നിൽ ആരോപിക്കുന്ന പ്രയോഗങ്ങളായാണ് അരിസ്റ്റോട്ടിൽ മെറ്റഫറുകളെ വിശദീകരിച്ചത്. അതുവഴി സാഹിത്യ സൗന്ദര്യശാസ്ത്രത്തിൽ ഒഴിച്ചുകൂടാനാവാത്ത ഒന്നായാണ് മെറ്റഫർ കരുതപ്പെട്ടത്. എന്നാൽ തന്റെ പഠനങ്ങളിലൂടെ തികച്ചും ധൈഷണിക വൃത്തിയിലൂന്നിയ ഒന്നാണ് മെറ്റഫർ എന്ന് ലക്കോഫ് തെളിയിക്കുന്നു. അതിനാൽ തന്നെ കേവലം ഭാഷ കൊണ്ട് സംവേദനക്ഷമമാകുന്നതല്ല ലക്കോഫ് പരാമർശിക്കുന്ന മെറ്റഫർ. അതിന് ഭാഷയ്ക്കപ്പുറമുള്ള എന്നാൽ ഭാഷയിൽ കൂടി ആവിഷ്കൃതമാകുന്ന ഒരു സങ്കല്പനതലമുണ്ടെന്നും ഈ സങ്കല്പനം മുമ്പ് സൂചിപ്പിച്ചതുപോലെ സവിശേഷമായ ധൈഷണികവൃത്തിയുടെ ഭാഗമാണെന്നും ലക്കോഫ് സ്ഥാപിക്കുന്നു.

## മെറ്റഫർ

ചരിത്രപരമായും സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക പരമായും ഉടൽപരമായും നിർമ്മിക്കപ്പെടുകയും പുതുക്കപ്പെടുകയും ചെയ്യുന്ന ധാരണകളിൽക്കൂടിയാണ് മെറ്റഫറുകൾ രൂപം കൊള്ളുകയും നിലനിർത്തപ്പെടുകയും ചെയ്യുന്നത്. ഓരോ വാക്കും നൂറ്റാണ്ടുകളുടെ പാടുകളേറ്റു വാങ്ങിയാണ് നമ്മുടെ കൈകളിലെത്തിച്ചേരുന്നത് എന്ന് എം.എൻ വിജയൻ സൂചിപ്പിക്കുന്നതുപോലെ മെറ്റഫറുകളും കാലത്തിന്റെ പാടുകൾ ഉൾപ്പെട്ട് രൂപം കൊണ്ടവയാണ്. പല കാലങ്ങളിലെ ആന്തരികവും ബാഹ്യവുമായ മനുഷ്യാനുഭവത്തിന്റെ മൂർത്തവും അമൂർത്തവുമായ വിവിധതലങ്ങളെ മെറ്റഫറുകളായി രൂപപ്പെടുത്തിക്കൊണ്ടാണ് ഭാഷയുടെ പരിമിതി പലപ്പോഴും നികത്തപ്പെടുന്നത്. മെറ്റഫറുകളെ വെറും ഭാഷാപദങ്ങളായി കാണുന്നതും അവയുടെ പ്രയോഗത്തെ ഭാഷാസവിശേഷതയായി ചുരുക്കുന്നതും മനുഷ്യന്റെ സാമൂഹികതയെയും സൗന്ദര്യാവബോധത്തെയും നിഷേധിക്കുന്നതിന് സമമാകും. ഭാഷാപദങ്ങളിലല്ല മറിച്ച് ഐന്ദ്രിയമായ ഒരനുഭവം, ബോധ്യങ്ങൾ തുടങ്ങിയവ വ്യക്തിമനസ്സിലോ സമൂഹത്തിലോ ഉല്പാദിപ്പിച്ച അവബോധത്തിൽ കൂടിയാണ് മെറ്റഫറുകൾ പ്രവർത്തിക്കുന്നത്.

കാവ്യശൈലിയെ ഹൃദയാവർജ്ജകമാക്കാൻ പാശ്ചാത്യ പൗരസ്ത്യ സൗന്ദര്യ ശാസ്ത്രജ്ഞർ ഒരേപോലെ അംഗീകരിച്ചവയാണ് അർത്ഥാലങ്കാരങ്ങൾ. പ്രധാനമായും സാരൂപ്യകല്പനയായിരുന്നു ഈ അലങ്കാരപ്രയോഗങ്ങൾ കൊണ്ട് ഉദ്ദേശിച്ചിരുന്നത്. സാമ്യവസ്തുക്കൾക്ക് വായനക്കാരന്റെയും ശ്രോതാവിന്റെയും ഉള്ളിൽ ആശയങ്ങളെ സമൂർത്തമായി വരച്ചിടാൻ സാധിക്കും എന്നുള്ളതിനാലാണത്. പ്രയോഗിക്കുന്നവരുടെ ലോകബോധത്തിന്റെ നേർതെളിവുകൾ കൂടിയാണ് ഈ സാരൂപ്യകല്പനകൾ. അനുഭവരഹിതമായ കേവലഭാഷയുടെ വിന്യാസം കൊണ്ട് മാത്രം സാരൂപ്യ കല്പനകളെ അർത്ഥതീവ്രതയിൽ എത്തിക്കാൻ സാധിക്കുകയില്ല.

അനുഭവങ്ങളുടെ തീവ്രതയെ, അതിന്റെ സമഗ്രതയെ ഭാഷയിലാവിഷ്കരിക്കുക എഴുത്തിലും പറച്ചിലിലും ഒരേപോലെ ദുഷ്കരമാണ്. സമാനമായ ഇതര വ്യവഹാരസന്ദർഭങ്ങളെ അലങ്കാരാദിപ്രയോഗങ്ങളിൽ കൂടി ആവിഷ്കരിച്ച് ഒരു പരിധി വരെ ഈ പരിമിതി എഴുത്തുകാരൻ മറികടക്കാൻ ശ്രമിക്കുന്നു. ശൈലീപ്രയോഗങ്ങളിൽ കൂടി ശ്രമിക്കുന്നതും ഇതുതന്നെയാണ്. എന്നാൽ ഭാഷാസവിശേഷതയായ അലങ്കാര വർണ്ണനകൾക്കപ്പുറം സങ്കൽപനപരമായ മെറ്റഫറുകളുടെ ശക്തമായ ഉപയോഗം കൂടി ഇതിൽ ഉള്ളടങ്ങിയിട്ടുണ്ട് എന്നതാണ് സാരൂപ്യകല്പന എന്ന ചുരുങ്ങിയ നിർവചനത്തിനുള്ളിൽ നിന്നും മെറ്റഫറുകളെ വിശാലമായ ഒരു പരിപ്രേക്ഷ്യത്തിലേക്ക് എത്തിക്കുന്നത്.

മെറ്റഫറുകളെപ്പറ്റി നിലവിലുള്ള നാല് തെറ്റായ

ധാരണകളെ ലക്കോഫ് ഇങ്ങനെ പരാമർശിക്കുന്നു (2003:231):

1. മെറ്റഫറുകൾ സങ്കല്പനങ്ങളല്ല പദസംബന്ധിയാണ്
2. മെറ്റഫറുകൾസാദൃശ്യാടിസ്ഥാനത്തിലുള്ളവയാണ്
3. സങ്കൽപ്പനങ്ങൾ മെറ്റഫോറിക്കൽ അല്ല അക്ഷരാർത്ഥത്തിൽ ഉള്ളവയാണ്
4. മസ്തിഷ്ക/ശാരീരികപ്രകൃതം രൂപപ്പെടുത്തിയെടുത്ത ഒന്നല്ല യുക്തിചിന്ത

മെറ്റഫറുകൾ വെറും പദങ്ങളല്ല സങ്കല്പനങ്ങളാണ് എന്നും അവ സാദൃശ്യകല്പനയുടെ മാത്രം അടിസ്ഥാനമുള്ളവയല്ല (not based on similarity) എന്നും ഇത്തരം പരമ്പരാഗത കാഴ്ചപ്പാടുകൾ അവാസ്തവമാണെന്നും പിന്നീടുള്ള തന്റെ ഗവേഷണങ്ങളിൽ തെളിയിച്ചുകൊണ്ട് 'മെറ്റഫേഴ്സ് വിലീവ് ബൈ' എന്ന കൃതിക്ക് 2003 ലെഴുതിയ പിൻകുറിപ്പിൽ ലക്കോഫ് സൂചിപ്പിക്കുന്നുണ്ട്. (മെറ്റഫറുകളുടെ വർഗ്ഗീകരണത്തിലുള്ള തന്റെ വീക്ഷണത്തെയും ഇതിൽ ലക്കോഫ് പുതുക്കുന്നുണ്ട്). മെറ്റഫറുകൾ സാദൃശ്യ അടിസ്ഥാനത്തിൽ ഉള്ളവയല്ലെന്നും നമ്മുടെ അനുഭവമണ്ഡലങ്ങൾ (Source-target domains) തമ്മിലുള്ള പരസ്പരബന്ധ (cross-domain co-relation) ത്തിന്റെ സൂക്ഷ്മസ്ഥാനം വാക്കുകളിലല്ല സങ്കല്പങ്ങളിലാണെന്നും ലക്കോഫ് സമർത്ഥിക്കുന്നു.

മെറ്റഫറുകളായി തിരഞ്ഞെടുക്കുന്ന മാതൃകകൾ സമൂഹത്തിലെ അധികാര ബന്ധങ്ങളെയോ വൈരുധ്യങ്ങളെയോ മറ്റ് പ്രത്യയശാസ്ത്രങ്ങളെയോ സൂചിപ്പിക്കുന്നവ കൂടി ആകാനുള്ള സാധ്യത വിരളമല്ല. അമൂർത്ത ആശയങ്ങളും വികാരങ്ങളുമൊക്കെ പ്രത്യക്ഷീകരിക്കാൻ അബോധമായി തിരഞ്ഞെടുക്കുന്ന ഈ മാതൃകകൾ മിക്കപ്പോഴും ആ സവിശേഷകാലഘട്ടത്തിന്റെ പൊതുബോധത്തിൽ അലിഞ്ഞുചേർന്ന സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരികയുക്തികൾ തന്നെയാകാൻ സാധ്യതയുണ്ട്. ഇങ്ങനെ പ്രത്യയശാസ്ത്രബദ്ധമായ നിലവിലുള്ള മാതൃകകൾ സ്വീകരിക്കുക വഴി ആധിപത്യപരമായ ആശയങ്ങൾ പ്രവർത്തിക്കുന്ന ഭൗതികയാഥാർത്ഥ്യങ്ങൾക്ക് സാധുത നൽകുക കൂടി ചെയ്യുന്നതാണ് ഓരോ ശൈലീ/മെറ്റഫർ നിർമ്മിതിയും.

## സങ്കല്പനം

ധൈഷണികഭാഷാശാസ്ത്രത്തിൽ അർത്ഥമെന്നത് മസ്തിഷ്കപ്രവർത്തനങ്ങളിലൂടെ ഭാഷയിലേക്ക് രൂപമാറ്റം വരുത്തി ആവിഷ്കരിക്കുന്ന സങ്കല്പനങ്ങളാണ്. വ്യക്തികൾ തന്റെ ചുറ്റുപാടുകളിൽ നിന്നും നാനാവിധത്തിൽ ആർജ്ജിക്കുന്ന അറിവാണ് സങ്കല്പനം. ഓരോരുത്തർക്കും തന്റെ ചുറ്റുപാടിനെ പൊതുസമ്മതമായ ചില നിയമങ്ങളിൽ കൂടിയും പിന്നീട് സ്വന്തം വീക്ഷണങ്ങളിൽ കൂടിയും മനസ്സിലാക്കുകയും തുടർന്നുള്ള ഇടപെടലുകളിലെല്ലാം അവസരോചിതമായി ഉപയോഗിക്കുകയും ചെയ്യാൻ സാധിക്കുന്നത് ഈ സങ്കല്പനം എന്ന മസ്തിഷ്കപ്രക്രിയ വഴിയാണ്. ഇന്ദ്രിയാനുഭവങ്ങളിൽ കൂടിയായിരിക്കും മനുഷ്യർക്ക് വിവിധ വിവരങ്ങളിലേക്കുള്ള പ്രവേശനമാർഗ്ഗം തുറന്നുകിട്ടുക. ഈ വിവരശേഖരണം വഴിയാണ് മനുഷ്യന് ലോകബോധ്യങ്ങൾ രൂപപ്പെടുത്താൻ സാധിക്കുന്നതും അവ സങ്കല്പങ്ങളായി അറിവിന്റെ അടിസ്ഥാനമാകുന്നതും. ഇന്ദ്രിയങ്ങൾ വഴി ബന്ധം പുലർത്തുന്ന ബാഹ്യലോകത്തിൽ നിന്നും സംഭരിക്കുന്ന വിവരങ്ങൾ ബിംബശൃംഖലകളായാണ് മനുഷ്യമസ്തിഷ്കത്തിൽ സൂക്ഷിക്കുന്നത്. ഇന്ദ്രിയാനുഭവങ്ങൾ ധാരാളമായി കൊണ്ടിരിക്കുമ്പോൾ ഈ ശൃംഖല കൂടുതൽ സങ്കീർണ്ണമായിക്കൊണ്ടിരിക്കും. ബിംബശൃംഖലകൾ ഓർമ്മയായി ദീർഘകാലത്തോളം മനുഷ്യനിൽ നിലനിൽക്കുകയും അവ രൂപപ്പെടുത്തുന്ന സങ്കല്പനങ്ങൾ ഭാഷയിൽ നാമറിയാതെ തന്നെ മെറ്റഫറുകളായി പ്രയോഗിക്കപ്പെടുകയും ചെയ്യുന്നു.

## കൺസെപ്ഷ്വൽ മെറ്റഫർ സിദ്ധാന്തം (Conceptual Metaphor Theory)

മെറ്റഫർ എന്ന പദത്തിന്റെ മലയാള തർജ്ജമയായി പൊതുവെ വ്യവഹരിക്കുന്നത് രൂപകം എന്നാണ്. അരിസ്റ്റോട്ടിലിയൻ മെറ്റഫർ സങ്കല്പത്തോടാണ് ഈ പരിഭാഷയ്ക്ക് ചേർച്ച. എന്നാൽ കേവലം ഭാഷയിൽ പ്രകടിപ്പിക്കുന്ന സാദൃശ്യത്തിനു പകരം മെറ്റഫറുകൾക്ക് മറ്റൊരു തലം കൂടി ഉണ്ട്. മുമ്പ് സൂചിപ്പിച്ചതുപോലെ ഭാഷയ്ക്കപ്പുറം അതിനെ പ്രവർത്തനക്ഷമമാക്കുന്ന സങ്കല്പനതലം. തലച്ചോറിന്റെ, ധൈഷണികതയുടെ മാത്രം പിൻബലത്തോടെ ആ സങ്കല്പനം ഭാഷയിലൂടെ അവതരിപ്പിക്കപ്പെടുന്നു. മലയാളകാവ്യങ്ങളിൽ വ്യത്യസ്ത വസ്തുക്കൾ തമ്മിലുള്ള സാദൃശ്യം സൂചിപ്പിക്കാനായി ഉപയോഗിക്കുന്ന അലങ്കാരങ്ങളാണ് ഉപമ, ഉത്പ്രേക്ഷ, രൂപകം തുടങ്ങിയവ. സാദൃശ്യത്തിന്റെ തീവ്രതയനുസരിച്ച് ഈ അലങ്കാരപ്രയോഗങ്ങൾ മാറി വരും. പ്രതിപാദിക്കുന്ന/വർണ്ണിക്കുന്ന ഒന്നിന് മറ്റൊന്നിനോടുള്ള സാദൃശ്യം സാമാന്യമായി പറയുന്നതാണ് ഉപമ. ഒന്ന് മറ്റൊന്നിനെപ്പറ്റിയുള്ള തോന്നലുണർത്തിക്കൊണ്ട് അത് തന്നെയല്ലേ ഇത് എന്ന് സന്ദേഹം തോന്നത്തക്ക

വിധത്തിലുള്ള സാദൃശ്യം ഉത്പ്രേക്ഷയ്ക്ക് വഴി മാറും. വർണ്യവും അവർണ്യവും തമ്മിൽ ഭേദമില്ലാത്തവിധം രണ്ടല്ല ഒന്നാണെന്ന് പ്രഖ്യാപിക്കുന്നത് രൂപകം. ചുരുക്കത്തിൽ വർണ്യാവർണ്ണങ്ങൾക്ക് ഒരു സ്രോതസ് തലവും (എന്തിനോടാണോ സാമ്യപ്പെടുത്തുന്നത്) ഒരു ലക്ഷ്യതലവും (എന്തിനെയാണോ സാമ്യപ്പെടുത്തിയത്) ഉണ്ടാകുമ്പോഴേ ഈ അലങ്കാരങ്ങൾ പ്രസക്തമാകൂ. അഥവാ സ്രോത-ലക്ഷ്യ (source-target) തലങ്ങൾ കൃത്യമായി ഭാഷയിലൂടെ അവതരിപ്പിച്ചാൽ മാത്രമേ ഈ അലങ്കാരങ്ങളെ വേർതിരിച്ചെടുക്കാൻ സാധിക്കുകയുള്ളൂ.

മെറ്റഫറുകൾ എന്ന് പൊതുവായി നാം ഉപയോഗിക്കുന്ന പ്രയോഗങ്ങൾ പലപ്പോഴും ഇത്തരം ആലങ്കാരിക നിഷ്കർഷകൾക്ക് വഴങ്ങുന്നവയാകില്ല. ഉദാഹരണത്തിന് 'അയാൾ കോപം കൊണ്ട് ജ്വലിച്ചു', 'ദുരിതാശ്വാസ നിധിയിലേക്ക് സഹായപ്രളയം, 'വാക്പോര്', 'സൈബർ ആക്രമണം' തുടങ്ങിയ സാധാരണമായ പ്രയോഗങ്ങൾ ശ്രദ്ധിച്ചാൽ ഇവയിലെ ജ്വലിക്കുക, പ്രളയം, പോര്, ആക്രമണം തുടങ്ങിയവയൊന്നും ഭാഷയുടെ പ്രത്യക്ഷാർത്ഥത്തെ പേറുന്നവയല്ല എന്ന് കാണാം. മെറ്റഫോറിക്കലായി ഉപയോഗിക്കുന്ന പദങ്ങളാണിവ. സ്രോത-ലക്ഷ്യ തലങ്ങൾ തമ്മിലുള്ള സാമ്യം പ്രത്യക്ഷത്തിൽ ഇവിടെ പറയുന്നില്ല എങ്കിലും ആശയം സംവേദനം ചെയ്യുന്നുമുണ്ട്. ഇതിൽനിന്നും ഉപയോഗിച്ച ഭാഷയ്ക്കപ്പുറമുള്ള ഒരു തലം ഇവിടെ പ്രവർത്തിക്കുന്നുണ്ട് എന്ന് മനസ്സിലാക്കാം. ഇന്ദ്രിയങ്ങളിലൂടെ അനുഭവവേദ്യമാകുന്ന കാര്യങ്ങൾ തലച്ചോറിൽ രൂപപ്പെടുത്തുന്ന ഒരു സങ്കല്പനതലമാണ് ഇത് സാധ്യമാക്കുന്നത്. സ്രോത-ലക്ഷ്യതലങ്ങളെ സൂചിപ്പിച്ചുകൊണ്ടുള്ള ഭാഷാപ്രയോഗത്തിലൂടെ മാത്രം സാമ്യം പ്രകടമാക്കാൻ കഴിയുന്ന രൂപകാലങ്കാരത്തിനു പകരം ധൈഷണികവൃത്തിയിലൂടെ ഭാഷയെയും മറി കടന്നുള്ള ഒരു സംവേദനമാണ് മിക്ക മെറ്റഫറുകളിലൂടെയും സാധ്യമാകുന്നത്. അതായത് നമ്മുടെ അനുഭവത്തിന്റെ കൂടി നേരിട്ടുള്ള തലങ്ങളിലേക്ക് ഇത് വ്യാപിക്കുന്നുണ്ട്. അതിനാൽത്തന്നെ ഇവയെ ലക്കോഫ് മെറ്റഫർ എന്ന പാശ്ചാത്യകല്പനയ്ക്ക് പകരം സങ്കൽപനപരമായ മെറ്റഫറുകൾ (conceptual metaphors) എന്നു വിളിക്കുന്നു.

## സ്രോത-ലക്ഷ്യ തലങ്ങൾ (source-destination)

മുമ്പ് സൂചിപ്പിച്ചതുപോലെ മെറ്റഫറുകൾക്ക് മറ്റ് കാവ്യാലങ്കാരങ്ങളെപ്പോലെ തന്നെ രണ്ട് തലങ്ങൾ സ്വഭാവികമായും ഉണ്ട്. ഇന്ദ്രിയാനുഭവങ്ങളിൽ കൂടി ആർജ്ജിച്ചെടുക്കുന്ന ധാരണകളെ ഒരു പ്രയോഗതലത്തിലേക്ക് അടയാളപ്പെടുത്തുമ്പോഴാണ് സ്രോതതലവും ലക്ഷ്യതലവും തിരിച്ചറിയാനാവുക. സാദൃശ്യം ആരോപിക്കുന്ന അലങ്കാരപ്രയോഗങ്ങളിൽ (ഉപമ, ഉത്പ്രേക്ഷ, രൂപകം തുടങ്ങിയവ) ഈ രണ്ട് തലങ്ങളും അടയാളപ്പെടുത്തുന്നത് ഭാഷാ ബിംബങ്ങൾ തന്നെയാണ്. സാരൂപ്യകല്പനയാണ് അവിടെ നടക്കുന്നത്. എന്നാൽ സങ്കൽപനപരമായ മെറ്റഫറുകളിൽ ഇത്തരം വാച്യാർത്ഥങ്ങൾ അതേപടി അർത്ഥസംവേദനം നടത്തുകയില്ല. സ്രോതതലത്തിലെ വാച്യാർത്ഥത്തിന്റെ സത്തയെ ലക്ഷ്യതലത്തിൽ ആവിഷ്കരിക്കുമ്പോഴാണ് അർത്ഥസംവേദനം നടക്കുക. ഉദാഹരണമായി,

കോപം കൊണ്ട് അയാൾ തീ പോലെ ജ്വലിച്ചു-തീ ജ്വലിക്കുന്നതുപോലെ ദേഷ്യം വരുന്നു (ഉപമ)

കോപം കൊണ്ട് അയാളെന്ന തീ ജ്വലിച്ചു- മനുഷ്യനും തീയും അഭേദം കല്പിക്കുന്നു (രൂപകം)

കോപം കൊണ്ട് അയാൾ ജ്വലിച്ചു - സാരൂപ്യമുള്ള ഭാഷാപദങ്ങൾ ഉപയോഗിക്കാതെ തീയുടെ സവിശേഷ ഗുണം മനുഷ്യനിലേക്ക് ആരോപിക്കുന്നു

ഒരേ അർത്ഥം സംവേദനം ചെയ്യുന്ന ഈ മൂന്ന് പ്രയോഗങ്ങളിൽ ഒന്നിലും രണ്ടിലും ഉപമ രൂപകാലങ്കാരങ്ങൾ വഴിയാണ് തീയുമായുള്ള സാരൂപ്യകല്പന നടത്തുന്നതെങ്കിൽ മൂന്നാമത്തെ വാക്യത്തിൽ ഭാഷ പ്രവർത്തിക്കുന്നത് സങ്കൽപനത്തിൽ കൂടിയാണ്. ജ്വലിക്കുക എന്ന സ്രോതതലവുമായി വൈകാരിക അവസ്ഥയായ കോപം എന്ന ലക്ഷ്യതലത്തെ ബന്ധിപ്പിക്കുകയാണിവിടെ. തീ ജ്വലിക്കുക എന്ന അവസ്ഥയുമായി ബന്ധമുള്ള എല്ലാ പ്രത്യേകതകളെയും ഇവിടെ മനുഷ്യവികാരത്തിൽ ആരോപിച്ചിരിക്കുകയാണ്. ജ്വലനം എന്ന സങ്കല്പനതലം കൂടാതെ ഇതിൽ ഭാഷ പ്രവർത്തിക്കുക അസാധ്യമാണ്. സങ്കൽപനപരമായ മെറ്റഫറുകൾക്ക് ധാരാളം ഉദാഹരണങ്ങൾ നിത്യജീവിതവ്യവഹാരങ്ങളിൽ നിന്ന് കണ്ടെടുക്കാവുന്നതാണ്.

## ചില സങ്കൽപനപരമായ മെറ്റഫറുകൾ

ആശയം ഭക്ഷണമാകുന്നു (Ideas are food)
പാതിവെന്ത വിവരണം
ദഹിക്കാത്ത വിഷയം
ജ്ഞാനവിശപ്പ്
പറയേണ്ടത് അപ്പാടെ വിഴുങ്ങി
പുസ്തകം ആർത്തിയോടെ വിഴുങ്ങി
വിവരങ്ങൾ ചവച്ചരച്ച് പഠിച്ചു

തർക്കം യുദ്ധമാണ് (Arguement is war)
കടന്നാക്രമിച്ചു
പോരാട്ടം
പൊരുതിക്കേറി
നിഷ്ക്കരുണം ഖണ്ഡിച്ചു
വാക്പയറ്റ്
പ്രതിരോധിച്ചു
രമ്യതയിലെത്തി
വിജയിച്ചു/കീഴടങ്ങി

ജീവിതം ഒരു യാത്രയാണ് (Life is a journey)
ദിശയില്ലാത്ത ജീവിതം
എത്തേണ്ടിടത്ത് എത്തുക
ജീവിതവഴിത്താരകൾ
വിലങ്ങനെയുള്ള വഴികൾ
ജീവിതസ്ഥലികൾ
വഴിക്കു കുറുകെ വരാൻ അനുവദിച്ചില്ല
ഏറെദൂരം മുന്നോട്ടുപോയി

സ്നേഹം ഒരു യാത്രയാണ് (Love is a journey)
ഒരുപാട് നടന്നെത്തി
നീണ്ട ഇടുങ്ങിയ വഴികൾ
ഇനി തിരിഞ്ഞുനോട്ടമില്ല
അവരവരുടെ വഴി
വഴി പിരിയാം
വഴി തെറ്റിയലഞ്ഞു
മുൾപ്പാത

മനസ്സ് ഒരു യന്ത്രമാണ് (Mind is a machine)
മനസ്സ് പ്രവർത്തിക്കുന്നില്ല
മനസ്സ് തുരുമ്പെടുത്തു

സന്തോഷം ഉയർന്നതാണ് (Happiness is Up)
ആഹ്ലാദം വാനോളമുയർന്നു

ദുഃഖം താഴ്ന്നതാണ് (Sad is down)
നിരാശയിലാഴ്ന്നു

പ്രതികരണങ്ങൾ ചൂടും തണുപ്പുമാണ്
(Emotion is heat and cold)
തണുത്ത പ്രതികരണം
ഊഷ്മള വരവേൽപ്പ്

ആരോഗ്യവും ജീവിതവും ഉയർന്നതാണ്
(Health and Life are Up)
ജീവിതത്തിന്റെ ഉച്ചസ്ഥായി, ഉയിർത്തെഴുന്നേൽപ്പ്, ഉയർന്ന ആരോഗ്യം

രോഗവും മരണവും താഴെയാണ്
(Sickness and Death are down)
രോഗത്തിൽ വീണുപോയി, മരണത്തിനടിപ്പെട്ടു. മരണത്തിന്റെ താഴ്വര

അറിവ് വെളിച്ചവും അജ്ഞത ഇരുട്ടുമാണ്
(Knowledge is Light and ignorance is Darkness)
അറിവിന്റെ വെളിച്ചം, അജ്ഞതയുടെ ഇരുൾ/തമോഗർത്തം

സിദ്ധാന്തം കെട്ടിടമാണ് (Theories are buildings)
സൈദ്ധാന്തിക അടിത്തറ, സൈദ്ധാന്തികമായി കെട്ടുറപ്പുള്ള വാദം

ആശയം വസ്തുവാണ് (Ideas are objects)
ആ ആശയം വ്യക്തമാണ്, ഈ വാദം തീരെ സ്പഷ്ടമല്ല

മനസ്സിലാക്കൽ കാഴ്ചയാണ് (understanding is seeing)
എന്റെ വ്യത്യസ്തമായ കാഴ്ചയാണ്, കാഴ്ചപ്പാട് നിലപാടിനെ സ്വാധീനിക്കും, മറ്റൊരു മാർഗവും കാണുന്നില്ല

സമയം ധനമാണ് (Time is money)
അമൂല്യമായ നിമിഷങ്ങൾ, നഷ്ടമാകുന്ന സമയങ്ങൾ വിലപ്പെട്ടതാണ്, എന്റെ വിലപിടിച്ച മണിക്കൂറുകൾ

സമയം ചരക്കാണ് (Time is commodity)
കുറച്ചു സമയം തരൂ, എത്ര സമയം ബാക്കിയുണ്ട്, നിനക്കു തരാൻ എനിക്കിപ്പോൾ സമയമില്ല, കൂടിക്കാഴ്ചയ്ക്കുള്ള സമയം ചോദിച്ചു.

കൂടാതെ, പേടി ഇരുട്ടാണ്, കോപം ചൂടും ചുമപ്പും ഇരുളുമാണ്, ദുഃഖം ശൂന്യതയും ഇരുളുമാണ്, സന്തോഷം ഉയർന്നതും ചൂടുള്ളതും പ്രകാശവുമാണ്, പേടി ഇരുളും തണുപ്പും വെളുപ്പുമാണ് എന്നിവയെല്ലാം ചില ഉദാഹരണങ്ങളാണ്. സമയത്തെക്കുറിച്ചുള്ള മുകളിൽ സൂചിപ്പിച്ച സങ്കൽപനപരമായ മെറ്റഫറിന്റെ രൂപപ്പെടലിനു പിന്നിലെ ലോകബോധത്തെ ലക്കോഫ് ഇങ്ങനെ വിശദീകരിക്കുന്നു. "വ്യവസായവിപ്ലവവും ആധുനികബോധവും മറ്റും അധ്വാനത്തെ സമയനിഷ്ഠമായി ക്രമീകരിച്ചത് സമയത്തെ ഒരു പ്രധാന ചരക്കായി കാണുന്ന സങ്കല്പത്തിലെത്തിക്കാനും സമയാനുസൃതമായ വേതനവ്യവസ്ഥകൾ സമയത്തെ പണമായി മനസ്സിലാക്കാനും കാരണമായി" (1980:8). ഇത്തരത്തിൽ പ്രബുദ്ധതാനന്തരഘട്ടത്തിൽ വികസിച്ചുവന്ന ആധുനിക ലോകക്രമത്തിൽ നിർമ്മിക്കപ്പെട്ട മെറ്റഫറുകളും ശൈലികളും പ്രധാനമായും ഭാഷ എന്ന രൂപപരവും അക്ഷരനിബദ്ധവുമായ മാധ്യമത്തിനപ്പുറം ആ ലോകബോധ്യങ്ങളെക്കൂടിയാണ് സംവേദനം ചെയ്യാൻ ശ്രമിച്ചത്. നിത്യജീവിതത്തിൽ പരിചിതവും അനുഭവാത്മകവുമായ വസ്തുതകൾ

രൂപപ്പെടുത്തുന്ന സങ്കൽപ്പനം വഴിയാണ് ഇവ സംവേദനക്ഷമത കൈവരിക്കുന്നത്. അതായത് ഒരു ആധുനികപൂർവ്വസമൂഹം നിർമ്മിച്ച സങ്കൽപനപരമായ മെറ്റഫർ അതേ അളവിൽ ആധുനികസമൂഹത്തിൽ സംവേദനക്ഷമമാകണമെന്നില്ല. ശൈലികൾക്കും ഇത് ബാധകമാണ്.

രാഷ്ട്രീയവും സാമ്പത്തികവുമായ പ്രത്യയശാസ്ത്രങ്ങൾ മിക്കപ്പോഴും രൂപപ്പെടുത്തിയെടുക്കുന്നത് മെറ്റഫറുകളിൽക്കൂടി ആയിരിക്കും. മറ്റേതൊരു മെറ്റഫറിനെയും പോലെ യാഥാർത്ഥ്യത്തെ വിദഗ്ധമായി മറച്ചുപിടിക്കാൻ രാഷ്ട്രീയപരവും സാമ്പത്തികപരവുമായ മെറ്റഫറുകൾക്കു സാധിക്കും എന്നതിനാലണത്. ഇങ്ങനെ രാഷ്ട്രീയ, സമ്പദ് വ്യവസ്ഥകളിലെ യാഥാർത്ഥ്യങ്ങളുടെ മറച്ചുവയ്പ്പ് മെറ്റഫറുകളിൽക്കൂടി സംഭവിക്കുമ്പോൾ മാനവികതയുടെ ശോഷണം തന്നെയാണ് സംഭവിക്കുന്നതെന്ന് ലക്കോഫ് നിരീക്ഷിക്കുന്നുണ്ട് (1980:237). ഉദാഹരണമായി ലക്കോഫ് സൂചിപ്പിക്കുന്നത് 'അധ്വാനം ഒരു വിഭവമാണ്' (Labour is a resource) എന്ന മെറ്റഫറാണ്. സോഷ്യലിസ്റ്റ്, ക്യാപിറ്റലിസ്റ്റ് സിദ്ധാന്തഭേദമെന്യേ ഉപയോഗിക്കുന്നതാണ് ഈ പ്രയോഗം. അസംസ്കൃതവസ്തുക്കൾക്കൊപ്പം അധ്വാനത്തെയും ഒരു വിഭവമായി കരുതുന്ന ഈ മെറ്റഫറിലൂടെ അധ്വാനത്തിന്റെ സ്വഭാവമാണ് മറയ്ക്കപ്പെടുന്നത്. അർത്ഥപൂർണ്ണമായ അധ്വാനത്തിനും അമാനവീകരിക്കപ്പെടുന്ന അധ്വാനത്തിനുമിടയിൽ ഒരു വ്യത്യാസമുണ്ടാകാത്തവിധം ഈ മെറ്റഫർ സ്ഥിരീകരിക്കപ്പെടുകയും ചെയ്തു.

വിഭവങ്ങളുടെ വില കുറയുന്നതാണ് മെച്ചം എന്ന പൊതുധാരണയിലോടുന്ന ഒരു സമൂഹത്തിൽ അധ്വാനം ഒരു വിഭവമാണെന്ന മെറ്റഫറിൽക്കൂടി പ്രവർത്തിക്കുന്ന ആശയം അല്പമൂല്യമുള്ള അധ്വാനം മെച്ചമാണെന്നാണ്. വിലകുറഞ്ഞ തൊഴിലാളികളെ വിതരണം ചെയ്യുന്നയിടങ്ങളിൽ നിശ്ചയമായും നടത്തുന്ന മനുഷ്യചൂഷണം ഈ മെറ്റഫറിൽക്കൂടി സ്പഷ്ടമാണ്. ഗ്രാമനഗരഭേദമെന്യേ നാനാവിധ ജോലികൾക്കായി കേരളത്തിൽ കൂട്ടമായെത്തുന്ന ഇതരസംസ്ഥാന തൊഴിലാളികളെ വിതരണം ചെയ്യുന്ന കേന്ദ്രങ്ങൾ ഇത്തരത്തിൽ വിലക്കുറവുള്ള വിഭവങ്ങളിൽ ആകൃഷ്ടമായ കേരളീയപൊതുബോധത്തിൽ അധിഷ്ഠിതമായാണ് പ്രവർത്തിക്കുന്നത്. നിഷ്പക്ഷശബ്ദമെന്ന് തോന്നിപ്പിക്കുന്ന സാമ്പത്തിക-രാഷ്ട്രീയ പ്രസ്താവനകളെല്ലാം അമാനവീകരിക്കപ്പെടുന്ന ഇത്തരം യാഥാർത്ഥ്യങ്ങളെ മറച്ചുവച്ചാണ് മെറ്റഫറുകളെ ഉപയോഗപ്പെടുത്തുന്നത്. മെറ്റഫറുകളുടെ ഇത്തരം അന്ധമായ സ്വീകാര്യത പുരോഗമിച്ച സമൂഹങ്ങളിലും യാഥാർത്ഥ്യങ്ങളെ നിരന്തരം മറച്ചുപിടിക്കാൻ കാരണമാകുന്നു എന്നും അതുവഴി ലോകത്തിൽ പരക്കെ ഒരു സാങ്കല്പികഅടിമത്തം (virtual slavery) നിലനിൽക്കുന്നു എന്നും ലക്കോഫ് അഭിപ്രായപ്പെടുന്നുണ്ട് (1980:237).

## സങ്കല്പനവും ശൈലിയും

തിരുവിതാംകൂർ, കൊച്ചി, മലബാർ തുടങ്ങിയ പല സ്ഥലങ്ങളിൽ നിന്നും ശേഖരിക്കപ്പെട്ടശൈലികളാണ് ശൈലീനിഘണ്ടുവിൽ സമാഹരിച്ചതെന്ന് ടി രാമലിംഗം പിള്ള മുഖവുരയിൽ സൂചിപ്പിക്കുന്നുണ്ട്. ഐക്യകേരളരൂപീകരണത്തിനു മുൻപുള്ള 'പല കേരളങ്ങളി'ൽ നിലനിന്ന കാലബോധവും ലോകബോധവുമെല്ലാം ഈ സമാഹാരത്തിലെ ശൈലികളിൽ വായിച്ചെടുക്കാനാകും. ഇതിനുശേഷം സമാഹരിക്കപ്പെട്ട മറ്റ് ശൈലീഗ്രന്ഥങ്ങളിൽ ഇതിലുള്ള പലതും അപ്രത്യക്ഷ്യമാകുന്നതും ശ്രദ്ധേയമാണ്. അതിനു കാരണങ്ങൾ മുകളിൽ സൂചിപ്പിച്ചതുപോലെ മാറിവരുന്ന ജീവിതപരിസരങ്ങളും വിപുലമായ ആശയവിനിമയ സാധ്യതകളുമാണ്. ഐക്യകേരളനിർമ്മിതിക്ക് മുൻപുള്ള കൊളോണിയൽ, ഫ്യൂഡൽബോധം ജനതയിൽ രൂപപ്പെടുത്തിയ സങ്കല്പനതലം പ്രവർത്തിക്കുന്ന ശൈലികൾ ധാരാളമായി രാമലിംഗം പിള്ളയുടെ സമാഹാരത്തിൽ കാണാം. പ്രധാനമായും ഫ്യൂഡൽ പരിപ്രേക്ഷ്യം നിർമ്മിച്ച സാമൂഹ്യവ്യവസ്ഥയുമായി ബന്ധപ്പെട്ട ഭാഷാവ്യവഹാരങ്ങളിലും ശൈലികളിലും ഫ്യൂഡൽ ചിഹ്നങ്ങൾ തെളിഞ്ഞുനിൽക്കുന്നുണ്ട്. ഇത് ഒരു കാലഘട്ടത്തിന്റെ ലോകബോധം രൂപപ്പെടുത്തിയ സങ്കല്പനങ്ങളുടെ സൃഷ്ടിയാണ്. അബോധമായിത്തന്നെ അവ നമ്മുടെ ആശയവിനിമയങ്ങളിൽ എത്തപ്പെടുകയും വിനിമയശേഷി കൈവരിക്കുകയും ചെയ്യുന്നു.

അടുക്കളയെ മെറ്റഫറായി ഉപയോഗിച്ചുകൊണ്ടുള്ള ശൈലികളും ഫ്യൂഡൽ വ്യവസ്ഥിതി നിലനിന്നിരുന്ന ഒരു ദേശബോധമാണ് ആവിഷ്കരിക്കുന്നത്. അടുക്കളദോഷം, അടുക്കളക്കുറ്റം, അടുക്കളമിടുക്ക്, അടുക്കളസേവ തുടങ്ങിയ അടുക്കള മെറ്റഫറുകളിൽ സ്രോതതലം വീട്ടിലെ സവിശേഷപ്രാധാന്യമുള്ള ഇടമായ അടുക്കളയാണ്. ഈ ഇടത്തിന്റെ പരിപാലനം പരമ്പരാഗതമായി ഏല്പിക്കപ്പെട്ടിരുന്നത് സ്ത്രീകളിലായതിനാൽ ഏറെക്കുറെ അടുക്കള സമം സ്ത്രീ എന്ന സമീകരണം കാലാകാലങ്ങളായി നിലവിൽ വന്ന പൊതുബോധമാണ്. അതുകൊണ്ടുതന്നെ അടുക്കളയെ സംബന്ധിച്ചുള്ള ശൈലികൾ ലക്ഷ്യം വച്ചിരുന്നത് സ്ത്രീകളെയോ അവരുമായി ബന്ധപ്പെട്ട

വ്യവഹാരങ്ങളെയോ ആണ്. സ്രോതതലം അടുക്കളയും ലക്ഷ്യതലം സ്ത്രീയും ആകുമ്പോൾ രൂപീകരിക്കപ്പെടുന്ന ഈ ശൈലീസമവാക്യങ്ങൾ ആധുനികത നിർമ്മിച്ച ഒരു ആദർശാത്മക സ്ത്രീബിംബത്തെക്കൂടി രൂപപ്പെടുത്തുന്നുണ്ട്. അതുകൊണ്ടാണ് 'അടുക്കളദോഷം' ചാരിത്ര്യ ഭംഗമാകുന്നതും 'അടുക്കളക്കുറ്റം' സ്ത്രീയുടെ കുറ്റമാകുന്നതും 'അടുക്കളമിടുക്ക്' സ്ത്രീയുടെ സാമർത്ഥ്യ മാകുന്നതും 'അടുക്കളസേവ' സ്ത്രീമുഖേനയുള്ള സേവയാകുന്നതും. 'അടുക്കളപ്പെണ്ണിന് അഴക വേണമോ' എന്ന ശൈലിയിൽ അടുക്കളയെയും സ്ത്രീയെയും നിസ്സംശയം ചില കള്ളികളിലടയ്ക്കുന്നത് വ്യക്തമാണ്. അടുക്കള എന്ന മെറ്റഫർ ഏതുതരം ബോധ്യത്തെയാണ് സങ്കൽപനം ചെയ്തിരിക്കുന്നതെന്ന് ആ കാലഘട്ടത്തിൽ രൂപംകൊണ്ട ശൈലികൾ വെളിവാക്കുന്നു.

ആധുനികത നിർമ്മിച്ച ദ്വന്ദ്വസങ്കൽപം ചില ശൈലികളിലെങ്കിലും പ്രവർത്തിക്കുന്നതായി കാണാം. ചില ബൈനറികളെ നിർമ്മിച്ചുകൊണ്ട് ഒരു ഭാഗത്തെ അപരവത്ക്കരിക്കുന്ന ശ്രമങ്ങൾ ഇത്തരം ശൈലികളിൽ വ്യക്തമാണ്. ഊമൻ കണ്ട കിനാവ്, കുറവൻ ചുമച്ചപോലെ, കുരുടൻ കുത്തുകണ്ടപോലെ തുടങ്ങിയവ ഇത്തരത്തിൽ വിരുദ്ധദ്വന്ദ്വസൃഷ്ടിക്കുള്ള ശ്രമമാണ്. ഊമ കാണുന്ന കിനാവിന് സംസാരശേഷിയില്ലായ്മകൊണ്ട് സൗന്ദര്യമില്ലാതായിപ്പോകുന്നത് ശബ്ദമില്ലാത്തവനെ നിഷ്ക്രിയനായി വിരുദ്ധചേരിയിൽ തളച്ചിടാനുള്ള ശ്രമമാണ്. 'പൂർണ്ണനായ മനുഷ്യൻ' എന്തുകൊണ്ടും കേമനെന്നും ശാരീരികവൈകല്യങ്ങൾ മനുഷ്യാവിഷ്കാരങ്ങൾക്ക് തടസ്സമെന്നുമുള്ള പ്രാഗ്ബോധമാണ് സങ്കൽപനമായി പ്രവർത്തി ക്കുന്നതും ഇത്തരത്തിൽ ശൈലികളെ നിർമ്മിക്കുന്നതും. സംസാരശേഷി നഷ്ടപ്പെട്ട ആളുടെ നിസ്സഹായതയെ സ്രോതതലമായി പരിഗണിച്ചുകൊണ്ട് ലക്ഷ്യതലത്തിലേക്ക് പ്രയോഗിക്കുന്ന മെറ്റഫറാണ് ഈ ശൈലീനിർമിതിയുടെ അടിസ്ഥാനം.

സമാനമായി, 'കുരുടൻ കുത്തുകണ്ട പോലെ' എന്ന ശൈലിയും ശാരീരികവൈകല്യങ്ങളെ അപഹാസ്യമായി സങ്കല്പനം ചെയ്ത ഒരു പൊതു ബോധനിർമ്മിതിയാണ്. 'ഊമൻ പ്രസംഗിക്കേ പൊട്ടൻ കേൾക്കുക', 'ഊമനാണെങ്കിൽ പൊട്ടനുമാണ്' തുടങ്ങിയ ശൈലീപ്രദീപത്തിൽ ചേർക്കാതിരുന്ന ശൈലികൾ ഇപ്പോൾ പ്രചാരലുപ്തമായെങ്കിലും ശൈലീനിഘണ്ടുവിൽ സമാഹരിക്കപ്പെട്ടത് (1999:150) ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യശതകങ്ങളിലെ അവയുടെ പ്രചാരം സൂചിപ്പിക്കുന്നു. 'കുറവന്റെ ചുമ' എന്ന ശൈലിയും ഇത്തരമൊരു അപരവത്കരണശ്രമമാണ്. ചുമ ഒരു ശാരീരികപ്രക്രിയയാണ് പക്ഷെ അത് കുറവനിൽ ആരോപിക്കപ്പെടുമ്പോൾ 'കുറവന്റെ ചുമ' ഒരു മെറ്റഫറാകുന്നു. പ്രവർത്തിക്കുന്നതൊന്ന് ലക്ഷ്യമാക്കുന്നത് മറ്റൊന്ന് എന്ന രീതിയിലുള്ള സമീപനമാണ് ഈ ശൈലികൊണ്ട് ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ പരസ്പരബന്ധമില്ലാതെ ഒന്നിനെ സമീപിക്കുന്ന 'അയുക്തി' കുറവനിൽ ആരോപി ക്കുന്നതിലാണ് സമൂഹബോധത്തിന്റെ അപര വത്ക്കരണയുക്തി പ്രവർത്തിക്കുന്നത്.

കറിവേപ്പില, ഇത്തിൾക്കണ്ണി, കൂഴച്ചക്ക തുടങ്ങിയ സസ്യലോകവുമായി ബന്ധപ്പെട്ട ശൈലികൾ സങ്കൽപനപരമായ മെറ്റഫറുകളെ ശക്തമായി ആവിഷ്കരിക്കുന്നവയാണ്. ഇതിൽ കറിവേപ്പില, കൂഴച്ചക്ക മുതലായവ തൊണ്ണൂറുകളിൽ സമാഹരിക്കപ്പെട്ടവയാണ്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ഇവ ശൈലീരൂപത്തിൽ വിനിമയം ചെയ്തിരുന്നതായി രാമലിംഗം പിള്ളയോ വടക്കുംകൂർ രാജരാജവർമ്മയോ അടയാളപ്പെടുത്തുന്നില്ല. നൂറ്റാണ്ടിന്റെ രണ്ടാം പകുതിയുടെ ജീവിതബോധ്യങ്ങളാകണം ഇവയുടെ സങ്കല്പനതലം രൂപപ്പെടുത്തുന്നതും വിനിമയങ്ങളിലെ ലക്ഷ്യതലവുമായി ബന്ധിപ്പിക്കുന്ന വിധം വികസിച്ചു വരുന്നതും. ആവശ്യം കഴിഞ്ഞാൽ അവഗണിക്കപ്പെടുന്ന അവസ്ഥാവിശേഷത്തെ കറിവേപ്പിലയുടെ ഉപയോഗവുമായി ബന്ധ പ്പെടുത്തിയും പ്രസരിപ്പോ കാര്യശേഷിയോ അന്തസ്സാരമോ ഇല്ലാത്ത അവസ്ഥയെ കൂഴച്ചക്കയുടെ വഴുവഴുപ്പുമായി ബന്ധപ്പെടുത്തിയും മറ്റും ആധുനികകേരളബോധം ശൈലികളെ ആവിഷ്കരിച്ചുകൊണ്ടിരുന്നു.

അരക്കിട്ടുറപ്പിക്കുക, അഴിച്ചുപണിയുക, ഉടച്ചുവാർക്കുക തുടങ്ങിയ ശൈലികളുടെ സ്രോതതലം ഒരു വസ്തുവിന്റെ നിർമ്മിതിയുമായി ബന്ധപ്പെട്ടതാണ്. നിരന്തര പരിശ്രമങ്ങളിലൂടെയും പുന:പരിശോധനകളിലൂടെയും കുറവുകൾ തീർത്ത് നിർമ്മിക്കുന്ന ഒരു ആശയമോ ആവിഷ്കാരമോ ആകും ലക്ഷ്യതലത്തിൽ. ഭൗതികമായ നിർമ്മിതികളുടെ പരിഷ്കരണാർത്ഥം നടത്തുന്ന ഇടപെടൽ വ്യാപകമാകുന്ന ഒരു ലോകവ്യവസ്ഥയിൽ നിന്നും സ്വാംശീകരിക്കപ്പെടുന്ന സങ്കല്പനമാണ് ഇത്തരം മെറ്റഫറുകളെയും ശൈലീനിർമ്മിതിയെയും സാധ്യമാക്കുന്നത്. വ്യാവസായികവിപ്ലവാനന്തരമുള്ള ലോകക്രമത്തിൽ ഇത്തരം ശൈലികൾ പ്രചരിച്ചതിനു തെളിവാണ് ശൈലീനിഘണ്ടുവിലെ ഇവയുടെ

സ്ഥാനം. എങ്കിലും 'അരക്കിട്ടുറപ്പിക്കുക' എന്ന ശൈലി ശൈലിനിഘണ്ടുവിൽ ലഭ്യമല്ല. തൊണ്ണൂറുകളോടെ പുറത്തുവന്ന ശൈലീപുരാണത്തിലാണ് ഈ ശൈലി ചേർക്കപ്പെട്ടിട്ടുള്ളത്. ഐക്യകേരള രൂപീകരണത്തിന് മുമ്പുള്ള കേരളങ്ങളിൽ യാത്ര ചെയ്തും അനേകം പുസ്തകങ്ങളും സംഭാഷണരീതികളും പരിശോധിച്ചും നിലവിലിരുന്ന ശൈലികളെ ക്രോഡീകരിച്ച രാമലിംഗം പിള്ള ഈ ശൈലി വിട്ടുപോയി എന്ന് കരുതുക വയ്യ. തന്നെയുമല്ല 'അരക്കൻ' പോലെയുള്ള ശൈലികൾ ചേർത്തിട്ടുമുണ്ട് (1999:53). അതിനാൽ തന്നെ അത് ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ രൂപപ്പെട്ട ശൈലിയാകാനാണ് സാധ്യത. 'അരക്കിട്ടുറപ്പിക്കുക' എന്നതിന്റെ സ്രോതതലം വസ്തുക്കളെ ചേർത്തൊട്ടിക്കാൻ കഴിയുന്ന ശക്തിയേറിയ പശയുമായി ബന്ധപ്പെട്ടതാണ്. അരക്കില്ലത്തെപ്പറ്റിയുള്ള പുരാണകഥയും അരക്കിന്റെ ശക്തി വെളിവാക്കുന്ന സങ്കൽപനമാണ്. ഈ ബോധ്യമാണ്, 'അരക്ക്' എന്ന മെറ്റഫറിനെ ഒരാശയത്തിന്റെയോ പ്രക്രിയയുടെയോ ഉറപ്പിനെ സ്ഥിരീകരിക്കാൻ ഉതകുംവണ്ണം ശൈലിയിലേക്ക് രൂപാന്തരപ്പെടുത്തിയത്.

## ശൈലികളിലെ പരിസ്ഥിതി മെറ്റഫറുകളും മനുഷ്യ മെറ്റഫറുകളും

പ്രകൃതിയെ സ്രോതതലമാക്കിക്കൊണ്ടുള്ള മെറ്റഫറുകൾ അമൂർത്തമായ മനുഷ്യാനുഭവത്തെയും അവസ്ഥാ വിശേഷങ്ങളെയും മൂർത്തവൽക്കരിക്കുന്ന ശൈലികളായി രൂപപ്പെട്ടിട്ടുണ്ട്. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യവും സൂക്ഷ്മമായ നിരീക്ഷണ പാടവവും ഇത്തരം ശൈലികളിൽ തെളിഞ്ഞുനിൽക്കുന്നു. ഭാഷാപരമായി പൂർണ്ണമായും സംവേദനം ചെയ്യാൻ സാധിക്കാത്ത അമൂർത്താനുഭവങ്ങളെ ഭാഷയും കവിഞ്ഞ് സങ്കൽപനപരമായ മെറ്റഫറുകളിൽ കൂടി പ്രകാശനം ചെയ്യുന്ന എന്നതാണ് ഇത്തരം ശൈലികളുടെ സവിശേഷത. ഉദാഹരണമായി ചില ശൈലികൾ താഴെ ചേർക്കുന്നു

### തൃപ്തികരമല്ലാത്ത മനുഷ്യാവസ്ഥ

വളച്ചൊടിക്കുക, വാടി വരണ്ട, വാട്ടം തട്ടുക, മുളയിലേ നുള്ളുക, വേരോടെ പറിച്ചുകളയുക, വേലി വിളവ് തിന്നുക, മുളയിൽ നഖം കൊണ്ട് നുള്ളാം

### പ്രതീക്ഷ

വളം വച്ചു കൊടുക്കുക, പച്ചപിടിക്കുക, തഴയ്ക്കുക, വേരൂന്നുക, വിത്തുഗുണം, വിത്തെടുത്ത് കുത്തുക, നാമ്പിടുക, വിളഞ്ഞ വിത്ത്, തണൽ/ തണലായിരിക്കുക, മുളയായാലും മുറുകെപിടിക്കണം

### നഷ്ടം

ഉണങ്ങിപ്പോവുക, ചീഞ്ഞുനാറുക, കൂമ്പടയുക, വേരറ്റ, നിലം പൊത്തുക

### നേട്ടം

കൊയ്ത്ത്, വിളവെടുപ്പ്, വിളനിലം, തടി/തടിത്തരം, തടിമാടൻ

ഇത്തരത്തിൽ പരിസ്ഥിതി-കാർഷിക സംബന്ധിയായ പ്രക്രിയകളെ മനുഷ്യാനുഭവങ്ങളുമായി ചേർത്തുവച്ച് ഭാഷയുടെ സാമ്പ്രദായിക അർത്ഥബോധത്തെത്തന്നെ മറികടക്കുന്നുണ്ട് ശൈലികൾ. ചരിത്രത്തിന്റെ പല ഘട്ടങ്ങളിലായി രൂപപ്പെട്ടുവരുന്ന ഇവ ഓരോ ഘട്ടത്തിലെയും പ്രബലവും പ്രചാരത്തിലുള്ളതുമായ ജൈവ, അജൈവ പ്രക്രിയകളിൽനിന്നുമാണ് ഊർജ്ജം ഉൾക്കൊള്ളുന്നതെന്ന് മനസ്സിലാക്കാം.

മുകളിൽ സൂചിപ്പിച്ച ഉദാഹരണങ്ങൾ ശൈലീ നിഘണ്ടുവിൽ സമാഹരിക്കപ്പെട്ടവയാണ്. എന്നാൽ ശൈലീപുരാണത്തിൽ ഇവയൊന്നും ഉൾപ്പെടുത്തിയിട്ടില്ല. ശൈലിനിഘണ്ടുവിലും ശൈലീപ്രദീപത്തിലുമുള്ള അനേകം ശൈലികളെ ഒഴിവാക്കിക്കൊണ്ടാണ് രാമചന്ദ്രൻ നായർ ശൈലീപുരാണം സമാഹരിച്ചിട്ടുള്ളത്. ഈ ഉദാഹരണങ്ങളെല്ലാം തന്നെ ശൈലികളാണെങ്കിലും അവ ശൈലികളായി കണക്കാക്കാനാവാത്തവിധം നിത്യജീവിത വ്യവഹാരങ്ങളിൽ പ്രചാരം കൈവരിക്കുകയും ഭാഷാപദങ്ങളായി സംവേദനം ചെയ്യപ്പെടുകയും ചെയ്യുന്ന എന്നതാകാം ഇവയെ ഒഴിവാക്കിയതിന്റെ കാരണം എന്ന് സംശയിക്കാവുന്നതാണ്. "ശൈലികൾക്ക് ഒരു തലം കൂടിയുണ്ട്. അവനാണ് ശൈലിയുടെ തലതൊട്ടപ്പൻ. പ്രയോഗിച്ചു പ്രയോഗിച്ചു അവയുടെ മൗലികാർത്ഥം ആരും ഓർക്കാറെ ഇല്ല" എന്ന് ടികെ അച്യുതൻ സൂചിപ്പിക്കുന്നത് (2011:126) ഇവിടെ പ്രസക്തമാണ്.

### പ്രതികരണം ഭക്ഷണമായി സങ്കല്പനം ചെയ്യുന്ന ശൈലികൾ

വളിച്ച ചിരി, ചീഞ്ഞ നോട്ടം, മധുരഭാഷണം, കയ്പൻ മറുപടി, തേന്മൊഴി, പുളിച്ച തെറി, എരികേറ്റി

### ഒരു പ്രബന്ധത്തെ മനുഷ്യരൂപമായി സങ്കല്പനം ചെയ്യുന്ന ശൈലികൾ

പ്രബന്ധശരീരം, തലക്കെട്ട്, അടിക്കുറിപ്പ്, പിൻകുറി,

മുഖമൊഴി, ആമുഖം

**ഉടൽഭാഗങ്ങൾ മെറ്റഫറുകളാകുന്ന ശൈലികൾ**

നഗ്നസത്യം, തലക്കനം, കൈ ഉടയ്ക്കുക, കൈമടക്ക്, നഖം ചുരണ്ടുക, ചൊറിയുക, നഖശിഖാന്തം, നക്കിത്തരം

**നിറങ്ങളിൽ ആരോപിക്കപ്പെടുന്ന പ്രത്യയശാസ്ത്ര ബോധ്യങ്ങൾ**

വെളുപ്പ്, കറുപ്പ് തുടങ്ങി പല നിറങ്ങളിലും ആരോപിക്കപ്പെടുകയും പിന്നീട് സാമാന്യ ബോധമായി പ്രവർത്തിക്കുകയും ചെയ്യുന്ന സങ്കല്പനമെറ്റഫറുകളും ശൈലികളിൽ പ്രവർത്തിക്കുന്നുണ്ട്.

കരിങ്കാമൻ - വിരൂപൻ
കരിങ്കള്ളൻ - വലിയ കള്ളൻ
കരിങ്കണ്ണൻ - കണ്ണ് പെടത്തക്കവണ്ണമുള്ള കണ്ണുള്ളവൻ
കരിങ്കാലൻ - നാശകാരി
കരിനാക്ക് - പറഞ്ഞാൽ പറ്റുന്ന നാക്ക്
കരി തേക്കുക - ആക്ഷേപിക്കുക

കറുപ്പ് നിറം നിഷേധരൂപങ്ങളുടെ ഉപസർഗ്ഗമായി വരുന്ന 'കരി' മെറ്റഫറുകൾ കറുപ്പിനെ അപരമാക്കുന്ന ഒരു ലോകബോധ്യത്തിന്റെ നേർസാക്ഷ്യമാണ്.

വെള്ളകൊടുത്താൽ വിന തീരും (പണം കൊടുത്താൽ ഉപദ്രവം നീങ്ങും), വെള്ളക്കള്ളൻ (സത്യവാനെന്ന നടിച്ചുകൊണ്ട് കള്ളം ചെയ്യുന്നവർ) തുടങ്ങിയ ശൈലികൾ 'വെള്ള' മെറ്റഫറുകളെ ഉപസർഗ്ഗങ്ങളാക്കിക്കൊണ്ട് നന്മ, സത്യസന്ധത, കലർപ്പില്ലായ്മ തുടങ്ങി വെളുപ്പ് നിറത്തിന്റെ 'സവിശേഷത'യെ പ്രത്യേകം ഊന്നിക്കൊണ്ട് സംവേദനം ചെയ്യപ്പെടുന്നു.

ശൈലീസമാഹൃത കൃതികളിൽ ഉൾപ്പെട്ടിട്ടില്ലാത്തതും സമകാല വാമൊഴി, വരമൊഴി പ്രയോഗങ്ങളിൽ ഉപയോഗിക്കുന്നതുമായ ധാരാളം ശൈലികൾ മലയാളത്തിലുണ്ട്. ഇവയെല്ലാം വിശകലനം ചെയ്യുകയെന്നത് ഈ പ്രബന്ധപരിധിക്കു പുറത്തായതിനാൽ അത്തരമൊരു സമഗ്ര നോട്ടത്തിലേക്ക് കടക്കുന്നില്ല. പത്രഭാഷ, ദൃശ്യമാധ്യമഭാഷ, നവസാമൂഹിക മാധ്യമങ്ങൾ ഇവയെല്ലാം ശൈലികളുടെ നിരന്തരം ഉല്പാദിപ്പിക്കുകയും നവീകരിക്കുകയും ചെയ്യുന്ന ഇടങ്ങളാണ്. പഴയ ശൈലികളെ രൂപത്തിലും സംവേദനപരമായും പരിണാമപ്പെടുത്തിക്കൊണ്ട് പുതിയ സന്ദർഭങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിൽ നവമാധ്യമങ്ങൾ വലിയ പങ്കു വഹിക്കുന്നുണ്ട്. ഏത് ലോകബോധത്തിൽ നിന്നാണോ നിർമ്മിക്കപ്പെട്ടത് ആ ബോധ്യങ്ങളിലുണ്ടാകുന്ന പരിണാമം മൂലം അതേ മെറ്റഫറുകളിന്മേൽ പുതിയ സങ്കല്പനതലങ്ങൾ ചേർക്കപ്പെടുകയും സംവേദനസന്ദർഭങ്ങൾ വ്യതിയാനപ്പെടുകയും ചെയ്യുന്നത് ചില ശൈലികളിലെല്ലാം പ്രകടമാണ്.

അതുപോലെ വെറും കാഴ്ചയ്ക്കപ്പുറം രൂപവും ഗന്ധവും ശബ്ദവും നിറവും സ്പർശവും മറ്റും രൂപപ്പെടുത്തുന്ന ഒരു സമഗ്രബോധമാണ് പരിസ്ഥിതിവിശേഷങ്ങളെയും മനുഷ്യാനുഭവങ്ങളെയും മെറ്റഫറുകളിലൂടെ സംവേദനത്തിന്റെ, ഭാഷാബാഹ്യമെന്നോ ഭാഷയാൽ അസാധ്യമെന്നോ വിശേഷിപ്പിക്കാവുന്ന, തലത്തിലേക്ക് എത്തിക്കുന്നത്. ആധുനികമായ ഒരു പ്രപഞ്ച, സമയ, കാലബോധത്തിന്റെ നേർസാക്ഷ്യങ്ങളാണ് ഈ സമാഹൃതരചനകളിലെ ശൈലികൾ. നേരിട്ട് ഒരു സന്ദർഭശകലത്തെ ഉദ്ധരിച്ചുകൊണ്ട് അവയോടുള്ള സാമ്യം സൂചിപ്പിക്കുന്ന വിധത്തിലുള്ളവ, പരിസ്ഥിതിയിലെയും മനുഷ്യ പ്രകൃതിയിലെയും നാനാസവിശേഷതകളെ എടുത്തുകാട്ടിക്കൊണ്ട് ലാക്ഷണികമായും വ്യംഗ്യമായും പ്രയോഗിക്കപ്പെടുന്നവ, അമൂർത്തമായ തലങ്ങളെ കൂടുതൽ ആഴത്തിൽ സംവേദനം ചെയ്യാൻ സാധിക്കുന്ന വിധത്തിൽ മൂർത്തമായ പ്രക്രിയകളിൽ നിന്നുള്ള സന്ദർഭങ്ങളെ ചേർത്തു നിർമ്മിക്കുന്നവ തുടങ്ങി ശൈലികളിൽ പ്രവർത്തിക്കുന്നത് ഭാഷയെ മാധ്യമമാക്കിക്കൊണ്ടുള്ള തികച്ചും ഭാഷേതരമായ ഒരു തലമാണ്.

ഭാഷാപദങ്ങൾ വാച്യാർത്ഥപ്രധാനമായ അർത്ഥ രൂപീകരണം നടത്തുമ്പോൾ ശൈലികൾ അത്തരം അർത്ഥസങ്കല്പങ്ങളെ മറികടന്ന് ഭാഷാബാഹ്യമായ ഒരു ആർത്ഥികലോകത്തെയാണ് സൃഷ്ടിക്കുന്നത് എന്ന് സൂചിപ്പിച്ചു. ശൈലീനിർമ്മിതമായ ഈ മണ്ഡലം നിരന്തരപ്രയോഗത്തിലൂടെ ആ പദങ്ങളുടെ ഭാഷാർത്ഥമായിത്തന്നെ ഉറച്ചുപോകുകയും ശൈലികളായി മനസ്സിലാക്കപ്പെടാതെ പോവുകയും ചെയ്യും. അതാകാം ശൈലീനിഘണ്ടുവിൽ ഉണ്ടായിരുന്ന അനേകം ശൈലികളെ രാമചന്ദ്രൻ നായർ തന്റെ കൃതിയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് അതിന്റെ ഏഴിലൊന്നോളം മാത്രം വരുന്നവയെ സമാഹരിക്കാൻ കാരണം. ശൈലീമൂല്യമില്ലാത്ത കുറെ പ്രയോഗങ്ങൾ ശൈലീനിഘണ്ടുവിൽ സ്ഥലം പിടിച്ചിട്ടുണ്ട് എന്നാണ് അദ്ദേഹം അതിനു കാരണമായി അഭിപ്രായപ്പെട്ടത് (1995: viii). എന്നാൽ രാമചന്ദ്രൻ നായർ ഒഴിവാക്കിയതിൽ പലതും ഇന്നും ശൈലികളായി സംവേദനക്ഷമത

പുലർത്തുന്നവയാണ് എന്ന് മുമ്പ് സൂചിപ്പിച്ച ചില ദൃഷ്ടാന്തങ്ങളിൽ നിന്നും വ്യക്തമാണ്. ധാരാളം ഉദാഹരണങ്ങൾ ശൈലീനിഘണ്ടുവിൽ ലഭ്യവുമാണ്.

ആലങ്കാരിക പ്രയോഗങ്ങളെക്കാൾ ആഴമുള്ള ഒരു ലോകമാണ് മെറ്റഫറുകളുടെ സങ്കല്പനതലം എന്ന് ലക്കോഫ് വിശദീകരിക്കുന്നതുപോലെ ശൈലികളും ഭാഷാപദങ്ങൾക്കപ്പുറം സവിശേഷ സംവേദനശേഷിയുള്ളവയാണ്. അവയെ കേവലം ഒരു ഭാഷാപരമായ പ്രയോഗമായി കാണുക സാധ്യമല്ല. കാരണം ഭാഷാവ്യവഹാരത്തിൽ ശൈലികൾ സംവേദനശേഷി കൈവരിക്കുന്നത് അവയിൽ ഉള്ളടങ്ങിയിരിക്കുന്ന അർത്ഥതലം സങ്കൽപനപരമായി മനുഷ്യർ സ്വാംശീകരിച്ചിട്ടുള്ളതു കൊണ്ടാണ്. ലക്കോഫ് കൺസപ്ഷ്വൽ മെറ്റഫർ എന്ന് വിളിക്കുന്ന ലോകബോധത്തിന്റെ തലമാണ് വാച്യാർത്ഥത്തിനപ്പുറം സംവേദനം ചെയ്യപ്പെടുന്ന മിക്ക ശൈലികളിലും പ്രവർത്തിക്കുന്നത്. ഓരോ ഇന്ദ്രിയങ്ങളിൽ കൂടി കൈവരുന്നത് ഓരോ തരം അനുഭവങ്ങളെന്നത് ശാസ്ത്രീയമായും ശരീരപരമായും ശരിയെങ്കിലും ഈ പ്രയോഗനിഷ്ഠമായ ഐന്ദ്രിയസംവേദനത്തെ മറികടക്കുന്ന ഒരു ആനുഭവികതലമാണ് സങ്കൽപനപരമായ മെറ്റഫറുകൾ സാധ്യമാക്കുന്നത്. കേൾവിയെ മറികടന്ന് സംഗീതം സ്പർശിക്കുന്നതും ശബ്ദം മധുരമാകുന്നതും, സ്പർശത്തെ മറികടന്ന് നോട്ടം ആർദ്രമാകുന്നതും, കാഴ്ച ഊഷ്മളമാകുന്നതും, ഗന്ധത്തെ മറികടന്ന് സ്നേഹത്തിന് ഗന്ധമുണ്ടാകുന്നതും സംശയങ്ങൾ മണക്കുന്നതും, രുചിയെ മറികടന്ന് ആഹ്ലാദങ്ങൾ രുചികരമാകുന്നതുമൊക്കെ ശൈലികളിൽ സാധ്യമാകുന്നെങ്കിൽ അത് ഓരോ അവയവത്തെയും അനുഭവങ്ങളെയും മുൻനിർത്തിയുള്ള സങ്കൽപനങ്ങളുടെ പ്രത്യക്ഷീകരണമാണ് എന്ന് പറയാം.

**ഗ്രന്ഥസൂചി**


അച്യുതനുണ്ണി ചാത്തനാത്ത്, രാഘവവാര്യർ എം.ആർ (എഡി), 1984, ശൈലീവിജ്ഞാനം, സമകാലപഠനങ്ങൾ, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം

2016, രീതിദർശനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

അച്യുതൻ ടി.കെ, 2011, ഭാഷാകേളി, ഡി.സി ബുക്സ്, കോട്ടയം

കാരശ്ശേരി എം.എൻ, 2017, പൊളിച്ചെഴുത്ത്, ഡി.സി ബുക്സ്, കോട്ടയം

കൃഷ്ണവാര്യർ എൻവി, 1977, വള്ളത്തോളിന്റെ കാവ്യശില്പം, കേരള സർവകലാശാല, തിരുവനന്തപുരം

ഗിരീഷം പി.എം, 2012, അറിവും ഭാഷയും ധൈഷണികഭാഷാശാസ്ത്രം ആമുഖം, കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

2013, മലയാളം സ്വത്വവും വിനിമയവും, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം

2016, ജോർജ് ലക്കോഫ് ഭാഷയുടെ രാഷ്ട്രീയമനസ്സ്, ചിന്ത പബ്ളിഷേഴ്സ്, തിരുവനന്തപുരം

(എഡി), 2018, ഭാഷാശാസ്ത്രം ചോംസ്കിക്കുമപ്പുറം, കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

രാമചന്ദ്രൻ നായർ എൻ.പി, 1995, ശൈലീപുരാണം, ഡി.സി ബുക്സ്, കോട്ടയം

2008, ശൈലീപുരാണം, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം

രാമലിംഗംപിള്ള ടി, 1975, ശൈലീനിഘണ്ടു, ഡി.സി ബുക്സ്

1999, ശൈലീനിഘണ്ടു, ഡി.സി ബുക്സ്

രാജരാജവർമ്മ വടക്കുംകൂർ, 1967, ശൈലീപ്രദീപം, കമലാലയാ ബുക്ക് ഡിപ്പോ, തിരുവനന്തപുരം

വേണുഗോപാലപ്പണിക്കർ, 1987, നോം ചോംസ്കി, വിശ്വദർശന പ്രസിദ്ധീകരണം

Lakoff George & Mark Johnson, 1980, Metaphors we live by, The University of Chicago Press

2003, Metaphors we live by, The University of Chicago Press

Pinker Steven, 2008, The Stuff of Thought, Penguin Books

Punter David, 2007, Metaphor, Routledge

Ramachandran V.S, 2012, The Tell-Tale Brain, Penguin Random House

# ആളോഹരി ആനന്ദം: സ്വവർഗസ്ത്രീരതിയുടെ രാഷ്ട്രീയപാഠങ്ങൾ

***ധന്യ ഇ.ജെ,*** *ഗവേഷക, മലയാളം*
*ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി*

**സംഗ്രഹം**

എഴുത്തിനുമപ്പുറത്തുള്ള അതിതീക്ഷ്ണമായ സാമൂഹിക ഇടപെടലുകൾ പ്രഭാഷണങ്ങൾ എന്നിവയിലൂടെ മലയാള സാഹിത്യഭാവനയുടെ ഊർജ്ജസ്വലമായ മുഖമായിരിക്കുന്ന സാറാജോസഫ്. സ്ത്രീപുരുഷബന്ധം മാത്രമല്ല പ്രണയത്തിന്റേയും ആനന്ദത്തിന്റേയും മാർഗമെന്നു കണ്ടെത്തുന്ന സ്ത്രീകളുടെ അവകാശ രേഖയായി മാറുന്ന സമീപകാല നോവലാണ് സാറാജോസഫിന്റെ ആളോഹരി ആനന്ദം. സ്നേഹമെന്ന മനുഷ്യാവകാശത്തിനുമേൽ ഭരണ കൂടവും പൗരോഹിത്യവും ചേർന്നു നടത്തുന്ന കയ്യേറ്റങ്ങൾക്കു നേരെ ചൂണ്ടുന്നു ഈ നോവൽ. സ്വവർഗലൈംഗികതയെക്കുറിച്ച് പോപ്പ് ഫ്രാൻസിസ് ഐക്യരാഷ്ട്രസഭയിൽ നടത്തിയ പ്രസംഗം മുതൽ കഴിഞ്ഞവർഷങ്ങളിൽ ഈ വിഷയത്തിൽ ഇന്ത്യയിൽ സജീവമായ ചർച്ചകളുടേയും ദൽഹി ഹൈക്കോടതി വിധിയുടേയും വരെ പശ്ചാത്തലം ഈ നോവലിനുണ്ട്.

സാറാജോസഫിന്റെ നോവലുകളിലോ കഥകളിലോ ലേഖനങ്ങളിൽപോലുമോ സ്വവർഗരതിക്കനുകൂലമായ രാഷ്ട്രീയനിലപാടുകൾ മുമ്പ് പ്രത്യക്ഷപ്പെട്ടിട്ടില്ല എന്നതും ആളോഹരിആനന്ദത്തെ വ്യത്യസ്തമാക്കുന്നു. സ്ത്രീയുടെ ഉടൽ പുരുഷാധികാരത്തിന് വിധേയമാണെന്നും അതുകൊണ്ടു തന്നെ നിലനിൽക്കുന്ന പുരുഷമേധാവിത്വഘടനകളെ അപനിർമ്മിക്കണമെന്നുമാണ് ഈ നോവൽ ബോധ്യപ്പെടുത്തുന്നത്. സ്വന്തം ലൈംഗികത സ്വയം നിർണ്ണയിക്കേണ്ടതാണെന്നും അതുവഴി സർവർക്കും ആനന്ദം ലഭിക്കുമെന്നും പറഞ്ഞുവയ്ക്കുന്ന ഈനോവൽ, ലിംഗാതീതമായ പ്രണയത്തിന്റെ മനുഷ്യാവകാശരേഖയാകുന്നു.

**താക്കോൽ വാക്കുകൾ**

സ്വവർഗ ലൈംഗികത (homo sexuality), ലിംഗാധികാര വ്യവസ്ഥ - സമൂഹം, ലൈംഗികന്യൂനപക്ഷങ്ങൾ (sexual minorities) - പുരുഷത്വം, സംസ്കാരം സദാചാരം - പ്രണയം, സ്ത്രീപുരുഷലൈംഗികത - ഭിന്നവർഗ്ഗ ലൈംഗികത (heterosexual) - കുടുംബം - മതം - ലൈംഗികത - ലിംഗപദവി സ്വവർഗസ്ത്രീരതി (ലെസ്ബിയനിസം) ബലാൽസംഗം - റാഡിക്കൽ ഫെമിനിസം.

## ആളോഹരി ആനന്ദം

ഭൂരിഭാഗം മനുഷ്യരുടേയും ശാരീരികമാനസിക ഭാവങ്ങളിൽ ഏറിയും കുറഞ്ഞും സ്വവർഗ ത്തിൽപ്പെട്ടവരോട് ആകർഷണവും ഇഷ്ടവും തോന്നിപ്പിക്കുന്ന ആഭിമുഖ്യങ്ങൾ ഉണ്ട്.

എന്നാൽ പലവിധ ശിക്ഷണങ്ങളിലൂടെ അതിനെ മെരുക്കിയെടുത്ത് നമ്മൾ 'സാധാരണ' ജീവിതം നയിക്കുവാൻ ശീലിപ്പിക്കുന്നു. എന്നാൽ പത്തു ശതമാനത്തോളം വരുന്ന മനുഷ്യർക്ക് സ്വവർഗ്ഗത്തോടു മാത്രമേ ആകർഷണം തോന്നൂ എന്ന ജീവശാസ്ത്രപരമായ സത്യം നിലനിൽക്കുകയാണ്. അവരോട് 'സാധാരണ'മായ ഭിന്നവർഗ ലൈംഗികജീവിതം ജീവിക്കുവാൻ നിർബന്ധിക്കുന്നത് അധികാരവർഗത്തിന്റെ കൊടും ക്രൂരതയാണ്. ഈ നീതിനിഷേധത്തിനെതിരെ ആളോഹരി ആനന്ദം ശക്തമായി പ്രതികരിക്കുന്നു.

മണ്ണിൽതറവാടിന്റെ താവഴികളുടെയും അവിട ങ്ങളിലെ സ്ത്രീ പുരുഷന്മാരുടേയും അസംതൃപ്ത ജീവിതങ്ങളുടെ കഥയാണ് ഈ നോവൽ. മാമോദീസ, വിവാഹം, കുരിശ്, പറുദീസ എന്നിങ്ങനെ നാലുഭാഗങ്ങൾ. കുടുംബം, ദാമ്പത്യം, മതം, ലൈംഗികത എന്നിവയുടെ വിശകലനം. തീപിടിച്ച വീടുകൾക്കുള്ളിൽ ജീവിക്കുന്ന സ്ത്രീകൾ, വീടിനെ വെറുക്കുന്ന കുട്ടികൾ, ഭയവും കീഴടങ്ങലുമാണ് സ്ത്രീജീവിതമെന്നു വിശ്വസിക്കുന്ന പുരുഷന്മാർ വെറുക്കുന്നവരെ സ്നേഹിക്കാൻ കഴിയാത്ത മനുഷ്യരുടെ സങ്കടങ്ങളാണ് ആളോഹരിആനന്ദം (ഷാജി ജേക്കബ്:2014).

സ്വന്തം ലൈംഗികത സ്വയം നിർണ്ണയിക്കേണ്ട താണെന്നും അതുവഴി സർവ്വർക്കും ആനന്ദം ലഭിക്കുമെന്നും സാറാജോസഫ് പറഞ്ഞുവയ്ക്കുന്നത് തെരേസയുടെയും രേഷ്മയുടേയും സ്വവർഗ്ഗ ബന്ധത്തിലൂടെയാണ്. തെരേസയെന്ന കോളേജ ധ്യാപികയും രേഷ്മയെന്ന ഗവേഷക വിദ്യർത്ഥിനിയും തമ്മിലുള്ള സ്വവർഗ്ഗ രതിയാണ് ഈ നോവൽ പ്രമേയവൽക്കരിക്കുന്നത്. സ്ത്രീവിമോചന സിദ്ധാന്തമായി നോവലിലുടനീളം ഇത് പ്രവർത്തിക്കുന്നതായി കാണാം. പിത്രാധികാരം പോറ്റി വളർത്തിയ ഒന്നാണ് ഭിന്നവർഗ്ഗലൈംഗികത. അതിലേയ്ക്ക് ആഗ്രഹിക്കാതെ കടന്നുവരാൻ വിധിക്കപ്പെട്ടവളാണ് തെരേസ. മണ്ണിൽ തറവാട്ടിലെ പോളിന്റെ ഭാര്യയായി ജീവിക്കുമ്പോൾപോലും അയാൾക്ക് സ്വന്തം ശരീരത്തിനുമേൽ അവകാശ മുറപ്പിക്കുവാൻ ഒരിക്കൽപോലും തെരേസ അനുവാദം നൽകുന്നില്ല. വിവാഹം കഴിഞ്ഞ് മാസങ്ങൾ കഴിഞ്ഞിട്ടും ഭാര്യയെ പ്രാപിക്കാൻ കഴിയാത്തതിന്റെ ക്രോധം അവൾക്കുമേൽ ബലാൽക്കാരമായി പ്രകടമാകുമ്പോൾ സർവ്വശക്തിയോടെയും അതിനെ ചെറുക്കാൻ അവൾക്കാകുന്നു. "യൂ... റേപ്പിസ്റ്റ്" എന്ന് അയാൾക്കു നേരെ പല്ലിറുമ്മുവാനും അയാളെ വിട്ടുപോകാനും അവൾക്ക് ധൈര്യം നൽകിയത് അവൾ പൂർണ്ണമായും ഒരു ലെസ്ബിയൻ ബോധത്തെ ഉൾവഹിക്കുന്നതുകൊണ്ടാണ്. പോളിനെ ഉപേക്ഷിച്ചുപോയ അവൾ സുഹൃത്തായ റീത്തയ്ക്കൊപ്പം കഴിയാനാഗ്രഹിക്കുന്നു. റീത്ത യോടൊപ്പം കഴിഞ്ഞിരുന്ന സുന്ദരമായ ദിനങ്ങളിൽ നിന്നുമാണ് വീട്ടുകാർ അവളെ പോളിന് വിവാഹം കഴിച്ചുകൊടുക്കുന്നത്. ഇത്തരം ബന്ധങ്ങൾ അസാധാരണവും കുറ്റകരവുമാണെന്ന ഉത്തമ ബോധ്യമായിരുന്നു അതിനു പിന്നിൽ. തെരേസയെ കാണാതെയാകുമ്പോൾ സഹോദരങ്ങൾ തിരഞ്ഞു ചെല്ലുന്നത് റീത്തയുടെ വീട്ടിൽ തന്നെയാണ്. അവളിൽനിന്നും തെരേസയെ പിടിച്ചെടുത്ത് പോളിനു കൊടുക്കുമ്പോൾ റീത്ത ആ വേർപാട് താങ്ങാനാവാതെ ആത്മഹത്യ ചെയ്യുകയാണ്. തെരേസ പിന്നീട് പോളുമായി അകന്നാണ് കഴിഞ്ഞിരുന്നത്.

സ്ത്രീയ്ക്ക് സ്ത്രൈണതയും പുരുഷന് പുരുഷത്വവും കല്പിച്ചുണ്ടാക്കിയ ആൺകോയ്മയുടെ ചരിത്രം ലിംഗാധി കാരവ്യവസ്ഥ മറ്റൊന്നും ഉൾക്കൊള്ളാൻ തയ്യാറല്ല. മനുഷ്യാവകാശങ്ങളും ലിംഗനീതിയുമെന്തെന്ന് മനസ്സിലാക്കാനും നിർവചിക്കാനും സമൂഹം തയ്യാറല്ലാത്തതിന്റെ കാരണമാണ് ഈ ആത്മഹത്യ. കേരളത്തിൽ ഇത്തരം ആത്മഹത്യകൾ ധാരാളമായി സംഭവിക്കുന്നുണ്ട്. "2000 ജനുവരിയിലാണ് കേരളത്തിൽ ലെസ്ബിയൻ ആത്മഹത്യ ആദ്യമായി റിപ്പോർട്ട് ചെയ്യപ്പെടുന്നത്. കേരളത്തിൽ 1995, 96, 97 വർഷങ്ങളിൽ നാല് ലെസ്ബിയൻ ബന്ധങ്ങളിലായി 8 പേർ ആത്മഹത്യ ചെയ്യുകയും 1999ൽ രണ്ടു മാസങ്ങൾക്കുള്ളിൽ 5 ലെസ്ബിയൻ സ്ത്രീകൾ ആത്മഹത്യചെയ്യുകയും ചെയ്തു" (ചന്ദ്രിക. സി.എസ്,2014:11).

ഇന്ത്യയിൽ ലൈംഗിക ന്യൂനപക്ഷങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങളിലേക്ക് ഇത് വിരൽചൂണ്ടുന്നു. പൊതുസമൂഹവും അധീശഭിന്നലൈംഗിക സംസ്കാരവും ഒരുപോലെ ഇവരെ അരക്ഷിതരാക്കുന്നു. സദാചാരത്തിന്റെ നിയന്ത്രണങ്ങൾ അടിച്ചേൽപ്പി ക്കുന്നവർ സ്വവർഗ്ഗപ്രേമം ജീവശാസ്ത്രപരമായ ഒരു യാഥാർത്ഥ്യമാണെന്നത് തിരിച്ചറിയപ്പെടാതെ പോകുന്നു. അങ്ങിനെ നോക്കുമ്പോൾ ഈ ആത്മഹത്യകൾ കൊലപാതകങ്ങളായി മാറുന്നു.

ഭൂമിവാതുക്കലെ കൃഷീവലനായ തെരേസയുടെ ഭർത്താവ് പോൾ, ഭാര്യയുടെ ലൈംഗികകർതൃത്വത്തെ അംഗീകരിക്കുന്നുണ്ട്. തെരേസ, രേഷ്മ എന്ന തന്റെ ഗവേഷണ വിദ്യാർത്ഥിനിയോട് കാണിക്കുന്ന ബന്ധത്തിന്റെ ആഴം അവളിലെ സ്വവർഗസ്ത്രീരതിയംശങ്ങളെ വെളിപ്പെടുത്തുന്നു.

രേഷ്മയെ തങ്ങൾക്കൊപ്പം താമസിപ്പിക്കുകയും തെരേസ പോകുന്നിടത്തെല്ലാം അവളെ കൂടെ കൊണ്ടുനടക്കുകയും ചെയ്യുന്നതിൽ പോളിന് അമർഷം തോന്നാതിരുന്നില്ല. അവരുടെ ബന്ധം കേവലം ഗുരുശിഷ്യബന്ധമല്ലെന്നും അതറിഞ്ഞാൽ സമൂഹം എങ്ങിനെ പ്രതികരിക്കും എന്നതും ഓർത്ത് അയാൾ ആശങ്കാകുലനാകുന്നു. സമൂഹത്തിന്റെ സദാചാരമൂല്യങ്ങളെ ഭയപ്പെടണമെന്ന മാത്രമല്ല, അയാളുടെ പുരുഷത്വത്തിനു നേരെയുള്ള വെല്ലുവിളിയായി കൂടി ഈ ബന്ധത്തെ അളക്കുന്നുണ്ടെന്ന കാണാം.

തെരേസയേയും രേഷ്മയേയും സ്വതന്ത്രരാക്കാനായി തെരേസയുമായി വിവാഹമോചനം നേടാൻ മണ്ണിൽ പിതാവിനോട് അനുമതി തേടുന്നുണ്ട് പോൾ. 'പരപുരുഷസംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരുത്തിയെ വിവാഹം കഴിയ്ക്കുന്നവൻ വ്യഭിചാരം ചെയ്യുന്നു' എന്നുള്ള മത്തായിയുടെ സുവിശേഷം അയാളെകൊണ്ട് വായിപ്പിക്കുകയാണ് മണ്ണിൽ പിതാവ്. പോൾ സൂചിപ്പിച്ച തെരേസയുടെ 'അസാധാരണ' ബന്ധത്തെപറ്റി അതിക്രൂരമായി ആ പുരോഹിതൻ പ്രതികരിക്കുന്നു. "ഭാര്യയുടെ ആവക വൃത്തികേടുകൾ മുളയിലേനുള്ളാൻ ഭർത്താവിനു കഴിയണം. തല്ലി എല്ലൊടിക്കണം. വേറെ വഴിയില്ല. യേശു ക്രിസ്തു വേശ്യയെ കല്ലെറിയരുതെന്നേ പറഞ്ഞിട്ടുള്ളൂ. പ്രകൃതിവിരുദ്ധക്കാരികൾക്ക് യേശുപോലും മോചനം കൊടുക്കില്ല" (സാറാ ജോസഫ്, 2013:168). മതം പ്രയോഗിക്കുന്ന യുക്തിരഹിതമായ അമിതാധികാരത്തിന്റെ ഫലമാണ് സ്വവർഗ്ഗരതിവിഷയത്തിലുള്ളതെന്ന് ഇത് ബോധ്യപ്പെടുത്തുന്നു.

സംസ്കാരമാണ് മാനവസമൂഹത്തെ രൂപപ്പെടുത്തിയത്. സ്ത്രീയും പുരുഷനും തമ്മിലുള്ള കൃത്യമായ വേർതിരിയലിലാണ് ഇന്നത്തെ സമൂഹം രൂപം കൊണ്ടിട്ടുള്ളത്.ലിംഗപദവി ആണായും പെണ്ണായുമുള്ള വ്യക്തികളുടെ പെരുമാറ്റത്തിൽ അധിഷ്ഠിതമാണ്. "ഒരു ലിംഗശരീരത്തിനു ചാർത്തപ്പെടുന്ന സാമൂഹിക വിഭജനമാണ് ലിംഗപദവി" (സൂജ സൂസൻ ജോർജ്ജ്, 2012:13). ലിംഗമെന്നാൽ ശാരീരികമായ ലിംഗപരതയാണ്. ലൈംഗികാവയവങ്ങൾ, ഹോർമോണുകൾ, മറ്റുശാരീരിക പ്രത്യേകതകൾ ഇവയുടെ അടിസ്ഥാനത്തിൽ ലിംഗം പ്രഖ്യാപിതമാകുന്നു. ഒരുവ്യക്തിയുടെ സാമൂഹിക പദവി നിർണ്ണയിക്കുന്നതിൽ ലിംഗപദവി നിർണ്ണായക പങ്കുവഹിക്കുന്നുണ്ട്. സ്ത്രീത്വത്തിന്റെ ലിംഗപദവിയെ ഇവിടെ പ്രശ്നവൽക്കരിക്കുന്നു. ചരിത്രത്തിലെ പുരുഷാധിപത്യത്തിലേക്കാണ് മണ്ണിൽ പിതാവിന്റെ വാക്കുകൾ നീളുന്നത്. ആൺകോയ്മയുടെ സാമൂഹ്യപ്രയോഗത്തേയും മനോവിജ്ഞാനീയത്തേയും ഈ സന്ദർഭം ഓർമ്മിപ്പിക്കുന്നു.

സ്ത്രീ തനിക്കു വഴങ്ങിയില്ലെങ്കിൽ അവളെ ബലാൽക്കാരത്തിലൂടെ കീഴടക്കണമെന്ന പ്രേരണ ലൈംഗികതയല്ല,അധികാരത്തോടുള്ള വ്യഗ്രതയാണ്. സ്ത്രീയെ തന്റെ അധികാരത്തിന്റെ കീഴിൽ ഒതുക്കിനിർത്താനായി പുരുഷൻ ഉപയോഗിക്കുന്ന ഏറ്റവും വലിയ ആയുധമാണ് ബലാൽസംഗം (ജീവൻജോബ് തോമസ്, 2013:29). ആൺലൈംഗിക ഭാവത്തിന്റെ സാമൂഹികവത്കരണമാണ് പുരുഷനെ ഇത്തരത്തിൽ പാകപ്പെടുത്തുന്നത്. നമ്മുടെ ആശയങ്ങൾ, നമ്മുടെ മൂല്യങ്ങൾ, നമ്മുടെ പ്രവൃത്തികൾ, നമ്മുടെ വികാരങ്ങൾ അങ്ങനെ എല്ലാം നമ്മുടെ സംസ്കാരത്തിന്റെ ഉത്പന്നങ്ങൾ ആണ്. പിതൃദായക്രമത്തിലുള്ള സാമൂഹ്യവ്യവസ്ഥിതി മനുഷ്യന്റെ മനോഭാവങ്ങളേയും വിശ്വാസങ്ങളേയും രൂപപ്പെടുത്തുകയും അതിന്റെയടിസ്ഥാനത്തിൽ സമൂഹത്തിലുള്ള സ്ത്രീയുടെയും പുരുഷന്റെയും റോളുകൾ എന്താണെന്നും അവർ തമ്മിൽ പരസ്പരം ഉണ്ടാകേണ്ട ബന്ധങ്ങൾ ഏതുതരത്തിലായിരിക്കണമെന്നും നിശ്ചയി ക്കുന്നുണ്ട്. ഇവിടെ പുരുഷത്വം എപ്പോഴും ഉയർന്നു കേൾക്കുന്നു. 1990ൽ ജൂഡിത് ബട്ലർ (Judith Butler) തന്റെ (Gender Trouble:Feminism and the subversion of identity) എന്ന ഗ്രന്ഥത്തിൽ ലിംഗവും ലൈംഗികതയും എല്ലാം പ്രകടനപരം ആണെന്ന് സ്ഥാപിക്കുന്നുണ്ട്. ഒരു വ്യക്തി പുരുഷനായി പിറന്നതല്ല. സാംസ്കാരിക വ്യവഹാരങ്ങളിൽ അവൻ പുരുഷനായി മാറുകയാണ് ചെയ്യുന്നത്. മതവും സംസ്കാരവും സാമൂഹിക ആചാരങ്ങളും ഒക്കെ നിർമ്മിച്ച 'പുരുഷൻ' അല്ലെങ്കിൽ 'പുരുഷത്വം' എന്ന മൂല്യവ്യവസ്ഥ പിന്നീട് സ്വാഭാവികമായിത്തീരുന്നു.

ഈ നോവലിലെ എല്ലാ പുരുഷകഥാപാത്രങ്ങളും 'പുരുഷത്വം' എന്ന അധികാരവ്യവസ്ഥയിൽ അലിഞ്ഞു ചേർന്നവരാണ്. സ്വവർഗ്ഗപ്രണയിയായ രേഷ്മയെ വഴിയിൽ തടഞ്ഞു നിർത്തി ആക്രമിക്കുന്ന ഫ്രാങ്ക്ളിനും കൂട്ടരും അവളെ ബോധ്യപ്പെടുത്തിക്കൊടുക്കാൻ ശ്രമിക്കുന്നത് 'ആണ്/പുരുഷൻ എന്താണെന്നാണ്. നരകതുല്യമായ ജീവിതം നയിക്കുന്ന 'അനു'വിന് ഭർത്താവായ ചെറിയാനും നിരന്തരം പുരുഷൻ എന്താണെന്ന് ബോധ്യപ്പെടുത്തിക്കൊണ്ടേയിരിക്കുന്നു പുരോഹിതവർഗവും മറിച്ചല്ല എന്ന് എമ്മയുടെ കുടുംബചരിത്രരചന വെളിപ്പെടുത്തുന്നു. പോളിനു നേരെ സമൂഹമുന്നയിക്കുന്ന ചോദ്യങ്ങളും പുരുഷത്വത്തിലേക്ക് ചൂണ്ടുകയാണ്.

പുരുഷന് സ്ത്രീ, പ്രത്യുൽപ്പാദനോപകരണം മാത്രമായി മാറുകയും ജൈവഘടനയിലെ വ്യത്യാസം പീഡനോപാധിയായി മാറുകയും ചെയ്തപ്പോൾ റാഡിക്കൽഫെമിനിസം കുടുംബസാമൂഹ്യബന്ധങ്ങളെ നിരാകരിക്കാൻ ആഹ്വാനം ചെയ്തു. സ്ത്രീയും പുരുഷനും തമ്മിലുള്ള ലൈംഗികബന്ധത്തെ സാമൂഹികാചാരസൃഷ്ടിയായി കണ്ടു കൊണ്ട് സ്വവർഗപ്രേമത്തിന്റെ സ്വാഭാവികതയേയും സ്വീകാര്യതയേയും ന്യായീകരിക്കുന്ന ലൈംഗിക വിപ്ലവത്തിന് റാഡിക്കൽ ഫെമിനിസം വഴി തുറന്നു വച്ചു. സ്ത്രീ മറ്റൊരു സ്ത്രീയിൽ ഇണയെ കണ്ടെത്തുന്ന സ്വവർഗപ്രേമബന്ധം; സ്ത്രീ സ്ത്രീയെ അറിഞ്ഞ് അംഗീകരിക്കുന്ന പുത്തൻ പ്രവണതയാണ്. ഇവിടെ സ്ത്രീ,പുരുഷന്റെമേൽക്കോയ്മയെഅംഗീകരിക്കാതെയും അനുഭവിക്കാതെയും സ്വതന്ത്രയായി; മാനസികമായും വൈകാരികപരമായും സാദൃശ്യങ്ങളുള്ള സ്വത്വവുമായി ലയിക്കുകയാണ്.

ഇവിടെ തന്റെ ഇണയിൽനിന്നും പുരുഷന്റേതിൽ നിന്നെന്നപോലെ കീഴടങ്ങലും വിധേയത്വവും അവൾ പ്രതീക്ഷിക്കുന്നില്ല. രേഷ്മയും തെരേസയും തമ്മിലുള്ള അടുപ്പത്തിൽ പരസ്പരമുള്ള കരുതലിന്റേയും സ്നേഹത്തിന്റേയും ഭാഷയാണുള്ളത്. അതിൽ അധികാരബന്ധങ്ങൾ പ്രവർത്തിച്ചു കാണുന്നില്ല. അന്യോന്യം മനസ്സിലാക്കി ജീവിക്കുകയും പരസ്പരം ബഹുമാനിക്കുകയും ചെയ്യുന്ന രണ്ടു സ്ത്രീകൾ തമ്മിലുള്ള പ്രതിബദ്ധത ഇതിൽ കണ്ടെത്താനാവും. ഒരു സ്ത്രീവിമോചന സിദ്ധാന്തമായി ഇവരുടെ രതി ബന്ധം നോവൽ അവതരിപ്പിക്കുന്നു.

ലെസ്ബിയൻ ബോധം രതിയോടു മാത്രം ബന്ധപ്പെട്ടതല്ല. പക്ഷെ, എല്ലാ പ്രണയവും പോലെതന്നെ രതിയോടതിന് ബന്ധവുമുണ്ട്. ശരീരത്തോടുള്ള ആകർഷണം, ലൈംഗികാനന്ദം, വൈകാരികമായ പിടിച്ചടക്കലുകൾ, ഒരുമിച്ചു കഴിയാനുള്ള ആഗ്രഹം ഇവ എല്ലാം ലെസ്ബിയൻ ബന്ധങ്ങളിലും ഉണ്ട്. തെരേസ രേഷ്മയെ നോക്കുമ്പോൾ ആ നോട്ടത്തിൽ വല്ലാത്തൊരു ദാഹമുണ്ടെന്ന് പോൾ മനസ്സിലാക്കുന്നു. രേഷ്മക്കു വേണ്ടി ഒരു കിടക്കവിരി തെരഞ്ഞെടുക്കുവാൻ തന്നെ തെരേസ ഏറെ നേരം ചെലവഴിക്കുന്നുണ്ട്. സ്വവർഗ്ഗപ്രേമം പ്രമേയമായി എഴുതുമ്പോൾ അത് ലൈംഗികതയുടെ മട്ടുപ്പിക്കുന്ന പ്രകടനാത്മകതയിലേക്ക് ക്ഷുപ്പകുത്തിപ്പോകരുത്. വലിയ സൂക്ഷ്മതയോടെയാണ് സാറാജോസഫ് ഈ വിഷയം കൈകാര്യം ചെയ്തിരിക്കുന്നതെന്ന് ഈ നോവൽ ഓർമ്മിപ്പിക്കുന്നു.

രേഷ്മയുടെ വിവാഹം നിശ്ചയിക്കുമ്പോൾ തെരേസ അനുഭവിക്കുന്ന സംഘർഷം പോൾ തിരിച്ചറിയുന്നുണ്ട്. തെരേസയുടെ ലൈംഗികകർതൃത്വത്തെപറ്റി അയാൾ വ്യക്തമായി തിരിച്ചറിയുന്നതുകൊണ്ടാണ് രേഷ്മയുടെ പ്രതിശ്രുതവരനായ മഹേഷിനെ കണ്ട് അയാൾ അവർക്കുവേണ്ടി സംസാരിക്കുന്നത്. ഉത്തരാധുനികലോകം കുറേക്കൂടി വിശാലമനസ്സോടെയാണ് ഇത്തരം വിഷയങ്ങളെ സമീപിക്കുന്നതെന്ന് മഹേഷിന്റെ പ്രതികരണം വ്യക്തമാക്കുന്നുണ്ട്. ഇരുപതുകൊല്ലം നീണ്ടുനിന്ന ജീവിതമായിരുന്നു പോളിന്റേയും തെരേസയുടേയും. അവർക്ക് ഒരിക്കലും ഈ സത്യം ലോകത്തോട് വെളിപ്പെടുത്താൻ ധൈര്യം ഉണ്ടായിരുന്നില്ല. അവർ പരസ്പം പ്രണയിക്കുന്ന രണ്ടു സ്ത്രീകളാണെങ്കിൽ അവരതു ചെയ്യട്ടേ എന്നും അതു ശരിയല്ലെന്നു വാദിക്കാൻ നമുക്കെന്താണവകാശം എന്നും ഉള്ള നിലപാടിലേക്കാണ് പോൾ എത്തിച്ചേരുന്നത്. മഹേഷ് അതുൾക്കൊള്ളാനുള്ള മനസ്സു കാണിക്കുന്നു. അതുകൊണ്ടു തന്നെ പോൾ, തെരേസയും രേഷ്മയും ഒന്നിച്ചുതാമസിക്കണമെന്നും തെരേസയിൽനിന്നും വിവാഹമോചനം നേടി അവളെ സ്വതന്ത്രയാക്കണമെന്നും ആഗ്രഹിക്കുന്നു. അവളെ, എല്ലാവരും കൂടി തടവിലാക്കിയതാണ്. ഒരുപാടു വ്യവസ്ഥകളും സംവിധാനങ്ങളും ചേർന്ന വിവാഹവും സമൂഹവും മതവും അവരെ അമർഷംകൊള്ളിക്കുകയാണ്.

പോളിന്റെ വിവാഹമോചനാഭ്യർത്ഥനയിൽ പറയുന്ന പ്രകാരം തെരേസ മറ്റൊരു പെണ്ണിന്റെ കൂടെ ജീവിയ്ക്കാനാണ് ഭാവമെങ്കിൽ അവളെ എറിയാനുള്ള ആദ്യത്തെ കല്ല് താനാണെടുക്കുക എന്ന് മണ്ണിൽപിതാവ് പ്രതികരിക്കുന്നത് കാണുമ്പോൾ ക്രിസ്തീയമതബോധം എത്രമേൽ ഇതിനെ എതിർക്കുന്നു എന്നത് വ്യക്തമാണ്. എന്നാൽ നോവലിലെ വക്കീലായ കുര്യാക്കോസ് എന്ന കഥാപാത്രം പറയുന്നതു നോക്കുക:

“രഹസ്യമായിരിയ്ക്കുന്നിടത്തോളം അവരത് ഗൗനിയ്ക്കില്ല. അതുണ്ട്. അവർക്കറിയാം. അവരുടെ മൂക്കിന്റെ ചോട്ടിൽത്തന്നെ അതുണ്ട്. അത് തടുക്കാൻ പറ്റില്ല. അതിനുവേണ്ടി മുറവിളികൾ നടക്കുന്നുണ്ട്. അത് ഇന്നും ഇന്നലെയും തുടങ്ങിയതൊന്നുമല്ല. പഴയനിയമകാലം മുതല്ക്കേ അതുണ്ട്. പക്ഷേ, പോൾ പറയുന്നതുപോലെ ഒരു പരസ്യജീവിതം അവരനുവദിക്കില്ല” (സാറാജോസഫ്, 2013:169). ഇത്തരത്തിൽ സാറാജോസഫ് നോവലിൽ പലയിടങ്ങളിൽ ക്രിസ്തുമതത്തിനകത്തെ സ്വവർഗ്ഗരതി താൽപര്യങ്ങളെ പുറത്തുകൊണ്ടുവരുന്നുണ്ട്. പ്രകൃതിയുടെ സഹജസ്വഭാവങ്ങളെ പാപാരോഹണം

നടത്തി ഒതുക്കുകയാണ് മതം. അത് താങ്ങാനാവാതെ ആത്മഹത്യ ചെയ്യുന്നവരെക്കുറിച്ച് പഠിക്കുവാനാണ് നോവലിലെ കഥാപാത്രമായ ചാക്കോതിരിയൻ കേരളത്തിൽ എത്തുന്നത്. ജോൺ മത്തായിയുടെ സുഹൃത്തായ ആ അമേരിക്കൻ സൈക്യാട്രിസ്റ്റ് ദൈവവിശ്വാസിയും മതപണ്ഡിതനും ആയിരിക്കുമ്പോൾ തന്നെ മതത്തിന്റെ നിശിതവിമർശകനുമാകുന്നു. മാരക പാപികളുടെ മടകളായി സെമിനാരികളേയും കന്യാസ്ത്രീമാരങ്ങളേയും അദ്ദേഹം സൂചിപ്പിക്കുന്നു. യൂറോപ്പിൽ ഇതേക്കുറിച്ച് പഠനങ്ങൾ നടക്കുന്നതായും സൂചിപ്പിക്കുന്നുണ്ട്. എമ്മ എഴുതുന്ന കുടുംബചരിത്രത്തിൽ അൾത്താരബാലന്മാരെ ദുരുപയോഗം ചെയ്തുകൊണ്ടിരുന്ന വികാരിക്കെതിരെ സാക്ഷ്യം പറഞ്ഞ മൂന്നു കൊച്ചച്ചന്മാരെ ഭീഷണിപ്പെടുത്തിക്കൊണ്ട് മണ്ണിൽപിതാവ് എഴുതിയിട്ടുള്ള കത്ത് ചേർക്കുന്നത് വിമർശന വിധേയമാകുന്നുണ്ട്.

മതത്തേയും ക്രിസ്തുവിനേയും സംബന്ധിച്ച വ്യക്തികളുടെ തിരിച്ചറിവുകൾ പങ്കുവയ്ക്കാൻ മതപൗരോഹിത്യവും അതുൾക്കൊള്ളുന്ന സമൂഹവും ഭരണാധികാരികളും അനുവാദം നൽകാറില്ല. സംഘടിതമതങ്ങളും അതിന്റെ പൗരോഹിത്യ അധികാരസംഘടനകളും വിശ്വാസികളുടെ അജ്ഞതയെ ചൂഷണം ചെയ്താണ് നിലകൊള്ളുന്നത്. അധികാരത്തിന്റെ ഘടനയിലേക്ക് കയറിവരികയും അതിനോടുബന്ധപ്പെട്ടു പ്രവർത്തിക്കുകയും ചെയ്തിരുന്ന അവസ്ഥയിൽനിന്ന് അധികാരത്തെ തീരുമാനിക്കുന്നതുതന്നെ മതങ്ങളാണ് എന്ന സ്ഥിതിയാണ് കേരളത്തിൽ ഇന്ന് സംജാതമായിരിക്കുന്നതെന്ന് സാറാജോസഫ് ഈ നോവലിലൂടെ പറഞ്ഞുവയ്ക്കുന്നു.

പാപത്തിന്റേയും പുണ്യത്തിന്റേയും അധികാരികളോട് ദൈവനീതിയുടെ പേരിൽ തർക്കത്തിൽ ഏർപ്പെടാൻ പോൾ ബൈബിളിൽനിന്നു തന്നെ കഥ കണ്ടെത്തുന്നുണ്ട്. സ്വവർഗ്ഗരതിയുടെ ക്രിസ്തുചരിത്രം പോളിന് ധൈര്യം പകരുന്നു. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം എല്ലാ ധാർമ്മിക നിയമങ്ങൾക്കും ആധാരം ബൈബിൾ പ്രബോധനങ്ങളാണ്. ഇതിൽ ഏറ്റവും പ്രാധാന്യം യേശു നേരിട്ട് പഠിപ്പിച്ചവയ്ക്കും. യേശുവിന്റെ പ്രബോധനങ്ങൾ സമാഹരിച്ച നാല് സുവിശേഷങ്ങളിലും കൂടി ആകെ രണ്ടിടത്താണ് സ്വലിംഗരമികളെക്കുറിച്ചുള്ള പരാമർശമുള്ളതെന്ന് ഡോ. ജെ.ജെ. പള്ളത്ത് നിരീക്ഷിക്കുന്നു (2013:53). വിവാഹമോചനം തേടി ചെല്ലുന്ന പോളിനെക്കൊണ്ട് മണ്ണിൽപിതാവ് മത്തായിയുടെ സുവിശേഷം വായിപ്പിക്കുന്നുണ്ടെങ്കിലും വിവാഹബന്ധം വേർപ്പെടുത്തുന്നത് അനുവദനീയമാണോ എന്നതിന് യേശുകൊടുക്കുന്ന മറുപടി പരാമർശിക്കുന്നില്ല. "എല്ലാവർക്കും ഈ ഉപദേശം ഗ്രഹിക്കാൻ സാധ്യമല്ല (അവിവാഹിതരായി തുടരാൻ). വരം ലഭിച്ചവർക്ക് മാത്രമേ അത് സാധിക്കൂ. ഷണ്ഡന്മാരായി പിറക്കുന്നവരുണ്ട്, മനുഷ്യരാൽ ഷണ്ഡന്മാരാക്കപ്പെടുന്നവരുണ്ട്. ദൈവരാജ്യത്തെപ്രതി തങ്ങളെത്തന്നെ ഷണ്ഡന്മാരാക്കുന്നവരുണ്ട്' (മത്താ:19:12). ഇതിൽ നിന്നു വ്യക്തമാകുന്നത് യേശുവിന് സ്വലിംഗരമി വിഭാഗങ്ങളെക്കുറിച്ച് അറിവുണ്ടായിരുന്നുവെന്നാണ്. പക്ഷെ, യേശു ഇവരെ തള്ളിപ്പറയുന്നില്ല. വിവാഹിതരാവരുതെന്നു പറയുന്നേയുള്ളൂ. അവരെ പ്രകൃതിവിരുദ്ധരാക്കുന്നതിൽ ന്യായീകരണങ്ങൾ പറയാനാവില്ല.

യേശു റോമൻ ശതാധിപന്റെ 'ബാല്യക്കാര'ന്റെ രോഗം സുഖപ്പെടുത്തുന്ന സംഭവം (മത്തായി 8:5-13) നോവലിൽ വിവരിക്കുന്നു. ശതാധിപന്റെ മകനോ അടിമയോ അല്ല അയാൾ. ലൂക്കോസിന്റെ സുവിശേഷത്തിൽ 'ശതാധിപന് പ്രിയനായ ദാസൻ' എന്നാണ് പ്രയോഗം. 'ബാല്യക്കാരൻ' എന്നു സൂചിപ്പിക്കുന്ന ഗ്രീക്ക് പദം 'പയിസ്സ്' ആണ്. ഇതിന്റെ ശരിക്കുള്ള മലയാള പരിഭാഷ 'കുണ്ടൻ' എന്നാണ് (ജെ.ജെ. പള്ളത്ത്: 2013:53). യേശു ശതാധിപന്റെ അപേക്ഷ നിരസിക്കാതെ അയാളെ സുഖപ്പെടുത്തുന്നത് അവർ തമ്മിലുള്ള അനുരാഗബന്ധത്തെ അറിഞ്ഞുതന്നെയാണ്. യജമാനന് ഒരു പുരുഷലൈംഗികപങ്കാളിയെ പണം കൊടുത്തുവാങ്ങാൻ ആ സമുദായം അനുവദിക്കുന്നുമുണ്ട് (സാറാജോസഫ്, 2013:191). യഥാർത്ഥ വിശ്വാസത്തിന് ഉത്തമമാതൃകയായി വിജാതീയനും സ്വലിംഗരമിയുമായ റോമൻ ശതാധിപനെ പ്രതിഷ്ഠിക്കുകയാണ് യേശു ചെയ്തത്. ഇതിൽനിന്നും വ്യക്തമാകുന്ന വസ്തുത യേശുവിന്റെ കാലത്തും അതിനുമുൻപും സ്വവർഗ്ഗരതിയെ സമൂഹം അംഗീകരിച്ചിരുന്നു എന്നു തന്നെയാണ്. സ്വവർഗ്ഗരതിക്കാരെ വിമർശിക്കുന്നവർ മനസ്സിലാക്കേണ്ട മറ്റൊരു കഥയും പോൾ പരിശോധിക്കുന്നുണ്ട്. ഈ സോദോം ഗോമേറ പ്രതിപാദനത്തിനും (ഉൽപത്തി 19:1-8) സ്വവർഗപ്രണയികൾക്ക് അനുകൂലമായ വ്യാഖ്യാനങ്ങൾ ഉണ്ട്. അങ്ങിനെ നോക്കുമ്പോൾ സ്വവർഗ്ഗരതി എങ്ങിനെ അധാർമ്മികമാവുന്നു എന്നത് ചിന്തനീയം തന്നെ.

കഴിഞ്ഞ രണ്ടുമൂന്നുപതിറ്റാണ്ടുകളായി അമേരി

ക്കയിലും യൂറോപ്പിലും പുരോഹിതരുടെ സ്വവർഗപ്രണയാഭിമുഖ്യവും ലൈംഗിക പെരുമാറ്റവും ശ്രദ്ധയിലേക്കുവരുന്നു. പുരോഹിതർ ആൺകുട്ടികളെ ലൈംഗികമായി ഉപയോഗിച്ച പരാതികളിൽ കോടതികൾ അവർക്ക് നഷ്ടപരിഹാരം വിധിക്കുകയുണ്ടായി. സഭ ആദ്യമൊക്കെ മൗനം പാലിച്ചെങ്കിലും മാർപാപ്പയ്ക്ക് ഖേദപ്രകടനം നടത്തേണ്ടതായിത്തന്നെ വന്നു. സ്വലിംഗരമികളെയും ഷണ്ഡന്മാരേയും അപൂർണരായി കരുതുമ്പോൾ കത്തോലിക്കാസഭയിൽ ഇവരെല്ലാം പൂർണ്ണ പുരുഷന്മാരേക്കാൾ ഉയർന്ന പൗരുഷമുള്ളവരായി വിലസുന്നു എന്ന് ഡോ. ജെ.ജെ. പള്ളത്ത് വിലയിരുത്തുന്നു (2013,54-14).

ക്രിസ്ത്യൻമതം സ്വവർഗ്ഗരതിയോട് പുലർത്തുന്ന മനോഭാവങ്ങൾ മാത്രമല്ല മതം ഭരിക്കുന്ന സമൂഹം ലൈംഗിക ന്യൂനപക്ഷങ്ങളോടു പുലർത്തുന്ന നിലപാടും അതീവക്രൂരമാകുന്നുണ്ട്. തെരേസയുടേയും പോളിന്റേയും ദാമ്പത്യം തകർന്നതു പോലെ മറ്റാരുടേയും ജീവിതങ്ങൾ തകരാതിരിക്കുവാനായി സമൂഹത്തിൽ വെളിച്ചപ്പെട്ടു ജീവിക്കാനും കല്ലേറുകൾക്കുള്ളിലേക്ക് സ്വയം എറിഞ്ഞുകൊടുക്കാനുമാണ് പോൾ തെരേസയെ സ്വതന്ത്രയാക്കുന്നത്. സ്വവർഗ്ഗരതിക്കാർക്കും വിവാഹം കഴിച്ച് ജീവിക്കുവാൻ സാധിക്കണമെന്നും നിയമം അതിനെ പിന്തുണയ്ക്കുന്നുണ്ടെന്നും പോൾ സ്ഥാപിക്കുന്നു. രേഷ്മയും തെരേസയും കൂടി ഒരു ഫ്ളാറ്റെടുത്ത് മാറിത്താമസിക്കുന്നു. ഇരുവരുടേയും സന്തോഷം പക്ഷെ, ഏറെ നാൾ നീണ്ടുനിൽക്കുന്നില്ല. ഫ്ളാറ്റുടമ അവരോട് ഒഴിഞ്ഞുമാറിപ്പോകാൻ ആവശ്യപ്പെടുന്നത് അപ്പാർട്ട്മെന്റിലെ ഫാമിലി അസോസിയേഷന്റെ പരാതിയെ തുടർന്നാണ്. കുടുംബവും കുട്ടികളുമായി താമസിക്കുന്നതിന്റെ നടുക്ക് 'ശരിയല്ലാത്ത' രണ്ടു സ്ത്രീകൾ താമസിക്കുന്നു എന്നതായിരുന്നു പരാതി. ലിഫ്റ്റിൽവച്ച് അവർക്കുനേരെ ഭീഷണികളുയർത്ത പ്പെടുകയും അസമയത്ത് അവരെ കോളിംഗ്ബെല്ലടിച്ച് ശല്യപ്പെടുത്തുന്നതും തെരേസയുടെ കോളേജിലേക്ക് നിരന്തരം ഊമക്കത്തുകൾ അയക്കുന്നതും അവരുടെ മനസ്സമാധാനത്തെ തകർക്കുന്നുണ്ട്. പലയിടങ്ങളിൽ അവർ മാറിമാറി താമസിക്കുന്നു. പക്ഷെ, എല്ലായിടങ്ങളിൽ നിന്നും അവർ പുറത്താക്കപ്പെടുന്നു. താമസിക്കാൻ ഒരിടം കിട്ടാതലയുമ്പോൾ പോൾ തന്റെ സ്വന്തം പുരയിടമായ 'കയ്യാലവീട്' തെരേസയുടെ പേർക്ക് എഴുതിക്കൊടുക്കുകയാണുണ്ടായത്. സ്വന്തം കുടുംബം അവർക്ക് സംരക്ഷണം ഏകുമല്ലോ എന്നു കരുതി. പക്ഷെ അവിടേയും സമൂഹം അവരെ വേട്ടയാടുന്നു.

'പള്ളീടെ തൊള്ളേല്' ഉള്ള വീടായതിനാൽ അവർക്കവിടെ ജീവിതം അതീവ ദുസ്സഹമാവുന്നു. വീടിന്റെ ഗേറ്റിലെ വിളക്കിന്റെ കണ്ണാണ് സാമൂഹ്യ സദാചാരവാദികൾ ആദ്യം എറിഞ്ഞുടച്ചത്. ജനാലച്ചില്ലുകൾ ഓരോന്നായി അവർ എറിഞ്ഞുടച്ചു. ഭിത്തിയിലിരുന്ന അമ്മയുടെ ചിത്രംപോലും ഇളകിവീണിരിക്കുന്നു. തിന്നുകയും കുടിക്കുകയും ചെയ്തുകൊണ്ട് അക്രമത്തിന്റേയും ആഭാസത്തിന്റേയും ഭാഷയിൽ സ്ത്രീകളെക്കുറിച്ച് അഭിപ്രായം പറയുന്നവർ രേഷ്മയെ അതിക്രൂരമായി ആക്രമിക്കുകയും അവളെ അപമാനിക്കാൻ 'കുരിശ്' അടയാളത്തെ ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്.

ജോലികഴിഞ്ഞ് സ്കൂട്ടറിൽ വരികയായിരുന്ന രേഷ്മയെ വഴിയിൽവച്ച് പെട്ടെന്ന് ബൈക്ക് ചവിട്ടിനിർത്തി സ്കൂട്ടറിൽ നിന്നും വീഴ്ത്തി. ഫ്രാങ്ക്ളിനും കൂട്ടരും അവൾക്ക് ആണുങ്ങളെ അറിയിച്ചുകൊടുക്കാം എന്നലറിക്കൊണ്ടാണ് രേഷ്മയെ ആക്രമിക്കുന്നത്. 'ആണ്' എന്ന അധികാരത്തെക്കുറിച്ചുള്ള ബോധ്യമാണ് ഇത് പങ്കുവയ്ക്കുന്നത്. 'ഫ്രാങ്ക്ളിൻ എണ്ണക്കരികൊണ്ട് അവളുടെ നെറ്റിയിൽ ഒരു വലിയ കുരിശുവരച്ചു. അവളുടെ മേൽവസ്ത്രം വലിച്ചുകീറി. കരികൊണ്ടുള്ള ഒരു കുരിശ് അവളുടെ മുതുകിൽവരച്ചു. അതിന്റെ നെടിയഭാഗം കഴുത്തു മുതൽ അരക്കെട്ടുവരേയ്ക്കും കുറിയഭാഗം കൈപ്പലക മുതൽ കൈപ്പലകവരേയ്ക്കും നീണ്ടിരുന്നു. ആൾക്കൂട്ടത്തിനു നടുവിൽ മുഖം പൊത്തിപ്പിടിച്ച് ചുരുണ്ടു കൂടിയ നിലയിൽ തെരേസ അവളെ കണ്ടെത്തുന്നു' (സാറാജോസഫ്, 2013:198). രേഷ്മ ലൈംഗികന്യൂനപക്ഷങ്ങളുടെ മുഴുവൻ പ്രതിനിധിയാണ്. നിരന്തരം സമൂഹത്താൽ ആക്രമിക്കപ്പെടുന്ന ലൈംഗികന്യൂനപക്ഷങ്ങൾ കുറ്റവാളികളും ക്രിമിനൽസുമായാണ് സമൂഹത്തിനു മുന്നിൽ പ്രത്യക്ഷപ്പെടുന്നത്.

തെരേസ സമൂഹത്തിനു മുമ്പിൽ വിവാഹിതയുടെ രൂപത്തിലാണ്. അതിനാൽ തന്നെ 'പോളിന്റെ' ഭാര്യ എന്ന പദവി അവൾക്കു സുരക്ഷയുടെ നേരിയ പ്രതീക്ഷകൾ സമ്മാനിക്കുന്നു. രേഷ്മ പലപ്പോഴും അതോർത്തു ദുഃഖിതയാവുകയും ചെയ്യുന്നുണ്ട്. എന്നാൽ ആദർശാത്മകമായ ലെസ്ബിയൻ ബന്ധത്തിൽ ഒരിക്കലും ഒരു പുരുഷനു സ്ഥാനമില്ല. രേഷ്മയുടെ വികാരങ്ങളെ അതുപോലെയുൾക്കൊള്ളാൻ തെരേസയ്ക്കു സാധിക്കുന്നുണ്ട്. അത് അധികാര ബന്ധങ്ങൾ പ്രവർത്തിക്കാത്ത ഏറ്റവും നല്ല സ്വവർഗ്ഗസ്ത്രീരതിബന്ധമായി മാറുന്നു.

തെരേസയ്ക്ക് തന്റെ വീട് നല്കിയതിനാൽ സമൂഹത്തിൽ പോൾ ഒറ്റപ്പെട്ടുപോകുന്നതും ശ്രദ്ധിക്കേണ്ട

വസ്തുതയാണ്. പോളിന്റെ 'ഭൂമിവാതുക്കൽ' കൃഷിപ്പണിയിൽ നിരന്തരം തടസ്സങ്ങൾ വന്നു ചേരുന്നു. അയാളുടെ പാലും പച്ചക്കറികളും സ്വീകരിക്കാൻ ആളില്ലാതെ വരുന്നു. കൊയ്യാൻ ആളെക്കിട്ടാതെ വിളഞ്ഞനെൽമണികൾ പാടത്തു തന്നെ കൊഴിഞ്ഞു വീഴുന്നു. അമ്പുപെരുന്നാളിൽനിന്ന് തെരേസയുടെ വീട് ഒഴിവാക്കപ്പെടുന്നു. തെരേസയോടൊപ്പം ജീവിക്കാനോ അവളെ തിരികെ വീട്ടിൽ കൊണ്ടുചെന്നാക്കാനോ തയ്യാറാണെങ്കിൽ പോളിനെ തിരിച്ചെടുക്കാൻ കുടുംബയോഗം രഹസ്യമായി തീരുമാനിക്കുന്നുണ്ടെങ്കിലും അയാൾ അതിനു തയ്യാറാവുന്നില്ല. പോൾ 'ചെമ്രുദോർ' സ്ഥാനത്തുനിന്നും പുറത്താക്കപ്പെടുകയും ചെയ്യുന്നു. പാപത്തെ പിന്താങ്ങിയതിന്റെ പേരിലാണ് ഇതൊക്കെ സംഭവിക്കുന്നത്. എന്താണ് പാപവും പുണ്യവും? അത് വിശദീകരിക്കാൻ പോളിനു കഴിയുന്നില്ല. നിയമപരമായി പോൾ തെറ്റുചെയ്തിട്ടില്ല. സാമുദായികമായി അയാൾ തെറ്റുകാരനാണുതാനും. ലൈംഗികന്യൂനപക്ഷങ്ങൾക്കും ജീവിക്കുവാൻ അവകാശമില്ലേ എന്നു ചോദിച്ചുകൊണ്ട് വിമത സംഘടനകൾ പോളിനെ പിന്തുണയ്ക്കാൻ എത്തുന്നുണ്ട്. എമ്മ സഭയുടെ പിതാവു കൂടിയായ തന്റെ വല്യേട്ടനോട് പോളിനു വേണ്ടിവാദിക്കുന്നുണ്ട്. "ദണ്ഡവിമോചനമില്ലാത്ത മാരകപാപത്തിന് പരസ്യമായി പിന്തുണ പ്രഖ്യാപിച്ചവനെ സംരക്ഷിക്കലല്ല എന്റെ പണി" (സാറാജോസഫ്, 2013:222) എന്നാണ് അദ്ദേഹം പ്രതികരിക്കുന്നത്. ഇന്ത്യൻ ശിക്ഷാനിയമത്തിലെ 377 എന്ന വകുപ്പ് അസാന്മാർഗ്ഗികൾ എടുത്തു കളഞ്ഞു എന്നും പിതാവ് ഓർമ്മിപ്പിക്കുന്നു. സഭമാത്രമല്ല, നിയമവും ഇതൊരു കുറ്റമായി കണ്ടിരുന്നു എന്ന് ഓർമ്മിപ്പിക്കുകയാണ് പിതാവിന്റെ ഈ പരാമർശം. മനുഷ്യരിൽ തന്നെയുള്ള വൈവിധ്യങ്ങളെ മനസ്സിലാക്കാനും വിശകലനം ചെയ്യാനും അംഗീകരിക്കാനും നീതിന്യായവ്യവസ്ഥ തയ്യാറാവുമ്പോൾ മാത്രമേ ഒരു ഭരണവ്യവസ്ഥയിൽ, സമൂഹത്തിൽ ഒട്ടാകെ നിലനിൽക്കുന്ന നീതിബോധമുള്ള സമ്പന്നമായ സംസ്കാരമുണ്ടാകുന്നുള്ളൂ. ആൺപെൺദാമ്പത്യങ്ങളിൽ പടുത്തുയർത്തപ്പെട്ടിരിക്കുന്ന പിതൃമേധാവിത്ത സമൂഹങ്ങൾ സ്വതന്ത്രവും നൈസർഗികവും സമത്വപൂർണ്ണവുമായ എല്ലാ രതിബന്ധങ്ങളേയും പ്രണയത്തേയും ഭയക്കുന്നു. സ്വവർഗാനുരാഗങ്ങൾ നിലവിലുള്ള ദാമ്പത്യങ്ങളുടെ അടിസ്ഥാനം തന്നെ ചോദ്യം ചെയ്യുന്നുണ്ട് എന്നതാണീ ഭയത്തിനു കാരണം. ആധുനികതയിൽ ഉള്ളടങ്ങിയ സദാചാര സങ്കല്പമാണ് ഇതിന് സാധൂകരണം നല്കുന്നത്. ഇത്തരത്തിലുള്ള വിധികൾ ആണും പെണ്ണുമായ എല്ലാ സ്വവർഗ്ഗാനുരാഗികളുടേയും മാനുഷികാവകാശങ്ങൾക്കെതിരാണ്.

മതം കുടുംബത്തെ മുൻനിർത്തിയാണ് ലൈംഗികന്യൂനപക്ഷങ്ങൾക്കെതിരെ സമൂഹത്തെ ഇളക്കിവിടുന്നത്. ഏതുമതത്തിലായാലും ആശയങ്ങളുടെ പുനരുല്പാദനകേന്ദ്രം കുടുംബമാണ്. സന്തതികളുണ്ടാവുകയും അവർക്കാവശ്യമായ മൂല്യബോധത്തോടെ ഊട്ടിവളർത്തുകയും ചെയ്യുന്ന കളരിയായി കുടുംബത്തെ നിലനിർത്താൻ എല്ലാമതങ്ങളും ശ്രദ്ധിക്കുന്നു. തെരേസയും രേഷ്മയും ജീവിതം വിരസമായിത്തീരുമ്പോൾ കുഞ്ഞിനെ ദത്തെടുക്കുന്നതു പോലെയല്ല മതം നിർദ്ദേശിക്കുന്ന കുടുംബം. ലൈംഗികത ഏറ്റവും വലിയ പാപമായും കുടുംബത്തിന്റേയും വിവാഹത്തിന്റേയും അകത്തളങ്ങളിൽനിന്ന് ലഭിക്കേണ്ട ഒന്നാണ് ലൈംഗികതയെന്നും മതം പറഞ്ഞുറപ്പിക്കുന്നു. ഇവിടെ കുടുംബത്തിനു പുറത്തുള്ളതെല്ലാം അവിഹിതമാകുന്നു. പുരുഷാധികാരത്തിന്റെ യൂണിറ്റായി കുടുംബം നിൽക്കുമ്പോൾ ഹിതവും അവിഹിതവും സ്ത്രീകളെ മാത്രം ബാധിക്കുന്ന പ്രശ്നമാകുന്നു.

പ്രാചീനഘട്ടം മുതലുള്ള കുടുംബഘടനയുടെ പരിണാമ ചരിത്രം വ്യക്തമാക്കിക്കൊണ്ട് ബൂർഷ്വാ കുടുംബഘടനയുടെ ചരിത്രപരമായ ഉള്ളടക്കം വിശദീകരിക്കുന്ന എംഗൽസ് കുടുംബഘടനയുടെ അങ്ങേയറ്റം പുരുഷാധിപത്യപരമായ സ്വരൂപത്തെ വിമർശനവിധേയമാക്കുന്നുണ്ട്. "പിതൃാധിപത്യപരമായ ബൂർഷ്വാ അണുകുടുംബത്തിൽ പുരുഷൻ ബൂർഷ്വാസിയുടെയും സ്ത്രീ പ്രോലിറ്റേറിയറ്റിന്റേയും സ്ഥാനമാണ് വഹിക്കുന്നതെന്നും വർഗവൈരുധ്യത്തിന്റെ പ്രാഥമികരൂപം കുടുംബത്തിലെ തൊഴിൽ വിഭജനത്തിലും സ്ത്രീപുരുഷബന്ധത്തിലും ഉള്ളടങ്ങിയിരിക്കുന്നുവെന്നും എംഗൽസ് വ്യക്തമാക്കുകയുണ്ടായി. (സുനിൽ.പി. ഇളയിടം, 2014:75). "വിവാഹം, കുടുംബം, ലിംഗപരമായ തൊഴിൽവിഭജനം, വ്യക്തിസങ്കൽപം (Role expectation) എന്നിവയെല്ലാം അധികാരം നിലനിർത്താനോ, പിടിച്ചുപറ്റാനോ വർധിപ്പിക്കാനോ വേണ്ടി പാടിയാർക്കി പ്രയോഗിക്കുന്ന രാഷ്ട്രീയത്തിന്റെ അന്തർധാരകളുണ്ടെന്ന കണ്ടെത്തൽ റാഡിക്കൽ ഫെമിനിസത്തിനെ സമൂഹത്തിലെ വിഗ്രഹഭഞ്ജകസിദ്ധാന്തമാക്കിമാറ്റി" എന്നതും ഇവിടെ ഓർക്കാം. സ്ത്രീത്വത്തെ പ്രചരിപ്പിക്കുന്നതിൽ അതിന്റെ വളർച്ചയിൽ തടസ്സം സൃഷ്ടിക്കുന്നത് കുടുംബ സാമൂഹ്യ ബന്ധങ്ങളായാലും, ആചാരങ്ങളായാലും, വസ്തുങ്ങളായാലും നിരാകരിക്കണമെന്നാണ് ഈ ഫെമിനിസ്റ്റ് ധാരയുടെ നിലപാട്. നിർബന്ധിത

ഭിന്നവർഗ്ഗലൈംഗികതയുടേയും അതിന്റെ മറവിൽ അരങ്ങേറുന്ന ബലാൽസംഗങ്ങൾക്കും എതിരേയുള്ള പ്രതിഷേധമാണ് സ്വവർഗസ്ത്രീരതി (ലെസ്ബിയനിസം).

വിവാഹം രണ്ടുപേർ പരസ്പരം ആദരിച്ച്, സ്നേഹിച്ച്, ബഹുമാനിച്ച് അഭിപ്രായപ്രകടനം നടത്തുന്ന ജനാധിപത്യപരമായ മണ്ഡലമായി മാറണം. ഇതിനു കഴിയുന്നില്ലെങ്കിൽ സുഹൃത്തുക്കളെപ്പോലെ വേർപിരിഞ്ഞ് സ്വതന്ത്രമായി ജീവിക്കാൻ കഴിയുന്ന സാമൂഹിക അന്തരീക്ഷമുണ്ടാകണം. പക്ഷെ, ഇവിടെ അതുണ്ടാകുന്നില്ല. ദാമ്പത്യത്തിലെ പിരിഞ്ഞു പോകലിനെ വലിയ വേദനകളായും പാപമായും 'പെണ്ണിന്റെ അഹമ്മതിയായും' 'ആണിന്റെ ദു:സ്വാതന്ത്ര്യവുമൊക്കെയായി വ്യാഖ്യാനിക്കുക യല്ലാതെ പുതിയൊരു തുറവികൊണ്ടുവരാൻ സാധിച്ചിട്ടില്ല. നോവലിലെ 'ഇഷാന' എന്ന കഥാപാത്രം പറയുന്നു: കല്യാണം പടുകുഴിയാണ്; കുടുംബം നരകവും. ചിലത് ശവമഞ്ചം, ചിലത് കാരാഗൃഹം ചിലപ്പോൾ, ചിലത് പറുദീസ (സാറാജോസഫ്, 2013:159) നോവലിലെ കുടുംബങ്ങൾ കാരാഗൃഹങ്ങൾ ആവുന്നു. "പോളും അനുവും പ്രതിനിധാനം ചെയ്യുന്ന വിവാഹിതരുടെ പ്രണയാനുഭവം കുടുംബങ്ങളിലേയും ദാമ്പത്യങ്ങളിലേയും കാപട്യങ്ങളുടെ മറനീക്കുമ്പോൾ, തെരേസയും രേഷ്മയും പ്രതിനിധാനം ചെയ്യുന്ന സ്ത്രീകളുടെ സ്വവർഗ്ഗാനുരാഗം മതങ്ങൾ മുതൽ ഭരണകൂടംവരെയുള്ളവ അനുശാസിക്കുന്നലൈംഗിക നിയമങ്ങളുടെ മനുഷ്യവിരുദ്ധത തുറന്നുകാണിക്കുന്നു" (ഷാജി ജേക്കബ്: 2014). മൂല്യങ്ങളെ പുനർനിർണയിച്ചാൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാനാവൂ.

സദാചാരം, പ്രണയം, സ്ത്രീപുരുഷലൈംഗികത, സ്ത്രീപുരുഷ സ്വാതന്ത്ര്യം തുടങ്ങിയവയെക്കുറിച്ചൊക്കെ തുറന്ന വിചാരങ്ങൾ കടന്നുവരേണ്ടിയിരിക്കുന്നു. ലൈംഗികതയെ ഒരു വ്യക്തിയുടെ സ്വാതന്ത്ര്യമായി കണക്കാക്കാൻ ഒരു മതവും അനുവദിക്കുന്നില്ല. ഏതു വ്യവസ്ഥയ്ക്കകത്തു ജീവിച്ചാലും നമ്മുടെ മനസ്സിനു ശരിയെന്നു തോന്നുന്നതും നമുക്കു സന്തോഷം നൽകുന്നതുമായ ജീവിതം ജീവിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ ആ വ്യവസ്ഥയ്ക്കുള്ളിൽ കിടന്ന് നാം ജീർണിച്ചു പോകുകയേയുള്ളൂ എന്ന് ഈ നോവൽ ബോധ്യപ്പെടുത്തുന്നു. പ്രായോഗിക രാഷ്ട്രീയം പോലെ പ്രായോഗിക സാഹിത്യവും വളർന്നു വരുന്ന സമയത്ത് ആളോഹരി ആനന്ദം എന്ന ശീർഷകത്തിൻ കീഴിൽ പ്രകോപിപ്പിക്കുന്ന തുറന്നെഴുത്തു നടത്തിയിരിക്കുകയാണ് സാറാജോസഫ്. മറ്റൊരു മലയാളനോവലും വിവാഹിതരുടെ പ്രണയവും സ്വവർഗ്ഗരതിയുടെ രാഷ്ട്രീയവും ഇത്രമേൽ തീക്ഷ്ണമായി ഇന്നോളമാവിഷ്കരിച്ചിട്ടില്ലെന്നും, മലയാളത്തിലെഴുതപ്പെട്ട ഏറ്റവും ശ്രദ്ധേയമായ ഒരു മതവിമർശന പാഠവും സ്ത്രീ സ്വാതന്ത്ര്യരേഖയുമായിത്തീരുന്നു ഈ നോവലെന്നും ഡോ.ഷാജിജേക്കബ് അഭിപ്രായപ്പെടുന്നു (2014). രാഷ്ട്രീയ ബഹുത്വങ്ങളിലേക്ക് ഈ കൃതി സഞ്ചരിക്കുന്നു.

ഒരാൾ സ്വവർഗ്ഗപ്രണയി ആകുന്നതിനു പിന്നിൽ ജനിതകപരമോ മനശ്ശാസ്ത്രപരമോ ആയ കാരണങ്ങൾ ഉണ്ടാകാം. എന്നാൽ താനൊരു സ്വവർഗസ്ത്രീരതയാണ് എന്ന് പ്രഖ്യാപിക്കുന്നതിൽ ശക്തമായ രാഷ്ട്രീയം ഉണ്ട്. കട്ടത്ത യാഥാസ്ഥിതികത മുഴച്ചുനിൽക്കുന്ന സമൂഹത്തിലെ പരമ്പരാഗത കുടുംബസങ്കൽപ്പത്തെ ബഹിഷ്കരിക്കുകയും വ്യവസ്ഥിതിയെ ചോദ്യം ചെയ്യുകയുമാണ് ഈ നോവലിലെ സ്വവർഗ്ഗസ്ത്രീരതകൾ. പ്രത്യുൽപാദനത്തിനു മാത്രമാണ് ലൈംഗികത എന്ന പ്രാകൃതചിന്തയെ ഇവർ നിഷേധിക്കുന്നു. അപരൻ നിർമ്മിച്ച പാതയിൽ അനിഷ്ടത്തോടെ സഞ്ചരിക്കുമ്പോഴല്ല, നമ്മൾ നടക്കേണ്ട വഴി സ്വയം നിർമ്മിക്കാനുള്ള അവകാശവും സ്വാതന്ത്ര്യബോധവും നേടിയെടുക്കുമ്പോഴാണ് മനുഷ്യാവകാശമെന്ന പദത്തിന് അർത്ഥമുണ്ടാകുന്നത്. മതവും രാഷ്ട്രവും കുച്ചുവിലങ്ങിട്ടു നിർത്തിയിരിക്കുന്ന സമൂഹത്തിൽ പൂർണ്ണമായും സ്വവർഗ്ഗസ്ത്രീരതികളായി ജീവിച്ചുകൊണ്ടുതന്നെ രേഷ്മയും തെരേസയും ആ അവകാശം സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുന്നു.

പുരുഷാധിപത്യ വ്യവസ്ഥിതിയോടും സ്ഥാപനങ്ങളോടുമുള്ള വിമർശനവും വിയോജിപ്പും പുരുഷനിർമ്മിത പാഠങ്ങളുടെ പുനർവായനയും സ്ത്രീസ്വത്വത്തിന്റെയും കർതൃത്വത്തിന്റെയും പുനർനിർമിതിയായി പരിണമിക്കുന്നുണ്ട് ഇതിൽ. സ്ത്രീത്വത്തിന്റെ ലിംഗപദവിയ്ക്കൊപ്പം ശരീരത്തിന്റെ ലൈംഗികപദവിയും പ്രശ്നവൽക്കരിക്കപ്പെടുന്നു ഈ നോവലിൽ. സ്വവർഗ്ഗരതിപാപമല്ലെന്ന ഉറച്ച നിലപാടിലാണ് ആളോഹരി ആനന്ദം ഊന്നുന്നത്. രാഷ്ട്രവും മതവും ഒരേ സ്വരത്തിൽ സ്ത്രീയ്ക്കുമേൽ നടത്തുന്ന കയ്യേറ്റങ്ങൾ പ്രതിപാദിക്കുന്ന ഈ നോവൽ നമ്മുടെ കുടുംബ-ദാമ്പത്യ-ലൈംഗികബന്ധങ്ങളിലെ കാപട്യങ്ങളെ മറനീക്കിക്കാണിക്കുന്നു. ലോകത്തിലെ എല്ലാത്തരം സ്ത്രീകളും ഇവിടെ പരാമർശവിധേയമാകുന്നു. ഭിന്നവർഗ്ഗലൈംഗികതയും സ്വവർഗ്ഗരതിയും തമ്മിലുള്ള സംഘർഷങ്ങളല്ല, ലൈംഗിക ന്യൂനപക്ഷങ്ങൾ സമൂഹത്തിൽ ജീവിക്കാൻ

നടത്തുന്ന അവകാശ സമരങ്ങളാണ് ആളോഹരി ആനന്ദത്തിൽ പ്രമേയവൽക്കരിക്കപ്പെടുന്നത്. ആ നിലയിൽ ഇത് അധികാര ഘടനയ്ക്കെതിരെയുള്ള സമരപ്രഖ്യാപനമാണ്.

ഗ്രന്ഥസൂചി


1. ഒരു സംഘം ലേഖകർ, 2002, പെണ്ണെഴുത്ത്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ജയകൃഷ്ണൻ.എൻ, 2011, പെണ്ണെഴുത്ത്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. ജയകൃഷ്ണൻ.എൻ (സമാഹരണം), 2011, ഫെമിനിസം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. ജോളി വർഗീസ്, 2011, 'ഫെമിനിസവും സ്ത്രീ ശരീരശാസ്ത്രവും', ഫെമിനിസം, ജയകൃഷ്ണൻ. എൻ (സമാഹരണം), കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
5. ദേവിക. ജെ, 2000, സ്ത്രീവാദം (നവസിദ്ധാന്തങ്ങൾ-4), ഡി.സി.ബുക്സ്, കോട്ടയം.
6. രേഷ്മ ഭരദ്വാജ്: (എഡി), 2009, മിഥ്യകൾക്കപ്പുറം സ്വവർഗ്ഗലൈംഗികത കേരളത്തിൽ, ഡി.സി.ബുക്സ്, കോട്ടയം.
7. വേണുഗോപാലൻ കെ.എം: (എഡി), 2006, കേരളം ലൈംഗികത ലിംഗനീതി, സൈൻ ബുക്സ്, നെല്ലായി.
8. സാറാജോസഫ്, 2013, ആളോഹരി ആനന്ദം, കറന്റ് ബുക്സ്, തൃശ്ശൂർ.

ആനുകാലികങ്ങൾ

1. ചന്ദ്രിക സി.എസ്, 2014, 'ലെസ്ബോസിൽനിന്നുള്ള ചോദ്യങ്ങൾ'-മറുപടി, സംഘടിത, മാർച്ച് 9, വാല്യം 7, ലക്കം 3.
2. ജയശ്രീ എ.കെ, 2005, 'പെണ്ണെഴുത്തിന്റെയും ആനന്ദത്തിന്റെയും പുനർനിർണയം', മാധ്യമം ആഴ്ച്ചപതിപ്പ്, ജനുവരി, പുസ്തകം 8, ലക്കം 36.
3. ജീവൻ ജോബ് തോമസ്, 2011, 'കൊല്ലുന്ന ആണും തിന്നുന്ന പെണ്ണും' മാതൃഭൂമി ആഴ്ച്ചപ്പതിപ്പ്, ജൂൺ 12-18.
4. ജീവൻ ജോബ് തോമസ്, 2013,'പുരുഷന്മാർ ബലാത്സംഗം ചെയ്യുന്നത് എന്തുകൊണ്ട്?', മാതൃഭൂമി ആഴ്ച്ചപ്പതിപ്പ്, ജനുവരി 13-19
5. പള്ളത്ത്. ജെ. ജെ, 2012-13, 'സ്വലിംഗരമികളോട് മതത്തിനെന്താ പ്രശ്നം?', മാതൃഭൂമി ആഴ്ച്ചപ്പതിപ്പ്, 19 ഡിസംബർ ജനുവരി 4.
6. മായ എസ്, 2004, 'ലെസ്ബിയനിസം ചരിത്രവും സിദ്ധാന്തവും' ഭാഷാപോഷിണി, സെപ്തംബർ, പുസ്തകം 28, ലക്കം 4.
7. ശാരദക്കുട്ടി എസ്, 2014, 'തലകൾക്കു ചേരാമെങ്കിൽ മുലകൾക്കും ചേരാം', സംഘടിത, മാർച്ച് 9, വാല്യം 7, ലക്കം 3.
8. ഷാജിജേക്കബ്, 2011, 'നട്ടെല്ലുനിവർത്തി ഉയരുന്ന മലയാളി സ്ത്രീയുടെ ജീവചരിത്രം', മാധ്യമം ആഴ്ച്ചപ്പതിപ്പ്, സെപ്തംബർ 26
9. സുനിൽ പി. ഇളയിടം, 2014, 'സ്വവർഗരതി; മാർക്സിസ്റ്റ സമീക്ഷ', ദേശാഭിമാനി വാരിക, മാർച്ച് 8.
10. സൂജസൂസൻജോർജ്, 2012, "അവർ' പുരുഷനോ, സ്ത്രീയോ?', ഭാഷാപോഷിണി, സെപ്തംബർ.

# ശരീരം : ലൈംഗികത : അധികാരം

***രതികല ബി,*** *ഗവേഷക, മലയാളവിഭാഗം*
*ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി*

## ആമുഖം

ജൈവികമായ ആൺ പെൺ ഭേദത്തിനു പുറത്ത് ശരീരം ഒരു നിർമ്മിതിയാണ്. സാമൂഹ്യവും സാംസ്കാരികവുമായ നിരവധി മാനങ്ങൾക്കകത്ത് വ്യത്യസ്ത നിലകളാണ് ശരീരത്തിന്. അധികാരത്തിന്റെ ശരീരമായി പുരുഷനും ഇതിന്റെ കീഴ്നിലയായി സ്ത്രീ ശരീരവും സമൂഹത്തിൽ അഡ്രസ്സ് ചെയ്യപ്പെട്ടു. സാമൂഹ്യ ശരീരത്തിന്റെ ഈ നിലകൾ ടി.പി. രാജീവന്റെ "പാലേരിമാണിക്യം ഒരു പാതിരാക്കൊലപാതകത്തിന്റെ കഥ" എന്ന നോവൽ മുൻ നിർത്തി അന്വേഷിക്കുന്നു. സ്ത്രീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന നോവലെന്ന നിലയ്ക്ക് ആഖ്യാനത്തിലെ സ്ത്രീ ശരീര നിർമ്മിതികളുടെ രാഷ്ട്രീയം പഠിക്കപ്പെടേണ്ടതാണ്. സാമൂഹിക ജീവിതത്തിൽ സ്ത്രീയുടെ ഇടം എക്കാലവും ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. എങ്കിലും പൂർണ്ണമായ ഒരു ശരീരമായി അവ ഇന്നും അംഗീകരിക്കപ്പെടുന്നില്ല. മറിച്ച് സ്ത്രീ ശരീരം എങ്ങനെ വ്യവഹരിക്കപ്പെടുന്നു എന്നതിന്റെ കണ്ടെത്തൽ കൂടിയാണ് ഈ പഠനം.

## ശരീര നിർമ്മിതിയും പാഠവും

1957 കാലഘട്ടത്തിൽ വടക്കൻ മലബാറിലെ കോഴിക്കോട് പാലേരി ദേശത്ത് തീയ്യ സമുദായത്തിൽപ്പെട്ട മാണിക്യമെന്ന യുവതി കൊലചെയ്യപ്പെടുന്നതും അതുമായി ബന്ധപ്പെട്ട അന്വേഷണവുമാണ് നോവലിന്റെ ഇതിവൃത്തം. ചരിത്രവും വർത്തമാനവും ഒരുപോലെ ചർച്ചചെയ്യപ്പെടുന്ന ആഖ്യാനത്തിന്റെ മുഖ്യപ്രമേയവും സ്ത്രീ ശരീരത്തിനുമേൽ അധികാരശക്തികൾ നടത്തുന്ന നീതിനിഷേധത്തിന്റെ പാഠമാണ്. പവിത്രീകരിക്കപ്പെടുന്നതും അല്ലാത്തതുമായ രണ്ടുതരം സ്ത്രീശരീരങ്ങളെ നോവലിൽ കണ്ടെത്താവുന്നതാണ്.

ജനാധിപത്യ കേരളത്തിലും സ്ത്രീയുടെ സാമൂഹ്യ മൂല്യങ്ങൾ അളക്കപ്പെടുന്നത് അവളുടെ വ്യക്തിശരീരത്തെ അടിസ്ഥാനമാക്കിയാണ്. ഭൂപരിഷ്കരണനിയമം നിലവിൽ വന്ന കാലഘട്ടമാണ് നോവലിന്റേത്. മുരിക്കുംകുന്നത്ത് അഹമ്മദ്ഹാജി എന്ന ഭൂവുടമയുടെ കുടികിടപ്പുകാരിയായ മീത്തലെ ചാലിൽ ചിരുതയുടെ സാമൂഹ്യാവസ്ഥ ഇതാണ്.

"ഞാമ്പറഞ്ഞത് സത്യാ" ഹാജിക്കൊരു മോഹമുണ്ട് ചീരുടത്തീനെ ഒരേസം കാണണമെന്ന് വേലായുധൻ പറഞ്ഞു. മെല്ലെപ്പറയടാ പഹയാ... ചീരു പിണക്കം നടിച്ചു. വേലായുധന്റെ വാക്കുകൾ കൂടുതൽ നേർവഴിയിലായപ്പോൾ ചീരു പറഞ്ഞു.

അതിനൊന്നും ന്നെ കിട്ടൂല്ല... ഞാനത്തരക്കാരിയല്ല. നെനക്കറിയാല്ലോ നിക്കൊരു തീയ്യനുണ്ട് അതുതന്നെ മതി നിക്ക്.... അല്ല ചീരേട്ടത്തീ, ഹാജ്യാരെ പിണക്കുന്നത് മ്മക്ക് ആർക്കും നല്ലതല്ല. ങ്ങളെ വീട് തന്നെ നോക്ക് ഇതാരുടേതാ..? ഹാജ്യാരു തന്നതല്ലെ. വേലായുധൻ കെഞ്ചി. നീയെന്താ വേലായുധാ ഈ പറയുന്നേ ? ഞാൻ ഹ്ജ്യാർക്കു കെടന്നുകൊടുക്കണോ..? വേലായുധൻ ഒന്നു ഞെട്ടി. തുടർന്നുപറയുവാൻ വാക്കുകൾ വന്നില്ല. അയാൾ നിന്നു വിക്കി. അതെന്നാ ഹാജ്യാരുടേം മോഹം. ( ടി.പി. രാജീവൻ 2008 : 57,58)

പുരുഷനൊടൊപ്പം തന്നെ കരുത്തുറ്റ കഥാപാത്രമാണ് ചിരുത. ഒതേനന്റെ ഭാര്യ, ഹാജിയുടെ വെപ്പാട്ടി, അഭിസാരിക, എന്നി പല നിലകളിൽ നോവലിൽ അവരെ അഭിസംബോധന ചെയ്യപ്പെടുന്നുണ്ട്. കുടികിടപ്പ്, ദാരിദ്ര്യം ഇവ ഭയാനകമാകുന്ന/ നഷ്ടമാകുന്ന സന്ദർഭത്തിൽ ചിരുത സ്ത്രീ ലമ്പടനായ ഹാജിക്കിരയാകുന്നു. നിലനിൽപ്പിന്റെ ഭാഗമായാണ് സ്വന്തം ശരീരം ഇരയാകലിനു വിട്ടുനൽകുന്നത്. പിന്നീട് ഇരയാകലിന്റെ മറ്റൊരു ലോകക്രമം സൃഷ്ടിച്ചെടുക്കുകയും ചെയ്യുന്നു. നിരവധി പുരുഷന്മാരുമായുള്ള അവരുടെ ബന്ധം ഇതിന്റെ ഭാഗമാണ്. പ്രതിനായകനായ ഹാജിയുടെ ഇത്തരം ശീലങ്ങൾ അധികാരത്തിന്റെ ചിഹ്നമായി സമൂഹത്തിൽ നിലകൊണ്ടു. " സ്ത്രീകളെ

വേശ്യകളാക്കുന്നത് അവരെ കിരാതമായ രീതിയിൽ നശിപ്പിക്കലാണ്"(റോസി തമ്പി, 2012:68) സ്ത്രീശരീരം സ്വഭാവത്തിന്റെയും ധർമ്മത്തിന്റെയും പേരിൽ വേശ്യയും പതിവ്രതയുമായി മാറുകയും പുരുഷശരീരം സദാചാരത്തിന്റെ വക്താവായി/ലൈംഗിക അധികാരത്തിന്റെ രൂപമായി നിലകൊണ്ടു. അഹമ്മദ് ഹാജിയുടെയും മറ്റു പുരുഷകഥാപാത്രങ്ങളുടേയും ശരീര നിർമ്മിതികൾ സാമൂഹ്യമായ ഈ അധികാര ഘടനയ്ക്കുള്ളിലാണ് പ്രവർത്തിക്കുന്നത്. എസ്. കെ. പള്ളിപ്പുറം അപ്പുണ്ണിനായർ തുടങ്ങിയവർ ഇതിനുദാഹരണമാണ്. സമൂഹം അംഗീകരിക്കാത്ത പുരുഷനിലെ ലൈംഗികത നോവൽ അദൃശ്യവൽക്കരിക്കുന്നുണ്ട്. പുരുഷന്റെ ലൈംഗിക താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെട്ട ചരിത്രമാണ് നമ്മുടേത്. " ലോക ചരിത്രം പരിശോധിച്ചാൽ അധികാരവും സ്വാധീനശക്തിയുമുള്ള പുരുഷന്മാരിലധികവും ബഹുഭാര്യത്വത്തിന്റെ പ്രതാപം കൂടി അനുഭവിച്ചിരുന്നതായി കാണാം. ഹിന്ദു രാജാക്കന്മാരും ചക്രവർത്തിമാരും അന്തഃപുരങ്ങളിൽ രാജ്ഞിമാരുടെയും വെപ്പാട്ടിമാരുടേയും എണ്ണത്തിൽ മികവു പുലർത്തിയവരാണ്." (ഖദീജ മുംതാസ്. 2012 :11) പാതിവ്രത്യം പെണ്ണിനുമാത്രം അവകാശപ്പെട്ട ഒന്നായി ആധുനിക ലോകം ചർച്ച ചെയ്യപ്പെടുന്നതിന്റെ ചിത്രമാണ് ഇത്തരം കഥാപാത്ര നിർമ്മിതിയുടെ പിന്നിലെ താൽപ്പര്യവും. കാമഭ്രാന്തനായ അഹമ്മദ് ഹാജിയിൽ ആദർശവൽക്കരിക്കപ്പെട്ട പിതാവിന്റെ മുഖം കണ്ടെത്തുന്നതും ചിരുതയുടെ മാതൃത്വം മൂടിവെയ്ക്കപ്പെടുന്നതും നിലവിലെ ആൺ ബോധ്യങ്ങളുടെ ഉറപ്പിച്ചെടുക്കലുകളാണ്. "സ്ത്രീകളെ തേടി എസ്.കെ. അങ്ങോട്ടു പോവുകയായിരുന്നില്ല. എസ്.കെ. യെ തേടി അവർ അങ്ങോട്ടു ചെല്ലുകയായിരുന്നു." (ടി.പി. രാജീവൻ, 2008:199) ഈ അധികാരത്തിന്റെ മറ്റൊരു തലമാണ് ഈ ഭാഗവും സൂചിപ്പിക്കുന്നത്.

പുരുഷസംരക്ഷണം, അനുസരണം, ധർമ്മം ഇവയുടെ ഭാഗമാകുന്ന സ്ത്രീകളാണ് ഉത്തമസ്ത്രീ സങ്കല്പങ്ങളിലേക്ക് എത്തപ്പെട്ടത്. ഇത്തരം സ്ത്രീ ശരീരങ്ങളെ ഉത്തമ സ്ത്രീകളായി നോവലും ആവിഷ്കരിച്ചു. മാതൃത്വം, ക്ഷമ, ത്യാഗം, സഹനം തുടങ്ങിയ വിവിധ അവസ്ഥാവിശേഷങ്ങൾക്കുള്ളിലാണ് സ്ത്രീക്കുമേലുള്ള അധികാരത്തിന്റെ രാഷ്ട്രീയം ഉള്ളടക്കം ചെയ്യപ്പെട്ടത്. ഉത്തമസ്ത്രീ സങ്കല്പത്തിൽ ചിരുതയെത്തപ്പെടാതെ പോയതും ഇപ്രകാരമാണ്. വനജ, ലക്ഷ്മി അന്തർജ്ജനം തുടങ്ങിയ സവർണ്ണജീവിത പരിസരങ്ങളിലാണ് ഉത്തമസ്ത്രീ ശരീരങ്ങളെ നോവൽ കണ്ടെത്തുന്നത്.

"ഒന്നുമറിയാതെ പശ്ചിമ വിഹാറിലെ ആ മൂന്നുമുറി ഫ്ളാറ്റിനുള്ളിൽ ഏകാദശി നോറ്റും ഗുരുവായൂരപ്പനെ പ്രാർത്ഥിച്ചും കുട്ടികളുടെ മാർക്കു കുറയുന്നതിൽ സങ്കടപ്പെട്ടും കഴിയുകയാണവൾ" (ടി.പി. രാജീവൻ, 2008:166).

"അമ്മ ഒന്നും പറയില്ല അയാൾ പറഞ്ഞു. എനിക്കു നാലഞ്ചുവയസ്സാകുന്നവരെ അമ്മ പലതും പറയുമായിരുന്നു. പുരാണങ്ങളിലെ കഥകൾ, നീതിസാരം അങ്ങനെ പലതും" (ടി.പി. രാജീവൻ, 2008:101)

വനജ, ലക്ഷ്മി അന്തർജ്ജനം എന്നിവരുടെ ജീവിതാവസ്ഥയാണിത്. ഇവർ ഉത്തമസ്ത്രീകളായത് സാമൂഹിക നിയമങ്ങൾ അനുവദിച്ച ജീവിതാവസ്ഥയ്ക്കുള്ളിലാണ്. മകൻ, മകൾ, ഭർത്താവ്, എന്നിവരുടെ ജീവിത പരിപാലനവും ജീവിതസംരക്ഷണവുമായി മാറുമ്പോഴാണ് സ്ത്രീ ശരീരം മഹത്വവത്കരിക്കപ്പെടുന്നത്. അതിനുമുകളിൽ യാതൊരു അവകാശവും അവർക്ക് അനുവദിച്ചിരുന്നില്ല."ഗാർഹികവത്കരിക്കപ്പെട്ട സ്ത്രീയെ സംബന്ധിച്ചിടത്തോളം അവളുടെ വൈയക്തികവും സാമൂഹികവുമായ ഇടപെടലുകൾ പുരുഷാധികാരത്താൽ നിശ്ചിതവും നിയതവും നിയന്ത്രണവിധേയവുമാണ്. കുലീനമായ പെരുമാറ്റ സംഹിതകളും ശാരീരിക ചലനങ്ങളും അവളിൽ സ്വാഭാവികമെന്നവണ്ണം ഉൾചേർക്കപ്പെട്ടു." (ഉഷാകുമാരി ജി.2013:30) നിലവിലെ അധികാര താൽപ്പര്യങ്ങൾ പ്രയോഗത്തിൽ വരുമ്പോൾ ഉത്തമകുടുംബിനികളായി സ്ത്രീശരീരം മാറും. അല്ലാത്തപക്ഷം അവൾ എങ്ങനെ വ്യാഖ്യാനിക്കപ്പെടുന്നു എന്നത് ചിന്തിക്കപ്പെടേണ്ട ഒന്നാണ്. മറ്റുസാമൂഹിക ബന്ധങ്ങളിൽ നിന്ന് മാറി കുടുംബ ബന്ധങ്ങളിലേക്ക് ഒതുങ്ങുമ്പോഴാണ് സ്ത്രീയുടെ സാമൂഹിക നിലകൂടുതൽ പവിത്രീകരിക്കപ്പെടുന്നത്.

പവിത്രമാക്കലിന്റെ ഈ ഘട്ടം സ്വഭാവരൂപീകരണം മുതൽ ആരംഭിക്കുന്നു. കുടുംബത്തിനുള്ളിൽ നിന്ന് ആരംഭിക്കുന്ന ചിട്ടയായ പരിശീലനങ്ങളിലാണ് പെണ്ണായിത്തീരൽ സംഭവിക്കുന്നത്. നോവലിൽ മാണിക്യത്തിന് അമ്മ മാതു നൽകുന്ന ഉപദേശങ്ങൾ സൂചിപ്പിക്കുന്നതും ഇതാണ്. "മലർന്നു കിടക്കരുത്, കാലകറ്റിയോ, കാലിൽ കാല് കയറ്റിവച്ചോ ഇരിക്കരുത്. ഉറക്കെ ചിരിക്കരുത്. അറിയാത്ത ആളുകൾ ഉമ്മറത്തുള്ളപ്പോൾ വാതിൽപ്പടിക്കപ്പുറം പോകരുത്"(78). ഇപ്രകാരം കുടുംബം മുതൽ പൊതുസ്ഥലങ്ങൾ വരെ അതിരുകൾ നിർമ്മിച്ചാണ് സ്ത്രീശരീരം നിർമ്മിക്കപ്പെടുന്നത്. അധികാരത്തിന്റെ ഈ ഘടനയ്ക്ക് പുറത്ത് സ്ത്രീശരീരം പല നിലകളിൽചൂഷണത്തിന് വിധേയരാകേണ്ടിവരും

സ്വഭാവ രൂപികരണം വഴി സ്ത്രീയുടെ ഈ രണ്ടാംനില പൗരത്വത്തെ ഉറപ്പിച്ചെടുക്കുകയും ചെയ്യുന്നു. " സ്ത്രീ സ്ത്രീയായി ജനിക്കുകയല്ല സ്ത്രീയായി പരിണമിക്കുകയാണെന്ന" സിമോൺ ദി ബുവ്വയുടെ നിരീക്ഷണം (ജാൻസി ജയിംസ് 2000:15) ഇവിടെ ചേർത്തു വായിക്കാവുന്നതാണ്. ബൗദ്ധിക പ്രവർത്തനങ്ങളിൽ നിന്നൊഴിവാക്കി ചിന്തിക്കാൻ, രഹസ്യം സൂക്ഷിക്കാൻ കഴിയാത്ത പരദൂഷണവും അസൂയയും നിറഞ്ഞ ചാപല്യങ്ങളുടെ ഉടമകളായും സ്ത്രീകൾ മാറുന്നുണ്ട്. സുഹറ, കുട്ട്യാത തുടങ്ങിയവരുടെ സാമൂഹ്യമായ പെരുമാറ്റങ്ങൾ സൂചിപ്പിക്കുന്നതും ഇതാണ്.

"അവളങ്ങനെയാണ് എന്താ എപ്പാ പറയേണ്ടതെ ന്നറിയില്ല. ഈയിടെ അത് കുറച്ചധികമാ... പിന്നെ പെണ്ണല്ലേ രഹസ്യങ്ങൾ സൂക്ഷിക്കാൻ കഴിയണമെന്നില്ല. നമ്മൾ പറയുന്നതുകേട്ടാൽ പിന്നെ വരുന്നവരോടൊക്കെ അതു പറയും" (291). സ്ത്രീ വൈകാരികതയുടെ ലോകത്ത് ജീവിക്കുന്ന ചിന്താശേഷിയില്ലാത്ത ഒന്നായി സമൂഹത്തിൽ നിലകൊണ്ടു. അടിസ്ഥാനപരമായി ആദർശവൽക്കരിക്കപ്പെട്ട് എല്ലാവിധ സാംസ്കാരിക മൂലധനത്തിന്റെയും കേന്ദ്രമായി പുരുഷനെ പ്രതിഷ്ഠിച്ചവയുല്ലാണ് ഇതിന്റെയെല്ലാം പിന്നിൽ പ്രവർത്തിക്കുന്നത്.

സൗന്ദര്യത്തിന്റെ മൂർത്തരൂപങ്ങളായുംമറ്റുള്ളവരിൽ ആകർഷണം ജനിപ്പിക്കുന്ന ഒന്നായും സ്ത്രീശരീരം നോവലിൽ മാറുന്നു. ശാരീരിക പ്രത്യേകതകൾ ജീവശാസ്ത്രപരമാണ്. അവിടെ സൗന്ദര്യത്തിന്റെ പ്രതീകമായി സ്ത്രീശരീരം മാറുന്നതിന്റെ യുക്തി അവളുടെ അബലത്വത്തെ ഉറപ്പിച്ചെടുക്കലാണ്. പ്രകൃതിയിലെ കേവലങ്ങളായ പൂവ്, പൂമ്പാറ്റ തുടങ്ങിയ ലോലമായ വസ്തുക്കളിലാണ് സ്ത്രീശരീരത്തിന്റെ സൗന്ദര്യം കണ്ടെത്തുന്നത്.

"വിഷുവിന് കൊന്ന പൂത്തതുപോലെയോ, ഇളം വെറ്റിലപോലെ നേർത്ത നാഭി കണ്ടാൽ ആർക്കും ഒന്നുതടവാനോ നുള്ളാനോ തോന്നും. കവിളിൽ ഒരു കാക്കപ്പുള്ളി ഉണ്ടായിരുന്നു എന്നാണ് ഓർമ്മ ഓരോ കാലത്തും ഓരോമണമാണ്. മേടത്തിൽ വാകയുടെ, ഇടവത്തിൽ ചന്ദനത്തിന്റെ, മിഥുനത്തിൽ പുതുമണ്ണിന്റെ, കർക്കിടകത്തിൽ തെങ്ങിൻ പൂക്കുലയുടെ, ചിങ്ങത്തിൽ ചെമ്പകത്തിന്റെ, കന്നിയിൽ മഞ്ഞളിന്റെ, തുലാത്തിൽ പുന്നെല്ലിന്റെ, മകരത്തിൽ കർപ്പൂരത്തിന്റെ അങ്ങനെ ഒരുത്തി യായിരുന്ന ആ അപ്സരസ്സ്" (256)

"നല്ല അടക്കോം ഒതുക്കോം ഉള്ള പെണ്ണാ ഓള്. ആരു കണ്ടാലും നല്ല ചേല്. ഒത്ത തടീം വണ്ണോം, പാകത്തിനുയരോം, നല്ല നെറോം, ആരു കണ്ടാലും ഒന്നു നോക്കിപ്പോം." (72)

നിറം, വണ്ണം, ഗന്ധം എന്നിവയിൽ നിർണ്ണയിക്കപ്പെടേണ്ട ഒന്നല്ല സ്ത്രീശരീരം. ആസ്വദിക്കപ്പെടേണ്ടതുംആകർഷിക്കപ്പെടേണ്ടതുമല്ല. മറിച്ച് പുരുഷ ശരീരത്തോടൊപ്പംതന്നെ സാമൂഹിക സാംസ്കാരിക മൂലധനങ്ങൾ ഉത്പാദിപ്പിക്കപ്പെടേണ്ട ഒരു ശരീരമായി സ്ത്രീശരീരം മാറണം. മറ്റുള്ളവയെല്ലാം കേവലം ലൈംഗികമായ വർണ്ണനകളാണ്. "സ്ത്രീ സ്വത്വത്തെ അതിന്റെ എല്ലാവിധ സവിശേഷത കളോടുംകൂടി അംഗീകരിക്കാൻ സമൂഹം ഇന്നും തയ്യാറായിട്ടില്ല. അവൾ ആസ്വദിക്കപ്പെടുകയോ ഉപയോഗിക്കപ്പെടുകയോ ചെയ്യുന്ന ചരക്ക് മാത്രമാണ്." (ഷൺമുഖൻ പുലാപ്പെറ്റ, 2012:75). സ്ത്രീശരീരത്തിലേക്ക് പുരുഷൻ നടത്തുന്ന അധികാര സമർത്ഥനമാണ് ഇത്തരം വർണ്ണനകൾ. പുരുഷശരീര വർണ്ണനകൾ പരിശോധിച്ചാൽ ഇവ കൂടുതൽ മനസ്സിലാക്കാം. കളരി, മറ്റ് ആയോധനകലകൾ ഇവയിലൂടെ പരുവപ്പെടുത്തിയവയാണ് നോവലിലെ പുരുഷകഥാപാത്രങ്ങളുടെ ശരീരങ്ങൾ. കായിക ശക്തിയിലൂടെ പുരുഷനെ കൂടുതൽ ബലവാനാക്കുകയാണ് ഇത്തരം വർണ്ണനകളിലൂടെ ചെയ്യുന്നത്. ആഖ്യാനത്തിലെ ഒട്ടുമിക്ക പുരുഷ കഥാപാത്രങ്ങളും ഈയൊരു മാതൃകയിൽ രൂപപ്പെട്ടുവന്നവരാണ്.

## സ്വകാര്യ പൊതുസ്ഥല നിർമ്മിതി

ശരീര കേന്ദ്രമായ അധികാരത്തിന്റെ മറ്റൊരുതലം പ്രവർത്തിക്കുന്നത് സ്ഥലകാല നിർമ്മിതിയിലാണ്. കുടുംബമെന്ന സ്വകാര്യതയിലാണ് ആധുനികതയിലും സ്ത്രീയുടെ ലോകം/ശരീരം നിലകൊള്ളുന്നത്. അവിടെ പിതാവ്, മകൻ, ഭർത്താവ് തുടങ്ങിയവരുടെ അധികാരസംരക്ഷണത്തിലാണ് സ്ത്രീകൾ കഴിയുന്നത്. സാമൂഹ്യമായ ഈ അതിരുകൾ ഭേദിച്ച് സാമൂഹ്യജീവിതത്തിൽ പുതിയൊരുലോകക്രമം കണ്ടെത്തുവാൻ ശ്രമിക്കുന്ന ആധുനിക കാല ഘട്ടത്തിന്റെ സ്ത്രീ പ്രതിനിദാനങ്ങളും നോവലിലുണ്ട്. മാണിക്യം കേസന്വേഷണവുമായി ബന്ധപ്പെട്ട സരയൂ ശർമ്മയ്ക്ക് പുരുഷാധികാര വ്യവസ്ഥകളോടുള്ള കലഹമായിരുന്നു ജീവിതം.

"ഗ്രാമീണ വായനശാല ആദ്യം പുറത്തിറങ്ങിയത് സരയുവാണ്. ഞാൻ പലപ്പോഴും വിലക്കിയിട്ടുണ്ട് അങ്ങനെ ചെയ്യരുതെന്ന് ആളുകൾക്ക് കൗതുകവും തമാശയും വർദ്ധിക്കും. അവിടത്തുകാരിയല്ലാത്ത ഒരുത്തി പെട്ടെന്നങ്ങനെ ഇറങ്ങിച്ചെന്നാൽ

പിന്നെ പറയുന്നതും ചെയ്യുന്നതും ആവേശത്തിന്റെ പുറത്തായിരിക്കും. പക്ഷേ എന്റെ നിലപാടുകളോട് അവൾ എപ്പോഴും വിയോജിച്ചു." (165166) സ്ഥലകാല നിർമ്മിതികൾ പുരുഷന്റെ യാഥാർത്ഥ്യവുമായി ബന്ധപ്പെട്ടാണ് നിലനിൽക്കുന്നത്. പരിചിതം/ അപരിചിതം, രാത്രി/പകൽ ഇവ പ്രശ്നമാകുന്നത് സ്ത്രീശരീരങ്ങൾക്കാണ്. പുരുഷന്റെ സംരക്ഷണം എല്ലാ സമയത്തും അവൾക്കാവശ്യമാണ്. അല്ലാത്തപക്ഷം മറ്റൊരു അധികാര രൂപത്തിന് കീഴ്പ്പെടേണ്ടിവരും. ബലാൽസംഗം മുതലുള്ള എല്ലാ പീഢനങ്ങളും ഇതിൽപ്പെടും. സ്ത്രീയുടെ മേലുള്ള ചാരിത്ര സംരക്ഷണമാണിതിലൂടെ എല്ലാം നിർമ്മിക്കപ്പെടുന്നത്. "പരമാധികാരമുള്ള പുരുഷമേൽക്കോയ്മ കീഴടക്കിയ ഭൂപ്രദേശമായിട്ടാണ് സ്ത്രീയുടെ ശരീരം സങ്കൽപ്പിക്കപ്പെട്ടിരിക്കുന്നത്. സംരക്ഷണം നൽകുന്ന അധിപനായ യജമാനൻ ഇല്ലാതെ വരുമ്പോൾ ഈ പ്രദേശം മറ്റ് അധികാരമോഹികൾക്ക് കീഴടക്കാനുള്ള ഒരു സ്വതന്ത്ര പ്രദേശമാകുന്നു. ഈ അധിനിവേശ മോഹത്തിന്റെ ആക്രമണ സ്വഭാവമാണ് ബലാൽസംഗം" (പി.പി. സത്യൻ, 2000:25) മാണിക്യം, കുൽസു തുടങ്ങിയ കഥാപാത്രങ്ങളുടെ ജീവിത വ്യവഹാരം ഈ പാഠമാണ് നൽകുന്നത്. തൊഴിൽ സ്ഥലങ്ങൾ, രാഷ്ട്രീയം, മതസ്ഥാപനങ്ങൾ തുടങ്ങിയ സാമൂഹ്യമായ എല്ലാ പൊതുമണ്ഡലങ്ങളും സ്ത്രീകൾക്കിന്നും അന്യമാകുന്നത് പുരുഷാധികാരത്തിന്റെ ഈ രാഷ്ട്രീയത്തിനുള്ളിലാണ്.

## ആണധികാരവും സാമൂഹിക നിലയും

ചരിത്രം രൂപപ്പെടുത്തിയ ആണധികാരത്തിന്റെ നേർക്കാഴ്ചകളാണ് നോവലിലെ പുരുഷകഥാ പാത്രങ്ങൾ. സാമൂഹിക-സാംസ്കാരിക സാമ്പത്തി കാധികാരത്തിന്റെ അധിപനാണിവിടെ പുരുഷൻ. അഹമ്മദ് ഹാജിയെന്ന പ്രതിനായകനിലൂടെ ആണധികാരത്തിന്റെ അധീശത്വം കണ്ടെത്താം. ഹാജിയെ നോവലിൽ അടയാളപ്പെടുത്തുന്നത്.

"ഭാര്യമാരുടെ ചെറുപ്പം അനുസരിച്ചാണ് അഹമ്മദ് ഹാജി രാത്രികിടപ്പിന്റെ ടൈംടൈബിൾ തയ്യാറാക്കിയിരുന്നത്. തിങ്കൾ, ബുധൻ, വെള്ളി മൂന്നാമത്തെ ഭാര്യ കുൽസുവിന്റെ അറയിൽ. ചൊവ്വ, വ്യാഴം രണ്ടാമത്തെ ഭാര്യ ഇരുപത്താറുകാരിയായ കദീശുവിന്റെ അറയിൽ. ശനി ഒന്നാമത്തെ ഭാര്യ മുപ്പത്തിയെട്ടുകാരി പാത്തുമ്മയുടെ അറയിൽ. ഞായറാഴ്ച ആരുടേയും അറയിൽ അന്തിയുറങ്ങുമായിരുന്നില്ല."(63)

ആണെന്നതും ഒപ്പം ഭൂമി, സമ്പത്ത്, തുടങ്ങിയ വിഭവങ്ങളിൽമേലുള്ള അധികാരവും അധീശത്വവുമാണ് ഹാജിയുടെ ജീവിതം ഇപ്രകാരം ചിട്ടപ്പെടുത്തിയത്. ഒന്നിലധികം ഭാര്യാബന്ധവും, മറ്റ് പരസ്ത്രീ ഗമനങ്ങളും അധികാരത്തിന്റെ ചിഹ്നമായിട്ടാണ് സമൂഹത്തിൽ വ്യവഹരിക്കപ്പെടുന്നത്. സാമൂഹിക ജീവിതത്തിൽ പുരുഷന്റെ ഇത്തരം മേൽക്കോയ്മ നിലനിൽക്കുന്നയിടങ്ങളിലാണ് സ്ത്രീസ്വത്വങ്ങൾ അവരുടെ ജീവിതം കണ്ടെത്തുന്നത്. നിലവിലിരിക്കുന്ന എല്ലാ സാമൂഹിക ഘടനകളിലും വ്യാപിച്ചു നിൽക്കുന്ന സ്ഥാപനവത്കരിക്കപ്പെട്ട അധികാരത്തിന്റെ രൂപമായി പുരുഷൻ അംഗീകരിക്കപ്പെട്ടിരിക്കുന്നു. ലൈംഗികതയെ അടിസ്ഥാനമാക്കിയ വരേണ്യതാ സങ്കല്പമാണിത്. ഈ അധികാരം ലഭിക്കുന്നതിന് ആണെന്ന ജന്മം മതി. ജന്മാവകാശമായ ഈ അധികാരത്തിന്റെ വിപരീത നിലയാണ് പെൺ ജാതി" (മ്യൂസ് മേരി ജോർജ്ജ്, 2015 : 48)

## ഉപസംഹാരം

ഉത്തരാധുനിക ഭാവുകത്വ സന്ദർഭത്തിൽ ആഖ്യാനം ചെയ്യപ്പെട്ട നോവൽ പ്രശ്നവൽക്കരിക്കപ്പെടുന്നത് സാമൂഹ്യ ചരിത്ര സന്ദർഭങ്ങളിലെ സ്ത്രീ ജീവിതമാണ്. ആഖ്യാനത്തിന്റെ എല്ലായിടങ്ങളിലും കേവലം ശരീരംമാത്രമാണ് സ്ത്രീകൾ. പുരുഷൻ അന്വേഷിച്ചെത്തുന്ന അവനിൽ ലൈംഗികത ഉദ്പാദിപ്പിക്കുന്ന വസ്തു. ആചാരത്തിന്റെയും വിശ്വാസത്തിന്റെയും പേരിൽ സമകാലിക സന്ദർഭത്തിലും സ്ത്രീശരീരം വേട്ടയാടപ്പെടുന്നതിന്റെ പിന്നിലെ യുക്തിയും ഇതാണ്. സമൂഹത്തിന്റെ പൊതുബോധത്തിൽ നിർമ്മിക്കപ്പെടുന്ന സ്ത്രീഭാവനകളുടെ ഈ തലങ്ങൾ നോവലിലെ സ്ത്രീ കഥാപാത്ര സൃഷ്ടികളിലും വായിച്ചെടുക്കുവാൻ കഴിയും

ഗ്രന്ഥസൂചി


1. സത്യൻ പി.പി. ലൈംഗികതയുടെ ചരിത്രം, ചിന്താ പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2014
2. മ്യൂസ് മേരി ജോർജ്ജ്, ഉടലധികാരം, ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 2015
3. ചന്ദ്രിക സി.എസ്., കേരളത്തിന്റെ സ്ത്രീ ചരിത്രങ്ങൾ, സ്ത്രീ മുന്നേറ്റങ്ങൾ, ഡി.സി. ബുക്സ്, കോട്ടയം 2017
4. ടി.പി . രാജീവൻ, പാലേരിമാണിക്യം ഒരു പാതിരാ കൊലപാതകത്തിന്റെ കഥ, കറന്റ്ബുക്സ്, തൃശ്ശൂർ 2008.

# കാർഷിക സംസ്കാരത്തിലെ ജൈവികതയും പി. കവിതകളിലെ പരിസ്ഥിതിയും

*സന്ധ്യ വി, ഗവേഷക, മലയാള വിഭാഗം*
*ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി.*

## ആമുഖം

ആധുനികാനന്തര സാഹിത്യ സമീപനങ്ങൾ പൊതുവെ അരികുവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ മുഖ്യധാരയിലെത്തിക്കാനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. 1962-ൽ റേച്ചൽകാഴ്സൺ പ്രസിദ്ധീകരിച്ച സൈലന്റ് സ്പ്രിംഗ് (Silent spring) എന്ന ഗ്രന്ഥമാണ് പാശ്ചാത്യലോകത്ത് പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ചകൾക്ക് തുടക്കമിട്ടത്. 1970-കളിലെ സൈലന്റ് വാലി പ്രക്ഷോഭത്തോടെ കേരളത്തിലും പരിസ്ഥിതിചിന്തകൾക്ക് തുടക്കം കുറിച്ചു. പരിസ്ഥിതി പ്രശ്നങ്ങൾ സമൂഹത്തിൽ ചലനങ്ങളുണ്ടാക്കിയതിന്റെ പ്രതിഫലനം സാഹിത്യത്തിലും സംഭവിച്ചു. തൽഫലമായി പരിസ്ഥിതി നിരൂപണംഎന്നൊരുസൗന്ദര്യശാസ്ത്രശാഖരൂപപ്പെട്ടു. സമൂഹവും പ്രകൃതിയും സാഹിത്യകൃതിയും തമ്മിലുള്ള ബന്ധത്തെ പാരസ്ഥിതികാവബോധത്തോടും മൂല്യാധിഷ്ഠിതമായും വിലയിരുത്തുകയാണ് പാരിസ്ഥിതിക നിരൂപണം ചെയ്യുന്നത്. സാഹിത്യകൃതികളെ ഉപയോഗപ്പെടുത്തി പാരിസ്ഥിതിക വിമർശനപദ്ധതിക്ക് തുടക്കമിട്ടത് യൂറോപ്യൻ എഴുത്തുകാരനായ വില്യം റൂക്കേർട്ടാണ്. (Literature and Ecology: An Experiment in Eco-Criticism. 1978). 1996-ൽ ഷെരിൽ ഗ്ലോഫെൽറ്റി, ഹാരോൾഡ് ഫ്രോം എന്നിവർ (editors) ചേർന്ന് പ്രസിദ്ധപ്പെടുത്തിയ 'The Eco-criticism Reader' എന്ന ഗ്രന്ഥമാണ് പരിസ്ഥിതി നിരൂപണത്തെ സൈദ്ധാന്തികവും സൗന്ദര്യാത്മകവുമായ തലത്തിലേക്ക് ഉയർത്തിയത്.

ഉത്തരാധുനിക ചിന്താപദ്ധതികൾക്കുള്ളിൽ വളർന്നു വികസിച്ച പരിസ്ഥിതി നിരൂപണത്തിന്റെ ആശയങ്ങളെ 'പി'യുടെ കവിതകളുമായി ചേർത്തു വായിക്കാനുള്ള ശ്രമമാണ് "കാർഷിക സംസ്കാരത്തിലെ ജൈവികതയും 'പി' കവിതകളിലെ പരിസ്ഥിതിയും" എന്ന ഈ പ്രബന്ധം 1906-1978 കാലഘട്ടത്തിൽ ജീവിച്ചിരുന്ന കാല്പനികനായ 'പി'യുടെ കവിതകളിൽ നിന്ന് (തിരഞ്ഞെടുത്ത കവിതകൾ) പാരിസ്ഥിതികാവബോധത്തിന്റെ സൂക്ഷ്മപാഠങ്ങൾ ഗഹനപരിസ്ഥിതിവാദത്തിന്റെ സൈദ്ധാന്തികതലങ്ങളിൽ നോക്കിക്കാണാനാണ് ശ്രമിച്ചിരിക്കുന്നത്.

## കൃഷി: സംസ്കാരം: ജൈവബോധത്തിന്റെ നാനാർത്ഥങ്ങൾ

മലയാളനാടിന് കാർഷികവൃത്തിയുമായി ബന്ധപ്പെട്ട വലിയൊരു സാംസ്കാരിക ചരിത്രമുണ്ട്. കേരള ജനതയുടെ സാമൂഹികജീവിതമുന്നേറ്റത്തിന്റെ ഈടുറ്റ വഴികളിലൊന്നായിരുന്നു കാർഷികവൃത്തി. പ്രാചീനകാലത്തിന്റെ അടയാളമാണ് കൃഷി. ആ കാലത്തിന്റെ ചുറ്റുപാടുകളും പരിതോവസ്ഥകളും തദനുസൃതമായ ഒരു ജീവിതാന്തരീക്ഷത്തെ ക്രമപ്പെടുത്തിയിരുന്നു. മണ്ണ്, മനുഷ്യൻ, കീടങ്ങൾ, പ്രാണികൾ, തവള, മണ്ണിര, കാള, പശു, പോത്ത്, നായ, പക്ഷികൾ തുടങ്ങി സസ്യ-ജന്തു-വൃക്ഷജാലങ്ങൾ എന്നിങ്ങനെയൊരു ശ്രേണീകൃത ആവാസത്തിന്റെ ജൈവസ്പർശം അക്കാലത്തിന്റെ പ്രത്യേകതയായിരുന്നു. കേരളീയപാരമ്പര്യത്തിന്റെ ഇത്തരം കാഴ്ചകളെ പാരിസ്ഥിതികബോധ്യത്തിന്റെ പാഠങ്ങളായി 'പി'യുടെ കവിതകളിൽ കണ്ടെടുക്കാം.

മണ്ണും മനുഷ്യനും സസ്യ-ജന്തു-ജാലവും തമ്മിലുണ്ടാ

യിരിക്കേണ്ട ജൈവപാരസ്പര്യത്തെ കാർഷിക സംസ്കാരവുമായി ചേർത്തുവയ്ക്കാം. കൃഷിയെ ആധാരമാക്കിയുള്ള മനുഷ്യജീവിതം പ്രകൃതിയോടും പരിസ്ഥിതിയോടും നീതി പുലർത്തിയിരുന്നു. വയലും, കൃഷിയും, കർഷകനും 'പി' കവിതകളിലെ സജീവസാന്നിധ്യങ്ങളാണ്. ഞാറും, ഞാറ്റുവേലയും, നെൽക്കതിരും, കതിർകൊത്തുന്ന പൈങ്കിളിയും, കന്നുകാലിയും അദ്ദേഹത്തിന്റെ കവിതകളിൽ നിരന്തരം വന്നുപോകുന്നതായി കാണാം.

"ആടയും പൊന്മണിമാലയും ചാർത്തി നി-
ന്നാടുന്നൂ നെൽക്കതിർ കന്യകമാർ
പൊന്നും കതിരിലെ ശ്രീചക്രരേഖയി-
ലന്ന പൂർണ്ണേശ്വരി നൃത്തമാടീ
പുന്നെല്ലിൻ പാടത്തിനപ്പുറം നേത്രയിൽ
പൊന്നുഷസന്ധ്യകൾ കൂടികൂട്ടി."
(മലനാട്ടിന്റെ മഹാകവി)

കന്യാകുമാരി മുതൽ ഗോകർണ്ണം വരെയുള്ള കേരള ഭൂഖണ്ഡം ഒരു മനോഹരകാവ്യഗ്രന്ഥമായാണ് കവിക്ക് അനുഭവപ്പെടുന്നത്. കേരളദേശത്തിന്റെ സാംസ്കാരിക പൈതൃകത്തിലൂറ്റം കൊള്ളുന്ന കവിയെ 'മലനാട്ടിന്റെ മഹാകവി'യിൽ കാണാം. നെൽക്കതിരിനെ ആടയും പൊന്മണിമാലയും ചാർത്തി നിന്നാടുന്ന കന്യകയായി കവി ഉപമിച്ചിരിക്കുന്നു. അത് അന്നപൂർണ്ണേശ്വരിയാണെന്ന് കവി വ്യക്തമാക്കുന്നു. 'അന്നം' മനുഷ്യജീവൻ നിലനിർത്തുന്നതിനുള്ള അടിസ്ഥാന ഘടകമാണ്. മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളിൽ പ്രധാന ഘടകമാണ്. കേരള ദേശത്തിന്റെ കാർഷിക സാംസ്കാരത്തിന്റെ മൂല്യങ്ങൾ 'പി'യുടെ പല കവിതകളിലും അന്നപൂർണ്ണേശ്വരിയായി മാറുന്നതിന്റെ പൊരുളുമതാകുന്നു.

"കൊയ്ത്തുകാലക്കറവുകഴിയവേ
വിട്ട, പൂവാലിപ്പയ്യായ പാടവും
പൂമാതിൻ മണിമാലയായ്, മുറ്റത്തെ-
പ്പൂവണിയിച്ച നെൽക്കതിർക്കറ്റയും"

(പുള്ളുവപ്പെൺകൊടി)

കൊയ്ത്തുകാലം, പൂവാലിപ്പയ്യ്, പാടം, മുറ്റത്ത് നിറഞ്ഞു കിടക്കുന്ന നെൽക്കതിർക്കറ്റ... ഇവയെല്ലാം കേരളത്തിന്റെ കാർഷിക ജീവിതാവസ്ഥയുടെ സമ്പൽസമൃദ്ധിയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

നാഗരികജീവിതം മുന്നോട്ടുവയ്ക്കുന്ന നവ സംസ്കാരകോയ്മയെ എതിർക്കുന്ന കവി ഗ്രാമീണ ജീവിതത്തിന്റെ നാട്ടുവഴക്കങ്ങളെ ഈടുറ്റതായി കാണുകയും ചെയ്യുന്നു. നാട്/നഗരം, ഗ്രാമം/പട്ടണം എന്ന വിപരീത ദ്വന്ദ്വങ്ങൾ ഇവിടെ പ്രവർത്തിക്കുന്നു. നന്മയുടേയും നാട്ടുപഴമയുടേയും ഈറ്റില്ലമായ ഗ്രാമം 'പി' കവിതകൾക്ക് ധാരാളമായി വിഷയമായിട്ടുണ്ട്. ഗ്രാമീണജീവിതത്തിന്റെ അടിസ്ഥാനഘടകമാണ് കൃഷി. 'പി'യുടെ കവിതകളിൽ ഏറിയപങ്കും ഗ്രാമജീവിതത്തിന്റെ നന്മകളെ പ്രതീകവൽക്കരിച്ചുകൊണ്ടുള്ള പ്രയോഗങ്ങൾ ധാരാളമായി കണ്ടെടുക്കാൻ കഴിയുന്നതാണ്.

"നിഷ്കാമധർമ്മ വ്രത ദീക്ഷയറ്റവർ
നില്പാണകിട്ട ചുരത്തി വയലുകൾ
ഞെട്ടിയുണർന്നുടനമ്മതൻ വാർമടി-
ത്തട്ടിൽക്കിടന്ന മയങ്ങീ കതിരുകൾ"
(നിളാതടത്തിലെ രാത്രി)

"നോക്കുകിൽക്കണ്ണു നിറയുന്ന മട്ടിങ്ങു
പാൽക്കടൽ മങ്ക കളിക്കും വയലുകൾ"
"ലാലസിക്കുന്നൂ കൃഷീശ്വരിസേവയാൽ
ശ്രീലവസന്താഭ പൂൽകിയ പത്തനം"
(നിളാതടത്തിലെ രാത്രി)

ഭാരതപ്പുഴയും വില്വാദ്രിയും, ജന്മഗേഹവും, പുള്ളുവപ്പാട്ടും കറവകഴിഞ്ഞ പാടവും, മീനമാസ രാത്രിയുമെല്ലാം കൂടിക്കുഴഞ്ഞ ഓർമ്മകളെ പങ്കുവയ്ക്കുകയാണ് കവി. പ്രകൃതി ഗ്രാമത്തിനു കനിഞ്ഞു നൽകിയ നന്മകളായി കവി ഇവയെല്ലാം സമൂഹത്തിന്റെ കാഴ്ചവട്ടങ്ങളിലേക്ക് പേർത്തും പേർത്തും പകർന്നുവയ്ക്കുകയാണ്. കൃഷീശ്വരിയുടെ സേവ നടക്കുന്നത് നാട്ടിൻപുറത്താണ്. അതിൽ നാടിനൊപ്പം പട്ടണങ്ങളും ഉല്ലസിക്കുന്നു എന്ന ഓർമ്മപ്പെടുത്തൽ കവിതയിലുണ്ട്.

കർഷകനും കാർഷികവൃത്തിയുമെല്ലാം പ്രകൃത്യാനുകൂലമായ ജീവിതസാഹചര്യങ്ങളെ സൃഷ്ടിച്ചിരുന്നു എന്നതുപോലെ പ്രകൃതി മനുഷ്യനനുകൂലമായ ജീവിതാന്തരീക്ഷം തിരികെനൽകി. കൃഷിക്കനുയോജ്യമായ കാലാവസ്ഥ കൃത്യമായ കാലഗണനയ്ക്കുള്ളിൽ പ്രകൃതി നൽകി. അതുകൊണ്ടാണ് കേരളീയപരിസരത്തിൽ ഓണവും, വിഷുവും, തിരുവാതിരയും മറ്റ് ഉത്സവങ്ങളും ആഘോഷങ്ങളും ശരിയായ സമയത്ത് നടന്നു പോകുന്നത്. കർക്കിടകത്തിന്റെ പിഴവ് ചിങ്ങത്തെ ബാധിക്കുന്നു. ചിങ്ങം സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും ആഘോഷത്തിന്റെയും കാലമാണ്. നെല്ലും മറ്റു ഫലവർഗങ്ങളും പുല്ലും പൂക്കളും വരെ ഒരുങ്ങിയിരിക്കേണ്ടതുണ്ട്. "മണ്ണിൽ പൂതലിറങ്ങിയാൽ കന്നിനെ പൂട്ടിക്കെട്ടി നിലമുഴുതുപൊടിച്ച വിരിപ്പുവിളയ്ക്കായുള്ള പൊടി വിത. കർക്കിടകത്തിലെ നിറപുത്തരിക്കും ചിങ്ങത്തിൽ ഓണമുണ്ണാനുമായുള്ള മോടൻ വിത. അതോടൊപ്പം തൊടിയിൽ മഴക്കുമുമ്പേ

കരിയിലയിട്ടുകാച്ചിയ കുഴികളിൽ മത്തൻ, കുമ്പളം, വെണ്ട, വഴുതിന. കോരിയ തടങ്ങളിൽ പയറ്, ഉഴുന്ന്, ചീര. തൊട്ടരികിൽ കുംഭത്തിൽ നട്ട ചേന, ചേമ്പ്" (സി. രാജഗോപാലൻ, 2015:50) പാരമ്പര്യ കാർഷികസംസ്കാരംപ്രകൃതിയുടെജൈവികതലങ്ങളെ ഉൾക്കൊണ്ടു പുലരുന്നവയായിരുന്നു എന്നത് ഇത്തരം ഉദാഹരണങ്ങളിൽനിന്നും വ്യക്തമാണ്. ഓണവും, വിഷുവും, തിരുവാതിരയുമെല്ലാം ഒരുങ്ങുന്നത് കാർഷികസംസ്കൃതിയുടെ മുന്നൊരുക്കങ്ങളിലൂടെ യായിരുന്നു. വിഷുവിന് പിന്നാലെയെത്തുന്ന പുതുമഴ ഓണത്തെ വരവേൽക്കാനുള്ള ഒരു തയ്യാറെടുപ്പുകൂടിയാണ്. മഴയും, നിലാവും, വെയിലും, പൂക്കളും, കായ്ഫലങ്ങളും എല്ലാം ഒരുക്കിവച്ചുകൊണ്ടാണ് പ്രകൃതി ഓണത്തെയും വിഷുവിനെയുമെല്ലാം സ്വീകരിക്കുന്നത്.

"വൃശ്ചികക്കാറ്റു, വെള്ളിയാതിര നിലാവൊളി
പൊന്നോണമലരുകൾ മേടത്തിൽ കൊന്നപ്പൂക്കൾ"
(നെടുവീർപ്പ് -1965)

"മണിയറ പൂകിയ കൊന്നപ്പൂവിൻ
കനകക്കുന്നിൽക്കളിയാടി"
(വിഷുപ്പക്ഷിയുടെ പാട്ട്)

വിരിയുകതങ്കച്ചമ്പകമലരൊളി
മേടപ്പുലരികളേ-
നവ വർഷത്തിൻ മുല്ലപ്പൂങ്കുല
പന്തൽത്തളികയിൽത്തൂക്കി,
കണിവെള്ളരിതൻ സുരഭിസ്വർണ്ണ-
ക്കുടുകൾ പൊന്നും കലവറയിൽ
കർഷക ജീവിതസംസ്കാരത്തിൻ
വിത്തും കൈക്കോട്ടും
ചുമന്നു ദൂരാലദ്വൈതത്തിൻ
വിളവുകൾ കൊയ്തേറ്റാൻ
വരുവിൻ പൈതൃക നിക്ഷേപങ്ങൾ
കൈനോട്ടം വരുവാൻ
കൈതപ്പൂവിൻ കവിളു മുകർന്നു
പുതുമണ്ണിൻ മൃദുഗന്ധം
കാർമുകിൽ നീങ്ങും മലയിൽത്തങ്ക
ത്തേരുരുളൊളിചിന്നി
കാട്ടുവള്ളിക്കുടിലുകൾ തോറും
പൂത്തിരിവെള്ളരി ചിന്നീ
നവവർഷത്തിൻ കൊന്നപ്പൂങ്കുല
കൈനീട്ടം തരുവാൻ
ഐശ്വര്യത്തിൻ കതിർമാലകളാൽ
വയലും തോപ്പും പൊന്നണിയാൻ
വിരിയുക തങ്കച്ചമ്പക മലരൊളി
മേടപ്പുലരികളെ .....
(വിഷുപ്പക്ഷിയുടെ പാട്ട് 1970)

ഓണത്തെ വരവേൽക്കാൻ പാടത്തും പറമ്പിലും കുന്നിൻ ചരുവുകളിലുമെല്ലാം നാനാജാതി പൂക്കൾ വിരിയുന്നപോലെ വിഷുവിനെ വരവേൽക്കാനും പ്രകൃതി ഒരുക്കങ്ങൾ നടത്തുന്നുണ്ട്. പുതുവർഷത്തിന്റെ വരവേൽപ്പുകൂടിയാണ് അത്. തങ്കച്ചമ്പകമലരൊളി വിതറി മേടപ്പുലരികൾ നവവർഷത്തെ എതിരേൽക്കു മ്പോൾ സ്വർണ്ണനിറത്തിൽ കണിവെള്ളരി മുതലുള്ള കായ്ഫലങ്ങളും തയ്യാറാവുന്നു. കർഷക ജീവിതസംസ്കാരത്തിന്റെ നീക്കിയിരുപ്പുകളാണവ. പുതുമണ്ണിൻഗന്ധംകൈതപ്പൂക്കളുടെനിറവ്,കാർമുകിൽ നീങ്ങിയ തെളിഞ്ഞ ആകാശം, കാട്ടുവള്ളികളിലെ വെള്ളരി, സ്വർണ്ണവർണ്ണത്തിലുള്ള കണിക്കൊന്ന ഇവയെല്ലാം വിഷുക്കാലത്തിന്റെ കൈനീട്ടമായി പ്രകൃതി ഒരുക്കുന്നവയാണ്. കാലം മാറിയതോടെ പ്രകൃതിയിലും മാറ്റങ്ങൾ അനിവാര്യമായിത്തീർന്നു. നാഗരികസംസ്കാരക്കോയ്മകൾക്കുള്ളിലും ഓണവും വിഷുവും വന്നെത്തുന്നുണ്ട്. "ഇനിയും ബാക്കിയുള്ള പാടവരമ്പുകളിലും കുന്നിൻ ചെരുവുകളിലും തോടരികുകളിലും ഉർവ്വര പ്രകൃതിയുടെ ആത്മഹർഷ ങ്ങളെന്നപോലെ ഇക്കാലവും ഓണപ്പൂക്കൾ വിരിഞ്ഞു ചിരിക്കുന്നുണ്ട്. മറഞ്ഞുപോയ ഗ്രാമീണ ജീവിതത്തിന്റെ വസന്തസ്മൃതികളെയും കാർഷിക സംസ്കൃതിയുടെ കതിരുത്സവങ്ങളെയും ഗൃഹാതുരമായി ഓർമ്മപ്പെടുത്തുന്ന ജീവിതപ്പാതയുടെ ഓരങ്ങളിൽ മുറതെറ്റാതെ വിടർന്നു വിലസുന്ന ഓരോ ചിങ്ങപ്പൂവും. തുമ്പയും, മുക്കുറ്റിയും, കാശിത്തുമ്പയും, കണ്ണാന്തളിയും അടയാളപ്പെടുത്തുന്നത് ആ ധന്യസ്മൃതികളുടെ നിറപ്പൊലിമ" (സി. രാജഗോപാലൻ,2015:49).

'പി'യുടെ കാർഷിക സംസ്കാരത്തിലൂന്നിയുള്ള പരിസ്ഥിതിബോധത്തിൽ ഉർവരത (Fertility) സങ്കൽപ്പത്തിന്റെ അടയാളങ്ങൾ കണ്ടെടുക്കാം. "ഉർവരത (Fertility) എന്ന വാക്കിന് നിഘണ്ടുവിൽ പൊതുവെ കൽപ്പിച്ചിരിക്കുന്ന അർത്ഥം ഫലഭൂയിഷ്ഠത അഥവാ സമൃദ്ധമായ പ്രത്യുൽപ്പാദനശ്രമത എന്നാണ്. ഫലഭൂയിഷ്ഠതയോടൊപ്പം തന്നെ സമൃദ്ധി, ഐശ്വര്യം തുടങ്ങിയ ആശയങ്ങളും ഈ പദവുമായി ബന്ധപ്പെട്ടിരിക്കുന്നു." (ഡോ. കെ.എം. ഭരതൻ, 2015: 14) ചിങ്ങത്തിന്റെ വരവ് ഓണമെന്ന ദേശീയോത്സവത്തിന്റെ ആഘോഷങ്ങളിലേക്കും വിഷു, വർഷാരംഭത്തിന്റെ കണിയൊരുക്കി ഒരു കാർഷികവർഷം മുഴുവൻ സമൃദ്ധിയുടെ നന്മകളിലേക്കും കേരളജനതയെ എത്തിക്കുകയാണ്. കണിക്കൊന്ന, കതിര്, കണിവെള്ളരി, കണി തുടങ്ങിയ ഉർവരതാചിഹ്നങ്ങൾ 'പി' കവിതകളിൽ ധാരാളമായി കാണുന്നുണ്ട്.

ഓണം ഒരു നാടിന്റെ ഉത്സവാഘോഷമാണ്.

ജാതി-മത ഭേദമില്ലാത്ത ഒരു ജനതയുടെ ഏകത്വത്തിന്റെ, സംസ്കാരത്തിന്റെ അടയാളം. അവിടെ പക്ഷേ, പ്രകൃതിയുടെ ഒരു മഹനീയ സാന്നിധ്യമുണ്ട്. ആഘോഷത്തിനു മുമ്പും പിമ്പും ആഘോഷവേളയിലുമെല്ലാം അത് അനിവാര്യമായ ഒന്നാണ്. പാരസ്പര്യത്തിലധിഷ്ഠിതമായ മനുഷ്യന്റെ പ്രവർത്തികൾ പ്രകൃതിയുടെ അനുകൂല പ്രതികരണത്തിനാവശ്യമാണ്. നവസംസ്കാരക്കോയ്മ ഇത്തരം പാരമ്പര്യങ്ങളെ ദൂരെ നിർത്തി. മണ്ണിനെ മറന്നുള്ള നവീനകൃഷിരീതികൾ ലാഭേച്ഛയൊടെയുള്ള മനുഷ്യന്റെ പ്രവർത്തികൾ എന്നിവ പ്രകൃതിയെ ഇല്ലായ്മ ചെയ്തു. കാലത്തിന്റെ ഗതി മാറി, ഋതുക്കൾ മാറി. പ്രകൃതിയുടെ തിരിച്ചടി മനുഷ്യന്റെ നിലനിൽപ്പിനുതന്നെ ഭീഷണിയായി. 2018-ലെ വെള്ളപ്പൊക്കം തന്നാണ്ടിലെ 'ഓണ"മെന്ന ദേശീയോത്സവത്തെ നിശ്ശബ്ദമാക്കുകയാണുണ്ടായത്.

കൃഷിക്കാരൻ :

"പൈതൃകം തിന്ന, തിൻ നന്ദി
കാണിക്കാത്ത കിടാങ്ങൾ പോൽ
സ്വാർത്ഥ ഭാഗസ്വത്തു കിട്ടാൻ
കലമ്പുന്നൂ ചരാചരം."
(കാലവർഷമേ നന്ദി)

1966-ലാണ് കവിയിതു കുറിക്കുന്നത്. 'ചരാചര'ത്തിൽ ചരവും അചരവും മനുഷ്യൻ തന്നെയാണ്. പൈതൃകം അനുഭവിച്ചതിന്റെ നന്ദികാണിക്കാത്ത ഒരേയൊരു വർഗ്ഗം മനുഷ്യനാണ്. സ്വാർത്ഥതാൽപര്യത്തിൽ ഭോഗസുഖം വർദ്ധിപ്പിക്കുന്നതും അതിന്റെ പേരിൽ സ്വന്തം നിലനില്പിനെത്തന്നെ ഹനിക്കുന്നതും മനുഷ്യനാണ്. മനുഷ്യന്റെ ഇത്തരം വിവേകശൂന്യമായ പ്രവൃത്തികൾ പ്രകൃതിയെ നശിപ്പിക്കാൻ തുടങ്ങിയതോടെയാണ് പ്രകൃതിയുടെ സ്വാഭാവിക പ്രതിഭാസങ്ങളിൽ മാറ്റങ്ങൾ സംഭവിച്ചുതുടങ്ങിയത്. ഇടവപ്പാതിയും തുലാവർഷവുമൊക്കെ മനുഷ്യ ജീവിതത്തിന്റെ ആവശ്യകതയറിഞ്ഞ് പ്രകൃതി ഒരുക്കിയിരുന്നു എങ്കിൽ പിന്നീടതെല്ലാം തെറ്റാൻ തുടങ്ങി. കൃത്യസമയത്ത് മഴ ലഭിക്കാതെ കൃഷിയിറക്കലും വിളവെട്ടപ്പും നടക്കാതെ വരുന്നു. ജലക്ഷാമവും വരൾച്ചയും വെള്ളപ്പൊക്കവും ഉണ്ടാകുന്നു. ഇതെല്ലാം ജനജീവിതത്തെ പല പ്രതിസന്ധിയിൽപ്പെടുത്തുന്നു. അതുകൊണ്ടാണ് കവി.

"ഏഴകൾക്കൊക്കെയും വല്ലി
വാരിക്കോരിക്കൊടുക്കുവാൻ
കൊടുക്കകെന്നതൊഴികെ-
യൊന്നു മോരാത്ത തായയായ്
ആരും വിളിക്കാതെ വന്നു
വീണ്ടും നീ കാലവർഷമേ!" (കാലവർഷമേ നന്ദി)

എന്നു പാടിയത്. മകീര്യം തിരുവാതിര ഞാറ്റുവേലകളിൽ കുടിക്കാൻ വെള്ള മില്ലാതെ ഗതിമുട്ടുന്ന അവസ്ഥയുണ്ടാകുന്നു. ഈയൊരവസ്ഥ മനുഷ്യൻ സ്വയം സൃഷ്ടിച്ചെടുത്തതാണ്. അനുകൂലമായ കാലാവസ്ഥകളെ പ്രതികൂലമാക്കുന്ന തരത്തിലേക്ക് മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്യാൻ തുടങ്ങിയതിന്റെ ഫലം ഇക്കാലഘട്ടത്തിൽ ലഭിച്ചുതുടങ്ങിയതിന്റെ ഓർമ്മപ്പെടുത്തലാണ് കവിത. പുതുഭരണവും പുത്തൻ സംസ്കാരവും രൂപപ്പെടുത്തിയ ജീവിതരീതികൾ, വ്യവസായസംരംഭങ്ങൾ എന്നിവ ആധുനികലോകത്തെ പരിഷ്കാരികളായ മനുഷ്യനെ വിവേകശൂന്യമായ പ്രവർത്തനങ്ങളിലെത്തിച്ചു. "അധിനിവേശ ശക്തികൾ അടിച്ചേൽപ്പിച്ച ജ്ഞാന ദാസ്യം പഠിപ്പിച്ചതു വ്യവസായമാണ് കൃഷിയേക്കാൾ മുന്തിയ ജീവനോപാധി എന്നതായിരുന്നു" (എം. ആർ. രാഘവവാരിയർ, 2017:27). മൂലധനം പെരുപ്പിക്കലിന്റെ മാത്രം ലക്ഷ്യബോധത്തിനുള്ളിൽ ആധുനിക മനുഷ്യൻ കുടുങ്ങിപ്പോയതിന്റെ ഇത്തരം ജ്ഞാനബോധ്യങ്ങളുടെ ഫലമായി ഗ്രാമജീവിതത്തിലധിഷ്ഠിതമായ കാർഷികസംസ്കാരം തമസ്കരിക്കപ്പെട്ടു. പൂർണ്ണമായി മനുഷ്യനെ കൈവിടാത്ത പ്രകൃതി അവന് താങ്ങാവുന്നതിന്റെ ചിത്രം കവിത പങ്കുവയ്ക്കുന്നുണ്ട്. കാലം തെറ്റിയെത്തിയ വരൾച്ചയിൽ ഗ്രാമം കത്തുമ്പോൾ കാലവർഷം വന്നെത്തുന്നു.

"ഒരൊറ്റ ഞൊടിയിൽ വാനിൻ
മുഖഭാവം പകർന്നുപോയ്;
കരയും കാറ്റോടിവന്നു
തഴുകീ മാമരങ്ങളെ!

കൺമിഴിച്ചു ക്ഷണാൽ ശോക-
മൂർച്ചയേറ്റുള്ള വിത്തുകൾ
അന്തർദാഹത്താൽ നാവിളക്കി
പൊടിഞ്ഞാറിൻ കിടാങ്ങളും!
എണ്ണ കണ്ടു മാമലകൾ
പണക്കാരായ്പ്പറമ്പുകൾ
മരുന്നുവെച്ചു മുറികൾ (മുറിവുകൾ)
കെട്ടീ, വെട്ടേറ്റകാട്ടുകൾ!
ക്ഷുദ്ദാഹങ്ങൾ തീർത്തു വീണ്ടും
വീണ്ടും കോരി വിളമ്പുവാൻ
വെമ്പും കരത്തോടുനന്ദി
ചൊല്ലീ പാടങ്ങളുമകൾ!"
(കാലവർഷമേ നന്ദി)

മരങ്ങളും, വിത്തും, പുല്ലും, പാടവും ഞാറും മലകളും,

കാട്ടും ആർത്തിയോടെ ജലത്തെ സേവിക്കുന്നു. പുഴനിറഞ്ഞൊഴുകി. ശോകമൂർച്ചയേറ്റു കിടന്നിരുന്ന വിത്തുകൾ കാലവർഷത്തിന്റെ വരവുകണ്ട് കൺമിഴിക്കുന്നതും ഞാറിൻ കിടാങ്ങൾ അന്തർദാഹത്താൽ നാവിളക്കിക്കിടക്കുന്നതും ആധുനിക മനുഷ്യന്റെ ജൈവബോധതലത്തിൽ ആഴത്തിൽ പതിഞ്ഞുകിടക്കേണ്ട കാഴ്ചകളാണ്.

## കീർത്തിമുദ്ര – സാംസ്കാരിക മുദ്രണത്തിന്റെ കാവ്യസങ്കല്പനം.

ഗ്രാമവിശുദ്ധിയെ തമസ്കരിച്ചുകൊണ്ട് കടന്നുവരുന്ന കൊളോണിയൽ സംസ്കാരത്തിനെതിരെയുള്ള പ്രതിരോധത്തിന്റെ ശബ്ദമാണ് 'കീർത്തിമുദ്ര' എന്ന കവിതയെ ശ്രദ്ധേയമാക്കുന്നത്. ആധുനിക വിദ്യാഭ്യാസം (ഇംഗ്ലീഷ് വിദ്യാഭ്യാസം) കേരളത്തിന്റെ തനതുസംസ്കാരവും പാരമ്പര്യവും നഷ്ടപ്പെടുത്തുന്നു എന്ന തിരിച്ചറിയുന്ന കവി ഇത്തരം തമസ്കരണയുക്തികൾക്കെതിരെ പ്രതിരോധത്തിന്റെ ശബ്ദമുയർത്തുന്നു.

"പുഷ്ടമായ് ഗ്രാമം പോറ്റും വംശവൃത്തിതൻ കൈകാൽ
വെട്ടുമീ വിദ്യാഭ്യാസമെന്തൊരു വിദ്യാഭ്യാസം!
ഫുല്ലമായ് വികസിക്കും വാസനകളെ ഞെക്കി
ക്കൊല്ലുമീ വിദ്യാഭ്യാസമെന്തൊരു വിദ്യാഭ്യാസം!"
(കീർത്തിമുദ്ര)

ഗ്രാമത്തെ പോറ്റുന്ന കാർഷികവംശവൃത്തി ഇല്ലായ്മ ചെയ്യുന്ന വിദ്യാഭ്യാസമായി ഇംഗ്ലീഷ് വിദ്യാഭ്യാസം മാറുന്നു. ഫുല്ലമായി വികസിക്കുന്ന വാസനകളെപ്പോലും ഞെക്കിക്കൊല്ലുന്ന അന്തകന്റെ പരിവേഷമുണ്ടിവിടെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്. അതിലുപരി കൃഷി, മാനസികവും ശാരീരികവുമായ ആരോഗ്യത്തെ പുഷ്ടിപ്പെടുത്തുന്ന ഒരു അധ്വാനമാണ്. മനുഷ്യകുലത്തിന്റെ മഹാകർമ്മത്തെ വിളയിക്കുന്ന വിദ്യകളെയാണ് കവി നിഷേധിക്കുന്നത്.

"ശർമ്മ മാർക്ഷത്തെ- ധർമ്മ വ്യൂഹത്തെ- മഹാസൃഷ്ടി
കർമ്മത്തെ വിളയിക്കും യന്ത്രമെൻ മുന്നിൽക്കണ്ടേ.
നീരവമിരുൾമറ നീങ്ങവേ പുലരിയിൽ

നീണ്ടുരുണ്ടൊരീക്കൈകൾക്കർത്ഥമുണ്ടെന്നായ്ക്കണ്ടു
പൊടിച്ചു നവവീര്യം, ചെഞ്ചോരഞരമ്പുകൾ
തുടിച്ചു, മിടിച്ചതെന്നാത്മ വീര്യത്തിൻ കടൽ.
പൂവിട്ടും കരളിന്റെ തേനുണ്ടു, നട്ടെല്ലിന്റെ-
യാവശ്യം കണികണ്ടു, വേർപ്പിന്റെ വില കണ്ടു!
വൻ പാപത്തുരുമ്പിന്നു തീനാക്കിയിടില്ലിനി
തമ്പുരാനരുളിയ ദുർല്ലഭമാമീയന്ത്രം."

ആധുനിക വിദ്യാഭ്യാസം മനുഷ്യന് നൂതനവിദ്യകളും വിജ്ഞാനസമ്പത്തും പ്രദാനം ചെയ്തു. അത്തരം നന്മവശങ്ങളെ കവി സ്വാഗതം ചെയ്തിരുന്നു. ഇത്തരം അറിവുകളെ ദുർവിനിയോഗം ചെയ്യുന്നതുവഴി സംഭവിക്കുന്ന വിപത്തുകളെയാണ് കവി ചോദ്യം ചെയ്യുന്നത്. നീണ്ട വിദ്യാഭ്യാസം നേടി തൊഴിലില്ലാതലയുന്ന മനുഷ്യനെ കവിതയിൽ കാണാം. ഗ്രാമത്തിന്റെ നന്മകളെ പലതരത്തിൽ നശിപ്പിക്കുന്ന നാഗരിക സൃഷ്ടിയായ കമ്പോളങ്ങളിലും മരക്കമ്പനികളിലും വിപണികളിലും നഗരത്തിന്റെ തെരുവോരങ്ങളിലും കാർഷികസംസ്കാരത്തിന്റെ ജ്ഞാനബോധ്യങ്ങളിൽ നിന്നകന്ന് അലയുന്ന ആധുനിക മനുഷ്യനിലേക്ക് 'വിത്തും കൈക്കോട്ടും' എന്ന കാർഷികവൃത്തിയുടെ മഹാസന്ദേശം കവി എത്തിക്കുന്നു.

"ഉന്നതവൃത്തങ്ങൾ തൻ വേഴ്ചയാൽ നാടിൻ മാംസം
തിന്നുതടൽ ചീർക്കും പെരും കമ്പോളപ്പടികളിൽ,
മൂകകാനനശ്രീതൻ വാരിയെല്ലുകൾ കക്കി-
ക്കാർന്നു തിന്നലറുന്ന മാരക്കമ്പിനികളിൽ,
കൊള്ളയിൽക്കൊലപ്പെട്ട മാമരങ്ങൾതൻശവം
തള്ളി ദുർഗന്ധം പൊന്തും തടിനീതടങ്ങളിൽ
കൃഷകഗ്രാമങ്ങളെയൊന്നായിക്കശാപ്പിന്നു
നഗരങ്ങളിലേക്കു വലിക്കും വിപണിയിൽ."
(കീർത്തിമുദ്ര)

പുതുനാഗരികത ഗ്രാമത്തെ ഏതെല്ലാം വിധത്തിൽ കൊള്ളയടിക്കുന്നുവെന്ന് ഈ വരികളിൽ വ്യക്തമാണ്. ആധുനികത യൂറോ-കേന്ദ്രിത ആശയങ്ങളെ വലിയതോതിൽ വളർത്തുന്നതിനാണ് പ്രാധാന്യം കൊടുത്തിരുന്നത്. കച്ചവടലക്ഷ്യത്തോടെ കേരളത്തിലെത്തിയ യൂറോപ്യൻ ശക്തികൾ ഗുണത്തേക്കാളേറെ ദോഷങ്ങൾ വരുത്തിവച്ചു. കേരളദേശത്തിന്റെ പ്രകൃതിവിഭവങ്ങളോടൊപ്പം പ്രകൃതിയും കൊള്ളയടിക്കപ്പെട്ടു. സുഗന്ധവ്യഞ്ജനങ്ങളുടെ ഒടുങ്ങാത്ത കലവറയായിരുന്ന വനഭൂമികൾ ചുരുങ്ങിവന്നു. വ്യാവസായികോൽപ്പന്നങ്ങൾ വ്യാപകമായിത്തീർന്നതോടെ കേരളത്തിന്റെ മുഖച്ഛായമാറിമറിഞ്ഞു. അന്യസംസ്കാരത്തിനടിമപ്പെടുന്ന ആധുനിക മനുഷ്യസമൂഹത്തെ,

"അന്യന്റെയവയവം കൊണ്ടു ഭാഷണം, ശ്വാസ-
മന്യന്റെ തലകൊണ്ടു ചിന്ത; - യെന്തവമാനം"
(കീർത്തിമുദ്ര)

എന്നാണ് കവി പരിഹസിക്കുന്നത്. കേരളദേശത്തിന് പൂർവ്വികർ നൽകിയ സ്വത്തിനെ ഇല്ലായ്മ ചെയ്യുന്ന പുതുസംസ്കാരത്തെ നവസംസ്കാരക്കോയ്മയെ വീണ്ടും വീണ്ടും നിരാകരിക്കുകയാണ് കവി.

"ഈടാർന്ന കുലത്തൊഴിൽ ! ഇങ്ങതിൻ തായ് വേരിന്മേൽ
കോടാലി നടത്തുവാൻ ശീമവിദ്യകൾവന്നു. "
(കീർത്തിമുദ്ര)

കന്നുപൂട്ടാതെ. കിളയ്ക്കാതെ, മണ്ണിനെ മറക്കുന്ന, അധ്വാനം മറക്കുന്ന ജനതയുടെപരിഷ്കാരജീവിതം ഇരുന്നുണ്ടും നടന്ന് വിരുന്നുണ്ടും വീട്ടുചോറില്ലാത്ത അവസ്ഥയിലാകുന്നു. അന്നം മുട്ടിക്കുന്ന അവസ്ഥ ഫലത്തിൽ വന്നുചേരുന്നു. അതായത് അന്യസംസ്കാരയന്ത്രപ്പാവയായിത്തീർന്ന ജനത എന്ന് കാവ്യബോധനം.

## ഉപസംഹാരം

പാരമ്പര്യം സംസ്കാരം തുടങ്ങിയ ഘടകങ്ങളിലൂന്നിയുള്ള വിശ്വാസത്തിന്റെ അടിസ്ഥാനത്തിലോ കേരളജനതയുടെ ജീവിതോപായവൃത്തി എന്ന നിലയിലോ 'കാർഷിക സംസ്കാരത്തെ' പൂർണ്ണമായി തന്റെ കവിതകളിലൂടെ ഉറപ്പിച്ചെടുക്കുകയായിരുന്നില്ല 'പി' ചെയ്തത്. മറിച്ച്, ഇതിലെല്ലാമുപരി പ്രകൃതിയോടു ചേർന്നു നിൽക്കുന്ന ഒരു ജീവിതാന്തരീക്ഷം കാർഷികവൃത്തിയിൽ സംജാതമായിരുന്ന എന്നതിനേക്കുടി ആധാരമാക്കിയുള്ള ഒരു പാരസ്ഥിതികബോധ്യം ഉറപ്പിച്ചെടുക്കലായിരുന്നു. മണ്ണും, വിത്തും, തുമ്പയും, കാളയും, കലപ്പയും കൂടിച്ചേർന്നു നൽകുന്ന ഫലവൃക്ഷങ്ങളുടെ ആധിക്യത്തേക്കാളുപരി പ്രകൃതിക്കും മനുഷ്യനു മിടയിലുണ്ടാകുന്ന പാരസ്പര്യത്തിലൂടെ ലഭിക്കുന്ന ജൈവികപ്രക്രിയയുടെ പൂരണമാണ് പ്രധാനം.

പുതുസംസ്കാരത്തിന്റെ സാങ്കേതിക മുന്നേറ്റങ്ങൾ 'കൃഷി'യെ പൂർണ്ണമായും കൈയ്യൊഴിയുകയും അഥവാ പുതിയതരം കൃഷിരീതികൾ കൈക്കൊള്ളുകയും ചെയ്തതിലൂടെ പ്രകൃതിയുമായുണ്ടായിരുന്ന ജൈവ സമ്പർക്കത്തിന്റെ ഇടങ്ങൾ നഷ്ടപ്പെടുകയും മൂലധനാധിഷ്ഠിതമായ ഒരു തലത്തിലേക്ക് പൊതുബോധം മാറ്റപ്പെടുകയും ചെയ്തു. കൃഷി പ്രചീനകേരളത്തിന്റെ പാരമ്പര്യ-സാംസ്കാരിക മണ്ഡലങ്ങളിൽ അടിയുറച്ചുപോയ മനുഷ്യജീവന്റെയും ജീവിതത്തിന്റെയും തട്ടകമാണ്. ജൈവകൃഷിരീതികളും ആ കാലഘട്ടത്തിന്റേതായിരുന്നു. ആധുനികതയിൽ ജൈവകൃഷിയുടെ സ്ഥാനത്ത് കൃത്രിമ കൃഷിരീതികൾ പരീക്ഷിക്കപ്പെട്ടു. ജൈവവളങ്ങൾ മാറി രാസവളങ്ങളെത്തുകയും, കീടനാശിനികളുടെ ഉപയോഗം അമിതമാവുകയും ചെയ്തു. കൃഷിരീതിയിൽ വന്ന മാറ്റം വിഷമയമായ ആഹാരരീതികൾക്കുള്ള സാധ്യത വർദ്ധിപ്പിച്ചു. ഇത്തരം അപകടങ്ങൾ തിരിച്ചറിയുന്ന സമകാലീനജനതയിൽ നിന്ന് ജൈവകൃഷിരീതികളെ ക്യാരിബാഗുകളിലും ടെറസ്സുകളിലുമെങ്കിലും എത്തിക്കാൻ കഴിയുന്ന ഒരു പുതുതലമുറ ഉരുവം കൊണ്ടിട്ടുണ്ട്. സ്കൂൾ-കോളേജ് തലങ്ങളിലെ ജൈവകൃഷിസംരംഭങ്ങൾ ഇത്തരത്തിൽ രൂപപ്പെട്ടവയാണ്.

ഗ്രന്ഥസൂചി

1. ആനന്ദ് കാവാലം, മലയാള കവിതയും പരിസ്ഥിതിയും, കറന്റ് ബുക്സ്, തൃശ്ശൂർ, 2013.
2. ചന്ദ്രശേഖരൻ മേലത്ത്, കുഞ്ഞിരാമൻനായർക്കവിത, കേരള സാഹിത്യഅക്കാദമി, തൃശ്ശൂർ, 2006.
3. നമ്പ്യാർ എ, കെ (എഡി), പി. തിരഞ്ഞെടുത്ത കവിതകൾ, ഡി.സി ബുക്സ്, കോട്ടയം, 2011.
4. രാജഗോപാലൻ ഇ. പി, കവിതയുടെ ഗ്രാമങ്ങൾ, കറന്റ് ബുക്സ്, തൃശ്ശൂർ, 2008.
5. രാജശേഖരൻ. എസ്, പരിസ്ഥിതിദർശനം മലയാള കവിതയിൽ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2014.
6. ലീലാവതി എം., മലയാള കവിതാ സാഹിത്യചരിത്രം, കേരള സാഹിത്യഅക്കാദമി, തൃശ്ശൂർ, 2011.

# സംസ്കാര പഠനത്തിന്റെ സാഹിതീയമാനങ്ങൾ

# ഗവേഷണനീതി മുൻനിർത്തിയുള്ള രീതിശാസ്ത്രപരിശോധന

***ഡോ. ജെൻസി കെ.എ.,*** *ഗവേഷണ മാർഗദർശി, കെ.കെ.ടി.എം.ഗവ.കോളേജ്, പുല്ലൂറ്റ്.*
*അസിസ്റ്റന്റ് പ്രൊഫസർ, മലയാളം, സെന്റ്.ജോസഫ്സ് കോളേജ് (ഓട്ടോണമസ്), ഇരിങ്ങാലക്കുട.*

താക്കോൽ വാക്കുകൾ: ജ്ഞാനവ്യവഹാരം, സംസ്കാര പഠനം, ഗവേഷണനീതി.

പ്രബന്ധസംഗ്രഹം: സംസ്കാര പഠനത്തിലെ ജ്ഞാന പദ്ധതികളെ കർത്തൃത്വ വ്യവസ്ഥിതിയുമായി ബന്ധപ്പെടുത്തി ഗവേഷണത്തിൽ പുലർന്നുവരുന്ന നീതിബോധങ്ങളെ വിശകലനത്തിനു വിധേയമാക്കുന്ന പഠനമാണിത്.

**ആമുഖം**

രണ്ട് ദ്വന്ദ്വങ്ങളെ പരിഗണിക്കാതെ സംസ്കാര പഠനത്തിന്റെ സാഹിതീയമാനങ്ങളെ പരിചിന്തിക്കുക അസാദ്ധ്യമാണ്. അതിലൊന്ന് നഗരസംസ്കാരവും മറ്റൊന്ന് ഗോത്രസമൂഹത്തോട് ചായ്വുള്ള ഗ്രാമീണ സംസ്കാരവുമാണ്. ആധുനികതയാണ് നഗര-ഗ്രാമദ്വന്ദ്വത്തെക്കുറിച്ച് നമ്മെ ബോധ്യപ്പെടുത്തിയത്. ആധുനികതയ്ക്ക് മുമ്പും പിമ്പുമുള്ള സമൂഹങ്ങളെ പ്രത്യേകിച്ച് സങ്കീർണ്ണതകളൊന്നും ഏറ്റെടുക്കാതെ പഠിക്കുന്ന ഒരു സ്വഭാവം ആദ്യകാലത്തുണ്ടായി. എന്നാൽ ഫോക്ലോർ എന്ന രീതിയിൽ 18-ാം നൂറ്റാണ്ടിന്റെ അവസാനത്തിലും 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലും ഉയർന്നുവന്ന പഠനപദ്ധതികൾക്ക് നരവംശശാസ്ത്രത്തോടും സാമൂഹ്യശാസ്ത്രത്തോടുമായിരുന്നു ബന്ധം. വസ്തുനിഷ്ഠമായി ഒരു കാര്യത്തെ പഠിച്ചെടുക്കുന്നു എന്നതിലൊതുങ്ങുന്നു ആദ്യകാലപഠനങ്ങൾ. അതുകൊണ്ടുതന്നെ ഏതു വസ്തുതയുടെയും ഉൽപത്തി, ചരിത്രം, ഐതിഹ്യം, വ്യാപനം തുടങ്ങിയ ഏതാനും കാര്യങ്ങൾ നിർവ്വചിക്കുക എന്ന ദൗത്യം മാത്രമേ ഈ പഠനങ്ങൾ സ്വീകരിക്കുന്നുള്ളൂ. ആഖ്യാനം, ഉള്ളടക്കം എന്നിവയെ മുൻനിർത്തിയുള്ള പ്രഥമ പാഠങ്ങൾ മാത്രമായി അവ ഒതുങ്ങി ആദ്യകാല കഥകളും ചരിത്രങ്ങളും രചിക്കുമ്പോൾ അവയിൽ കാലക്രമേണ വന്നുചേർന്ന കലർപ്പുകളെ നിരാകരിക്കുകയും ചെയ്തു. പഞ്ചതന്ത്രം പോലുള്ളവ മാത്രമായിരുന്നു ശുദ്ധപാഠങ്ങൾ എന്നാണ് കരുതിപ്പോന്നിരുന്നത്.

ഫോക്ലോർ പഠിതാക്കൾ തങ്ങളുടെ പഠന മേഖലകളിൽ ചരിത്രം തിരഞ്ഞുകൊണ്ടിരുന്നു.

അതിന്റെ വിവരണവും വിശദീകരണവുമാണ് ഗവേഷണമെന്ന് തെറ്റിദ്ധരിച്ചു. ഇതിന്റെ ഭാഗമായി ആ പാഠത്തിനകത്തുനിന്ന് വെളുത്തവൻ/കറുത്തവൻ, ജ്ഞാനം/അജ്ഞാനം, മർദ്ദകൻ/മർദ്ദിതൻ തുടങ്ങിയ ദ്വന്ദ്വങ്ങൾ കണ്ടുപിടിക്കുക എന്ന മുൻകൂർ ലക്ഷ്യത്തോടെ ഫോക്ലോർ പഠനങ്ങളെ നേരിട്ടു. വിവരണാധിഷ്ഠിതമായ പഠനത്തിൽനിന്നും വ്യാഖ്യാനാധിഷ്ഠിതമായ പഠനത്തിലേക്ക് കാലൂന്നിയവർ വളരെ വിരളമായിത്തീർന്നു. ആധുനിക പ്രത്യയശാസ്ത്രങ്ങൾക്കകത്ത് മാത്രം നിലനിൽക്കുന്ന ലെവിസ്ട്രോസിന്റെ മിത്തുകളെയും അനുഷ്ഠാനങ്ങളെയും കുറിച്ചുള്ള പഠനവും ഫ്രോയ്ഡിന്റെ പഠനവുമെല്ലാം വിവരാത്മകതയിൽനിന്നും വ്യാഖ്യാനാത്മകതയിലേക്കെത്തിനിൽക്കുന്ന

പഠനങ്ങൾക്കുദാഹരണമാണ്. നാടോടിക്കഥകളിൽ നിന്നുമാണ് ഈഡിപ്പസ് എന്ന മിത്തിനെ ഫ്രോയ്ഡ് സ്വീകരിക്കുന്നത്. വ്യക്ത്യാബോധത്തിൽ നിന്ന് സാമൂഹാബോധത്തിലേക്ക് ഊന്നുന്ന ആശയസഞ്ചയം അവതരിപ്പിച്ച യുങ്ങും പാഠങ്ങളെ വിശകലനം ചെയ്യുന്ന രീതിയുടെ വക്താവായിരുന്നു. പലരീതിയിൽ ഫോക്ലോറുമായി ബന്ധപ്പെട്ട വസ്തുതകളെ പഠിക്കുവാനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ടെങ്കിലും ഗവേഷണനീതി എന്ന വിഷയം പ്രസക്തമായിത്തീരുന്നത് സമകാലീന ചരിത്രപരിപ്രേഷ്യത്തിലാണെന്ന് കാണാൻ കഴിയും.

## ഗവേഷണത്തിലെ നീതിയും രീതിയും

ഗവേഷണം ഒരു പ്രതിരോധമാർഗമായി കണക്കാക്കുമ്പോഴാണ് അത് നീതിയുടെ മാനദണ്ഡത്തിൽ രേഖപ്പെടുത്തുന്ന ഒന്നായി മാറുന്നത്. പാഠം, ദത്തം, നിരീക്ഷണം എന്നിവകൊണ്ട് മാത്രം രചിച്ച മുൻകാല ഗവേഷണ സ്വഭാവത്തെ പാടേതള്ളിക്കളഞ്ഞുകൊണ്ട് അനുഭാവം എന്ന ഘടകത്തെ മുൻനിർത്തിയാണ് സമകാലഗവേഷണം വിലയിരുത്തപ്പെടേണ്ടത്.

Ethnography എന്ന പദത്തിന് നരവംശശാസ്ത്രം, വംശീയശാസ്ത്രം, ജാതിവർണ്ണനം എന്നിങ്ങനെയൊക്കെ അർത്ഥം കൊടുത്തുകാണുന്നു.

"ശാസ്ത്രത്തിന്റെയും രാഷ്ട്രീയത്തിന്റെയും യുക്തികളിൽനിന്നും വിഭിന്നമായ ഒരിടത്തിൽ സ്ഥാനമുള്ളതും നൈതികത എന്ന് സാമാന്യമായി അർത്ഥം കൽപിക്കാവുന്നതുമായ Ethno എന്ന ശബ്ദവും എഴുത്തിന്റെ സാങ്കേതികതയെ കുറിക്കുന്ന Graphy എന്ന പദവും ചേർന്നാണ് Ethnography എന്ന പദം ഉണ്ടായത്."1 (അറിവിൽനിന്ന് അനുഭവത്തിലേക്ക്, സംസ്കാരപഠനത്തിന്റെ ചക്രവാളങ്ങൾ, ഡോ. കെ.എം. അനിൽ, ഗവേഷണപഠനവും രീതിശാസ്ത്രവും, എഡി.ഡോ. അനിതകുമാരി, ഡോ. രാധാകൃഷ്ണൻ ഇളയിടത്ത്, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല ഒക്ടോബർ 2017) എന്ന് ഡോ. കെ.എം. അനിൽ അഭിപ്രായപ്പെടുന്നു. ഗവേഷകൻ ഏകപക്ഷീയമായി തന്റെ അറിവിനെ വിവരിക്കുകയല്ല, സംഭാഷണമെന്ന ഉപാധി ഉപയോഗിച്ച് അനുഭവത്തെയും പാഠത്തിനേക്കാൾ ഉപരിയായി വ്യവഹാരത്തെയും കണ്ടെത്തുന്നു.

ആധുനികാനന്തര ഫോക്പഠനത്തിൽ സമഗ്രത എന്ന സങ്കൽപത്തെ പ്രശ്നവൽക്കരിച്ചിരിക്കുന്നു. യഥാർത്ഥ വസ്തുതകളെ അത് നിലനിൽക്കുന്ന അവസ്ഥകളിൽനിന്ന് അടർത്തിമാറ്റിയാൽ അതിന്റെ സ്വത്വം കണ്ടെത്താനാകില്ലെന്നും വൈരുദ്ധ്യങ്ങളെ അതേമട്ടിൽ നിലനിർത്തുകയാണ് വേണ്ടതെന്നും പുതിയ പഠനങ്ങൾ വ്യക്തമാക്കുന്നു. പഠിക്കാനായി ഒരു അസംസ്കൃതവസ്തു എന്ന നിലയിൽ വംശീയപഠനസാധ്യതകളെ സമീപിക്കാതെ അവരുടെ ജീവിതരീതിയിൽ പങ്കുകൊണ്ട് വേണം ആ സമൂഹത്തെ അടയാളപ്പെടുത്താനെന്ന് പുതുകാലപഠനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

## സംസ്കാരപഠനത്തിലെ നീതിബോധം

സാംസ്കാരികപഠനത്തിൽ നാം അന്വേഷിക്കുന്ന ഒരു പ്രധാന ഇടം കർത്തൃത്വമാണ്. ഓരോ വ്യവസ്ഥിതിയും പാലിക്കാൻ നിർബന്ധിക്കപ്പെടുന്നത് ആരാൽ എന്ന ചോദ്യം അനിവാര്യമാകുന്നു. തീർച്ചയായും ആ ചോദ്യം ഗവേഷകരെയും ആക്രമിക്കുന്നു. പ്രബന്ധകർത്താവിന്റെ അസ്തിത്വം എല്ലാറ്റിനും ഉത്തരം കൊടുക്കാനും തീരുമാനമെടുക്കാനും തനിക്കേ കഴിയൂ എന്ന രീതിയിലാകരുത്. ഏതെങ്കിലും ജഡമായ അറിവിനെ സ്വീകരിക്കലല്ല ഗവേഷണം. മറിച്ച് നമ്മളെത്തന്നെ പൂർണ്ണമായി രൂപപ്പെടുത്താൻ പ്രാപ്തിയുള്ള അറിവുൽപാദനമാണവിടെ നടക്കേണ്ടത്. അപ്പോഴാണ് ഗവേഷണം ഒരു വിമോചനമായി പരിണമിക്കുക.

ആദിവാസിഗോത്ര സമൂഹത്തിലെ ജ്ഞാന പദ്ധതികൾ അവരുടെ തന്നെ നിയന്ത്രണങ്ങളുടെ ചട്ടക്കൂടിൽ ബന്ധിതമാണ്. ഇവയെ യൂറോ കേന്ദ്രീകൃതമായ പഠനങ്ങളിലൂടെ കണ്ടെത്താൻ ശ്രമിക്കുമ്പോൾ അറിവിന്റെ സ്വാംശീകരണം നല്ല രീതിയിൽ നടക്കുകയില്ല. ജ്ഞാനവ്യവസ്ഥയുടെ വൈപുല്യം, സൂക്ഷ്മത എന്നിവയെ തിരിച്ചറിയുവാൻ പരിഷ്കൃതസമൂഹത്തിലെ ഏതാനും പദങ്ങൾ പോരാതെ വരും. അതിനാൽ പരിഷ്കൃതസമൂഹങ്ങളിലെ പദസഞ്ചയങ്ങൾക്ക് തത്തുല്യപദങ്ങൾ തേടുന്നത് തെറ്റായ രീതിശാസ്ത്രമാണ്. യൂറോ കേന്ദ്രീകൃത കാഴ്ചയ്ക്ക് വഴങ്ങാത്ത പദങ്ങൾ 'അനുഭവ'ത്തിലൂടെ പകർത്തി സ്വരൂപിക്കുമ്പോഴാണ് ജ്ഞാനസമ്പാദനത്തിന്റെ യഥാർത്ഥ ധർമ്മം നിർവ്വഹിക്കുക.

എന്നാൽ അനുഭവം ശുദ്ധമാണെന്ന് കരുതുക വയ്യ. അതിൽ കലർപ്പുണ്ടാകാം. അതിന്റെ വ്യാഖ്യാനങ്ങളെ നാം സമീപിക്കുന്ന രീതിയും ഒരു വെല്ലുവിളിയാണ്. മനുഷ്യരെ ശ്രദ്ധയോടെ മനസ്സിലാക്കുന്ന പ്രത്യയശാസ്ത്രമാണ് ഗവേഷകർ അവലംബിക്കേണ്ടത്. നേരിട്ടുള്ള അനുഭവത്തിന്റെ തലവും മാധ്യമങ്ങൾ സൃഷ്ടിക്കുന്ന അനുഭവതലവും രണ്ടും രണ്ടാണ്. സ്വന്തം അനുഭവങ്ങളെ അന്യന്റെ അനുഭവങ്ങളുമായി ചേർത്തു വായിക്കുന്ന അവസ്ഥ അത്യന്തം സങ്കീർണ്ണമാണ്. അപ്പോൾ ആഖ്യാനം അഥവാ ചമൃമൂശീ വലിയ

തോതിൽ പ്രശ്നവൽക്കരിക്കപ്പെടുന്നു. ആഖ്യാനങ്ങൾ വ്യക്തിബന്ധങ്ങളെ ആശ്രയിച്ചിരിക്കും. ഭൂത-വർത്തമാന-ഭാവികാലങ്ങളെ ചരിത്ര സംബന്ധിയായി നോക്കിക്കാണുന്നതിന് ഒരു വ്യക്തിയെ വിശകലനം ചെയ്താൽ പരിമിതിയുണ്ട്. അതിനാൽ വ്യത്യസ്ത കോണുകളിൽ നിന്ന് ആഖ്യാനത്തെ കർത്തൃത്വത്തിന്റെ അടിസ്ഥാനത്തിൽ നോക്കിക്കാണേണ്ടതുണ്ട്.അപ്പോഴേ ഗവേഷണനീതി എന്ന സങ്കൽപം സാക്ഷാത്കൃതമാകൂ.

ശാസ്ത്രം കാര്യങ്ങൾ സംഭവിച്ചതിന്റെ കാരണം ശാസ്ത്രീയദൃഷ്ട്യാ തെളിയിക്കാൻ ശ്രദ്ധിക്കുമ്പോൾ മാനവികവിഷയങ്ങൾ കൈകാര്യം ചെയ്യുന്നവർ അതു സംഭവിക്കാനുള്ള സാഹചര്യം വിലയിരുത്തുന്നു. ഫുട്ബോൾകളിയുമായി ഗവേഷണരീതിയെ താരതമ്യപ്പെടുത്താറുണ്ട്. കളി ഒരു ലഹരിയായി മാറുമ്പോഴും നിയമങ്ങൾ തെറ്റിക്കുക സാധ്യമല്ല എന്നർത്ഥം.

ഒരു പഠനമേഖലയോട് നീതി പുലർത്തുന്നതിന് ഒന്നിലധികം പഠനമേഖലകളിലേക്ക് അന്വേഷണം വ്യാപിപ്പിക്കേണ്ടതായി വരുന്നു. ബഹുവൈജ്ഞാനികത (Multi disciplinary), അന്തർവൈജ്ഞാനികത (Inter disciplinary) എന്നീ തലങ്ങളിൽ വിപുലമായിക്കൊണ്ടിരിക്കുന്ന അറിവിന്റെ ക്രമീകരണം ഇന്ന് പ്രസക്തമാകുന്നു. ബഹുവൈജ്ഞാനികതയിൽ എല്ലാത്തരം അറിവുകളും വേർതിരിഞ്ഞുതന്നെ നിൽക്കും. എന്നാൽ അന്തർവൈജ്ഞാനികതയിൽ രണ്ട് വിഷയങ്ങൾക്കിടയിലെ അതിർവരമ്പുകൾ മാറിപ്പോകുന്നു. പുതിയ ഗവേഷണമേഖല ഉടലെടുക്കുകയും ചെയ്യുന്നു. സത്യത്തെ തേടുന്നതിന് വിജ്ഞാനമേഖലയുടെ അതിരുകൾ വിസ്തൃതമാക്കുകയും നിരന്തരം പുനഃസംഘടിപ്പിക്കേണ്ടിവരികയും ചെയ്യും. അപ്പോഴാണ് പഠനവിഷയത്തെ സംബന്ധിച്ച വിപുലമായ ധാരണയിൽ എത്തിച്ചേരാൻ കഴിയുക. ഭാഷ, ചരിത്രം, ദൃശ്യകല, മാധ്യമസമ്പർക്കം, സാഹിത്യം തുടങ്ങി ഏതെതൊക്കെ മേഖലകളെ ഗവേഷകന് തന്റെ മേഖലകളിൽ അനുവർത്തിക്കാൻ കഴിയും അതെല്ലാം ഉൾക്കാഴ്ചയോടെ ഏകീകരിക്കാൻ ഗവേഷകന് കഴിയണം.

## ഉപസംഹാരം

• ഏതൊരറിവും വ്യക്തിപരമായല്ല, സമൂഹബദ്ധമായാണ് വികസിക്കുക. അതിനാൽ ആ അറിവിന് നിതാനമായ നിരവധി ജ്ഞാനപദ്ധതികളെ കണ്ടെത്തുക അത്യാവശ്യമാണ്.

• സമൂഹത്തിലെ എല്ലാ അറിവുകളും സമൂഹവ്യവഹാരങ്ങളായി കാണാനും അതിനെ ആധുനികവൽക്കരിക്കാനുള്ള സാധ്യതകൾ അന്വേഷിക്കാനും സാംസ്കാരിക പഠനമേഖല പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

• ഒരു കാലത്തെ നമ്മുടെ അറിവുകളെ ജ്ഞാന പദ്ധതിയായി മനസ്സിലാക്കിയാൽ മാത്രമേ ഓരോ തൊഴിൽമേഖലയും പുനർനിർമ്മിക്കപ്പെടുകയുള്ളൂ.

• പൊക്കുടൻ പറയുന്ന നീരറിവുകൾ വെള്ളം ഉള്ള സ്ഥലങ്ങളെക്കുറിച്ചുള്ള അറിവ്, പ്രസവസംബന്ധമായ അറിവ്, ഗാർഹികവൈദ്യം തുടങ്ങിയവ.

• വിദ്യാഭ്യാസം വഴി നേടിയ അറിവിന് കിടപിടിക്കുന്ന അറിവ് തൊഴിലിടങ്ങളിലും ഉണ്ട് എന്ന തിരിച്ചറിവും തൊഴിൽ ആധുനികവൽക്കരിക്കപ്പെടാതിരുന്നതിനാൽ വിദ്യാഭ്യാസത്തിലൂടെ നേടിയ അറിവ് പ്രയോഗക്ഷമമാകാതെ വന്നു എന്നതും തിരിച്ചറിയേണ്ടതുണ്ട്.

• ഗവേഷകർ ജ്ഞാനത്തെ അന്വേഷിക്കുകയും കണ്ടെത്തുകയും ചെയ്യുന്നു എന്നതിലുപരി പുതിയ ജ്ഞാനമേഖലകളെ പരിചയപ്പെടുത്തുകയും സൃഷ്ടിച്ചെടുക്കുകയും ചെയ്യേണ്ടതത്യാവശ്യമാണ്.

• പ്രയോഗതലത്തിലേക്കും പ്രതിരോധത്തിലേക്കും വികസിക്കുന്ന, മുഖ്യധാരാസങ്കല്പങ്ങളെ സാമാന്യ യുക്തിയുപയോഗിച്ച് പരിഷ്കരിക്കുകയും സംശയിക്കുകയും ചെയ്യുന്ന പുതിയ രീതിശാസ്ത്രത്തിലേക്കാണ് ഗവേഷകൻ ആത്യന്തികമായി എത്തിച്ചേരേണ്ടത്.

സഹായകഗ്രന്ഥങ്ങൾ

1. ഡോ. കെ.എം. അനിൽ, സംസ്കാരനിർമ്മിതി, പ്രോഗ്രസ്സ് പബ്ലിക്കേഷൻ, കോഴിക്കോട്, 2017
2. ഡോ. എം.വി. വിഷ്ണുനമ്പൂതിരി, പുരാവൃത്തപഠനം, മാതൃഭൂമി ബുക്ക്സ്, 2010
3. സാഹിത്യലോകം, വാല്യം 45, ലക്കം 5-6, ഡിസംബർ 2017
4. എഡി. ഡോ. അശോക് ഡിക്രൂസ്, മലയാള ഗവേഷണം: ചരിത്രവും വർത്തമാനവും, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, മാർച്ച് 2019

# ഇന്ത്യൻവിമർശനശാസ്ത്രം: വി.സി. ശ്രീജന്റെ സൈദ്ധാന്തിക പുനർവായനകളിൽ

**ആതിര കുഞ്ഞുമോൻ,** *ഗവേഷക, മഹാത്മാഗാന്ധി സർവ്വകലാശാല*

ഉത്തരാധുനിക മലയാള വിമർശനത്തിന് പൊതുവായൊരു ദർശനപരിസരമില്ല. പാശ്ചാത്യ സിദ്ധാന്തങ്ങളുടെ വ്യാഖ്യാനങ്ങളും പ്രായോഗികതയും വിമർശനത്തെ കൂടുതൽ സൈദ്ധാന്തികമാക്കുന്നു. സാഹിത്യേതര വിജ്ഞാനങ്ങളുടെ ഉൾക്കാഴ്ചകളെ പ്രയോജനപ്പെടുത്തുന്ന സംസ്കാര വിമർശനം, സ്വത്വരാഷ്ട്രീയ വിശകലനം എന്നിവ ഉത്തരാധുനിക വിമർശനത്തിന്റെ പൊതുപ്രവണതകളാണ്. എന്നാൽ കേരളീയ പരിസരത്തിൽ പുതിയ എഴുത്തിന്റെ സ്വഭാവവും ധർമ്മവും നിർണ്ണയിക്കുവാൻ പര്യാപ്തമായ വിശകലന പദ്ധതികൾ അനിവാര്യമാണ്. നവഉദാരീകരണത്തിന്റെ വിപണിനയങ്ങളോടുള്ള പ്രതിഷേധസ്വരങ്ങൾ ഉത്തരാധുനിക സാഹിത്യത്തിൽ പ്രകടമാണ്. ഇവയെ വിശദീകരിക്കുവാൻ പാശ്ചാത്യയുക്തിയുടെ അളവുകളെക്കാൾ അഭികാമ്യം തദ്ദേശീയ ജ്ഞാനപദ്ധതികളാണ്. വി.സി. ശ്രീജന്റെ വിമർശന ദർശനം പ്രസക്തമാകുന്നതിവി ടെയാണ്. ഭാരതത്തിന്റെ ധൈഷണികപാരമ്പര്യം ഉൾകൊണ്ട് മലയാള വിമർശനത്തിന് അനുയോജ്യമായ സ്വതന്ത്രവിശകലന പദ്ധതികൾ ഉണ്ടാകണമെന്ന് ശ്രീജൻ അഭിപ്രായപ്പെടുന്നു. അതിനായി ഇന്ത്യൻവിമർശനശാസ്ത്രത്തെ അദ്ദേഹം പുനർവായനകൾക്ക് വിധേ യമാക്കുന്നു. വി.സി. ശ്രീജന്റെ സൈദ്ധാന്തിക പുനർവായനയുടെ വിശകലനമാണ് ഈ പ്രബന്ധം ലക്ഷ്യമിടുന്നത്.

വിമർശന ചരിത്രത്തിന്റെ ഓരോ ഘട്ടങ്ങളിലും ഭാരതീയ കാവ്യശാസ്ത്രത്തിന്റെ പുനർവായനകൾ സാധ്യമായിട്ടുണ്ട്. പാരമ്പര്യത്തോടുള്ള പൂർണ്ണ നിരാകരണമല്ല, പാശ്ചാത്യ പദ്ധതികളുമായുള്ള അവയുടെ താരതമ്യവും സമന്വയവുമാണ് നവോത്ഥാന വിമർശനം സാധ്യമാക്കിയത്. കേസരിയുടെ സുന്ദരകല പാശ്ചാത്യവും-പൗരസ്ത്യവും, കേരളീയകലകളും ഫ്യൂച്ചറിസവും തുട ങ്ങിയ ലേഖനങ്ങളും മുണ്ടശ്ശേരിയുടെ കാവ്യപീഠികയും എം.പി. പോളിന്റെ നോവൽ സാഹിത്യവും ഉദാഹരിക്കാവുന്നതാണ്. ആധുനികവിമർശനം പാശ്ചാത്യ സങ്കല്പനങ്ങളെ അടിസ്ഥാന പ്രമാണമാക്കുന്നതായിരുന്നു. ആധുനികതയെ കോളനിവാഴ്ചയുടെ പ്രത്യാഘാതമെന്ന് വിലയിരുത്തി പാശ്ചാത്യബോധത്തെ പ്രതിരോധിക്കുവാൻ സാഹിത്യം പര്യാപ്തമാകുമ്പോഴാണ് ഉത്തരാധുനികതയുടെ ഭാവുകത്വം ആരംഭിക്കുന്നത്. ഉത്തരാധുനികത ഒരേസമയം അപകോളനീകരണവും ആധുനികതാ വിമർശനവുമാകുന്നു. ശ്രീജനിലെ അപകോളനികൃതബോധമാണ് ഭാരതീയകാവ്യശാസ്ത്രത്തെ പുനർവായിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുന്നത്. സാമന്തവാദത്തിനു ബദലായി അദ്ദേഹം തനിമാവാദത്തെ അവതരിപ്പിക്കുന്നു.

വി.സി.ശ്രീജന്റെ വിമർശനദർശനത്തെ രൂപപ്പെടുത്തുന്നത് അദ്ദേഹത്തിന്റെ പക്ഷപാതമാണ്. മലയാളവിമർശകർ പൊതുവിൽ സഞ്ചരിക്കുന്ന പക്ഷപാതധാര രണ്ടു വിധമാണ്. സൗന്ദര്യപക്ഷം, പ്രത്യയശാസ്ത്രവിമർശനം. സൗന്ദര്യപക്ഷപാതികളെ വിമർശിക്കുന്ന പ്രത്യയ ശാസ്ത്രവിമർശകൻ എന്ന നിലയിലാണ് ശ്രീജൻ തന്റെ ധൈഷണിക ജീവിതം ആരംഭിക്കുന്നത്. സാമ്പ്രദായിക മാർക്സിസത്തെ ചോദ്യംചെയ്യുന്ന നവമാർക്സിസ്റ്റ് സൈദ്ധാന്തികൻ എന്ന നിലയിൽ മാർക്സിസത്തിനുണ്ടായ സൈദ്ധാന്തിക തുടർച്ച (ക്രിട്ടിക്കൽ തിയറി) വിമർശനാത്മകസിദ്ധാന്തം (1999) മലയാളത്തിന് പരിചയപ്പെടുത്തിയത് ശ്രീജനാണ്. ഉത്തരാധുനിക

ചിന്താപദ്ധതികളായ ഘടനാവാദം, അപനിർമ്മാണം, മനോവിശ്ലേഷണം തുടങ്ങിയവ വിശകലനം ചെയ്യുന്ന ചിന്തയിലെ രൂപകങ്ങൾ (1991) എന്ന ശ്രീജന്റെ പുസ്തകമാണ് മലയാളത്തിലെ ഉത്തരാധുനിക വിമർശനത്തിന് മുഖവുര നൽകിയത്. വി.സി. ശ്രീജന്റെ ആദ്യ കാല നിരൂപണാവിഷ്കാരങ്ങൾ പ്രത്യയശാസ്ത്രപരമാണ്. പ്രത്യയശാസ്ത്രഘടകങ്ങളെ അദ്ദേഹം വിമർശിക്കുന്നു. പാശ്ചാത്യ ഉത്തരാധുനിക സിദ്ധാന്തങ്ങളെ അതിനായി ഉപയോഗപ്പെടുത്തുന്നു. കഥയും പ്രത്യയശാസ്ത്രവും (1993), വാക്കും വാക്കും (1996) എന്നീ കൃതികൾ സാധ്യമാക്കുന്നത് പ്രത്യയശാസ്ത്രവിമർശനമാണ്. വീണ്ടും മഞ്ഞ്, ശാസകന്റെ മൃദുസ്പർശനം എന്നിവ ശ്രീജന്റെ പ്രസിദ്ധങ്ങളായ വിമർശനാവിഷ്കാരങ്ങളാണ്.

പ്രത്യയശാസ്ത്രവിമർശനത്തിനുള്ള അപര്യാപ്തതകളെ തിരിച്ചറിയുന്ന ശ്രീജന്റെ ധൈഷണികത അതിൽ നിന്നും വഴിമാറി സഞ്ചരിച്ച് ബദൽ മാർഗ്ഗം സ്വീകരിക്കുന്നു. പൊതുവിൽ മലയാള വിമർശകർ സഞ്ചരിക്കുന്ന പക്ഷപാത സമീപനങ്ങളിൽ നിന്നും വിഭിന്നമാണ് ശ്രീജന്റെ മാർഗ്ഗം. സാമ്പ്രദായിക സൗന്ദര്യപക്ഷത്തേയും പ്രത്യയശാസ്ത്രപക്ഷത്തേയും അത് തള്ളിക്കളയുന്നു. സാമ്പ്രദായിക സൗന്ദര്യപക്ഷം രൂപപരമാണെന്നും എഴുത്തുകാരിയുടേയും വിമർശകയുടേയും പ്രത്യയശാസ്ത്രം ഒന്നായിരിക്കുമ്പോൾ പ്രത്യയശാസ്ത്രവിമർശനം അപ്രസക്തമാണെന്നും ശ്രീജൻ അഭിപ്രായപ്പെടുന്നു. ശ്രീജന്റെ വിമർശന രാഷ്ട്രീയത്തിന്റെ മറുപുറം സാഹിത്യത്തെ സംബന്ധിച്ചുള്ള പാശ്ചാത്യ പൗരസ്ത്യ വീക്ഷണങ്ങളോട് ബന്ധപ്പെടുത്തി വിലയിരുത്തേണ്ടതുണ്ട്. പൗരസ്ത്യദർശനം അനുഭൂതിതലങ്ങളെ കേന്ദ്രീകരിച്ചാണ് നിലനിൽക്കുന്നത്. പാശ്ചാത്യ യുക്തി വിശേഷിച്ചും ഉത്തരാധുനികത സാഹിത്യത്തിനു നിദാനമായി വർത്തിക്കുന്ന ഭൗതിക ഘടകങ്ങളെ പരിഗണിക്കുന്നു. ഇതര വിജ്ഞാനങ്ങളെ ഉപയോഗപ്പെടുത്തി വിമർശനം സാധ്യമാക്കുമ്പോൾ സാഹിത്യ പാഠത്തിന്റെ പ്രാധാന്യം നഷ്ടപ്പെടുന്നു. സാഹിത്യപാഠത്തെയാണ് ശ്രീജൻ പരിഗണിക്കുന്നത്. അക്കാദമിക വിമർശനങ്ങളെക്കാൾ അക്കാദമികേതര വിമർശനങ്ങൾക്കാണ് ശ്രീജൻ പ്രാധാന്യം നൽകുന്നത്. മാരാരുടെ വിമർശനത്തെയാണ് അദ്ദേഹം ഉദാഹരിക്കുന്നത്. പാശ്ചാത്യ സിദ്ധാന്തങ്ങളുടെ വ്യാഖ്യാനങ്ങളും പ്രയോഗങ്ങളുമല്ലാതെ മലയാള വിമർശനത്തിന് സ്വതന്ത്രമായ വിശകലനപദ്ധതികൾ എന്ന ശ്രീജന്റെ വാദത്തിന്റെ സാധുതയതാണ്. ഇന്ത്യൻസിദ്ധാന്തങ്ങളെ പുനർവായിക്കുന്നതും ഇതേ പക്ഷപാതത്തെ മുൻനിർത്തിയാണ്.

ഇന്ത്യൻ പരിസരത്തിൽ കാലാകാലങ്ങളായി നിലനിന്ന പോരുന്ന മാർഗ്ഗിയെന്നും ദേശിയെന്നുമുള്ള എതിർദ്വന്ദ്വത്തിനുള്ളിലാണ് വിമർശനശാസ്ത്രത്തിന്റെ പ്രവർത്തനം. ആര്യമെന്നും ദ്രാവിഡമെന്നുമുള്ള രണ്ടു സംജ്ഞകളിലാണ് ഭാരതത്തിന്റെ സാംസ്കാരിക വൈവിധ്യത്തെ പൊതുവെ അടയാളപ്പെടുത്തുന്നത്. ജാതി, വർണ്ണ, വംശ, തൊഴിൽ, ഭാഷാപരമായ വ്യത്യസ്ത കളെയാണ് ഈ പദങ്ങൾ പ്രതിനിധീകരിക്കുന്നത്. ആര്യമായതസാം സ്കാരികമായി ഉയർന്നതും നാഗരികവും പരിഷ്കൃതവും വരേണ്യവുമാണ്. സംസ്കൃത സാഹിത്യത്തെ പ്രതിനിധീകരിക്കുന്നത് മാറ്റിയാണ്. പ്രാദേശികവും അപരിഷ്കൃതവുമായ കീഴാളപ്രാതിനിധ്യം ദേശിയാണ്. പൊതുസമൂഹത്തെയും ജനകീയതയേയും ദേശി പ്രതിനിധീകരിക്കുന്നു. ആര്യൻ വംശീയതയുടെ അധിനിവേശ തന്ത്രം തങ്ങൾക്ക് അനുകൂലമല്ലാത്ത ജീവിതശീലങ്ങളും ആചാരങ്ങളും പുലർത്തുന്നവരെ നീചരായി ചിത്രീകരിക്കുക എന്നുള്ളതായിരുന്നു. അധ്വാനശക്തിയിൽ അധിഷ്ഠിതമായിരുന്ന ഭൗതിക ചിന്താഗതികൾക്കുമേൽ ബൗദ്ധികമായ അധിനിവേശം സംഭവിച്ചു. കാവ്യശാസ്ത്രത്തിൽ ആകമാനം മതപരവും അലൗകികവുമായ തത്ത്വങ്ങൾ ഇഴ ചേർന്നിരിക്കുന്നതിന്റെ പശ്ചാത്തലമതാണ്. ഭൗതികവാദവും നിരീശ്വരവാദവും ന്യൂനീകരിക്കപ്പെട്ടു. വിമർശനശാസ്ത്രത്തിൽ ആകമാനം ഇതിന്റെ സൂചനകളുണ്ട്. മതപരമായ ചിഹ്നങ്ങളും സംപ്രത്യയങ്ങളും നാട്യശാസ്ത്രത്തിൽ കാണാം. കാഴ്ചയുടേയും കാണലിന്റേയും രഹസ്യത്തെ അനാവരണം ചെയ്യുന്ന രസസങ്കല്പം വരേണ്യതയെ പ്രതിനിധീകരിക്കുന്ന ശൃംഗാരവും രസികത്വവും വിശദീകരിക്കുവാനുള്ള ഉപാധിയായി പരിണമിച്ചു. രസത്തെ ബ്രഹ്മാനന്ദത്തോടു ബന്ധിപ്പിച്ചു. ആനന്ദവർധനന്റെ ധ്വനിചിന്ത സൈദ്ധാന്തിക തലത്തിൽ ഒരു പ്രതിരോധമാണ്. അർഥചിന്തയുടെ ഉദാരീകരണം കാവ്യമീമാംസയെ ചലനക്ഷമമാക്കുന്നു. വ്യംഗ്യർഥനിർണയം കാലബദ്ധമാണ്. ശൃംഗാരത്തെ അപ്രധാനമാക്കി ശാന്തരസത്തെ ധ്വന്യാലോകം പുനക്രമീകരിക്കുന്നു. സംസ്കൃതത്തിന്റെ സുവർണ്ണ യുഗത്തിൽ പാർശ്വവത്കരിക്കപ്പെട്ട പ്രാകൃത ഭാഷയിൽ നിന്നും ധ്വന്യാ ലോകം ഉദാഹരണം സ്വീകരിച്ചു എന്നതു പുതുമയാണ്. സാഹിത്യത്തിനും വിമർശനശാസ്ത്രത്തിനും മേൽ നടന്ന ആര്യാധിനിവേശത്തിന്റെയും അതിന്റെ പ്രതിരോധ പാരമ്പര്യത്തെയും ചരിത്രത്തിന്റെ വിവിധ സന്ദർഭങ്ങളോട് ചേർത്ത് വായിക്കേണ്ടതുണ്ട്.

ഓരോ ചരിത്രസന്ദർഭങ്ങളിലും ഇതിന്റെ വ്യാപ്തി വ്യത്യസ്തമായിരുന്നു. മൗര്യസാമ്രാജ്യത്തിനു കീഴിൽ

സംസ്കൃതാധിപത്യം നിഷ്ക്രിയവും ഗുപ്തകാലഘട്ടങ്ങളിൽ ത്വരിതവുമായിരുന്നു. പ്രതിരോധ പാരമ്പര്യം ഇതിനു സമാന്തമായുണ്ട്. പ്രാദേശികഭാഷകളിലുണ്ടായ ഭക്തികാവ്യങ്ങൾ പ്രതിരോധപരമായിരുന്നെന്ന് ജി. എൻ. ഡേവി അഭിപ്രായപ്പെടുന്നു (1995: 88). തൊൽക്കാപ്പിയത്തിലെ തിണസിദ്ധാന്തം കാര്യനിർമ്മാണരീതിയാണ്. ദക്ഷിണേന്ത്യയുടെ പ്രതിരോധ പാരമ്പര്യത്തെ തമിഴ് ത്വരിത പ്പെടുത്തുന്നുണ്ടെങ്കിലും മലയാളവിമർശനത്തിന് അത് അവകാശപ്പെടാനില്ല. മലയാളത്തിലെ ആദ്യത്തെ വിമർശനഗ്രന്ഥമായ ലീലാതിലകം സംസ്കൃതാധിപത്യത്തിനു മലയാളം വഴങ്ങുന്നതിന്റെ സൂചനകളാണ് നൽകിയത്. ആര്യാധിനിവേശത്തിന് ജനകീയ മാനങ്ങൾ നൽകിയത് യൂറോപ്യൻ കോളനീകരണമായിരുന്നു. ഇന്ത്യയെ അടയാള പ്പെടുത്തിയ പൗരസ്ത്യവാദികൾ ഇന്ത്യയുടെ പൊതു പ്രതിനിധീകരണമായി സംസ്കൃതത്തെ അടയാളപ്പെ ടുത്തി. ദേശീയത ഇന്ത്യയെ ഏകീകരിക്കുമ്പോഴും പ്രാദേശിക ഉണർവുകൾ സജീവമായിരുന്നു. ഇന്ത്യൻ പരിസരത്തിൽ ദേശി പാരമ്പര്യം സജീവമായി തുടരുന്നു. ദളിത് സാഹിത്യത്തെ ചേർത്തു വെക്കേണ്ടതിവിടാണ്. ജനകീയ പാരമ്പര്യത്തിൽ നിന്നും ഊർജ്ജം സംഭരിക്കുന്ന ബദലാണ് ദേശിവാദം. ഒരേസമയം ആഭ്യന്തര കോളനീകരണത്തേയും നവഉദാരീകരണത്തെയും ദേശിവാദം പ്രതിരോധിക്കണം.

ഇന്ത്യൻ സിദ്ധാന്തങ്ങളെ ശ്രീജൻ എങ്ങനെ പുനർവായിക്കുന്നു എന്നത് പ്രധാനമാണ്. ഇന്ത്യൻ സിദ്ധാന്തങ്ങളെ പുനർവായിക്കുമ്പോൾ ഭൗതികവും ജനകീയവുമായ നിലപാടുകളാണ് ശ്രീജൻ സ്വീകരിക്കുന്നത്. വേദകാലത്തിന്റെ യുക്തിയുടെ അടിസ്ഥാനത്തിൽ രൂപംകൊണ്ട പദ്ധതികളെ ഇന്നത്തെ ശാസ്ത്രയുഗത്തിന്റെ പൊതുബോധത്തിൽ പുനരെഴുതണമെന്ന് ശ്രീജൻ വിലയിരുത്തുന്നു. അതിൽ ചേർന്നിരിക്കുന്ന മതപരവും അലൗകികവുമായ ഘടകങ്ങളെ വിമർശിച്ചും നിരാകരിച്ചുമാണ് ശ്രീജൻ ഇന്ത്യൻകാവ്യമീമാംസയെ പുനർവായിക്കുന്നത്. എന്നാൽ സൗന്ദര്യ ദർശനത്തിന്റെ കാതലായ രസധ്വനി അതിന്റെ പൂർണ തത്ത്വത്തിൽ അദ്ദേഹം ഉൾക്കൊള്ളുന്നില്ല. അദ്ദേഹത്തിന്റെ നിലപാട് ഏകപക്ഷീയമാണ്. ഇന്ത്യയുടെ ബഹുമുഖമായ സാംസ്കാരിക അന്തരീക്ഷത്തെ സംസ്കൃത കാവ്യശാസ്ത്രം പ്രതിധ്വനിപ്പിക്കുന്നില്ല. ഏകീകരിക്കപ്പെട്ട ഒരു നിർമ്മിതിയാണത്. സംസ്കൃത വ്യാഖ്യാന പദ്ധതികൾക്കു സമാന്തരമായി ഒരു പ്രതിരോധപാരമ്പര്യമുണ്ട്. ഇന്ത്യൻ സിദ്ധാന്തങ്ങളെ ശ്രീജൻ നിർദ്ദേശിക്കുന്നതിന്റെ പശ്ചാത്തലം പാശ്ചാത്യവിമർശനത്തിനു ബദലായിട്ടാണ്. അധിനിവേശ വിരുദ്ധമനോഭാവത്തിൽ ഇന്ത്യൻ വിമർശനശാസ്ത്രത്തിന്റെ വൈരുദ്ധ്യങ്ങളെ ശ്രീജൻ കണക്കാക്കുന്നില്ല. അധിനിവേശത്തിന്റെയും പ്രതിരോധത്തിന്റെയും തന്ത്രങ്ങൾ ഇന്ത്യൻ വിമർശനശാസ്ത്രത്തിൽ ഉടനീളം കാണാം. ദ്രാവിഡകാവ്യശാസ്ത്രവും അതിന്റെ പിൻതുടർച്ചയായി വരുന്ന ദളിത് സാഹിത്യം ശ്രീജന്റെ ചർച്ചാ വിഷയങ്ങളല്ല. ഭാരതീയവിമർശനശാസ്ത്രം ദേശിയേയും മാർഗ്ഗിയേയും സമാന്തരമായി ഉൾക്കൊള്ളുന്നു. ശ്രീജന്റെ പരിഗണന മാർഗ്ഗി മാത്രമാണ്.

ഭാരതീയ വിമർശനശാസ്ത്രത്തിലെ മാർഗ്ഗി പാരമ്പര്യത്തെ ശ്രീജൻ പുനരാലോചിക്കുന്നു. രസസിദ്ധാന്തത്തെ തള്ളിക്കളയുകയും ധ്വനി ചിന്തയിലെ അർഥചർച്ച സ്വീകരിക്കുകയും ചെയ്യുന്നു. രസാനുഭൂതിയെ ബ്രഹ്മാനന്ദവുമായി ബന്ധിപ്പിക്കുന്നതു കൊണ്ട് രസസങ്കല്പത്തിനുള്ള അലൗകിക പര്യവേഷത്തെ മുൻനിർത്തിയാണ് ശ്രീജൻ രസത്തെ നിരാകരിക്കുന്നത്. കാഴ്ചയുടേയും കാണലിന്റെയും രഹസ്യത്തെയാണ് രസം അനാവരണം ചെയ്യുന്നത്. രസസിദ്ധാന്തം ഒരു സിദ്ധാന്തമേയല്ല എന്നതാണ് ശ്രീജന്റെ പക്ഷം. രസാനുഭൂതിയെ ബ്രഹ്മാനന്ദവുമായി ബന്ധിപ്പിക്കുന്നതു കൊണ്ട് രസസങ്കല്പത്തിനുള്ള അലൗകിക പര്യ വേഷത്തെ മുൻനിർത്തിയാണ് ശ്രീജൻ രസത്തെ നിരാകരിക്കുന്നത്. രസസൂത്രം ഒഴികെ ബാക്കിയൊന്നും ഭരതമുനിയുടേതല്ലന്ന് സാഹിത്യഭൂഷണത്തിന്റെ പീഠികയിൽ മാരാര് പ്രതി പാദിക്കുന്നുണ്ട് (1991:31). വിവിധ താത്വിക ദർശനങ്ങളെ അടിസ്ഥാനപ്പെടുത്തി രസം പുനർവായിക്കപ്പെട്ടു. ദൃശ്യകലയുടെ പരിസരത്തു നിന്നും സാഹിത്യത്തിന്റെ തലത്തിലേക്ക് രസസിദ്ധാന്തത്തെ വിപുലപ്പെടുത്തുന്നത് ആനന്ദ വർധനനാണ്. ആത്മീയവും ഭൗതികവുമായ വാദങ്ങളിലേക്ക് പുനരെഴുതുവാൻ പര്യാപ്തമായ അയഞ്ഞ ഘടനയുള്ള ഒന്നായിരുന്നു രസസങ്കല്പം. എന്നാൽ ബ്രാഹ്മണമതം രസത്തിന്റെ അനാര്യ സാധ്യതകളെ തള്ളിക്കളഞ്ഞു. ബ്രഹ്മാനന്ദത്തോടു ബന്ധപ്പെടുത്തി രസം നിർവചിക്കപ്പെടുന്നത് ഈ താൽപര്യത്തിലാണ്. ഇതേ പരിസരത്തിലാണ് ശൃംഗാരം രസരാജനാകുന്നതും. സഹൃദയത്വം പരിണമിച്ച് രസി കത്വം രൂപപ്പെട്ടു. അലൗകികതയെ മുൻനിർത്തി രസനിരാകരണം നടത്തുന്ന ശ്രീജൻ സൂക്ഷ്മാർഥത്തിൽ രസതത്ത്വം വിചിന്തനം ചെയ്യുന്നില്ല. രസനിർവചനത്തിനുള്ള അപര്യാ പ്തകളെ ശ്രീജൻ വീക്ഷിക്കുന്നു. വിഭാവങ്ങൾ,

അനുഭാവങ്ങൾ, വ്യഭിചാരി ഭാവങ്ങൾ എന്നിവ ചേർന്ന് രസം സൃഷ്ടിക്കപ്പെടുന്നു എന്നല്ലാതെ അതിന്റെ ക്രമബദ്ധത രസസൂത്രത്തിലില്ല. സംയോഗം ഇവിടെ സാമാന്യവത്കരിക്കപ്പെടുന്നു. രസത്തെ നിരാകരിക്കുന്ന ശ്രീജൻ സാധാരണീകരണത്തെ മാനിക്കുന്നു. ഭൗതികവാദത്തിന്റെ തലത്തിൽ നിന്നുകൊണ്ടാണ് സാധാരണീകരണത്തെ ഉൾക്കൊള്ളുന്നത്. വികാരങ്ങളെ ലൗകികമെന്നും അലൗകികമെന്നും വേർതിരിച്ചതിനെ ശ്രീജന്റെ പക്ഷം വിമർശിക്കുന്നു. ആസ്വാദത്തെ മാനിച്ചാണ് വികാരങ്ങളെ ലൗകികമെന്നും അലൗകികമെന്നും വേർതിരിച്ചത്. അനുഭൂതിയുടെ അടിസ്ഥാനം വ്യക്തികേന്ദ്രീതമായി നിർവചിക്കുന്നത് ആശയവാദ പരമാണെന്നും ആസ്വാദനം സമൂഹഗതമായ പൊതു വികാരമാണെന്നും വൈരുദ്ധ്യാത്മക ചരിത്രവാദം വിലയിരുത്തുന്നു. ഇതനുസരിച്ച് ചലനക്ഷമത യില്ലാത്ത ഒന്നായി രസസിദ്ധാന്തം മാറുന്നു. സാഹിത്യപാഠത്തിലേക്ക് രസസി ദ്ധാന്തത്തെ വികസിപ്പിക്കുന്നത് ധ്വന്യാലോകമാണ്. അർഥ ചിന്തയുടെ ഉദാരീകരണം ധ്വനി സിദ്ധാന്തത്തെ പ്രസക്തമാക്കുന്നു. വാച്യാർഥത്തിന്റെ സാങ്കേതികത കാലബദ്ധമാണ്. ചരിത്രത്തിലെ ഗതിവിഗതികളുടെ താൽപര്യം വ്യംഗ്യാർഥ നിർണയത്തിൽ ഇടപെടുന്നു. ധ്വനിയേയും രസത്തേയും ഏകോപിപ്പിച്ചുള്ള ഉദാത്തീകരണത്തെ ശ്രീജൻ വിമർശിക്കുന്നു. എങ്കിലും ധ്വനി യുടെ കേന്ദ്രതത്വമായ അർഥചിന്തയെ ശ്രീജൻ വിപുലപ്പെടുത്തുന്നു. അർഥവ്യാഖ്യാനമാണ് വിമർശനമെന്ന് ശ്രീജൻ പ്രഖ്യാപിക്കുന്നു. ധ്വനിയെക്കാൾ ലക്ഷണക്കാണ് ശ്രീജൻ പ്രാധാന്യം നൽകുന്നത്. സ്ഫോടസിദ്ധാന്തത്തെ പല വിധത്തിലും ആനന്ദവർധനൻ നിരാകരിക്കുന്നു. ആയ തിനാൽ നിഗൂഢതകളെ മുൻനിർത്തിയുള്ള ശ്രീജന്റെ ധ്വനി വിമർശനം പ്രസക്തമല്ല.

ഭാരതീയസൗന്ദര്യശാസ്ത്രത്തിന്റെ സൈദ്ധാന്തിക സാധ്യതകളെ ശ്രീജൻ ചർച്ചയ്ക്കു പരിഗണിച്ചു എന്നത് പ്രസക്തമാണ്. അർഥവ്യാഖ്യാനമാണ് വിമർശന മെന്ന് അദ്ദേഹം സിദ്ധാന്തിക്കുന്നു. മാരാരുടെ മാർഗ്ഗം പിൻതുടരുന്നതു ശ്രദ്ധേയമാണ്. അർഥ ചർച്ചകൾ ഏകോപിപ്പിച്ച് വിമർശനപദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നെങ്കിലും ശ്രീജനിൽ പ്രയോഗസാധ്യത കുറവാണ്. ഇന്ത്യൻ വിമർശനശാസ്ത്രത്തെ പുനരാലോചിക്കുന്ന അദ്ദേഹം മാർഗ്ഗി മാത്രം പരിഗണിക്കുന്നു. അധിനിവേശവും പ്രതിരോധവും ഇടകലരുന്ന ദേശി മാർഗ്ഗി പാരമ്പര്യങ്ങളെ സമന്വ യിപ്പിക്കുന്ന വിമർശനപദ്ധതികളാണ് അനിവാര്യം. മകരന്ദ് പരാഞ്ജപെ, ബാലചന്ദ്ര മാഡെ തുടങ്ങിയ മറാഠി സാഹിത്യകാരന്മാർ ദേശീയതയും ദേശിവാദവും ഇടകലർന്ന വിചാരമാ തൃകയ്ക്ക് രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. സംസ്കൃതസിദ്ധാന്തത്തെ പുനർ വായിക്കുമ്പോൾ ഭൗതികത ശ്രീജൻ പിൻതുടരുന്നുണ്ടെങ്കിലും ചരിത്രബന്ധങ്ങളെ അവഗണിക്കുന്നു. ശ്രീജന്റെ രാഷ്ട്രീയം ഇവിടെ വെളിപ്പെടുന്നു.

ഗ്രന്ഥസൂചി

അച്ചുതനുണ്ണി, ചാത്തനാത്ത്, ഭാരതീയ സൗന്ദര്യ ദർശനം. തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1987.

കുട്ടികൃഷ്ണമാരാര്, സാഹിത്യഭൂഷണം, കോഴിക്കോട് : മാരാർസാഹിത്യപ്രകാശം, 1991

രാധാകൃഷ്ണൻ പി.എസ്. മാരാരും മലയാളവിമർശനവും രസധ്വനിവായനകൾ തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2015.

എതിർദിശകൾ, തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2016.

വേദബന്ധു, അർഥവിജ്ഞാനം. തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2015.

സുനിൽ പി. ഇളയിടം, അനുഭൂതികളുടെ ചരിത്രജീവിതം. തിരുവനന്തപുരം : ചിന്തപബ്ലിക്കേഷൻസ്, 2014.

ശ്രീജൻ, വി.സി. ചിന്തയിലെ രൂപകങ്ങൾ. കണ്ണൂർ : സമീക്ഷ,1991.

കഥയും പ്രത്യയശാസ്ത്രവും. കണ്ണൂർ : സമീക്ഷ, 1991.

അർഥവാദങ്ങൾ .കോഴിക്കോട് : മാതൃഭൂമിബുക്സ് , 2006.

Devi, G.N. After Amnesia. Hyderadad: Orient Black Swan, 2009.

Makarand Paranjape. Nativism. New Delhi: Sahithya Akademi,1997.

# സംവരണ വിരുദ്ധ രാഷ്ട്രീയം ന്യൂ ജനറേഷൻ സിനിമയിൽ - കുമ്പളങ്ങി നൈറ്റ്സിന്റെ ദൃശ്യഭാഷാവിശകലനം

**ഷിബിൻ ബി.**, *ഗവേഷകൻ,*
*കെ.കെ.ടി.എം. ഗവ. കോളേജ്, പുല്ലൂറ്റ്.*


## പ്രബന്ധ സംഗ്രഹം

ഇന്ത്യൻ സിനിമയുടെ ഭാഗമായതുകൊണ്ട് മലയാളസിനിമ ജാതീയത പ്രചരിപ്പിച്ചിട്ടുണ്ട്. ജാതീയതയോടൊപ്പം മലയാളസിനിമ പ്രചരിപ്പിച്ച മറ്റൊന്നാണ് സംവരണ വിരുദ്ധ രാഷ്ട്രീയം. മലയാള സിനിമ സംവരണ വിരുദ്ധ രാഷ്ട്രീയം ആവിഷ്കാരിച്ചത് തൊഴിൽ ചർച്ചകളായാണ്. വരേണ്യ വിഭാഗത്തിലെ ചെറുപ്പക്കാർക്ക് ഗവൺമെൻറ് ജോലി കിട്ടാതിരിക്കാൻഉള്ള കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത് സംവരണമാണ്. അത് അവരുടെ ജീവിതത്തെ ബാധിക്കുന്നു. ഈ രാഷ്ട്രീയം തൊണ്ണൂറുകളിലും തുടർന്നുള്ള മലയാള സിനിമകളിലും ന്യൂ ജനറേഷൻ സിനിമയും എത്തിനിൽക്കുന്നു. ഇതേ രാഷ്ട്രീയം കുമ്പളങ്ങി നൈറ്റ്സിന്റെ ദൃശ്യഭാഷ. വായിക്കുന്നതിലൂടെ മനസ്സിലാക്കാം. കുമ്പളങ്ങി നൈറ്റ്സിൽ തൊഴിൽ എന്നതിനുപകരം വല എന്ന ചിഹ്നം സൂചിപ്പിക്കുന്നത് -"പാർശ്വവൽകൃതർ തൊഴിൽ സാധ്യതകൾ ഉപയോഗിച്ച് ഉന്നത കുടുംബങ്ങളിലെ പെൺകുട്ടികളെ സ്വന്തമാക്കുന്നു. ഈ തൊഴിൽ സാദ്ധ്യതകൾ ഉന്നത കുല യുവാക്കളെ തറപറ്റിക്കുന്നു.. ഉന്നത കുടുംബം തകരുന്നു." ദൃശ്യ ഭാഷ ആസ്വാദക ഭാഷയോട് ചേർത്ത് വായിച്ചാൽ ഇത് മനസിലാക്കാം.


ലോകം 2019ൽഎത്തി നിൽക്കുമ്പോഴും ഇന്ത്യയ്ക്ക് ജാതീയതയെ മറികടക്കാൻ ആയിട്ടില്ല.. ഏതാനും ചില ദളിതർ നേതൃസ്ഥാനങ്ങളിൽ എത്തി എന്നത് വാസ്തവം തന്നെ. ദളിതർക്കെതിരെ ആൾക്കൂട്ട മർദ്ദനങ്ങളും കുറ്റകൃത്യങ്ങളും ദുരഭിമാനക്കൊലകളും കൂടുന്നു എന്നത് ദൈനംദിന വാർത്തകളിൽ നിന്നും വ്യക്തമാണ്. അത്തരം വാർത്തകൾ പ്രാധാന്യമില്ലാത്ത ചെറുകോളങ്ങളിൽ ഒതുങ്ങി പോവുകയോ ശ്രദ്ധനേടാതെ പോവുകയോ ചെയ്യുന്നു.

എല്ലാകാലത്തും മനുഷ്യന്റെ സൃഷ്ടികളെ സ്വാധീനിച്ച ദ്വന്ദ്വമാണ് വെളുപ്പ്/കറുപ്പ് എന്ന ദ്വന്ദ്വം. കീഴാള ജീവിതത്തിന്റെ പൊതുബോധം രൂപപ്പെടുത്തുന്നതിൽ സിനിമയ്ക്ക് വലിയൊരു പങ്കുണ്ട്. മുഖ്യധാരാ സിനിമകളിൽ മേൽജാതി/കീഴ്ജാതി എന്നിവയെ പ്രതിനിധാനം ചെയ്യുന്നത് പരിഷ്കൃതം/അപരിഷ്കൃതം യജമാനൻ/ഭൃത്യൻ പക്വം/അപക്വം എന്നീ ദ്വന്ദ്വ ദൃശ്യ സൂചകങ്ങളിലൂടെയാണ്.. പോക്കറ്റടിക്കാർ ലോക്കൽ ഗുണ്ടകൾ കൊള്ളക്കാർ ഒറ്റുകാർ തുടങ്ങി നെഗറ്റീവ് റോളുകളാണ് ദളിതശരീരഭാഷ ഉള്ളവർക്ക് വേണ്ടി സിനിമ കണ്ടുവച്ചിട്ടുള്ളത്. വിനോദ വ്യവസായ രംഗത്ത് കറുപ്പു നിറമുള്ള താര ശരീരങ്ങൾ തിരസ്കരിക്കപ്പെടുകയോ ക്രിമിനൽ നെഗറ്റിവ് വാർപ്പ് മാതൃകകളിലേക്കോ പിന്നാമ്പുറങ്ങളിലേക്കോ

ഒതുക്കപ്പെടുകയോ ചെയ്യുന്നു.

ഇന്ത്യൻ സിനിമ എല്ലാകാലത്തും ജാതിയതയുടെയും വർണവെറിയുടെ വിളനിലമായിരുന്നു; (എൻ.പി. സജീഷ് 2016). ഇന്ത്യയുടെ പൊതുജാതിബോധമാണ് ഇത്തരത്തിൽ ദൃശ്യാവിഷ്കരിക്കപ്പെടുന്നത്. ഇത്തരം സിനിമകൾ ജാതീയതയെ പ്രോത്സാഹിപ്പിക്കുന്നു. ഇന്ത്യൻ സിനിമയുടെ ഭാഗമെന്ന നിലയ്ക്ക് മലയാള സിനിമയും ജാതിയതക്ക് മുൻഗണന നൽകിയിട്ടുണ്ട്.

കഴിഞ്ഞുപോയ കാലങ്ങളിലെ സിനിമ ചരിത്രം പ്രക്ഷേപണം ചെയ്ത രാഷ്ട്രീയത്തിന്റെ തുടർച്ചയാണ് നിലവിലുള്ള സിനിമകളുടെ രാഷ്ട്രീയം (ഡോ രാധാകൃഷ്ണൻ പി എസ് 2016). ജാതീയതയുടെ കാര്യത്തിൽ ഇന്ത്യൻ സിനിമ സഞ്ചരിച്ച വഴികളിലൂടെ തന്നെയാണ് മലയാള സിനിമയും സഞ്ചരിച്ചിട്ടുള്ളത്. മലയാള സിനിമ എല്ലാകാലത്തും ജാതിരാഷ്ട്രീയം പ്രചരിപ്പിച്ചിട്ടുണ്ട്. ഇന്ത്യയിലെ ജാതി വ്യവസ്ഥയും ജാതി ചിന്തയും ആണ് ജാതി രാഷ്ട്രീയം പ്രചരിപ്പിക്കാൻ മലയാളസിനിമയെ പ്രേരിപ്പിച്ചത്. ദളിത് ശരീരഭാഷ ഉള്ള കഥാപാത്രങ്ങളെ അവഹേളിക്കുക മോശമായി ചിത്രീകരിക്കുക തുടങ്ങിയവയിലൂടെ മലയാള സിനിമ ഈ ദൗത്യം പൂർത്തീകരിച്ചു. ജാതിചിന്ത ആളിക്കത്തിക്കാനുള്ള ശ്രമമായിരുന്നു സംവരണ വിരുദ്ധ രാഷ്ട്രീയം പറയുക എന്നത്.

## എന്താണ് സംവരണ വിരുദ്ധ രാഷ്ട്രീയം? അതെങ്ങനെ ജാതി രാഷ്ട്രീയമാവും? ഇതിൽ മലയാളിയുടെ പൊതുബോധം എന്താണ്?

ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുകയും കേരളംഎന്ന സംസ്ഥാനം രൂപപ്പെടുകയും ചെയ്തതോടുകൂടി കേരളം ഇന്ത്യയുടെ അവിഭാജ്യ ഘടകമായിമാറി. ഇന്ത്യയുടെ പൊതുരാഷ്ട്രീയം കേരളത്തിനും ബാധകമായി. .ഭരണഘടനയുടെ നിർമ്മാണത്തോടുകൂടി സംവരണം നിലവിൽവന്നു. . തുടർന്ന് സംവരണ പഠനങ്ങൾ ധാരാളം ഉണ്ടാവുകയും ചെയ്തു. . ജനതാ സർക്കാർ നിയമിച്ച മണ്ഡൽ കമ്മീഷൻ പഠനമാണ് അതിൽ പ്രധാന്യമർഹിക്കുന്നത്. ഇന്ത്യയിൽ നിലവിലുള്ള സംവരണം മണ്ഡൽ കമ്മീഷന്റെ ശുപാർശ പ്രകാരമാണ് (രാമചന്ദ്രഗുഹ, പി കെ ശിവദാസ് (വിവ)2007). ഇന്ത്യയിൽ സംവരണ വിരുദ്ധ സമരങ്ങൾ ആദ്യകാലം മുതൽ ഉണ്ടായിട്ടുണ്ട്. ഓരോ വർഷവും സംവരണവിരുദ്ധ സമരങ്ങൾ ഉണ്ടായ രാജ്യമാണ് ഇന്ത്യ.മേൽജാതിയിലെ യുവതികൾ തങ്ങളുടെ ഭാവിവരൻമാർക്ക് ഗവണ്മെന്റ് ജോലി ലഭിക്കുകയില്ലഎന്ന മുദ്രാവാക്യത്തോടെ സംവരണം നിർത്തലാക്കാൻ സമരം ചെയ്ത രാജ്യമാണ് ഇന്ത്യ (ഡോ അബേദ്കർ ബി.; ആർ, ബാബുരാജ് കെ. (വിവ) 2015). പ്രധാന തസ്തികകളിലേക്ക് യോഗ്യതയില്ലാത്തവർ എത്തിപ്പെടുന്നുവെന്ന ആരോപണംകൂടി സംവരണത്തിനെതിരെ ഉന്നയിക്കപ്പെട്ടു.

ഇന്നും ഏറ്റവും താഴെത്തട്ടിലുള്ള ജോലികളിൽ മാത്രമാണ് സംവരണ വിഭാഗക്കാരുടെ എണ്ണം കൂടുതലുള്ളത്. ഗസറ്റഡ് ഉദ്യോഗസ്ഥന്മാർ ഐ. എ. എസ് ഉദ്യോഗസ്ഥന്മാർ തുടങ്ങിയവരിൽ സംവരണ വിഭാഗത്തിന്റെ ശതമാന കണക്ക് കുറവാണ്. (വേലായുധൻ പി കെ 2014). എങ്കിലും സംവരണ വിഭാഗം തങ്ങൾക്ക് അർഹമായ ജോലികൾ തട്ടിയെടുക്കുന്നു എന്ന വിശ്വാസം സംവരണ ഇതര വിഭാഗങ്ങൾക്കിടയിൽ ശക്തമാണ് (അംബേദ്കർ ബി ആർ ബാബുരാജ് കെ (വിവ 2015 ) .

എന്നാൽ ഇതിന്റെ യാഥാർത്ഥ്യം ആരും തിരിച്ചറിയുന്നില്ല. ഗവൺമെൻറ് ജോലികളിൽ 49 ശതമാനം മാത്രമാണ് സംവരണം നിലവിലുള്ളത്. 51 ശതമാനത്തോളം മെറിറ്റ് സീറ്റുകൾ ആണ്. ഈ മെറിറ്റ് സീറ്റുകളിൽ സംവരണ വിഭാഗം ഉൾപ്പെടാറുണ്ട്. എങ്കിലും അത് വല്ലപ്പോഴും മാത്രമാണ്. ഓരോ സംവരണ വിഭാഗത്തിന് സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ മാത്രമാണ് മിക്കപ്പോഴും അവർക്ക് ലഭിക്കുന്നത്. ഉദാഹരണം പൊതുപരീക്ഷകളിൽ പട്ടിക ജാതി പട്ടിക വർഗത്തിനു കേരള പി എസ് സി നൽകുന്ന മൊത്തം സംവരണം 10ശതമാനം. ആണ് ഇതിൽ പട്ടിക വർഗത്തിനു 2സീറ്റ്. (പട്ടിക വർഗത്തിനു മാത്രമായി സംവരണം ചെയ്ത ചില പരീക്ഷകൾ ഉണ്ട്) മിക്കപ്പോഴും ഈ സീറ്റുകൾ മാത്രമെ അവർക്ക് ലഭിക്കാറുള്ളൂ. 51 ശതമാനം മെറിറ്റ് സീറ്റ് മറ്റുള്ളവരെപ്പോലെ സംവരണ വിഭാഗക്കാർക്കും അവകാശപ്പെട്ടതാണ്. ചിലപ്പോഴൊക്കെ അവർക്ക് അത് ലഭിക്കാറുണ്ട്, പക്ഷേ എപ്പോഴും അതു സംഭവിക്കാറില്ല. സംവരണ ഇതരർക്കാണ് ഈ സീറ്റ് ലഭിക്കാറ്. ശതമാനക്കണക്ക് എടുത്താൽ 51 ശതമാനം എന്നുള്ളത് ഭീമമായ ഒരു കണക്കാണ്. ഇതിന് അർഹരാവുന്ന സംവരണ ഇതര വിഭാഗം ജനസംഖ്യയുടെ 10ശതമാനം പോലും വരില്ല. എന്നാൽ സംവരണം ഇല്ലെങ്കിൽ മേല്പറഞ്ഞവർക്ക് കുറച്ചു സീറ്റ് പോലും ഇവർക്ക് ലഭിക്കില്ല.

സംവരണ വിരുദ്ധ രാഷ്ട്രീയം മനസ്സിൽ കയറിയതുകൊണ്ട് തന്നെയാണ് സാമ്പത്തിക സംവരണം എന്ന ആവശ്യം ഉന്നയിക്കപ്പെട്ടത്. സംവരണത്തിന്റെ അടിസ്ഥാന തത്വങ്ങൾനിന്ന് വ്യത്യസ്തമാണ് സാമ്പത്തിക സംവരണം. സംവരണത്തിന്റെ അടിസ്ഥാനതത്വം സാമ്പത്തികം

അല്ല സാംസ്കാരികവും സാമൂഹികവും ആണ്. എല്ലാവർക്കും പ്രാതിനിധ്യം എന്ന ചിന്തയിൽ നിന്നാണ് സംവരണം ഉണ്ടാകുന്നത്. രാഷ്ട്രീയപാർട്ടികളെക്കാൾ അധികം മാധ്യമങ്ങളാണ് സംവരണ വിരുദ്ധ രാഷ്ട്രീയം പ്രചരിപ്പിച്ചത്. സംവരണ വിരുദ്ധ രാഷ്ട്രീയം പ്രസരിപ്പിച്ച മാധ്യമങ്ങളിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് സിനിമ. സംവരണ വിരുദ്ധ രാഷ്ട്രീയം പ്രചരിപ്പിക്കതിലൂടെ മലയാളസിനിമ ജാതി രാഷ്ട്രീയം തന്നെയാണ് പ്രചരിപ്പിച്ചത്. മലയാള സിനിമയിലെ ദുഷ്ട കഥാപാത്രങ്ങളും ഹാസ്യ കഥാപാത്രങ്ങളും ദളിത് ശരീരഭാഷ ഉള്ളവരായിരുന്നു. ദളിത് ശരീരഭാഷ ഉള്ള കഥാപാത്രങ്ങളെ അവഹേളിച്ചു കൊണ്ടാണ് മലയാള സിനിമ ജാതിരാഷ്ട്രീയം പ്രചരിപ്പിച്ചത്.

80കളിലും 90കളിലും മലയാള സിനിമകളിൽ സംവരണ ഇതര വിഭാഗങ്ങളിലെ യുവാക്കൾ ഗവണ്മെന്റ് ജോലി ലഭിക്കാതെ നാടുവിടുകയും മറ്റുപല ദേശങ്ങളിൽ ചേക്കേറുകയും ദുരിതം അനുഭവിക്കുകയും ചെയ്യുന്നു. . ജോലി ലഭിക്കാത്തതിനുള്ള കാരണം സിനിമയിൽ എപ്പോഴെങ്കിലും പറയും. .മേൽജാതിയിൽ ജനിച്ചതു കാരണം ജോലി ലഭിച്ചില്ല എന്നതാണ് ആ കാരണം.. ആര്യൻ, ഏയ് ഓട്ടോ, നാടോടിക്കാറ്റ് മുതലായവ ഉദാഹരണങ്ങളാണ്. ജോലി ലഭിക്കാനുള്ള എല്ലാ യോഗ്യതകൾ ഉണ്ടായിട്ടും ജോലി ലഭിക്കാതെ പോയ അവരുടെ മാനസിക സംഘർഷങ്ങൾ ഇത്തരത്തിലുള്ള സിനിമകളിൽ തെളിഞ്ഞുകാണാം. ഒപ്പം ദളിത് ശരീരഭാഷ ഉള്ളവരെ അധിക്ഷേപിക്കുന്ന ദൃശ്യ ഭാഷകളും സംഭാഷണങ്ങളും കാണാം. ഇത്തരത്തിൽ വരേണ്യ വിഭാഗത്തിന്റെ തകർച്ചക്ക് കാരണമായി സംവരണം ചിത്രീകരിക്കപ്പെട്ടു (ജയകുമാർ കെ പി 2014). തുടർന്നുള്ള മലയാളം സിനിമകളും ഈ രാഷ്ട്രീയം പ്രചരിപ്പിച്ചിട്ടുണ്ട്. ഒരു സാധാരണക്കാരൻ പല്ലുതേക്കാൻ ഉള്ള ടൂത്ത്പേസ്റ്റ് വേണ്ടി കടയിൽ ചെന്നാൽ ആവശ്യപ്പെടുക കോൾഗേറ്റ് ആയിരിക്കും. ദിവസവും കണ്ടു ശീലിക്കുന്ന കോൾഗേറ്റ് പരസ്യം ആണ് ഇതിന് കാരണം. ഇത്തരത്തിൽ വർഷങ്ങളായി മാധ്യമങ്ങൾ സംപ്രേക്ഷണം ചെയ്യുന്ന പരസ്യമാണ് സംവരണ വിരുദ്ധ രാഷ്ട്രീയം. കഴിഞ്ഞുപോയ കാലങ്ങളിലെ സിനിമ ചരിത്രം പ്രക്ഷേപണം ചെയ്ത രാഷ്ട്രീയത്തിന്റെ തുടർച്ചയാണ് നിലവിലുള്ള സിനിമകളുടെ രാഷ്ട്രീയം. മലയാളം സിനിമയിലെ ഏറ്റവും പുതിയ ട്രെൻഡ് ആയ ന്യൂ ജനറേഷൻ സിനിമയിലും ഈ രാഷ്ട്രീയ ചരിത്രം തുടരുന്നു.

കഴിഞ്ഞകാല സിനിമ ചരിത്രം എങ്ങനെ ന്യൂജനറേഷൻ സിനിമയിൽ തുടരുന്നു എന്ന് പരിശോധിക്കാം. മലയാള സിനിമ മാറ്റത്തിന്റെ പാതയിലാണ്. ഈ മാറ്റത്തിന് പിന്നിൽ പ്രവർത്തിക്കുന്ന ഒരു പറ്റം യുവാക്കൾ ആണ്. (ജോസ് കെ മാനുവൽ 2012). നിരൂപകരും ന്യൂ ജനറേഷൻ സിനിമകളെ പുതുമയും മാറ്റവുമായി കാണുന്നു (ഡോ രാജേഷ് എം ആർ 2019). സത്യത്തിൽ ന്യൂ ജനറേഷൻ സിനിമ മലയാളം സിനിമയുടെ ചരിത്രത്തിന്റെ തുടർച്ചയായി ഉണ്ടായതാണ്. തുടർച്ചയായ മലയാള സിനിമകളുടെ പരാജയം ആണ് അതിന് കാരണം

ഇതിനു തുടക്കം തൊണ്ണൂറുകളിൽ തുടങ്ങുന്നു. തൊണ്ണൂറുകളുടെ അവസാനത്തോടുകൂടി കേരളത്തിലെ ബിക്ലാസ് സിക്ലാസ് തീയേറ്ററുകൾ ഏറെക്കുറെ അടച്ചുപൂട്ടി. പത്രം വായിക്കുന്നവരുടെയും റേഡിയോ കേൾക്കുന്ന വരുടെയും ടിവി കാണുന്നവരുടെയും എണ്ണം കൂടിയെങ്കിലും തീയറ്ററിൽവന്ന സിനിമ കാണുന്നവരുടെ എണ്ണം കൂടിയില്ല. മലയാള സിനിമ ഇതിനെ കൈകാര്യം ചെയ്തത് അന്യഭാഷാ ചിത്രങ്ങളുടെ അനുകരണം കൊണ്ടും മുഴനീള കോമഡി ചിത്രങ്ങളുടെ നിർമാണം കൊണ്ടുമാണ്. അവ പരാജയപ്പെട്ടപ്പോൾ അശ്ലീലചിത്രങ്ങളിലേക്ക് മലയാളസിനിമ തിരിഞ്ഞു. ഷക്കീല തരംഗം അങ്ങനെ വന്നതാണ്. ഈ തരംഗത്തിൽ പ്രേക്ഷകർ തിയേറ്ററിലേക്ക് ഒഴുകിയെത്തി. എന്നാൽ അതിൽ ഒരു അപകടം ഉണ്ടായിരുന്നു. സ്ത്രീകളും കുട്ടികളും തിയേറ്ററിൽ വരവ് നിർത്തി (ജയകുമാർ കെ പി 2014 ). പിന്നീടുവന്ന ക്യാമ്പസ് തരംഗം പരാജയപ്പെട്ടു. ചില സിനിമകൾ വിജയിച്ചു. പൊതുവേ മലയാള സിനിമകൾ ഓടാതെ ആയി. സൂപ്പർ സ്റ്റാറുകളുടെ സിനിമകൾ പരാജയം അറിഞ്ഞു. അവയുടെ ഫോർമുലകളും ദൃശ്യ ഭാഷയും പ്രേക്ഷകന് അരോചകമായി തോന്നിതുടങ്ങി. അപ്പോഴാണ് പുതിയതരം സിനിമയെപ്പറ്റിയുള്ള ചിന്തകൾ ഉണ്ടാവുന്നത്. അങ്ങനെയാണ് ഒരു നായകനു പകരം മൂന്നോ നാലോ നായകന്മാർ, ഒരു കഥയ്ക്ക് പകരം മൂന്നോ നാലോ കഥകൾ എന്ന ഫോർമുല ഉണ്ടാവുന്നത്. പ്രേക്ഷകർ കണ്ടുമടുത്ത സൂപ്പർതാരങ്ങളുടെ മുഖങ്ങൾക്ക് പകരം പുതുമുഖ നായകർ വെള്ളിത്തിരയിൽ എത്തുന്നതും അപ്പോഴാണ്.

ട്രാഫിക്കിന് മുൻപേ ഈ പരീക്ഷണം തുടങ്ങിയെങ്കിലും ട്രാഫിക്കാണ് ഇതിൽ വിജയം കണ്ട ആദ്യസിനിമ.ചിലവ് കുറവ് എന്ന മെച്ചം കൂടി അതിനുണ്ട്. പിന്നീട് വന്ന സിനിമകൾകൂടി ബോക്സ് ഓഫീസിൽ വിജയം കണ്ടപ്പോൾ ന്യൂ ജനറേഷൻ സിനിമ മലയാളത്തിലെ ട്രെൻഡ് ആയി. എങ്കിൽ

കൂടിയും പഴയ വീഞ്ഞ് പുതിയ കുപ്പിയിൽ എന്ന രീതിയിലായിരുന്നു ഈ സിനിമകളിൽ നിർമാണം. ന്യൂജനറേഷൻ സിനിമ മലയാള സിനിമ ചരിത്രത്തിൽ തുടർച്ചയാണ് എന്നതിന് ഒരു ചെറിയ ഉദാഹരണം രേഖപ്പെടുത്തുന്നു. ട്രാഫിക് എന്ന സിനിമയിലെ ഒരു സീൻ ശ്രദ്ധിക്കുക. ശ്രീനിവാസൻ അവതരിപ്പിക്കുന്ന കഥാപാത്രത്തെ ആദ്യമായി അവതരിപ്പിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫീസിലാണ്. കൈക്കൂലി വാങ്ങി അതിൽ നിന്ന് രക്ഷപ്പെടാൻ കൈക്കൂലി കൊടുക്കുന്ന പോലീസുദ്യോഗസ്ഥൻ ആണ് ശ്രീനിവാസൻ. ഉള്ളിയുടെയും തക്കാളിയുടെയും വിലയെപ്പറ്റി വ്യസനിക്കുന്ന ശ്രീനിവാസൻ പഴയകാല ശ്രീനിവാസൻ കഥാപാത്രത്തെ ഓർമിപ്പിക്കുന്നു. മലയാളിയുടെ പൊതുബോധത്തെ പെട്ടന്ന് മാറ്റാനാവില്ല എന്ന് സംവിധായകർക്ക് അറിയാമായിരുന്നു. ആ പൊതുബോധത്തെ തൃപ്തിപ്പെടുത്തെതെ സാമ്പത്തികവും ഇല്ല. ദളിത് ശരീരഭാഷ കഥാപാത്രങ്ങളെ മുന്നിലേക്ക് കൊണ്ടുവന്നെങ്കിലും നെഗറ്റീവ് ടച്ചുള്ള റോളുകൾ തന്നെയാണ് അവർക്ക് നൽകിയത്. എങ്ങിനെയായാലും അവർ സമൂഹത്തിലെ പുഴുകുത്തുകളായിതന്നെ അവതരിപ്പിക്കപ്പെട്ടു. ഇതിനു സഹായകമായി ന്യൂ ജനറേഷൻ സിനിമയിലെ ഇരുട്ട് യാഥാർഥ്യബോധം ഉടങ്ങിയവ കൂടുതൽ ഉപയോഗിച്ചു. ആക്ഷൻ ഹീറോ ബിജു ഇതിനുദാഹരണമാണ്, ആക്ഷൻ ഹീറോ ബിജുവിൽ അറസ്റ്റ് ചെയ്യപ്പെടുന്ന എല്ലാവരും ദളിത് ശരീരഭാഷ ഉള്ള കഥാപാത്രങ്ങളാണ്. എൻ.പി. സജീഷ് രേഖപ്പെടുത്തുന്നുണ്ട് (എൻ പി സജീഷ് 2016).

സംവരണ വിരുദ്ധ രാഷ്ട്രീയം പറയുന്നതിനും ന്യൂജനറേഷൻ സിനിമ പുറകിലല്ല. അതിനുദാഹരണമാണ് തീവ്രം എന്ന സിനിമ. തീവ്രത്തിലെ നായകൻ മധ്യവർഗ സമൂഹത്തിന്റെ പ്രതിനിധിയാണ്. അയാളുടെ ജീവിതത്തിൽ പ്രശ്നമായി മാറിയ ഡ്രൈവറാണ് വില്ലൻ. കറുത്തവൻ അല്ലെങ്കിലും തൊഴിൽ കൊണ്ടും ജീവിതം കൊണ്ടും പാർശ്വവത്കൃതൻ ആണ് അയാൾ. സാധാരണ സിനിമകളിൽ ഒരു പുരുഷനും സ്ത്രീയും തമ്മിലുള്ള തർക്കം പ്രണയമായി മാറാറുണ്ട്. എങ്കിലും തീവ്രത്തിൽ ഈ ഡ്രൈവറും നായികയും തമ്മിൽ തർക്കം കൊലപാതകത്തിൽ ആണ് അവസാനിക്കുന്നത്. ഈ പാർശ്വവൽകൃതനെ എങ്ങനെയെല്ലാം ഉപദ്രവിക്കാൻ പറ്റും എന്നതിനുള്ള ശ്രമങ്ങളാണ് തീവ്രം. സിനിമയിലെ ഏറ്റവും തീവ്രമായ രംഗങ്ങളും ഇവ തന്നെയാണ്. ഈ കേസ് അന്വേഷിക്കാൻ എത്തുന്ന ദളിത് ശരീരഭാഷയുള്ള ഉദ്യോഗസ്ഥൻ തോറ്റു മടങ്ങുമ്പോഴാണ് ഇത് പൂർണമാകുന്നത്. തൊഴിലന്വേഷിച്ച് നടക്കുന്നവനാണ് നായകൻ എന്നതും ഒരു പ്രത്യേകതയാണ്. തൊഴിൽ ഇല്ലാത്ത നായകന്റെ ജീവിതത്തിലെ പ്രശ്നം ആയെത്തിയ പാർശ്വവൽകൃതനാണ് തീവ്രത്തിലെ വില്ലൻ. അയാളെ എങ്ങനെയെല്ലാം ഉപദ്രവിക്കാനാവും എന്നത് തീവ്രം നൽകുന്ന പാഠവും. പ്രതിനായക സ്ഥാനത്ത് പുതിയ കാലത്തെ ദളിതനെ പ്രതിഷ്ഠിച്ചു കൊണ്ടാണ് മലയാള സിനിമ ചരിത്രത്തോടുള്ള കടമ ന്യൂ ജനറേഷൻ സിനിമ ഒളിച്ചു നിറവേറ്റുന്നത്. മലയാളിയുടെ ദളിത് കൽപ്പനകളും പൊതു ജാതിബോധവും ന്യൂ ജനറേഷൻ സിനിമ ഇങ്ങനെ പൂർത്തീകരിക്കുന്നു.

പാരമ്പര്യ ചിന്തകളെ പുതിയ രീതിയിൽ അവതരിപ്പിക്കുന്നതാണ് ന്യൂ ജനറേഷൻ സിനിമയുടെരീതി. അത് വായിച്ചെടുക്കാനുള്ള ഏറ്റവും നല്ല ടൂളാണ് ദൃശ്യഭാഷ.

## എന്താണ് ദൃശ്യഭാഷ?

ചിഹ്നങ്ങൾ സൂചകങ്ങൾ ബിംബങ്ങൾതുടങ്ങിയവ മുഖേന ആശയസംവേദനം സാധ്യമാണ്. ദൃശ്യങ്ങൾക്കും പ്രതിരൂപങ്ങൾക്കും അർത്ഥമുണ്ട്. ഇത്തരം സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ട് സംവേദനം ചെയുന്ന ഭാഷയാണ് ദൃശ്യഭാഷ. ഒരു സിനിമയുടെ ശബ്ദം ഒഴിച്ചെല്ലാം ദൃശ്യ ഭാഷയാണ്. ഈ ദൃശ്യഭാഷ പ്രേക്ഷകരുടെ ആസ്വാദക ഭാഷയെ തൃപ്തിപ്പെടുത്തുന്ന തരത്തിലുള്ളതാണ്. പ്രേക്ഷകനെ തൃപ്തിപ്പെടുത്തുന്നതോടൊപ്പം സ്വന്തം ആശയങ്ങളും ദൃശ്യഭാഷയിലൂടെ സംവിധായകൻ നൽകുന്നു.

സിനിമയുടെ രാഷ്ട്രീയ ചരിത്രം ന്യൂജനറേഷൻ സിനിമയുടെ ചങ്ങലക്കണ്ണികളിൽ ഒന്നായ കുമ്പളങ്ങിനൈറ്റ്സിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് ദൃശ്യ ഭാഷ ഉപയോഗിച്ച് പരിശോധിക്കുകയാണ് ഇവിടെ. ഉയർന്ന കുടുംബത്തിൽ ജനിച്ച ഷമ്മിയും പാർശ്വവൽക്കരിക്കപ്പെട്ട ഒരു കുടുംബവും തമ്മിലുള്ള പ്രശ്നമാണ് ഈ സിനിമയിലെ പ്രമേയം. ഇതര ജാതിക്കാരൻ തന്റെ വീട്ടിലെ പെൺകുട്ടിയെ മോഹിക്കുന്നത് ഷമ്മിക്ക് സഹിക്കാനാവുന്നില്ല. സിനിമയുടെ ദൃശ്യഭാഷ ബാക്കി കാര്യങ്ങൾ പൂരിപ്പിക്കുന്നുണ്ട്.

സിനിമ തുടങ്ങുന്നത് ഒരു ഫുട്ബോൾ മത്സരത്തിൽ ആണ്.ഫുട്ബോൾ മത്സരത്തിന്റെ പ്രതീകമാണ്. സമൂഹത്തിൽ ആളുകൾ തമ്മിൽ മത്സരത്തിൽ ഏർപ്പെടുന്നു. ഫ്രാങ്കി ഷമ്മിയുടെ വീടിന് മുൻപിൽ ഫുട്ബോൾ കളിക്കുന്നുണ്ട്. അത് തടയാൻ ഷമ്മി ശ്രമിക്കുന്നു. തങ്ങളുടെ ഇടം നിലനിർത്താൻ ശ്രമിക്കുന്ന കുട്ടികളും അവരെ ഒഴിവാക്കാൻ ശ്രമിക്കുന്ന ഷമ്മിയും തമ്മിൽ അവിടെ ഒരു മത്സരം ഉണ്ട്. ഈ

സീനിൽ ബുള്ളറ്റ് സമ്പത്തിന്റെ പ്രതീകം ആയി കടന്നു. വരുന്നു. ഷമ്മിയെ ആദ്യമായി കാണിക്കുന്ന സീനിൽ കണ്ണാടി നോക്കി നിൽക്കുന്ന ഷമ്മിയെ ആണ് കാണിക്കുന്നത്. കുട്ടികൾ അതിന് മുൻപ് പറയുന്നുണ്ട് അയാൾ അത്ര വെടിപ്പല്ല എന്ന്. ഇതിന് പകരം ആയാണ് സിനിമയുടെ അവസാനത്തോടെ ഫുട്ബോൾ എടുക്കാൻ ഷമ്മിയുടെ വീട്ടിൽ വരുന്ന ഫ്രാങ്കിയെ ബുള്ളറ്റിന്റെ കണ്ണാടിയിൽ കാണിക്കുന്നത്. അപ്പോൾ ഫുട്ബോൾ പാരയിൽ കുത്തിവച്ചിരിക്കുന്നു. അവർ തമ്മിലുള്ള അന്തരവും മത്സരവും അങ്ങനെ വ്യക്തമാക്കുന്നു. ഈ മത്സരം ബോണിയോടും ഉണ്ട്. ഷമ്മിയും ബോണിയും തമ്മിലെ തർക്കത്തിൽ ഒരു ചുംബനത്തിലൂടെ ബോണി ജയിക്കുന്നു.ബേബിയുടെ കല്യാണക്കാര്യത്തിലും ഈ മത്സരം ആണ് ഷമ്മിയെ മുന്നോട്ട് നയിക്കുന്നത്. മൊത്തത്തിൽ പാർശ്വ വൽക്കരിക്കപ്പെട്ട ഒരു കുടുംബത്തോടുള്ള ഷമ്മിയുടെ മത്സരം ആണ് സിനിമ. ആ കുടുംബം ഒറ്റപ്പെട്ട -ആരും പോകാത്ത തുരുത്തിൽ ആണെന്ന് ടൈറ്റിൽ സോങ്ങിൽ പൂച്ചക്കുട്ടികളെ കാണിച്ചുകൊണ്ട് വ്യക്തമാക്കുന്നു.

കുടുംബം എന്ന ചിന്തക്ക് കുമ്പളങ്ങി നൈറ്റ്സിൽ പ്രാധാന്യം ഉണ്ട്. ഫ്രാങ്കിയുടെ കുടുംബം വലുതാവുകയും ഒരു കൂട്ടുകുടുംബത്തെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നുണ്ട്. അതേസമയം ഷമ്മിയുടെ കുടുംബം തകരുന്നു. ഈ രണ്ട് കുടുംബവും തമ്മിലുള്ള പ്രധാന വ്യത്യാസം എന്താണ്? മേൽ സൂചിപ്പിച്ചതുപോലെ പാർശ്വവൽക്കരിക്കപ്പെട്ട കുടുംബമാണ് ഫ്രാങ്കിയുടേത്. മദ്യപാനികളും വഴക്കാളികളും ആണ് അവർ. മാധ്യമങ്ങൾ ഇതുവരെ ചിത്രീകരിച്ചിട്ടുള്ള വൈകുന്നേരമായാൽ മദ്യപിച്ച് വീട്ടിൽ വഴക്ക് ഉണ്ടാക്കുന്ന പാർശ്വവൽകൃതരെ ആണ് ഇവിടെ ഓർമ്മിപ്പിക്കുന്നത്. ഷമ്മിയുടേത് താവഴി പിന്തുടരുന്ന ഒരു കുടുംബമാണ്. വൈകുന്നേരങ്ങളിൽ ഒരു മേശയ്ക്ക് ചുറ്റും ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുന്ന മനസ്സമാധാനം ആഗ്രഹിക്കുന്ന ഒരു കുടുംബം.

ഫ്രാങ്കി തന്റെ കുടുംബക്കുറിച്ച് ഓർക്കുമ്പോൾ വിചിത്രമായ ഓർമ്മകൾ ഉണ്ടാകുണ്ട് അത് സൂചിപ്പിക്കാനായി വെള്ളത്തിൽ മുങ്ങിത്താഴുന്നത് ദൃശ്യവൽക്കരിക്കുന്നു. ആസീൻ സ്വപ്നം കാണുന്ന ഫ്രാങ്കി ഹോസ്റ്റലിൽ ഇരുട്ടിലാണ്. ഇങ്ങനെ മോശം കുടുംബം/നല്ല കുടുംബം എന്ന ദ്വന്ദ്വം സിനിമ മുന്നോട്ട് വെക്കുന്നു.

ഷമ്മി തന്റെ കുടുംബത്തിലെ കുടുംബനാഥൻ ആവാനുള്ള ശ്രമങ്ങൾ നടത്തുന്നു. ഇതാണ് ഷമ്മിയെ ഭ്രാന്തനായി ചിത്രീകരിക്കേണ്ടി വരുന്ന അവസരങ്ങൾ ഉണ്ടാക്കുന്നത്. ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ട ബോണിയെ പുറത്താക്കുന്ന സന്ദർഭം, സ്വയം കുടുംബനാഥനായി പ്രഖ്യാപിക്കാൻ ആയി തീൻമേശയിൽ എല്ലാവരെയും പിടിച്ചിരുത്തി ഒരുവശത്ത് ഇരിക്കുന്ന ഷമ്മി, തീൻ മേശയ്ക്ക് പുറകിലേക്ക് നീങ്ങുന്ന ക്യാമറ, ബേബിയുമായി വഴക്കുണ്ടാക്കുന്ന സന്ദർഭം എന്നിവ ഉദാഹരണങ്ങളാണ്.

## സത്യത്തിൽ ഷമ്മിക്ക് ഭ്രാന്തുണ്ടോ?

ഷമ്മിയുടെ പെരുമാറ്റം അസ്വാഭാവികം ആണോ? മലയാളിയുടെ പൊതുബോധം ഫ്രാങ്കിയുടേത് പോലൊരു മോശം കുടുംബത്തിലേക്ക് ഒരു പെൺകുട്ടിയെ വിവാഹം ചെയ്ത് അയക്കുമോ? ദൃശ്യഭാഷ ആസ്വാദക ഭാഷയുമായി ചേർത്തു വായിക്കേണ്ട അവസരമാണിത്. ഒരു പ്രേക്ഷകൻ സാധാരണ ജീവിതം എങ്ങനെ ജീവിക്കുന്നു. ആ ജീവിതത്തിന്റെ വെളിച്ചത്തിൽ ഷമ്മിയെ എങ്ങനെ വിലയിരുത്തുന്നു? തന്റെ പരിശ്രമങ്ങളിൽ തോറ്റ് പോകുന്ന ഒരു ദുരന്തനായകനാണ് ഷമ്മി. ഉത്തമ കുടുംബത്തിനെ നിലനിർത്താൻ ശ്രമിച്ച് പരാജയപ്പെട്ട നായകൻ. ഈ നായകന് ഫ്രാങ്കിയെയും കുടുംബത്തെയും അകറ്റി നിർത്തണം എന്നുണ്ട്. കൂടാതെ പല മത്സരങ്ങൾ ഷമ്മിയെ ദേഷ്യം പിടിപ്പിക്കുന്നു. എന്തുകൊണ്ടാണ് ഷമ്മി മത്സരത്തിൽ ഇത്ര ക്രുദ്ധൻ ആവുന്നത്? . ജീവിതത്തിന്റെ മത്സരത്തിൽ തോൽപ്പിക്കപ്പെട്ട ആളാണ് ഷമ്മി. അത് ഷമ്മിയുടെ തൊഴിൽപരമായ ചിന്തകളിൽനിന്ന് മനസിലാക്കാം.

ഷമ്മിയുടെ തൊഴിലെന്തെന്ന് തുടക്കം മുതൽ പറയുന്നില്ല. ബേബിയെ വിവാഹം ആലോചിച്ച് ചെല്ലുമ്പോഴാണ് അത് മനസ്സിലാവുന്നത്. അപ്പോൾ ഷമ്മി ബോബിയുടെ കഴുത്തിൽ കത്തിവെക്കുന്നുണ്ട്. ഷമ്മിയുടെ ഭ്രാന്ത് വെളിച്ചപ്പെടുമ്പോൾ ഷമ്മി ഒരുകോണിൽ മുഖംമറച്ച് നിൽക്കുന്നുണ്ട്. അപ്പോൾ നേരത്തെവന്ന ഷമ്മിയുടെ കൂട്ടുകാരനെ ഭാര്യ ഫോൺ ചെയ്യുന്നുണ്ട്. ഷമ്മിക്ക് അല്പം പ്രശ്നമുണ്ട് തൊഴിലിന്റെ എന്ന് കൂട്ടുകാരൻ വ്യക്തമാക്കുന്നു. ഷമ്മി സ്വന്തം തൊഴിലിൽ തൃപ്തനല്ല.. അപകർഷതാബോധവും ഉണ്ട്. ഇവിടെ തൊണ്ണൂറുകളിലെ ഗവണ്മെന്റ് ഉദ്യോഗം ലഭിക്കാതെ നാടുവിട്ട മലയാള സിനിമ കഥാപാത്രങ്ങളെ ഷമ്മി ഓർമിപ്പിക്കുന്നു. നല്ല കുടുംബത്തിൽ ജനിച്ചിട്ടും ക്ഷൗരം ചെയേണ്ടി വന്നതാണ് ഷമ്മിയുടെ പ്രശ്നം. ഇത് മറികടക്കാൻ ഷമ്മി കണ്ടെത്തി. തന്റെ അളിയൻ തന്നെക്കാൾ സ്റ്റാറ്റസ് ഉള്ളവൻ ആവണം. തീട്ടകുഴിയിലേക്ക് പെണ്ണ് കൊടുക്കാൻ ഷമ്മി തയ്യാറല്ല.

ഇവിടെ ചീത്ത കുടുംബം ഷമ്മിയെ തോൽപ്പിക്കുന്നു.

അതും അവരുടെ പണിയായുധം ഉപയോഗിച്ച്. വല,

സിനിമയുടെ ആദ്യ സീനിൽ കടന്നവരുന്ന-മത്സരം -ഗോൾപോസ്റ്റിലെ-വല, പിന്നീട് ഫ്രാങ്കി അടിക്കുന്ന പന്ത് ആ വലയിൽ പെടാതെ ഷമ്മിയുടെ വീട്ടിൽ എത്തുന്നുണ്ട്. ബോണി വലകൊണ്ടാണ് വിദേശിയെ വലയിലാക്കുന്നത്.ബോബി വീശിയ വലയിലാണ് ബേബി വീഴുന്നത്. ബേബിയെ വിവാഹം കഴിക്കാൻ ബോബി എടുക്കുന്ന ജോലി വലവീശലാണ്. ഒടുവിൽ ഷമ്മി അകപ്പെടുന്നതും അതേവലയിൽ ആണ്. ഇത് ചിഹ്നപരമായി സൂചിപ്പിക്കുന്നത് എന്താണ്.?

ഒരു നല്ല കുടുംബത്തിലെ പെണ്ണിനെ തൊഴിൽപരമായ സാദ്ധ്യതകൾ ഉപയോഗിച്ച് ചീത്തകുടുംബത്തിലെ അംഗം സ്വന്തമാക്കി. നല്ല കുടുംബത്തിലെ നായകൻ പരാജയപ്പെട്ടു.തൊഴിൽപരമായി അയാൾ മാനസിക സംഘർഷം അനുഭവിക്കുന്നു. പാർശ്വവൽകൃതനോട് മത്സരിച്ച് അയാൾ തോറ്റു പോയി. ഇവിടെ സംവരണ വിരുദ്ധ രാഷ്ട്രീയത്തിന്റെ ഫേക്ക് ആയ രൂപം ചിഹ്നങ്ങൾകൊണ്ട് വരച്ചിട്ടിരിക്കുന്നു.

അവസാന സീനിൽ ഒരു കോണ്ടം നൽകി ഇപ്പോൾ കുഞ്ഞുങ്ങൾ വേണ്ട എന്ന് കൂടി ബോണി പറയാൻ പറയുന്നുണ്ട്. ഈ തറ സെറ്റപ്പിൽ വലിയ വീട്ടിലെ പെണ്ണിന്റെ കുട്ടി വളരേണ്ട എന്ന് സാരം.

ഇത്തരത്തിൽ മലയാളം സിനിമ ഇന്നും ജാതീയയിൽ നിന്ന് മുക്തി നേടിയിട്ടില്ലെന്ന് മനസിലാക്കാം കൂടാതെ മലയാള സിനിമയടക്കം ഇന്ത്യൻ സിനിമകൾ പറഞ്ഞു വച്ച സംവരണവിരുദ്ധ രാഷ്ട്രീയം ഇന്നും തുടരുന്നു എന്നും സാമ്പത്തിക സംവരണത്തെ പിന്താങ്ങുന്നു എന്നും മനസിലാക്കാം.

ഗ്രന്ഥസൂചി

1. ഡോ. ബി. ആർ. അബേദ്കർ, ആർ കെ ബാബുരാജ് 2015 ജാതി ഉന്മൂലനം
വ്യാഖ്യനവിമർശനകുറിപ്പ് ഡി സി ബുക്സ് കോട്ടയം
2. ജയകുമാർ കെ പി 2014 ജാതിവ്യവസ്ഥയും മലയാള സിനിമയും
ഒലിവ് പബ്ലികേഷൻ കോഴിക്കോട്
3. ജോസ് കെ മാനുവൽ 2012 ന്യൂ ജനറേഷൻ സിനിമ ഡി സി ബുക്സ്
കോട്ടയം
4. മിഥുൻ കെ എസ് 2017 ഗവേഷണത്തിന്റെ രീതിശാസ്ത്രം വള്ളത്തോൾ
വിദ്യാപീഠം ശുകപുരം
5. ഡോ രാജേഷ് എം ആർ 2019 സിനിമ മുഖവും മുഖംമൂടിയും
കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം
6. ഡോ രാധാകൃഷ്ണൻ പി എസ് 2016 സംസ്കാര ദേശീയതയുടെ
ചലച്ചിത്ര പാഠങ്ങൾ ചിന്ത പബ്ലിക്കേഷൻസ് തിരുവനന്തപുരം
7. വേലായുധൻ പി കെ 2014 ദളിത് ജീവിതം മാധ്യമങ്ങളിൽ കേരള പ്രെസ്സ്
അക്കാദമി കാക്കനാട് കൊച്ചി
8. രാമചന്ദ്ര ഗുഹ ശിവദാസ് പി കെ (വിവ) 2007 ഇന്ത്യ ഗാന്ധിക്കുശേഷം
ഡി സി ബുക്സ് കോട്ടയം
മാഗസിൻ
സജീഷ് എൻ പി 2016 വെളുത്ത തിരശീലയിലെ കറുത്ത ഉടലുകൾ മാതൃഭൂമി ആഴ്ച്ചപ്പതിപ്പ് ഡിസംബർ ലക്കം 9 മാതൃഭൂമി കോഴിക്കോട്

സിനിമകൾ

നാടോടിക്കാറ്റ് 1988
ആര്യൻ 1989
ഏയ് ഓട്ടോ 1991
ആറാംതമ്പുരാൻ 1997
കരുമാടികുട്ടൻ 2001
ട്രാഫിക് 2010
തീവ്രം 2012
ആക്ഷൻ ഹീറോ ബിജു 2016
കുമ്പളങ്ങി നൈറ്റ്സ് 2019

# मध्यमव्यायोगः - एकं अवलोकनम्

***Mary Tessy T.G.,*** *Asst. Professor,*
*Department of Sanskrit, KKTM Govt. College, Pullut*

## आमुखम्

अभिनयप्रधानं रूपकम् दृश्यकाव्यविभागे अन्तर्भवति। भास - भवभूति - कालिदासादीनम् रूपकाणि प्रसिद्धानि भवन्ति। धनञ्जयमते दशरूपकाणि सन्ति। नाटकं - प्रकरणं - भाणः - प्रहसनं - डिमं - व्यायोगः - समवकारः - वीथि - अङ्कः - ईहामृगः च इति। इतिवृत्तं, कथापत्राणि , अङ्कानां संख्या, रसाः - एतानि आधारीकृत्य रूपकाणाम् वर्गीकरणम् कृतम्। रूपकेषु मुख्यं भवति नाटकम्। रूपकेषु भूरिभागं शुभपर्यवसायिरेव। ऊरुभङ्गादि विरलरूपकाणि दुरन्तपर्यसयिरेव। मङ्गलश्लोकम् अथवा नान्दी रूपेण आरभ्य भरतवाक्येन समापयति।

## भासनाटकचक्रम् -

संस्कृतभषायां प्रथमगणनीयः रूपकरचयिता भवति भासमहाकविः। डा.टि, गणपति शास्त्रिणा भासकवेः त्रयोदश रूपकाणि मिलित्वा भासनाटकचक्रम् इति नाम्ना 1912 वर्षे प्रसिद्धीकृतम्। इतिवृत्तमधिकृत्य एवं विभक्तुं शक्यते - उदयनकथामधिकृत्य -प्रतिज्ञायौगन्धरायणम्, स्वप्नवासवदत्तम्। महाभारतमधिकृत्य -मध्यमव्यायोगः, पञ्चरात्रम्, दूतवाक्यम्, दूतघटोत्कचम्, कर्णभारं, ऊरुभङ्गम्। रामायणमाधारीकृत्य प्रतिमानाटकम्, अभिषेकनाटकम्। कृष्णगाथामाधारिकृत्य-बालचारितम्। ऐतिह्यमाधारीकृत्य – चारुदत्तम्, अविमारकम् च।

'नान्द्यन्ते ततः प्रविशति सूत्रधारः 'इति भासरूपकाणि आरभ्यन्तेे। तदनन्तरमेव सूत्रधारस्य मङ्गलाचरणम्। प्रधानकथापात्राणां नामानि मुद्रालङ्काररीतिमनुसृत्य मङ्गलश्लोके द्रष्टुं शक्यते। प्रस्तावना इत्यतः स्थापना इति प्रयोगः। भरतमुनेः नाट्यशास्त्रनियमानां विरुद्धरीत्या भासरचनाः। भासः इति यथार्थनाम वा कुलनाम वा इति विभिन्नाः मताः सन्ति। कालिदासादयः भासकवेः नाम स्वकृतिषु परामर्शिताः।

## मध्यमव्यायोगः -

महाभारतकथापात्राणि भीमः, पुत्रः घटोत्कचः ,पत्नी हिडिम्बा च अस्मिन् व्यायोगे दृश्यते। वृद्धब्राह्मणः , ब्राह्मणी, त्रयः पुत्राः च कथापात्ररूपेण दृश्यते।

## नामोत्पत्तिः –

मध्यमौ अधिकृत्य व्यायोगः। अत्र ब्राह्मणपुत्र मध्यमः,पाण्डवमध्यमःच सूचितम्।

मध्यमं अधिकृत्य कृतः व्यायोगः। अत्र तु मध्यमपाण्डवं भीमम् अधिकृत्य इत्यर्थं लभते।

मध्यमस्य व्यायोगः। मध्यमस्य भीमस्य हिडिम्बया सह विशेषेण संयोगः।

एवं भिन्नरीत्या नामोत्पत्तिः वक्तुं शक्यते।

मङ्गलश्लोके विष्णुस्तुतिं कृत्वा आरभ्यते। भगवानुपेन्द्रस्य स्तुत्या समाप्यते च।

ततः प्रधानकथापात्राणां स्वभावविशेषः निरूपयति।

## घटोत्कचः –

एकस्मिन् समये क्षत्रियगुणाः तद्वत् राक्षसगुणाः च प्रकटीकरोति सः। सहजस्वभावेन क्रूररीत्या ब्राह्मणकुटुम्बं प्रति रोषेण संभाषणं करोति। किन्तु मातृपारणानिवृत्यर्थं सः एवं करोति इत्यतः तस्य सद्गुणभावाः सहृदयान् आकर्षयन्ति। ब्राह्मणादिभिः कथं प्रवर्तितव्यं इति सः जानीतः। परन्तु मातृस्नेहः तं तस्मान्निवारयति। भीमसेनेन सह युद्धावसरे सः स्वपितुः नामोच्चारणेन गर्वितः अभिमानितश्च। यस्य नाम्ना सः अभिमनितः तं भीमम् सः पूर्वम् न दृष्टः। तथापि पितृ नाम आदरपूर्वकम् उपयुज्यते। व्ययोगान्ते मातुः निर्देशात् पितरं क्षमापणम् च करोति।

## भीमः –

पाण्डवमध्यमं भीमं आधारीकृत्य रचितः व्यायोगः अयम्। भीमः नायकः इति पूर्णतया वक्तुं न शक्यते। घटोत्कचस्य नायकत्वे भीमस्तु प्रतिनायकत्वेन प्रतिष्ठापयति। यदा घटोत्कचेन सह युद्धं करोति तदा स्वपुत्रः इति ज्ञाते सती पितृवात्सल्यं न प्रकटीकरोति। अत्र भीमस्य

मन:संयमनं आस्वादकान् अतिशयीकरोति। हिडिम्बायाः पुनःसमागमनवेलायां, सः तां दृष्ट्वा पुरा पाण्डवानां कृते तया कृतानि पूर्वोपकाराणि हृदयपूर्वम् स्मरति शुद्धात्मा भीमः। अतः भासस्तु कथागतिं आश्रित्य भीम एवं रूपीकृतः इति अनुमीयते।

## हिडिम्बा -

अरक्किल्लात् रहस्यमर्गेण बहिरागताः पाण्डवाः कुन्तीसमेतं यदा वने विश्रामं कृताः तदा हिडिम्बा तत्र आगच्छति। सोदराज्ञां तिरस्कृत्य सा भीमस्य सौन्दर्यसामर्थ्यादिषु अनुरक्ता भवति। भीमः तस्य भ्रातुः हिडिम्बस्य वधं करोति। सर्वेषां अनुग्रहेण हिडिम्बाम् पत्नीरूपेण स्वीकरोति। घटोत्कचस्य जननान्तरं सा पुत्रेण साकं तत्रतः गच्छति। पाण्डवानां लक्ष्यप्राप्त्यर्थं विघ्नहेतुः न भवितव्यम् इति चिन्तया सा विरमति। कौरवयुद्धविषये एकाग्रतां कर्तुं एवंविधविश्लेषः अनिवार्यश्च।

अनन्तरकथा तु मध्यमव्यायोगे प्रतिपादयति। 'जात्या राक्षसी, न तु समुदाचारेण' इत्येकेनैव वाक्येन हि रूपेण एव राक्षसी, किन्तु पतिव्रता,मनस्विनी च हिडिम्बा इति सूचयति भासः। प्राणनाथेन सह पुनर्मिलनार्थं पारणां प्रस्तावयति । एवं भीमदर्शनेन कृतार्था भवति सा। पुत्रं पितुः समीपे समर्पयितुम् ,तस्य युद्धनैपुण्यं प्रदर्शयितुं च हिडिम्बायाः अन्तस्थितायाः अम्बायाः प्रयत्नफलं तु भीम-घटोत्कच मेलनम्।

## वृद्धब्राह्मणः –

वेदज्ञः केशवदासः बन्धोः उपनयनार्थं दारापुत्रसमेतम् वनप्रदेशे गच्छति। एतत् वनं राक्षसरहितम् न इति जलक्लिन्नमहर्षिः तं निवेदयति स्म। किन्तु बन्धुस्नेहात् कर्तव्यनिरतः सः तत्रः गन्तुं उद्व्युक्तः। यदा घटोत्कचः मातुः पारणानिवृत्यर्थं पुत्रमेकं ददातु इति पृच्छति तदा तस्य ब्राह्मणस्य पितृमनः त्रास्यति। पितृऋणमोचनाय इति कारणेन तं न्यायीकरोति। कनिष्ठपुत्रार्थं दारावाक्यमपि स्वीकरोति। अत्र तु पत्नीस्नेहम् प्रकटीकुरुते। मध्यमपुत्रसमर्पणवेलायामपि तस्य मनः पुत्ररक्षणार्थं तपति। पाण्डवमध्यमस्य आगमनावसरे तस्य पितृहृदयं अत्यन्तं परितुष्यति च। व्ययोगान्ते 'अस्मत्कुलं रक्षितं, स्वकुलमुदृतं च' इति वचनेन भीमस्य परिवारमिलनस्य तुष्टिमाप्नोति सः ब्राह्मणः।

## ब्राह्मणी –

स्त्रीकथापात्राणां अप्रधाने सती ब्राह्मणी इति पात्रसृष्टिः भासेन सम्यक् कृतम्। सा सुखे दुखे च भर्त्रा सह वर्तते। तदानीन्तनकाले पातिव्रत्यस्य अतीवप्राधान्यमासीत्। भासकृतिषु तत् प्रशोभते। यथा पितृस्नेहं ज्येष्ठपुत्रे प्रकटीकरोति तद्वत् कनिष्ठ पुत्रे तस्याः स्नेहवात्सल्यमपि दर्शयति। 'सविमर्शा हि अस्य वाणिः' इति घटोत्कचवचनस्य विवेकत्वं सा प्रत्यभिज्ञायति। अत्र तु स्त्रीणां विवेचनसामर्थ्यम् दर्शयितव्यम्। 'पतिमात्रधर्मिणी पतिव्रतेति नाम' पतिस्नेहम् कविः प्रकाशयति।

## ब्राह्मणपुत्राः -

प्रथम-द्वितिय-तृतीय पुत्राः पितरं संरक्षयितुं सदैव कर्तव्यनिरताः। प्रथमपुत्रः कुलरक्षणार्थं जीवत्यागम् तस्य धर्मः इति चिन्तयति। पितृवात्सल्यं तस्य गमनविघातं करोति। कनिष्ठस्तु मातृस्नेहेन कर्तव्यात् विरमति। द्वितीयः मध्यमः पुत्रः सर्वेषां प्राणरक्षणार्थं मातापितरयोः पुत्रवत्सल्यपरिपूर्त्यर्थम् च स्वप्राणान् समर्पयितुम् च घटोत्कचेन सह गन्तुमुद्युक्तः। परलोकात्मतृष्णां शमयितुं इहलोके पिपासाप्रतिकारं कर्तुं गच्छति। तस्मिन्नवसरे भीमस्य आगमनस्य निमित्तकारः एषः एव। मध्यम इत्याह्वानम् श्रुत्वा भीमः आगच्छति।

## उपसंहारः

'नाटकान्तं कवित्वं' इति सुप्रसिद्धा खलु। सन्धि सन्ध्यङ्गानि सम्यक् रीत्या संयोज्य लक्षणयुक्तनाटकरचनया पौराणिककाले एकस्य कवित्वं अङ्गीकुर्वन्ति स्म। मध्यमव्यायोगद्वारा भासमहाकवेः रचानापाटवं सर्वान् अतिशायति। कविकुलगुरु कालिदासः अपि भासस्य नाम बहुमानपुरस्सरमेव परामर्शयति। केरलस्यापि नाटकानां कृते महानीयता अस्ति। क्षेत्रकलारूपेण कूत्तम्बलनाम्ना रङ्गवेदिकासु मध्यमव्यायोगः अवतारिताः चाक्यारः। अतः मानविकानां हृदयं चलनम् च यथाविधि निरीक्ष्य रचितं अयं कृतिः इदानीन्तनकाले अपि सहृदयहृदयाह्लादम् वितरन्ति।

सहायकग्रन्थाः -

1. भासनाटकचक्रम् - टि .गणपतिशास्त्रिकल्
2. मध्यमव्यायोगः - भासः, एम्.एल् .बि .डि . देल्हि
3. A history of Sanskrit literature - A. A. Maacdonell, M.L.B.D. Delhi
4.Bhasa's Madhyamavyayoga - Sudha Bhattacharya
5.The Sanskrit drama - A.B. Keith, M.L.B.D. Delhi
6. Thirteen plays of Bhasa (translation) - A.C. Woolner, Lakshman Swaroop

# नारीशोषण का दस्तावेज़ ‘ शिकंजे का दर्द ’

*डॉ. तेरेसा टिनसी टी.जी*
*असिस्टेंट प्रोफेसर, के.एम.एम गवर्नमेंट विमेंस कॉलेज, कन्नूर*

हिंदी साहित्य की अन्य विधाओं से हटकर आत्मकथा की खासियत यह है कि उसमें भोगे हुए यथार्थ का चित्रण है। समकालीन आत्मकथाओं में लेखिकाओं ने अपनी आत्मकथा के ज़रिये अपने जीवन यथार्थ को प्रस्तुत करने की कोशिश की है।

स्त्री जीवन की सबसे बड़ी विडम्बना यह है कि स्त्री को कई तरह के दायित्व दिए जाते है और उसकी आड़ में उसे किसी भी आर्थिक ,सामाजिक,राजनैतिक निर्णय लेने से रोका जाता है। स्त्री जीवन की नियंत्रणकारी शक्तियों के रूप में समाज, परिवार और धर्म को देख सकते हैं। सुशीला टाकभौरे ने अपनी आत्मकथा में सामाजिक, पारिवारिक और धार्मिक शोषण के विभिन्न पहलुओं पर प्रकाश डाला है। आज के ज़माने की कड़वी सच्चाई यह है कि बिना दहेज़ लड़कियों की शादी नामुमकिन है । लेखिका के ससुरालवाले दहेज़ के सामान न मिलने पर इन्हें “नीच खानदान का पागल “कहकर हमेशा नीचे दिखाते थे और झगड़ा भी करते थे। उन्नीसवीं सदी के समाज सुधारकों ने समाज के उन्नयन के लिए कई तरह की कुरीतियों को मिटाने की कोशिश की थी। लेकिन अफ़सोस वे आज भी हमारे समाज में मौजुद हैं। बालविवाह और अनमेल विवाह जैसी कुप्रथाएं आज भी अनेक लड़कियों की ज़िन्दगी बर्बाद कर रही हैं । इस आत्मकथा में लेखिका अपनी अनमेल शादी का दुःख झेल रही है। सुशीला के पति ने कभी इनसे प्यार नहीं किया, उन्होंने सिर्फ परिवार के लिए शादी की थी। पति चाहे जैसा भी क्यों न हो, हमेशा परमेश्वर माना जाता है। समाज में लड़कियों केलिए कहीं भी जाने की इजाज़त नहीं दिया जाता था। इस पर भी लेखिका अपना अनुभव व्यक्त कर रही है। लेखिका एक बार कॉलेज से आ रही थी। कुछ लड़कों ने उसे घेर लिया। लेकिन सुशीला की निडरता से वे चले गए। उसने यह बात घर पर नहीं बतायी। क्योंकि घर में पता चलता तो उसका घर से बाहर निकलना और पढ़ना बंद हो जाता। स्त्रियों की आज्ञाकारी छवि ही समाज को पसंद है। लीक से हटकर चलनेवाली स्त्रियों पर चरित्रहीनता का ठप्पा लगाया जाता है। वास्तव में स्त्री पैदा नहीं होती उसे स्त्री बना दिया जाता है। लेखिका ने अपना दर्द इस रचना में व्यक्त किया है। उनका मानना है कि शादी के बाद पिता के नाम पर पति का नाम आ जाता है। स्त्री की अपना कोई अस्तित्व या अस्मिता नहीं है। वह क्या करती है, किसके साथ जाती है इन सबका हिसाब देना पडता है। स्त्री को हमेशा यही सिखाया जाता है कि उसे सबके साथ सामंजस्य स्थापित करके ही रहना होगा। लेखिका कहती है- “हम औरतों को बचपन से यही महसूस कराया जाता है कि हमारे विचारों और कर्मों का कोई महत्व नहीं है। हमें सदैव दूसरों के साथ सामंजस्य करके चलना है। धीरे धीरे जब अपने स्वतंत्र विचार बनने लगते है तब तक हर स्थिति के साथ सामंजस्य बिठाना ‘आदत’ बन जाती है।[1]” हमारे समाज में परिवार का महत्वपूर्ण स्थान है। पारिवारिक जीवन में स्त्री हमेशा पति की आश्रिता है। उसके पैरों पर बेड़ियाँ डाली जाती है। माँ, बेटी, बहन, पत्नी, बहू की तयशुदा भूमिकायें औरतों को मात्र खोखलेपन की ओर ले जाती है। भारतीय समाज में पति पत्नी की समता और विश्वास पर उनका रिश्ता टिका है। सुशीला के पति के अत्याचार का उल्लेख यों किया है - “मुझे मार पीटकर वे बच्चों के साथ लाड प्यार करने लगते थे, में दर्द में तड़पती रहती। जब मानसिक स्थिति बहुत विचलित या असंतुलित लगती तब में किसी तरह उड़कर चाय बनाती गिलास भरकर चाय पीती। मैं उनका प्रतिरोध नहीं कर पाती थी। वे भयभीत करके कमज़ोर बनाने का हुनर जानते थे।[2]” पत्नी को घरेलु शोषण से तंग आकर तलाक देने की भी इजाज़त नहीं थी। क्योंकि तलाक से पहले उसे बच्चों के बारे में सोचना पड़ता था। सुशीला भी बच्चों के भविष्य के बारे में सोचकर तलाक लेने से हिचकिचाती थी।पत्नी होने के साथ साथ वह किसी के घर की बहू भी होती है। ससुरालवाले भी बहु पर शोषण करने का कोई मौका नहीं छोड़ता है। बहू के प्रति हमेशा कटु व्यवहार करना तो उनका जन्मसिद्ध अधिकार माना जाता है। शादी के बाद बहु से पुत्रवती होने की उम्मीद रखी जाती है। पुत्रवती होने से पूर्व सुशीला के साथ घर में बहुत नाइंसाफी होता था। उनकी ननद ताने मारती है कि - ”कोई किसीसे यह नहीं पूछता कि तुम्हारे पास कितना धन है ? यह पूछता है -कितने बच्चे है ? बाँझ बझौटों का किसी काम नहीं होता। सास भी कहने लगी - हथेली पर बाल उग जायेंगे, पर बच्चे नहीं होंगे।[3]” सुशीला के पति हमेशा सुशीला से जूते उतरवाते थे। खाने की थाली को ठोकर मारते थे। पति के गलती करने के बावजूद माफ़ी सुशीला को ही मांगनी पड़ती थी ।

माफी तभी देते थे जब पैर पर सर रखकर माफ़ी माँगते थे। जब भी सुशीला को तनख्वाह मिलती थी वह पहले ही दिन पति ले जाते थे। घर में हमेशा लड़कियों का जन्म अपशगुन माना जाता है। अपनी बेटी के जन्म के समय का अनुभव भी लेखिका ने व्यक्त किया है।

हमारे समाज में होनेवाले धार्मिक शोषणों का भी उल्लेख लेखिका ने किया है। बचपन से ही स्त्रियों पर कई तरह की ज़िम्मेदारियाँ सौंपी जाती है। पूजा पाठ आदि से जुड़कर कई तरह के नियम बनाये जाते है। कन्यापूजन, रक्षाबंधन जैसे त्योहारों का उल्लेख लेखिका ने किया है। लेखिका कहती है कन्यापूजन लड़कियों की होती थी ,लेकिन महत्व लड़कों को ही मिलता था। क्योंकि लड़कों को परिवार में पालनहार माना जाता था। रक्षाबंधन को भी सुशीला एक ऐसा त्योहार मानती है जो स्त्रियों को कमज़ोर बनाने के लिए मनाई जाती है। रक्षाबंधन के अवसर पर भाईयों को राखी बाँधी जाती है। इसके ज़रिये लड़कियों के मन में यही भ्रम बिठाया जाता है की भाई ही उनके रक्षक है।हिन्दू धर्म में वर्णाश्रम धर्म का पालन था। इसके आधार पर दलितों के साथ छुआछूत बरतता था। सुशीला को खुद इस तरह के विवेचनों का शिकार होना पड़ता है। स्कूल में दोस्त भी इसके साथ बैठते नहीं थे। अगर किसीको चेचक बीमारी आयी तो देवीमाँ का प्रकोप समझा जाता था। दलितों को हमेशे धार्मिक शिक्षा दी जाती थी। धर्म और ईश्वर के नाम पर इनका शोषण होता था। लेखिका की नानी कहती थी - “यह सब तेरी करतूत है भगवन.मुँह पेट बनाया तो जात पांत क्यों बनाई ? हम ही क्यों करें नरक सफाई का काम [4]” आम औरत से ज़्यादा संघर्ष एक दलित स्त्री को करना पड़ता है। इस बारे में लेखिका लिखती है - “दलित पुरुष ब्राह्मणवाद की दासता से मुक्ति के लिए आंदोलन कर रहे है, समता, स्वतंत्रता और सम्मान का अधिकार पाने के लिए संघर्ष कर रहे हैं. मगर दलित स्त्रियाँ अपने अधिकारों के लिए दोहरा संघर्ष करती है [5]” भारतीय संविधान में जातिव्यवस्था का विरोध किया है लेकिन समाज में यह ठीक से लागू नहीं हो पा रहा है। यहाँ तक कि शिक्षित वर्ग भी जातिगत भेदभाव को मानता है। लेखिका स्वयं इसका शिकार है। हमेशा दलितों को यही कहा जाता था कि गांधीजी अपना पाखाना खुद साफ़ करते थे, फिर दलित लोग क्यों नहीं कर सकते। दलितों को मैल ढोने के लिए मजबूर किया जाता था। सुशीला लिखती है - “हमारी जाति के लोगों को यह मालूम नहीं था कि स्वतंत्रता के बाद क्या परिवर्तन हुए है ? देश का संविधान बनने के बाद सरकारी कानून के रूप में कौन कौन से नियम लागू हुए है। सवर्णों ने यह हमें कभी जानने नहीं दिया [6]” स्त्री पुरुष लिंगभेद से ही व्यक्ति जीवन की शुरुवात होती है। पैदा होने से पहले ही लिंगभेदीय शोषण शुरू हो जाता है। लेखिका की नानी दाई माँ का काम करती थी। वहाँ पर बेटों के जन्म पर दो रुपये और बेटियों के जन्म पर तीन रुपये मिलते थे। जन्म से ही लड़कियों के नाम पर अधिक खर्चा शुरू हो जाता है। यहीं से लिंगभेद की शुरुआत साफ़ झलकती हैं। लड़कियों को हमेशा पराया धन माना जाता है। बचपन से ही उनके मन में यही बात डाली जाती है कि उसे पराये घर जाना हैं । जो बची कुची खुशियाँ उनके जीवन में है उसे भी लगाम लगाकर काबू में कर लिया जाता है। लेखिका कहती है - “मां या पिता बेटों के नाम लेकर एक दूसरे को बुलाते थे। जैसे कल्लू की माँ । लेकिन कभी भी उन्होंने शीला की माँ सम्बोधन का प्रयोग नहीं किया क्योंकि लडकियाँ पराया धन है।[7]” शादी के बाद वह पति के नाम से जानी जाती है। हमारे संविधान में स्त्रियों के कल्याण के लिए अनेक योजनायें और कानून बनाये गए है मगर लोगों को ठीक से जानकारी नहीं है। सुशीला जब कॉलेज गयी तब लड़कियों पर पाबन्दी थी। लड़कियों के लिए अलग गर्ल्स रूम था। खेतों या बगीचों में दिखने पर पाबंदी थी। लड़के चाहे कही भी बैठ सकते थे, कहीं भी मस्ती मज़ाक कर सकते थे। लेकिन लडकियों के लिए यह सब निषिद्ध था।घरेलू हिंसा के खिलाफ भी कानून बना है। फिर भी अपने साथ हुए घरेलू हिंसा का चित्रण लेखिका ने किया है।आज के ज़माने में ऐसा कोई क्षेत्र नहीं जिसपर स्त्री ने अपना कदम नहीं रखा। स्त्री ऊँचाईयों को छू रही है लेकिन समाज के पुरुष वर्चस्ववादी लोग उसे नीचे खींच रही है। इंदिरा गाँधी प्रधानमंत्री बनी थी तब स्त्रियों का सम्मान बढ़ा था। लेकिन उस समय पुरुष कहते थे - “एक औरत देश की प्रधानमंत्री बन गयी, इसका मतलब यह नहीं है कि घर की औरत औरत जैसी नहीं रहेगी ? पुरुषप्रधान मानसिकता के साथ समाज में महिलाओं को पुरुषों से पीछे माना जाता था।[8]”

नौकरी के साथ साथ उच्च शिक्षा भी सुशीला चाहती थी। लेकिन इजाज़त मिलने के लिए उन्हें बहुत संघर्ष करना पड़ा। लोगों का पूछना था की एम्.ए की क्या ज़रुरत है ? पति भी कहते थे - “छोड़ भी दो अपनी ज़िद। बिना एम्.ए के मर नहीं जाओगी। अच्छी नौकरी है अच्छी तनख्वाह है और क्या करना है।[9]” शोध करने के लिए भी उन्हें बहुत संघर्ष करना पड़ा। इन्हें अपनी इच्छानुसार विषय नहीं मिला। उस समय लड़कियों को पढ़ाने लिखाने का रिवाज़ नहीं था। पाल पोसकर लड़की को बड़ा करना और उसकी शादी कराना ही पर्याप्तः माना जाता था। दलित समाज की सोच थी लड़कियों को पढ़ाकर क्या फायदा, जाति तो वही रहेगी काम भी अपनी जाति की ही करनी पड़ेगी। फिर शिक्षा से क्या लाभ।

राजनीति में भी भ्रष्टाचार का बोलबाला है। महान राजनैतिक नेताओं के नाम पर भी आम लोगों का शोषण हो रहा है। नेता लोग सिर्फ आज्ञा देते रहते है ,लेकिन वे खुद कुछ करते नहीं है। समाज में स्त्री को राजनैतिक क्षेत्र में जाने से हमेशा रोका जाता है। सुशीला सामजिक जागृति के अनेक कार्यक्रमों से जुडी थी । लेखिका कहती है - "मुझे राजनैतिक पार्टियों से जुड़ने का अवसर मिले ,मगर समाज में वह मानसिकता है कि स्त्रियों को राजनीति से दूर रहकर ही अपना कार्य करना चाहिए।[10]" सुशीला महिला मुक्ति आंदोलन में जाती थी ,लेकिन वहाँ पर लोगों ने हमेशा सुशीला का मज़ाक उठाया। समाज में होनेवाले अनमेल विवाहों के उदहारण के रूप में सुशीला को प्रस्तुत करके उन्हें नीचे दिखाया जाता था। इस तरह उनका आत्मविश्वास तोड़कर मुख्यधारा से उन्हें हटाने की सोची समझी साजिश की गयी । परिवार में पति द्वारा पत्नी का शोषण होता था। अपने पैरों पर खड़ी होने पर भी उसकी स्थिति में बदलाव नहीं है। पारिवारिक जीवन में पति और पत्नी का समान अधिकार माना जाता है। लेकिन पत्नी का पति से ज़्यादा चर्चित होना पतियों को गंवारा नहीं होता था.अपने लेखन के क्षेत्र में हुई, अजीब परिस्थितियों का ज़िक्र लेखिका ने किया है। वह जब भी लिखती थी, पति से पढ़वाती थी। लेकिन पति कोई राय नहीं देते थे। एक लेखिका होने के लिए सबसे ज़्यादा प्रोत्साहन पति और उसके परिवार से मिलना चाहिए। इनके पति ने कभी भी इनका कद्र नहीं किया और न ही इन्हें प्रोत्साहन दिया। क्योंकि पति नहीं चाहते थे कि सुशीला चर्चित हो। पति ने हमेशा सुशीला के आत्मविश्वास को तोड़ने का ही प्रयास किया। पति यह कभी नहीं चाहते थे कि लेखन, प्रकाशन के क्षेत्र में सुशीला नाम कमाए। घर के खर्चे के साथ साथ प्रकाशन खर्चे भी लेखिका को अकेले ही संभालना पड़ा। शारीरिक, सांस्कृतिक, राजनैतिक, आर्थिक, सामूहिक अस्मिता की लड़ाई भी इसमें हम देख सकते है। सुशीला मेट्रिक पास होने के बाद आगे पढ़ना चाहती थी। शादी करके दैहिक गुलामी करने को वह तैयार नहीं थी। लेखिका सोचती है - "मैं जीवन भर विवाह नहीं करूंगी। मुझे आगे तक पढ़ना है। मैं समाज सेवा करूँगी।[11]" घर में पढायी के लिए उन्हें भूख हड़ताल तक करना पड़ा। शादी के बाद सुशीला का अस्तित्व खोने लगा। पति के लिए नारी सिर्फ एक उपभोगवस्तु मात्र थी। धीरे धीरे सुशीला में हिम्मत आ गयी। सुशीला ने परिवार नियोजन का एलान किया। लेखिका लिखती हैं - "अब और बच्चे नहीं चाहिए -यह मेरा निर्णय था।[12]" बच्चों की देखभाल पढ़ाई आदि सब सँभालते हुए कई साल गुज़र गए। पति ने कभी भी ज़िम्मेदारी नहीं उठाई। कॉलेज में नौकरी करते करते सुशीला में सहस आने लगा। अपनी चैकबुक और पासबुक वह अपने पास रखने लगी थी। तनख्वाह मिल जाने के बाद सहकारी अध्यापिकाओं के साथ बैंक जाकर पैसे निकालने लगी। अपने आक्रोश को रचनाओं के ज़रिये लेखिका ने व्यक्त करने की कोशिश की है। सुशीला आत्मविश्वास के साथ देशी विदेशी यात्रायें करने लगी। अपनी शारीरिक अस्मिता को पहचानने के बाद लेखिका में हिम्मत आ गयी। वह लिखती है - "कहीं जाने के लिए मुझे टाकभौरे जी से पर्मिशन लेने की ज़रुरत नहीं है। मेरी मर्ज़ी है, यदि मुझे कही जाना है तो वे मुझे रोक नहीं सकते [13]" धीरे धीरे लेखिका अपने अस्तित्व और अस्मिता के प्रति सचेत होने लगी। सुशीला के पैसों से फ्लैट खरीद लिया गया. सुशीला ने शुरू से ही कहा था कि फ्लैट इनके नाम पर होगी तो ही वह पैसा देगी। सुशीला की ज़िद के आगे पति को झुकना पड़ा। सुशीला लेखन में सबकुछ खुलकर लिखती थी। माँ और बाकी सबने कहा इस तरह लिखने से बदनामी होगी। सुशीला बदली नहीं। उनका लक्ष्य दूसरों तक सच्चाई पहूँचानी थी।

इस तरह अपने जीवन की समस्याओं और अपने प्रतिरोधों को पाठकों तक पहुँचाकर लेखिका यही सन्देश देना चाहती है कि जीवन में संघर्ष करके जीतना चाहिए। यह आत्मकथा लोगों के लिए प्रेरणादायक है।

संदर्भ ग्रन्थ सूची

1. सुशीला टाकभौरे - शिकंजे का दर्द -पृ सं 307
2. सुशीला टाकभौरे - शिकंजे का दर्द -पृ सं 197
3. सुशीला टाकभौरे - शिकंजे का दर्द -पृ सं 158
4. सुशीला टाकभौरे - शिकंजे का दर्द -पृ सं 26
5. सुशीला टाकभौरे - शिकंजे का दर्द -पृ सं 224
6. सुशीला टाकभौरे - शिकंजे का दर्द -पृ सं 50
7. सुशीला टाकभौरे - शिकंजे का दर्द -पृ सं16
8. सुशीला टाकभौरे - शिकंजे का दर्द -पृ सं 90
9. सुशीला टाकभौरे - शिकंजे का दर्द -पृ सं 185
10. सुशीला टाकभौरे - शिकंजे का दर्द -पृ सं 185
11. सुशीला टाकभौरे - शिकंजे का दर्द -पृ सं113
12. सुशीला टाकभौरे - शिकंजे का दर्द -पृ सं190
13. सुशीला टाकभौरे - शिकंजे का दर्द -पृ सं217

# Manuscript Libraries in South India

***Betty P.S.,*** *Asst. Professor, Department of Sanskrit, Maharaja's College, Ernakulam*

The term Manuscript owes its origin from Latin Manu's and scriptum. Where Manu's means hand and scriptum stands for writing. The corresponding Sanskrit term is 'Hasta Likhita'. Etymologically manuscript is related to antiquity not necessarily means the write up submitted by an author to a publisher.

## Manuscript Libraries:

